# ഫോക്‌ലോർ

## Course Code: M21ML03DE

## Discipline Specific Elective Course

## Postgraduate Programme in Malayalam Language and Literature




SGOU

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# ഫോക്‌ലോർ

Course Code: M21ML03DE

Semester - III

## Discipline Specific Elective Course
## Postgraduate Programme
## Malayalam Language and Literature
## Self Learning Material

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

**ഫോക്‌ലോർ**
**Course Code: M21ML03DE**
**Discipline Specific Elective Course**
**MA Malayalam**
**Semester - III**

SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-967271-9-2

# DOCUMENTATION

## Academic Committee

Prof. Dr. V. A Valsalan
Prof. Dr. R. B. Sreekala
Dr. T. Anithakumary
Dr. Santhosh Manichery
Prof. Thomas Thamarassery
Dr. Rajani N.
Dr. Santhoshkumar T. K.
Dr. Ajith G. Krishna
Ravikumar M.G.

## Development of the Content

M.S. Suchithra, Deepam S.

## Review

Content : Prof. Thomas Thamarassery, Prof. Reghunathan Pillai G.
Format : Dr. I. G. Shibi
Linguistics : S. A. Shujad

## Edit

Prof. Thomas Thamarassery, Prof. Reghunathan Pillai G.

## Scrutiny

Dr. Jaya R. S., Deepam S., Dr. Muraleedharan K. V.

## Co-ordination

Dr. I. G. Shibi and Team SLM

## Design Control

Azeem Babu T. A.

## Cover Design

Jobin J.

## Production

February 2024

## Copyright

© Sreenarayanaguru Open University 2024

YouTube

# MESSAGE FROM VICE CHANCELLOR

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum ‘access and quality define equity’. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India. His name is a reminder for us to ensure quality in the delivery of all academic endeavours.

Sreenarayanaguru Open University rests on the practical framework of the popularly known “blended format”. Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities. The PG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

The University is committed to provide you stimulating learning experience. The Self Learning Materials have been drawn up with a very clear prescription. It recognizes the autonomy of an adult learner and a journey through the treasures of the curriculum structured with provisions for interactive learning, interrogative reflections on the content and didactic discussion through illustrative scenarios. The University takes a strong position that the learner is to be engaged in a dialogue with the content and the materials are shaped to elicit reflections in the form of questions. The questions of the learner are considered to be the vital milestones in the pedagogy of the system of the University as well as the trajectory of the learner’s progression. I would like to request you to bestow your personal attention in generating questions after having an intense dialogue with the content, as it has connection with the internal assessment.

Feel free to write to us about anything that you feel relevant regarding the academic programme.

Wish you the best.



Regards,
Dr. P. M. Mubarak Pasha 01.02.2024

# Contents


| | | |
|---|---|---|
| **BLOCK 01** | **ഫോക്‌ലോർ** | **1** |
| Unit 1 | ഫോക്‌ലോർ (നാടോടി വിജ്ഞാനീയം) | 2 |
| **BLOCK 02** | **ജനുസ്സ് എന്ന സങ്കല്പനം** | **23** |
| Unit 1 | ജനുസ്സ് എന്ന സങ്കല്പനം | 24 |
| **BLOCK 03** | **നാടൻ കലകൾ** | **51** |
| Unit 1 | നാടൻ കളികൾ, നാടൻ കലകൾ | 52 |
| **BLOCK 04** | **ഫോക്‌ലോർ പഠനത്തിന്റെ വർത്തമാനകാല അവസ്ഥ** | **76** |
| Unit 1 | ഫോക്‌ലോർ പഠനത്തിന്റെ വർത്തമാനകാല അവസ്ഥ | 77 |

# ഫോക്‌ലോർ

## BLOCK-01

SGOU

# Unit 1

# ഫോക്‌ലോർ
# (നാടോടി വിജ്ഞാനീയം)

## Learning Outcomes

- ജനസാമാന്യത്തിന്റെ സാംസ്കാരിക ആവിഷ്കാരവും ജീവിതവീക്ഷണവും തിരിച്ചറിയുക
- അന്യം നിന്നുപോയേക്കാവുന്ന മാനവ കൂട്ടായ്മയുടെ മൂല്യങ്ങളും സങ്കൽപ്പങ്ങളും തിരികെപ്പിടിക്കുക
- നാടോടീ വിജ്ഞാനീയത്തെപ്പറ്റി അപഗ്രഥിക്കുന്നു
- ഫോക്‌ലോറിന്റെ വളർച്ചയും വികാസവും തിരിച്ചറിയുന്നു

## Background

ഫോക്‌ലോറിന്റെ പരിധിയിൽ വാമൊഴിസാഹിത്യം, ഭൗതികസംസ്കാരം, നാട്ടാചാരം, രംഗാവതരണങ്ങൾ എന്നിവ ഉൾക്കൊള്ളുന്നുവെന്ന് പടിഞ്ഞാറൻ നാടോടി സിദ്ധാന്തങ്ങൾ അവതരിപ്പിച്ചവരിൽ പ്രധാനിയായ റിച്ചാർഡ് എ ഡോർസൻ പറയുന്നു. പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ, നാടോടിക്കഥകൾ, നാടൻപാട്ടുകൾ എന്നിവ ഉൾക്കൊള്ളുന്ന നാടോടി വാങ്മയമാണ് നാടോടി സാഹിത്യരംഗം. എല്ലാ ഭാഷകളിലും സാഹിത്യചരിത്രത്തിന്റെ ഭാഗമാണ് നാടോടി സാഹിത്യം. ചില സമൂഹങ്ങളിൽ സാഹിത്യചരിത്രമാരംഭിക്കുന്നത് നാടോടിസാഹിത്യത്തിൽ നിന്നാണ്. ആഫ്രിക്കൻ സാഹിത്യചരിത്രവും ഫിന്നിഷ് സാഹിത്യചരിത്രവും ആരംഭിക്കുന്നത് വാമൊഴിപാരമ്പര്യം (oral tradition) അവതരിപ്പിച്ചുകൊണ്ടാണ്. അവിടെ ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രാചീന ഘട്ടത്തെയാണ് വാമൊഴി സാഹിത്യം പ്രതിനിധീകരിക്കുന്നത്. നാടോടി സാഹിത്യസരണിയും വരമൊഴി സാഹിത്യവും ഒന്നിച്ചുവളർന്നു വികസിച്ചതാണ് മിക്കവാറും സാഹിത്യചരിത്രങ്ങൾ. ഇതിനു പുറമെ മൂന്നാമതൊരു വിഭാഗം സാഹിത്യ പാരമ്പര്യവുമുണ്ട്. ഇന്നും ലിപിയില്ലാത്ത ഗോത്രസമൂഹങ്ങളിൽ നാടോടി വാങ്മയസാഹിത്യം മാത്രമേയുള്ളൂ.

സാംസ്കാരിക തലത്തിൽ നിലയുറപ്പിച്ച് ജീവിതത്തെ പഠിക്കുന്ന ജ്ഞാനശാഖയാണ് ഫോക്‌ലോർ (നാടോടി വിജ്ഞാനീയം). പ്രാചീന ജനതയുടെ ആർജ്ജിതാനുഭവങ്ങൾ സമഗ്രമായി ഫോക്‌ലോറിൽ നിക്ഷിപ്തമാണ്. അവരുടെ നിത്യജീവിതത്തിന്റെ ആത്മാവ് നാടോടി വിജ്ഞാനീയത്തിൽ നിന്നും കണ്ടെത്താം. ഈ ജ്ഞാനശാഖയുടെ ഉത്ഭവ ചരിത്രവും വളർച്ചയും പരിണാമവുമാണിവിടെ വ്യക്തമാക്കുന്നത്. പ്രാക്തന പാരമ്പര്യങ്ങളുടെ തിരോധാനവും കാർഷികവൃത്തിയോടുള്ള ജനങ്ങളുടെ അകൽച്ചയും ഫോക്‌ലോർ പഠനപ്രസക്തി വർദ്ധിപ്പിച്ചു. ഗ്രാമീണ ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും അതിജീവനത്തിന്റെ അനിവാര്യതയാണത്. ചരിത്രരേഖയിലില്ലാത്ത ഭൂതകാലത്തെ, വർത്തമാനകാലവുമായി ബന്ധിപ്പിക്കുന്ന നാടൻ പാരമ്പര്യവിജ്ഞാനത്തിന്റെ സംഭരണിയാണ് ഫോക്‌ലോർ. ഒപ്പം ഫോക്‌ലോർ മറ്റ് വിഷയങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും അത് എപ്രകാരം ഫോക്‌ലോറിന്റെ വളർച്ചയ്ക്കും വികാസത്തിനും കാരണമാകുന്നു എന്നും വ്യക്തമാക്കപ്പെടുന്നു.

## Keywords

ഫോക്‌ലോർ-കൂട്ടായ്മ-പാരമ്പര്യം-വാമൊഴി-അജ്ഞാതകർത്തൃകം-പാഠഭേദം-പ്രാക്തനം

## Discussion

### ചരിത്രപശ്ചാത്തലം

ജനതയുടെ സംസ്കാരത്തിന്റെയും ദേശീയതയുടെയും പഠനവുമായി ബന്ധപ്പെട്ട് വളർന്നുവികസിച്ച പഠനശാഖയാണ് 'ഫോക്‌ലോർ'. ജനസാമാന്യത്തിന്റെ പാരമ്പര്യത്തെക്കുറിച്ചും സംസ്കാര വിശേഷങ്ങളെക്കുറിച്ചുമുള്ള അപഗ്രഥനമാണ് ഫോക്‌ലോർ പഠനം. 'ഫോക്' (Folk), ലോർ (Lore) എന്നീ ഇംഗ്ലീഷ് പദങ്ങളുടെ കൂട്ടായ്മയാണ് ഫോക്‌ലോർ (Folklore). ഇതിന് ജനവിജ്ഞാനമെന്ന് സാമാന്യമായി അർത്ഥം പറയാം. ആദിമസംസ്കാരത്തിൽ നിന്നും നാട്ടുസംസ്കാരത്തിലേക്കും തുടർന്ന് നാഗരികതയിലേക്കും എത്തപ്പെട്ട സ്വത്വാന്വേഷണമാണ് ഫോക്‌ലോർ. ആദ്യമായി ഇതിനെ പഠനമേഖലയായി സമീപിച്ചത് പാശ്ചാത്യരാണ്. പാരമ്പര്യ അറിവെന്ന നിലയിൽ ഫോക്‌ലോറിനെ ആദ്യമായി അടുത്തറിയാൻ ശ്രമിച്ച ജേക്കബ് ഗ്രിമ്മും വിൽഹെം ഗ്രിമ്മും ഇതിന്റെ ജനയിതാക്കളായി കരുതപ്പെടുന്നു. അവരാകട്ടെ ഫോക്‌ലോർ എന്നതിന് പകരം 'വോക്സ്കുണ്ടെ' എന്ന പദമാണ് സ്വീകരിച്ചത്. ഫോക്‌ലോർ എന്ന പദം ആദ്യം ഉപയോഗിച്ചത് ജോൺതോംസ് 1846 ആഗസ്റ്റ് 22ന് അഥീനിയം മാസികയ്ക്ക് എഴുതിയ കത്തിലാണ്. ഭാരതത്തിൽ 19-ാം നൂറ്റാണ്ടോടുകൂടിയാണ് ഫോക്‌ലോറുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് ആരംഭം കുറിച്ചത്. നാടോടി സംസ്കാരത്തിലൂന്നിയ പഠനമായതിനാൽ ആദ്യകാലത്ത് വേണ്ടത്ര പരിഗണന ഇതിന് ലഭിച്ചില്ല. വെരിയർ എൽവിൻ, ലോഗൻ തുടങ്ങിയവർ ഫോക്‌ലോർ പഠനത്തിന് ഏറെ പ്രാമുഖ്യം നൽകുകയും ഇന്ത്യയിൽ ഇത്തരം പഠനങ്ങൾക്കുള്ള തുടക്കം കുറിക്കുകയും ചെയ്തു. ജി.എച്ച്.ലിറ്റൻ, എഫ്.ഐ.സ്റ്റീൽ, റവ.ജെ.ഹിന്റൺ നോവൽസ് എന്നീ വിദേശമിഷനറിമാരും ഭരണകർത്താക്കളും ഇന്ത്യയിലെ നാടോടിപ്പാട്ടുകളും നാടോടിക്കഥകളും ശേഖരിച്ച് പഠനവിധേയമാക്കി ഇവരുടെ പ്രവർത്തനങ്ങൾ ഫോക്‌ലോർ പഠനത്തിന്റെ പ്രാരംഭഘട്ടത്തിലെ മികച്ച സംഭാവനകളാണ്. റവ.സി.സ്വിന്നർടോൺ തന്റെ 'ദി അഡ്വഞ്ചർ ഓഫ് പഞ്ചാബ് ഹീറോ രാജറാസലസ് ആൻഡ് അദർ ഫോക്‌ടേൽസ് ഓഫ് പഞ്ചാബ്' എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഫോക്‌ലോർ പഠനഗവേഷണത്തിന്റെ പ്രാധാന്യത്തെ എടുത്തുപറഞ്ഞിട്ടുണ്ട്. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇ.എസ്.ഓക്ലെയും ടി.സി.ഗോറ്യോളയും ചേർന്ന് രചിച്ച 'ഹിമാലയൻ ഫോക്‌ലോർ, എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ ഫോക്‌ലോർ വർഗ്ഗീകരണത്തിനുള്ള ശ്രമം കാണാം.

- ആദ്യപഠിതാക്കൾ പാശ്ചാത്യർ
- ജനയിതാക്കൾ ജേക്കബ് ഗ്രിം, വിൽഹെം ഗ്രിം
- ഭാരതത്തിലെ പ്രാരംഭഘട്ടം 19-ാം നൂറ്റാണ്ട്

1871-ൽ ചാൾസ്.ഇ.ഗോവർ രചിച്ച ദ ഫോക് സോങ്സ് ഓഫ് സതേൺ ഇന്ത്യ എന്ന ഗ്രന്ഥം ഏറെ ശ്രദ്ധേയമാണ്. കന്നട, തെലുങ്ക്,

മലയാളം, തമിഴ്, കുടക് ഭാഷകളിലെ നാടൻപാട്ടുകൾ ഇതിൽ സമാഹരിച്ചിരിക്കുന്നത് ഇംഗ്ലീഷ് തർജ്ജമയായാണ്. ഓരോ വിഭാഗത്തിൽപ്പെട്ട പാട്ടിന്റെയും വിശദപഠനവും വിവരണവും ഉൾക്കൊള്ളുന്നതാണ് ഈ ഗ്രന്ഥം. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വച്ച് ഫോക്‌ലോർ പഠനങ്ങൾ ഏറെ നടന്നിട്ടുള്ളത് കർണ്ണാടകത്തിലാണ്; അതാകട്ടെ കഥാഗാനങ്ങളിലുമാണ്. കെ.ആർ.കൃഷ്ണസ്വാമി കർണ്ണാടകയിൽ ഒരു ഫോക്‌ലോർ അക്കാദമിയും മ്യൂസിയവും 1957-ൽ സ്ഥാപിച്ചു. കേരളത്തിലെ ഫോക്‌ലോറുകളെക്കുറിച്ചുള്ള പഠനം ആരംഭിച്ചത് പാശ്ചാത്യരാണ്. വില്യം ലോഗൻ, ഡയസ്സ്, ഡോ. തേഴ്‌സ്റ്റൻ, പർസിമാകിൻ എന്നിവർ ഈ രംഗത്തെ ശ്രദ്ധേയരാണ്. വിദേശ മിഷനറിമാരാകട്ടെ ജനങ്ങളുടെ ഇടയിൽ പ്രചരിച്ച പഴഞ്ചൊല്ലുകൾ സമാഹരിക്കുകയും അത് പുറത്തിറക്കുകയും ചെയ്തു. പൗളിനോവ് പാതിരി സമാഹരിച്ച 'അഡഗിയ മലബാറിക്ക'(1791) ഗുണ്ടർട്ടിന്റെ പഴഞ്ചൊൽ സമാഹാരം (1845) എന്നിവ ഇത്തരത്തിലുള്ളതാണ്. പി.ഗോവിന്ദപ്പിള്ള രചിച്ച 'ഭാഷാചരിത്ര' (1881) ത്തിൽ നാടൻപാട്ടുകളെ ഉൾപ്പെടുത്തിയത് നാടോടി സാഹിത്യത്തോട് കേരളീയർക്ക് ഉണ്ടായ താല്പര്യത്തിന് നിദർശനമാണ്. ലോഗന്റെ 'മലബാർ മാന്വലി'ൽ (1887) മലയാളികൾക്ക് സാഹിത്യമില്ലെങ്കിലും തനതായ നാടോടിപ്പാട്ടുകളുണ്ടെന്നും അവ എഴുതപ്പെട്ടവയല്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തച്ചോളിപ്പാട്ടുകളുടെ ഏതാനും ഭാഗങ്ങൾ തർജ്ജമ ചെയ്ത് ഇതിൽ ചേർത്തിട്ടുമുണ്ട്. മാപ്പിള ലഹള സംബന്ധിച്ചുള്ള പാട്ടുകളെപ്പറ്റി പരാമർശിക്കുമ്പോൾ ഒരു കാലഘട്ടത്തിന്റെ നേർപ്പകർപ്പ് ലഭ്യമാകുംവിധമുള്ള സമീപനരീതിയാണതിൽ കാണുന്നത്. എഡ്ഗാർ തേഴ്‌സറ്റണിന്റെ 'കാസ്റ്റ് ആന്റ് ട്രൈബ്സ് ഓഫ് സതേൺ ഇന്ത്യ' എന്ന ഗ്രന്ഥമാകട്ടെ ദക്ഷിണേന്ത്യയിലെ പ്രധാന ജാതിവർഗങ്ങളുടെ ആചാര സവിശേഷതകൾ വിശദമാക്കുന്നതാണ്.

- ദി ഫോക് സോങ്സ് ഓഫ് സതേൺ ഇന്ത്യ - ചാൾസ്.ഇ.ഗോവർ
- പി.ഗോവിന്ദപ്പിള്ള - 'ഭാഷാചരിത്രം'

കെ. പി. പത്മനാഭമേനോന്റെ 'കൊച്ചി രാജ്യചരിത്രം'', അച്യുതമേനോന്റെ 'കൊച്ചിൻ മാന്വൽ' തുടങ്ങിയ കൃതികളിലൊക്കെ ഫോക്‌ലോർ വിഷയങ്ങൾ കണ്ടെത്താനാകും. 1913-19 വരെയുള്ള കാലങ്ങളിലായി നാടോടിപ്പാട്ടുകൾ ശേഖരിച്ച് 'ബാലഡ്സ് ഓഫ് നോർത്ത് മലബാർ' എന്ന പേരിൽ വെർസി മാകിൻ പ്രസിദ്ധീകരിച്ചു. എസ്.ടി.റെഡ്യാർ പ്രസിദ്ധീകരിച്ച 'വടക്കൻപാട്ടുകൾ, സി.പി.ഗോവിന്ദപ്പിള്ളയുടെ 'മലയാളത്തിലെ പാട്ടുകൾ തുടങ്ങിയവയ്ക്ക് ഫോക്‌ലോറിന്റെ ആദ്യഘട്ടത്തിലെ പരിശ്രമങ്ങൾ എന്ന നിലയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാല' കേരളത്തിലെ 126 ഐതിഹ്യങ്ങളാൽ സമ്പന്നമാണ്. യൂറോപ്യന്മാർ വരുന്നതിനു മുമ്പുള്ള കേരളത്തിലെ ജനജീവിതത്തിന്റെ സജീവമായ ചിത്രമാണ് ഇത് പങ്കുവയ്ക്കുന്നത്. കേരളീയ ക്ഷേത്രങ്ങൾ, ആരാധനാസമ്പ്രദായങ്ങൾ, ഉത്സവങ്ങൾ, വീരനായകന്മാർ, കവികൾ, യക്ഷികൾ, വൈദ്യന്മാർ, ഗജവീരന്മാർ, നാട്ടുപ്രമാണിമാർ, ഭൂതപ്രേതങ്ങൾ തുടങ്ങി ജനജീവിതവുമായി ബന്ധപ്പെട്ട സമസ്തമേഖലകളെയും ആലേഖനം ചെയ്തിരിക്കുന്ന കൃതിയാണിത്. ഒരു കാലഘട്ടത്തിലെ കേരളത്തിന്റെ സാംസ്കാരിക ജീവിതചരിത്രമാണ് 'ഐതിഹ്യമാല' എന്നുപറയാം. കേരളത്തിലെ ഫോക്‌ലോറിനെക്കുറിച്ച് ആദ്യമായി ഇംഗ്ലീഷിൽ ഉണ്ടായ പഠനം ഡോ.എം.ഡി.രാഘവൻ എഴുതിയ 'ഫോക് പ്ലേസ് ആന്റ് ഡാൻസസ് ഓഫ് കേരള' (1947) ആണ്. സ്വാതന്ത്ര്യസമരാനന്തരം

- കേരളത്തിലെ ആദ്യ ഫോക്‌ലോർ പഠനം -'ഫോക് പ്ലേസ് ആന്റ് ഡാൻസസ് ഓഫ് കേരള'

സ്വന്തം ദേശചരിത്രത്തോടുണ്ടായ ആഭിമുഖ്യവും താല്പര്യവും പില്ക്കാല ഫോക്ലോർ പഠനങ്ങൾക്ക് ഏറെ കരുത്തുപകർന്നു.

## ഫോക്‌ലോർ നിർവചനങ്ങൾ

തലമുറകൾ കൈമാറിവരുന്ന വാമൊഴി എന്ന അർത്ഥമായിരുന്നു ഫോക്‌ലോറിന് 19-ാം ശതകം വരെ നൽകപ്പെട്ടിരുന്നത്. നാവോടുനാവു പകർന്നുവന്ന നാടോടിഗാനങ്ങളും കഥകളുമായിരുന്നു അതിന്റെ പ്രധാന വിഷയം. പലപേരുകളിൽ അറിയപ്പെട്ടിരുന്ന ഫോക്‌ലോറിന് 'ഫോക്‌ലോർ' എന്ന് വില്യം തോംസ് പേര് നൽകിയതോടെയാണ് നിർവചനങ്ങൾ ഉണ്ടാകാനും ഈ വിഷയത്തിലുള്ള പഠനമേഖല രൂപപ്പെടാനും ഇടയായത്. ഫോക് എന്നതിന് 'ജനം' എന്നും ലോർ എന്നതിന് വിജ്ഞാനം എന്നും പൊതുവിൽ അർത്ഥം പറയാം. ഫോക്‌ലോറിലെ 'ഫോക്' നു വന്നുചേർന്ന കാലാനുസൃതമായ മാറ്റങ്ങൾ ഫോക്‌ലോറിന്റെ നിർവചനത്തെയും നിർണ്ണയിച്ചു.

- വില്യം തോംസ് ആധികാരികമാക്കിയ ഫോക്‌ലോർ എന്ന സംജ്ഞ

'വാമൊഴിയിലൂടെയുള്ള സാംസ്കാരിക പാരമ്പര്യത്തെ മുഴുവൻ ഫോക്‌ലോർ ഉൾക്കൊള്ളുന്നു'

– ബി.എ.ബോട്ട്കിൻ

'ആദിവാസികളോ നാഗരികരോ ആയ ഒരു ജനതയിൽ പാരമ്പര്യത്തിന്റേതായ എന്തെല്ലാമുണ്ടോ അവയെല്ലാം ഫോക്‌ലോർ ഉൾക്കൊള്ളുന്നു. ഒരു ജനതയെക്കുറിച്ചുള്ള ശാസ്ത്രം എന്നതിനെക്കാൾ ഫോക്‌ലോർ, പാരമ്പര്യ ജനതാശാസ്ത്രവും നാടൻഗാനങ്ങളുമാണ്'

– ജോൺ ബെയ്‌ലി

'ആദിമ മനുഷ്യന്റെ സത്യസന്ധവും ഋജുവുമായ പ്രകടനമാണ് ഫോക്‌ലോർ

– എം.എസ്.പിനോസ

'വാമൊഴിയിലൂടെയോ ആചാരങ്ങളിലൂടെയോ പരമ്പരയായി തലമുറ കൈമാറിവരുന്ന വസ്തുതകളെയാണ് ഫോക്‌ലോർ ഉൾക്കൊള്ളുന്നത്'

' – ആർച്ചർ ടെയ്‌ലർ

'എല്ലാ ഫോക്‌ലോറും വാമൊഴിയിലൂടെ പകർന്നുവരുന്നവയാകുന്നു. എങ്കിലും വാമൊഴിയിലൂടെ പകരുന്നവയെല്ലാം ഫോക്‌ലോർ ആകുന്നില്ല'.

– വില്യം.ആർ.ബാസ്കം

- ഫോക്‌ലോറിന്റെ കാലാനുസൃതമായ മാറ്റം

'എഴുതപ്പെട്ട രേഖ എന്നതിനേക്കാൾ, പരിശീലനത്തിലൂടെയോ സ്മൃതിയിലൂടെയോ സംരക്ഷിച്ചുപോരുന്നതും ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് കൈമാറി വന്നതുമായ പാരമ്പര്യമാണ് ഫോക്‌ലോർ

– സ്റ്റിത്ത് തോംസൺ

എം.ലീച്ചിന്റെ 'ദി ഡിക്ഷ്ണറി ഓഫ് ഫോക്ലോർ മിത്തോളജി ആൻഡ് ലജൻഡി'ൽ ഇരുപത്തിയൊന്നു പേരുടെ നിർവചനങ്ങൾ കൊടുത്തിട്ടുള്ളതിൽ എല്ലാം തന്നെ പാരമ്പര്യം, വാമൊഴി എന്നിവയ്ക്ക് ഫോക്‌ലോറിലുള്ള സ്ഥാനം വ്യക്തമാക്കുന്നതായിരുന്നു. എന്നാൽ വർത്തമാനകാലത്ത് ഫോക്‌ലോർ എന്നതിന് 'ഫോക് ലൈഫി'ലുമേറെ അർത്ഥവ്യാപ്തി വന്നു ചേർന്നിരിക്കുന്നു. വളർന്ന് വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ വൈജ്ഞാനികശാഖയെ ഒരൊറ്റ നിർവചനത്തിൽ ഒതുക്കുക സാധ്യമല്ല. ഫോക് ലോർ നിർവചനം, ഉള്ളടക്കം, ഉല്പത്തി, പ്രേഷണം എന്നിവയെ ആധാരമാക്കിയാണ് രൂപപ്പെടുന്നത്. നിർവചനങ്ങൾ കൂടുതലായി പാരമ്പര്യം, വാമൊഴി എന്നിവയിൽ ഊന്നുന്നതിനാൽ ഫോക്‌ലോർ സവിശേഷതകളായ അജ്ഞാതകർത്തൃകത, പാഠഭേദം, പ്രക്തനത എന്നിവയ്ക്കും കൂടുതൽ പ്രസക്തി നൽകേണ്ടതുണ്ട്.

- ഫോക്‌ലോർ സവിശേഷതകൾ

## ഫോക്‌ലോർ സിദ്ധാന്തങ്ങൾ

ഫോക്‌ലോർ പഠനം ആഴത്തിലേക്കുള്ള അന്വേഷണമായി മാറിയപ്പോൾ നിരവധി സിദ്ധാന്തങ്ങൾ രൂപം കൊണ്ടു.

## അനുഷ്ഠാന സിദ്ധാന്തം

പുരാവൃത്തത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള അന്വേഷണമാണ് അനുഷ്ഠാന സിദ്ധാന്തം. സൗരപുരാവൃത്ത സിദ്ധാന്തത്തെ എതിർത്തുകൊണ്ട് ആൻഡ്രൂലാങും തുടർന്ന് ഡബ്ല്യു.ജെ.കോക്സും അവതരിപ്പിച്ച സിദ്ധാന്തമാണിത്. ഉർവ്വരത അനുഷ്ഠാനങ്ങളാണ് ആദ്യകാലത്ത് ഉണ്ടായിരുന്നത്. പ്രാചീനമായ അനുഷ്ഠാന ക്രിയകളിൽ നിന്നാണ് സംസ്കാരവും കലകളും ഉത്ഭവിക്കുന്നതെന്നാണ് പുരാവൃത്ത സിദ്ധാന്തികൾ വിശ്വസിക്കുന്നത്. അനുഷ്ഠാനത്തിന്റെ ശേഷിപ്പുകളും ആദ്യകാലങ്ങളിലുണ്ടായിരുന്ന അവയുടെ ആചരിക്കലും കൂടിച്ചേർന്നതാണ് ഫോക് ലോർ എന്നതാണ് ഈ സിദ്ധാന്തം മുന്നോട്ടുവയ്ക്കുന്ന ആശയം. സംസ്കാരരൂപീകരണവും കലയും അനുഷ്ഠാന ക്രിയകളിൽ പ്രത്യേകിച്ച് ബലിയിൽ നിന്നുമാണ് പിറവിയെടുക്കുന്നത്. അനുഷ്ഠാനം പിന്നീട് വാമൊഴി പുരാവൃത്തമായി മാറുകയും തുടർന്ന് പ്രകടനരൂപമെടുത്ത് മൗലികമായി മാറുകയുംചെയ്യുന്നു. നാടോടി നാടകങ്ങൾ, നാടോടി അനുഷ്ഠാനങ്ങളിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. അനുഷ്ഠാനവും നാടകവും നൃത്തവും കൂടിക്കുഴഞ്ഞു കിടക്കുന്ന നിരവധി നാടോടി രൂപങ്ങൾ ഇന്നും പല ജനവിഭാഗങ്ങളിലുമുണ്ട്. 'കാളിയൂട്ട്' നാടകീയ സ്വഭാവമുള്ള അനുഷ്ഠാന കലാനിർവ്വഹണമാണ്. പ്രാചീന അനുഷ്ഠാനങ്ങൾ മിക്കതും മന്ത്രവാദവുമായി ബന്ധപ്പെട്ടതാണ്. അനുഷ്ഠാനം ആദ്യരൂപവും പുരാവൃത്തം അതിന്റെ അനന്തരഫലവുമാണ്. പുരാവൃത്തത്തിന്റെയും അനുഷ്ഠാനത്തിന്റെയും പാവനത നഷ്ടപ്പെടുമ്പോൾ അത് കലകളായി മാറുന്നു. എല്ലാ പുരാവൃത്തങ്ങളും ആഖ്യാനരൂപങ്ങളും ഒരു കാലത്തെ അനുഷ്ഠാനങ്ങളിൽ നിന്നും രൂപം കൊണ്ടവയാണ്. കാലപരിവർത്തനത്തിൽ ചില അനുഷ്ഠാനങ്ങൾ ഉപേക്ഷിക്കപ്പെടുമെങ്കിലും പുരാവൃത്തം പാട്ടായും കഥാഗാനമായും കഥയായുമൊക്കെ ശേഷിക്കുകയും ചെയ്യും.

- പൂർവകാല അനുഷ്ഠാനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

## സൗരപുരാവൃത്ത സിദ്ധാന്തം

പുരാവൃത്തങ്ങളുടെ പിറവിയെക്കുറിച്ചുള്ള അന്വേഷണത്തിലൂടെയാണ് മാക്സ് മുള്ളർ സൗരപുരാവൃത്ത സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാകുന്നത്. അദ്ദേഹത്തിന്റെ താരതമ്യ പുരാവൃത്തവിജ്ഞാനം സംബന്ധിച്ച പ്രബന്ധം പുരാവൃത്ത ഉല്പത്തിയെക്കുറിച്ചുള്ള ധാരണകളിൽ മാറ്റമുണ്ടാക്കി. പ്രാക്തന ആര്യന്മാരുടെ വാമൊഴി ആവിഷ്കാരത്തിൽ നിന്നുമാണ് പുരാവൃത്തങ്ങൾ ജന്മം കൊണ്ടതെന്നാണ് മാക്സ്മുള്ളർ അഭിപ്രായപ്പെട്ടത്. ഗ്രീക്ക് - ആര്യദേവതമാരെ ആസ്പദമാക്കിയുള്ള പഠനം Chips from German Workshop, History of Ancient Sanskrit Literature, Oxford Essay on Comparative Literature തുടങ്ങിയവയിലൂടെ അദ്ദേഹം തന്റെ 'സൗരപുരാവൃത്ത സിദ്ധാന്തം' അവതരിപ്പിച്ചു. ഇന്തോ-യൂറോപ്യൻമാരുടെ ഉത്ഭവവും ഏഷ്യയിലും യൂറോപ്പിലുമുള്ള അവരുടെ വ്യാപനവും കണ്ടെത്താൻ ശ്രമിക്കുന്ന വേളയിൽ പുരാവൃത്ത ഉൽപ്പത്തി സംബന്ധിച്ച മുൻധാരണകൾ തിരുത്തിക്കുറിക്കപ്പെട്ടു. ആര്യവംശജരായ ഇവരുടെ പലായനം നിമിത്തം മൂലഭാഷയും അവരുടെ പൂർവപുരാവൃത്തവും പല ശാഖകളായി മാറുകയും വൈദികകാല ദേവതകളുടെ പേരുകളുടെ പ്രാചീന അർത്ഥം മാറി, വ്യക്തമല്ലാത്ത വിധത്തിലത് പുരാവൃത്ത ശൈലികളിലും, പഴഞ്ചൊല്ലുകളിലും മാത്രമാവുകയും ചെയ്തു. ആര്യദേവതകളെ ശ്രേഷ്ഠധർമ്മങ്ങളോടും സങ്കല്പങ്ങളോടും ബന്ധിപ്പിച്ച് 'മിത്തോപീയിക്' യുഗത്തിന് പ്രാബല്യം നൽകി. ഭാഷയ്ക്ക് അമൂർത്ത ആശയങ്ങൾ പ്രകടിപ്പിക്കാൻ ആകാതിരുന്ന ഒരു ഘട്ടമായിരുന്നു അത്. അർത്ഥം വ്യഞ്ജിപ്പിക്കാനായി ബഹുമാന ശബ്ദരൂപവും(ഒരു വാക്ക് നിരവധി അർത്ഥങ്ങൾ പ്രകടമാക്കുന്നത്) സമാനശബ്ദരൂപവും (വൈവിധ്യമുള്ള പദങ്ങൾ ഒരാശയവുമായി ബന്ധിപ്പിക്കുന്നത്) രൂപപ്പെട്ടു. ഉദാഹരണം ദായസ് (Dayas) എന്ന പരമോന്നതദേവത, ആകാശം, സൂര്യൻ, വായു, തിളക്കം എന്നൊക്കെയുള്ള അർത്ഥങ്ങളിൽ വ്യക്തമാക്കപ്പെട്ടു. കൂടാതെ ഇതിൽ നിന്നും വേറിട്ട് അനേകം വ്യത്യസ്ത പദങ്ങൾ സൂര്യന്റെ സാഹചര്യങ്ങളെ ദ്യോതിപ്പിക്കുകയും ചെയ്തു. പ്രകാശിക്കുക എന്നത് സൂര്യന് പകരമായും ചിന്താദീപ്തിയെ സൂചിപ്പിക്കാനും ഉപയുക്തമാക്കി. സൂര്യകിരണങ്ങൾ വിരലുകളായും മേഘങ്ങൾ പർവതങ്ങളായും കാർമേഘങ്ങൾ വലിയ അകിടോടുകൂടിയ പശുവായും ചിത്രീകരിക്കപ്പെടാമെന്നും അദ്ദേഹം വാദിച്ചു. ഇവയെല്ലാം പേരിന്റെ സൂചകങ്ങളാണ്. ഇതാണ് പുരാവൃത്തത്തിന്റെ കാതൽ. പ്രകൃതി പ്രതിഭാസങ്ങളെ അത്ഭുതാദരവോടെ കണ്ട ആദിമ മനുഷ്യൻ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, പ്രഭാതം, രാത്രി തുടങ്ങിയവയെ ആധാരമാക്കി ആലങ്കാരിക പ്രയോഗങ്ങളും കഥകളും സൃഷ്ടിച്ചു. സൗരകേന്ദ്രീകൃതമായ വ്യാഖ്യാനം കൃത്യമായ ശബ്ദതത്വങ്ങളെ ആധാരമാക്കി വേണമെന്ന് മാക്സ് മുള്ളർ അഭിപ്രായപ്പെട്ടു. ഉർവരതയുടെ മുഖ്യഘടകം സൂര്യനാണെന്ന ബോധത്തിൽ നിന്നുമാണ് സൗരാരാധന രൂപംകൊണ്ടത്. Mythopoeic കാലഘട്ടത്തിൽ സൂര്യൻ, ആകാശം, പ്രഭാതം മുതലായവയെ ആധാരമാക്കി ദേവന്മാരെ സൃഷ്ടിച്ചെന്നും മാക്സ് മുള്ളർ അഭിപ്രായപ്പെട്ടു. ഇത്തരത്തിലുള്ള പ്രയോഗങ്ങൾ ഭാഷയെ പ്രതീകാത്മകവും അമൂർത്തവുമാക്കി മാറ്റി. ഇങ്ങനെ പഴയ അർത്ഥതലങ്ങൾ നഷ്ടമായി പുതിയവ കൈ

▶ വാമൊഴി സാഹിത്യത്തിലെ പുരാവൃത്തങ്ങൾ മിത്തുകൾ എന്നിവ രേഖപ്പെടുത്തുന്നു

വന്നപ്പോഴുണ്ടായതാണ് പുരാവൃത്തങ്ങൾ എന്നാണ് മാർക്സ് മുള്ളർ അഭിപ്രായപ്പെടുന്നത്. സൗരപുരാവൃത്ത സിദ്ധാന്തത്തെ എതിർത്തുകൊണ്ട് ആൻഡ്രൂലാങും പിന്നീട് ഡബ്ല്യു.ജെ.കോക്സും സ്ഥാപിച്ച സിദ്ധാന്തം പുരാവൃത്തങ്ങളുണ്ടാകുന്നത് അനുഷ്ഠാനങ്ങളിൽ നിന്നാണെന്ന് സ്ഥാപിച്ചു. ഇതിനെ നരവംശശാസ്ത്രസിദ്ധാന്തം അല്ലെങ്കിൽ അനുഷ്ഠാനസിദ്ധാന്തം എന്നുവിളിക്കുന്നു. ഇതും പുരാവൃത്തത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള അന്വേഷണമാണ്.

## വ്യാപനസിദ്ധാന്തം

നരവംശശാസ്ത്രജ്ഞർ രൂപപ്പെടുത്തിയ സിദ്ധാന്തമാണിത്. ദേശാന്തരഗമന സിദ്ധാന്തമെന്നും ഇതിന് പേരുണ്ട്. സംസ്കാരങ്ങളുടെ ദേശാന്തരഗമനത്തിനും വ്യാപനത്തിനുമാണിതിൽ പ്രാധാന്യം. ഫോക്‌ലോർ ജന്മം കൊണ്ടതു മുതൽ വർത്തമാനകാലംവരെയുള്ള അതിന്റെ സഞ്ചാരവഴികൾ കണ്ടെത്തുന്നതിനാണിതിൽ പ്രാമുഖ്യം നൽകുന്നത്. ഒരു ഭൂമികയിൽ നിന്നും മറ്റൊരു ഭൂമികയിലേക്കുള്ള സംസ്കാര വ്യാപനത്തെ അടിസ്ഥാനമാക്കിയുള്ളതാണിത്. സംസ്കാരങ്ങൾ ഒരു സ്ഥലത്തുനിന്ന് രൂപം കൊള്ളുന്നതാണെന്ന വിശ്വാസത്താൽ ഇത് 'ഏകസ്ഥലോത്ഭവ സിദ്ധാന്തം' എന്നും അറിയപ്പെടുന്നു. സംസ്കാരങ്ങളുടെ പ്രഭവം ഏകസംസ്കാരമാണെന്നതാണ് ഈ സിദ്ധാന്തത്തിന്റെ അടിത്തറ. ഗോത്രവർഗ്ഗജനത, സഞ്ചാരത്തിലൂടെ ജീവിതം പടുത്തുയർത്തുന്നതിനാലാണ് സംസ്കാരവ്യാപനം സംഭവിച്ചത്. തിയോഡർ ബെൻഫെ എന്ന ജർമ്മൻ പണ്ഡിതൻ, ഒരു സ്ഥലത്തുണ്ടായ കഥകൾ അനുയോജ്യമായവിധം വളർന്ന് ലോകമെമ്പാടും വ്യാപിച്ചുവെന്ന് സിദ്ധാന്തിക്കുകയും ചെയ്തു. അതുകൊണ്ടിത് 'ബെൻഫെ തിയറി' യെന്നും അറിയപ്പെടുന്നുണ്ട്. ദേശാന്തരഗമനം സാഹിത്യത്തിലൂടെയാണ് ഒന്നാമതായി സംക്രമിക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. പഞ്ചതന്ത്രം കഥകൾ, ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്ത ബെൻഫെ, യൂറോപ്യൻ കഥകളുടെയും മറ്റു സർഗ്ഗാത്മകതയുടെയും ഉറവിടം ഇന്ത്യയാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ജനതയുടെ ദേശാന്തരഗമനത്തിലൂടെയാണ് സാദൃശ്യമുള്ള കഥകൾ ലോകമെമ്പാടും വ്യാപരിച്ചതെന്ന് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു. വ്യക്തികളുടെ ദേശാന്തരഗമനത്താലും ഇപ്രകാരം സംഭവിക്കുമെന്ന് ക്രോഹ്ൺ അഭിപ്രായപ്പെടുന്നു. സാമീപ്യവും സമ്പർക്കവുമാണ് ഇത്തരം സംക്രമണത്തിന് കാരണം. വാമൊഴി ആഖ്യാനങ്ങളുടെ വ്യാപനം ഒരു ഗോത്രത്തിൽ നിന്ന് മറ്റൊരു ഗോത്രത്തിലേക്ക് സംക്രമിക്കുന്നത് സാംസ്കാരിക ബന്ധങ്ങൾ വഴിയാണ്. ഫിൻലന്റിലെ കലേവാല ഇതിഹാസ പഠനത്തിന് ഇത്തരത്തിലുള്ള വ്യാപനസിദ്ധാന്തം ഏറെ സഹായകമായിട്ടുണ്ട്. പഞ്ചതന്ത്രകഥകളും ദേശാടനകഥകളും ഒരു ദേശത്തുനിന്നും മറ്റു ദേശങ്ങളിലേക്ക് വ്യാപിക്കുന്നുണ്ടെങ്കിലും ഓരോ ദേശത്തിന്റെയും കഥയുടെ തനിമയെ അത് ഇല്ലാതാക്കുന്നുമില്ല. എന്നാൽ പുതുതായി എത്തപ്പെട്ട ദേശത്തിന്റെ സവിശേഷതകൾ സ്വാംശീകരിക്കുകയും ചെയ്യും. നിലവിലുള്ള പാരമ്പര്യവും സാംസ്കാരിക ശക്തിവിശേഷവും അതിൽ സ്വാധീനം ചെലുത്തുന്നുമുണ്ട്. വ്യാപനസിദ്ധാന്തം നാടോടി വിജ്ഞാനപഠനത്തിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

▶ സാംസ്കാരിക മേഖലയിൽ കുടിയേറുന്ന ഫോക്‌ലോർ

## പരിണാമസിദ്ധാന്തം

നരവംശശാസ്ത്രത്തിലെ ആദ്യകാല പഠനങ്ങളുടെ അടിത്തറയായിരുന്നു പരിണാമ സിദ്ധാന്തം. ഈ വാദത്തിന്റെ ഉപജ്ഞാതാക്കൾ മോർഗൺ, ഡാർവിൻ, ഹെർബർട്ട് സ്പെൻസർ എന്നിവരാണ്. കാടത്തത്തിൽ നിന്നും കിരാതത്തിലേക്കും തുടർന്ന് നാഗരികതയിലേക്കും ഘട്ടംഘട്ടമായി ഗോത്രസമൂഹം വികാസം പ്രാപിക്കുകയാണുണ്ടായതെന്ന് പരിണാമവാദം സ്ഥാപിക്കുന്നു. ആദിമഘട്ടത്തിലാണ് ആഖ്യാനരൂപങ്ങൾ സമൃദ്ധമായി ഉണ്ടായത്. പ്രാകൃത സമൂഹം വാമൊഴി പാരമ്പര്യത്തെ ശ്രദ്ധേയമായ വിധം അനായാസമായി സംരക്ഷിക്കുകയായിരുന്നു. ഓരോ സാംസ്കാരിക പരിണാമഘട്ടങ്ങളെ പ്രതിനിധീകരിക്കുന്നതാണ് ഫോക്‌ലോർ ഇനങ്ങളെന്നാണ് ഇ.ബി.ടെയ്‌ലർ വിലയിരുത്തുന്നത്. ഫ്രെയിസർ, നാഗരികതയുടെ പിറവി കാടത്തത്തിൽ നിന്നാണെന്ന് വാദിക്കുന്നു. പ്രായപൂർത്തിയായ വ്യക്തി, ഒരു കുട്ടിയെ എപ്രകാരം കാണുന്നുവോ അപ്രകാരമാണ് പരിഷ്കൃത മനുഷ്യരെ സംബന്ധിച്ച് കാടൻ. അപരിഷ്കൃത ജനതയുടെ ആചാരവിശ്വാസങ്ങളെ സാംസ്കാരികോന്നതി പ്രാപിച്ച ജനത അതിജീവിച്ചതിന്റെ അവശിഷ്ടങ്ങളാണ് ഫോക്‌ലോർ പഠനമെന്ന് വാദിച്ചു. അതായത് ശേഷിപ്പുകളുടെ പഠനമാണ് ഫോക്‌ലോർ എന്നാണ് ഫ്രെയിസർ അഭിപ്രായപ്പെട്ടത്. ഗോത്രസമൂഹത്തിലെയും കാർഷികസമൂഹത്തിലെയും കലാസംസ്കാരങ്ങൾ ചില വ്യത്യസ്തതകൾ പുലർത്തുന്നുണ്ട്. ഇത്തരത്തിലുള്ള പരിണാമഘട്ടങ്ങൾ മനസ്സിലാക്കാനാകുമെന്നാണ് പരിണാമ വാദികളുടെ അഭിപ്രായം. ആദ്യകാല ഫോക്‌ലോർ പഠനങ്ങളുടെ ഭാഗമായ 'അതിജീവനസിദ്ധാന്തം' പരിണാമ സിദ്ധാന്തവിശ്വാസികളുടെ സംഭാവനയാണ്. പരിണാമ സിദ്ധാന്തം സാംസ്കാരികമായ ചലനാത്മകതയാണ്. അത് പരിവർത്തനവും പുരോഗതിയും നേടി കാലദേശങ്ങളിലൂടെ വളർച്ച പ്രാപിക്കുന്നു. സാംസ്കാരിക കൂട്ടായ്മയുടെ ചരിത്ര പാരമ്പര്യമാണ് അത് നിർണ്ണയിക്കുന്നത്. പരിണാമ സിദ്ധാന്തത്തിലൂടെ ചരിത്രപരവും സാമൂഹികവുമായ തലത്തിലൂടെ ഫോക്‌ലോറിനെ സമീപിക്കുമ്പോൾ പഴഞ്ചൊല്ലുകളും വിശ്വാസങ്ങളുമൊക്കെ ഏറെക്കുറെ സുവ്യക്തമാവുകയാണ്.

- കാലദേശങ്ങളുടെ അടിത്തറയിലുള്ള ചലനാത്മക മുന്നേറ്റവും.
- സംസ്കാരപരിണാമവും.

## ഘടനാത്മക സിദ്ധാന്തം

സംസ്കാരത്തിന്റെ ആന്തരികവ്യവസ്ഥയെ ആവിഷ്കരിക്കുന്ന പുരാതന ഭാഷയാണ് അനുഷ്ഠാനങ്ങളും പുരാവൃത്തങ്ങളും കലകളും. ഇത്തരത്തിലുള്ള ഭാഷയുടെ ജൈവിക ഘടനയാണ് ഫോക്‌ലോർ തലത്തിലെ ഘടനാത്മക സിദ്ധാന്തം. മാനസിക ഭാഷയിൽ നിന്നും ഘടകങ്ങൾ രൂപീകരിക്കുവാനുള്ള കഴിവ് മനുഷ്യന് ലോകമെമ്പാടും ഒരുപോലെയാണ്. മിത്തുകളും പ്രതീകങ്ങളുമൊക്കെ പ്രാചീന മനുഷ്യന്റെ ചുറ്റുപാടുകളുടെയും അനുഭവങ്ങളുടെയും ആവിഷ്കരണമാണ്. ആധുനികഭാഷാശാസ്ത്ര പിതാവായി അറിയപ്പെടുന്ന ഫെർഡിനാന്റ് സൊസ്യൂറിന്റെ 'Course in General Linguistics' എന്ന കൃതിയാണ് ഘടനാവാദത്തിന്റെ അടിസ്ഥാന ഗ്രന്ഥമായി കണക്കാക്കപ്പെടുന്നത്. എന്നാൽ ഫോക് ലോറിലെ ഘടനാപഗ്രഥന രീതിയുടെ പ്രമുഖ വക്താക്കൾ വ്ളാഡിമിർ പ്രോപ്പും ലെവിസ്ട്രോസുമാണ്. കഥകളുടെ ഘടനയെ രേഖീയമായി അപഗ്രഥിച്ചതിനാൽ പ്രോപ്പിൻറേത്

തിരശ്ചീനതലാപഗ്രഥനമെന്നാണ് പറയുന്നത്. ഓരോ ഫോക്‌ലോർ രൂപത്തിന്റെയും ഘടനാപരമായ വിശകലനമാണ് അദ്ദേഹം നിർവഹിച്ചത്. ലഭ്യമായ വസ്തുതകളെ കാര്യകാരണ ബന്ധക്രമത്തിൽ ക്രമീകരിച്ച് ആന്തരികഘടന കണ്ടെത്തുന്നതാണ് ലെവിസ്ട്രോസിന്റെ രീതി. പുരാവൃത്തങ്ങളെയും റെഡ്ഢിന്ത്യൻ കലാരൂപങ്ങളെയും പഠിക്കുന്നതിലൂടെ ലെവിസ്ട്രോസ്, ഓരോ ഫോക് ലോർ രൂപത്തിന്റെയും ആന്തരികഘടന കണ്ടെത്താൻ ശ്രമിച്ചു. പ്രത്യക്ഷത്തിൽ കാണുന്ന കഥകളിലല്ല അവയ്ക്കുള്ളിലാണ് പൊരുളെന്ന വസ്തുതയെ കണ്ടെത്താനാകുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മനുഷ്യന്റെപ്രതീകാത്മകമായ ആശയവിനിമയശേഷിയുള്ള ഭാഷയാണ് മിത്തുകളെന്നാണ് അദ്ദേഹത്തിന്റെ വാദം. സംസ്കാരവും ഭാഷാഘടനയും തമ്മിൽ ഗാഢബന്ധമാണുള്ളത്. ഭാഷയുടെ വികാസത്തിലൂടെ സാംസ്കാരിക ഘടകങ്ങളെ മനസ്സിലാക്കാനുള്ള ഉപാധികൂടിയാണ് ലബ്ധമാകുന്നത്. അതിലൂടെ മനുഷ്യന്റെ അബോധതലത്തിലെ ആശയത്തെയാണ് ഘടനാവാദം കണ്ടെത്തുന്നത്. സാംസ്കാരികമായ ഘടനാത്മക സിദ്ധാന്തം, അനുഷ്ഠാനങ്ങളെയും പുരാവൃത്തങ്ങളെയും വിവാഹ സമ്പ്രദായങ്ങളെയും പാചകത്തെയുമൊക്കെ ഉൾക്കൊള്ളുന്നുണ്ട്.

- അനുഭവങ്ങളുടെയും പരിതോവസ്ഥകളുടേയും ആവിഷ്കരണമായ മിത്തുകൾ

## നരവംശസിദ്ധാന്തം

ഫോക്‌ലോറുമായുള്ള ബന്ധം ആദ്യം അന്വേഷിച്ചത് നരവംശശാസ്ത്രമാണ്. സാംസ്കാരിക ജീവിതത്തെ ആധാരമാക്കിയുള്ള മനുഷ്യകേന്ദ്രീകൃതമായ പഠനമാണിത്. 19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലാണ് നരവംശ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കപ്പെട്ടത്. മോർഗൻ, ബഹോഫർ, ടെയ്‌ലർ തുടങ്ങിയവർ നരവംശസിദ്ധാന്തങ്ങൾ ആവിഷ്കരിക്കുകയുണ്ടായി. മോർഗൻ റെഡ്ഢിന്ത്യൻസിന്റെ കുടുംബം, നായാട്ട്, പ്രാചീനമതം തുടങ്ങിയവയെ ആസ്പദമാക്കി തന്റെ സിദ്ധാന്തങ്ങൾക്ക് അടിത്തറപാകി. ടെയ്‌ലറാകട്ടെ ഗോത്രവർഗക്കാരുടെ നൃത്തം, സംഗീതോപകരണം, ഭവന നിർമ്മാണം, നെയ്ത്ത് തുടങ്ങിയവയെപ്പറ്റി തന്റെ നരവംശ ശാസ്ത്രമെന്ന കൃതിയിൽ അവതരണം നടത്തി. നരവംശ ശാസ്ത്രത്തിന്റെ ഭാഗമായ ഇവയെല്ലാം ഫോക്‌ലോർ പഠനത്തിന്റെ വളർച്ചക്ക് കളമൊരുക്കി. തുടർന്ന് തദ്ദേശീയ ആഘോഷങ്ങളും ആചാരങ്ങളും പഠനവിധേയമായി. നരവംശ ശാസ്ത്രപഠനത്തിന്റെ പ്രത്യേകതകളിൽ ഒന്നായിരുന്നു മണ്ഡലവൃത്തി. പ്രസിദ്ധീകരിക്കപ്പെട്ടതോ മ്യൂസിയങ്ങളിൽ സൂക്ഷിച്ചുവയ്ക്കപ്പെട്ടതോ ആയവയെ സ്വീകരിക്കാതെ നേരിട്ട് ശേഖരിച്ചവയെ അടിസ്ഥാനമാക്കിയുള്ള സിദ്ധാന്തങ്ങൾ രൂപവത്കരിക്കുന്ന രീതിയാണിത്. ജനതയെ നരവംശശാസ്ത്രത്തിലൂടെ മികച്ച രീതിയിൽ സമീപിക്കാൻ അവരുടെ സംസ്കാരത്തെ മനസ്സുകൊണ്ട് അംഗീകരിച്ച് അതിലേക്ക് ആഴത്തിലിറങ്ങേണ്ടതുണ്ട്. അതിനായി അവരിലൊരാളാവുന്ന തരത്തിലുള്ള സൂക്ഷ്മനിരീക്ഷണപാടവവും കൈമുതലായി വേണം. അകലം പാലിക്കുന്ന ആദിവാസി സമൂഹങ്ങളോട് ഗാഢമായ ബന്ധം സ്ഥാപിക്കുന്നതിനൊപ്പം അതിലൂടെ ഉൾക്കൊണ്ടതിനെ ആസ്പദമാക്കി അനുമാനങ്ങളും നിഗമനങ്ങളും കൈക്കൊള്ളുന്നതും നരവംശപഠനത്തെ ഗൗരവമുറ്റതാക്കുന്നു.

- ഗ്രാമീണതയ്ക്കൊപ്പം നാഗരികപഠനത്തിനും പ്രാധാന്യം

### കെട്ടുമുറസിദ്ധാന്തം

പാട്ടിന്റെ രചനാതന്ത്രവും ആവിഷ്കാരതന്ത്രവും ആരായുന്ന കെട്ടുമുറ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ക്ലാസിക്കൽ സാഹിത്യനിരൂപകനായ മിൽമേൻപാരി ആണ്. ഒരു നാടോടി ഗായകൻ തൻറെ ദീർഘമായ ആലാപനവേളയിൽ സാഹചര്യത്തിനൊത്ത് വരികളും വർണ്ണനകളും കൂട്ടിച്ചേർക്കുന്നതാണെന്ന് ഈ സിദ്ധാന്തം വെളിപ്പെടുത്തുന്നു. മിൽമേൻപാരിക്കുശേഷം ആൽബർട്ട് ബി.ലോഡ് ഈ സിദ്ധാന്തത്തെ വികസിപ്പിച്ചു. 'ഫോർമുല' എന്ന ആശയത്തിലൂടെ അദ്ദേഹം വ്യക്തമാക്കാൻ ശ്രമിച്ചത്. ആശയതലം വ്യക്തമാക്കാൻ കൃത്യമായ ഇടവേള ഒരുക്കി ഒരേ ഛന്ദസ്സിൽ ആവർത്തിക്കുന്ന വാക്കുകളുടെ ഗണമെന്നാണ്. വാമൊഴിയുടെ അടിസ്ഥാനം ഇത്തരത്തിലുള്ള ഫോർമുലകളും തീമുമാണ്. പ്രകടനത്തിനുപയോഗിക്കുന്ന ആശയങ്ങളുടെ സമൂഹമാണ് തീം. ഇതിലൂടെ ആഖ്യാനത്തിൽ സർഗവൈഭവം വെളിവാക്കാൻ പുതിയ കഥകളും വരികളും വർണനകളുമൊക്കെ കൂട്ടിച്ചേർക്കാൻ ഗായകന് കഴിയുന്നു. ഫോക്‌ലോർ പഠനത്തിൽ ഈ സിദ്ധാന്തത്തിന് ഏറെ പ്രാധാന്യമുണ്ട്. ഇന്ത്യൻ എപ്പിക്കുകളിൽ ഫോർമുലാസങ്കല്പത്തിൻ പ്രസക്തിയില്ല; കാരണം നിരവധി വരികളുള്ള ഖണ്ഡമാണിവിടെ ഫോർമുല. ശ്രോതാക്കളെയും സാഹചര്യത്തെയും ആസ്പദമാക്കി ആഖ്യാനത്തിൽ ഏറ്റക്കുറച്ചിലുകൾ സൃഷ്ടിക്കാൻ ഇത് ഗായകരെ സഹായിക്കുന്നുണ്ട്.

▶ പ്രകടനവേളയിൽ സ്വയംകൃതമായ കൂട്ടിച്ചേർക്കലുകൾ

### സാമൂഹികശാസ്ത്രം

ഓരോ നാടൻകലാരൂപത്തിന്റെയും പിറവിയെക്കുറിച്ച് സാമൂഹികശാസ്ത്ര സംബന്ധിയായ സിദ്ധാന്തങ്ങൾ ഉണ്ടായിട്ടുണ്ട്. കൂട്ടായ്മയുടെ ഫലവത്തായ ആവിഷ്കാരമാണ് ഓരോ നാടൻകലാരൂപവും. സമൂഹത്തിന്റെ ഘടനാപരമായ ആവശ്യങ്ങളിൽ നിന്നാണ് ഇവ ഉടലെടുക്കുന്നത്. അതാതിടങ്ങളിലെ നാട്ടുകലകൾ അവിടത്തെ ജീവിതവും സംസ്കാരവുമാണ് അനാവരണം ചെയ്യുന്നത്. അതിലൂടെ സാമൂഹികധർമ്മമാണ് നിർവ്വഹിക്കപ്പെടുന്നത്. ഉപചാരാനുബന്ധിയായ പദപ്രയോഗങ്ങളും ഔപചാരികവും അനൗപചാരികവുമായ ഒത്തുചേരലും ആശയ പ്രകടനോപാധികളുമൊക്കെ ഫോക് ലോറിന്റെ സാമൂഹിക പ്രാധാന്യമാണ് വ്യക്തമാക്കുന്നത്. സാമൂഹികമായ അർത്ഥത്തെ ദ്യോതിപ്പിക്കുന്ന പ്രതീകങ്ങൾ വസ്ത്രാഭരണാദികളിൽപ്പോലും കാണുന്നുണ്ട്. സാമൂഹിക സ്ഥാനമാനങ്ങൾ, അനുഷ്ഠാ നങ്ങൾ, കൂട്ടായ്മ തുടങ്ങിയവയെല്ലാം വസ്ത്രധാരണത്തിലൂടെ വ്യഞ്ജിക്കപ്പെടുന്നുണ്ട്. നാട്ടുവൈദ്യന്മാരും, മന്ത്രവാദികളുമൊക്കെ സമൂഹത്തിന് ആരോഗ്യത്തോടൊപ്പം മാനസിക സാന്ത്വനവും നൽകുന്നുവെന്നുള്ളത് സാമൂഹിക ശാസ്ത്രപഠനത്തിൽ വ്യക്തമാണ്. ഫോക്‌ലോറിന്റെ സാമൂഹിക പ്രാധാന്യമാണ് ഔപചാരികവും അനൗപചാരികവുമായ ഒത്തുചേരലിലും ഉപചാരപ്രവൃത്തികളിലുമൊക്കെ തെളിയുന്നത്. നാഗരിക ഫോക്‌ലോർ സംബന്ധിയായ പഠനങ്ങളിൽ സാമൂഹികശാസ്ത്ര സിദ്ധാന്തങ്ങളാണ് പ്രധാനമായും അവലംബം. ഹിപ്പികൾ, ജിപ്സികൾ, നഗരത്തൊഴിലാളികൾ തുടങ്ങിയവരെ സംബന്ധിച്ച പഠനങ്ങളിൽ നഗരസംസ്കാരത്തിലെ ആദിമമായ അനുഭൂതികളാണ്പ്രതിഫലിക്കു

ന്നത്. നായാട്ടിന്റെ സാമൂഹികാനുഷ്ഠാനമായാണ് ഗുഹാചിത്രങ്ങളെ അർനോൾഡ്, ഹൂസർ തുടങ്ങിയ സാമൂഹിക ശാസ്ത്രജ്ഞർ കാണുന്നത്. ഓരോ പ്രകാരത്തിലുള്ള നാടോടി കലാരൂപങ്ങളും കാലാനുസൃതമായ പരിവർത്തനത്തോടെ നിലനിൽക്കുന്നുണ്ട്. ആദിമസംസ്കാര കലാരൂപങ്ങളുടെ തുടർച്ചയാണ് നവീന മാധ്യമങ്ങളിൽ കാണപ്പെടുന്നത്. കാലഘട്ടം മാറിയാലും ഫോക്‌ലോർ തിരോഭവിക്കുന്നില്ല മറിച്ച് രൂപമാറ്റവും രീതിമാറ്റവുമാണ് അതിനുണ്ടാകുന്നത്. എന്നാണ് സാമൂഹിക ശാസ്ത്രാധിഷ്ഠിത വീക്ഷണം.

> ▶ മനുഷ്യനെ കേന്ദ്രീകരിച്ച പഠനം

### ഭാഷാശാസ്ത്രം

ഭാഷയുടെ പിറവി, മൂലഭാഷ, ഭാഷാകുടുംബം തുടങ്ങിയവ സംബന്ധിച്ച ഭാഷാ ശാസ്ത്രപഠനങ്ങളിലൂടെയാണ് 19-ാം ശതകത്തിൽ യൂറോപ്പിൽ നാടൻകലകളെക്കുറിച്ചുള്ള പഠനം വികാസം പ്രാപിക്കുന്നത്. ഗ്രിം സഹോദരൻമാർ മിത്തുകളെ ആസ്പദമാക്കി ചരിത്രാധിഷ്ഠിത പുനർനിർമ്മിതി നടത്തിയത് ഭാഷാശാസ്ത്രത്തിന്റെ സഹായത്തോടെയാണ്. നാടോടിക്കഥകളിലെ കഥാപാത്രങ്ങൾ ഏദൻ മിത്തോളജിയുടെ തുടർച്ചയാണെന്ന് താരതമ്യഭാഷാശാസ്ത്രത്തിൽ അവർ കണ്ടെത്തി. ഭാഷാശാസ്ത്രപരമായ അതിർവരമ്പുകളെ ലംഘിച്ച് വ്യാപനം ചെയ്യുന്നവയാണ് കഥകളെന്നും അവർ വിശ്വസിച്ചു. പ്രാചീന ആര്യൻമാരുടെ അനുഷ്ഠാന രീതികളെയും മിത്തുകളെയും മനസ്സിലാക്കാൻ ഗ്രീക്ക്-സംസ്കൃതഭാഷാ താരതമ്യപഠനത്തിലൂടെ കഴിഞ്ഞു. ആര്യൻമാരുടെ പ്രകൃത്യാരാധനാ സംബന്ധികളായ നിരവധി പദങ്ങൾ ഇന്തോ-യൂറോപ്യൻ ഭാഷകളിൽ കണ്ടെത്താനായി. ചിമ്പാൻസി, ഗൊറില്ല തുടങ്ങിയവയുടെ ചിഹ്നഭാഷയിലൂടെ ആദിമമനുഷ്യരുടെ ഭാഷാരീതി എന്താണെന്ന് മനസ്സിലാക്കാനുള്ള ശ്രമം നടന്നിട്ടുണ്ട്. നാടോടികഥകളുടെ ഘടന വിശകലനം ചെയ്യാനായി വി.ജെ.പ്രോപ്പ് ആഖ്യാനത്തെ ആസ്പദമാക്കി ധർമ്മത്തിലൂന്നിയ ഏകകം സൃഷ്ടിച്ചു. ഇതിന് അദ്ദേഹത്തിന് പ്രേരകമായത് ഭാഷാശാസ്ത്രമായിരുന്നു. ലെവിസ്ട്രോസിന്റെ ഘടനാത്മക വിശകലനത്തിനും വഴിവച്ചത് ഘടനാത്മക ഭാഷാശാസ്ത്രമായിരുന്നു. അദ്ദേഹം പുരാവൃത്തത്തെ വിശകലനം ചെയ്തത് സൊസ്യൂറിന്റെ പരോൾ, ഏകകാലികം, ബഹുകാലികം, ദ്വന്ദ്വാത്മകത എന്നീ ആശയങ്ങൾ ഉൾപ്പെടുത്തിയാണ്. ആദിമ നിവാസികൾക്ക് പരിഷ്കൃത ജനതയ്ക്കൊപ്പമുള്ള പദസമ്പത്തുണ്ട്. അസംഖ്യം സസ്യലതാദികളുടെ പേര് പറഞ്ഞ് അതിനെ തിരിച്ചറിയാൻ കഴിയുന്നു എന്നതുതന്നെ അവരുടെ പദസമ്പത്തിൻറെ ബാഹുല്യത്തെയാണത് കാണിക്കുന്നത്. താരതമ്യ ഭാഷാശാസ്ത്രവും ഭാഷാഭേദ വിജ്ഞാനീയവുമൊക്കെ ഇത്തരത്തിൽ ഫോക്‌ലോർ പഠനങ്ങൾക്ക് സഹായകമാകുന്നു. ഫോക്‌ലോർ പഠനവുമായി ബന്ധപ്പെട്ട് വർത്തമാനകാലത്ത് ഉപയോഗിക്കുന്ന പല പദങ്ങളും ഭാഷാശാസ്ത്രത്തിൽ നിന്നും സ്വീകരിക്കപ്പെട്ടവയാണ്. Motif, Mytheme തുടങ്ങിയവ ഉദാഹരണം.

> ▶ നാടോടി സാഹിത്യത്തിലെ ഭാഷാപഗ്രഥനം ഭാഷാശാസ്ത്രപഠനത്തിന് മുതൽക്കൂട്ട്

### മന:ശാസ്ത്രം

നാടോടി വിജ്ഞാനീയത്തിനു പിന്നിലുള്ള മന:ശാസ്ത്രതലം അന്വേഷിച്ചവരാണ് സിഗ്മണ്ട് ഫ്രോയിഡ് (Sigmund Freud), കാൻ ഗുസ്താഫ് യുങ് (C.G.Jung), കാൾ എബ്രഹാം (Karl Abraham),

അലൻ ഡൻഡസ് (Alen Dundes) തുടങ്ങിയവർ. ഫ്രോയിഡിന്റെ മാനസികാപഗ്രഥന സിദ്ധാന്തങ്ങൾ നാടൻകലയിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വ്യഷ്ടി-സമഷ്ടി മനസ്സിനെക്കുറിച്ചുള്ള ഫ്രോയിഡിന്റെ അന്വേഷണങ്ങൾക്ക് പുരാവൃത്തങ്ങളും അനുഷ്ഠാനങ്ങളും ഏറെ സഹായകമായി. മാനസികാപഗ്രഥന സിദ്ധാന്തം നാടോടി വിജ്ഞാനീയത്തിൽ മാറ്റങ്ങൾ വരുത്തി. മനുഷ്യനിൽ ഉദയംകൊള്ളുന്ന അഗമ്യഗമന ചിന്തയ്ക്ക് മന:സാക്ഷിയും സദാചാരബോധവും കടിഞ്ഞാണിടുമ്പോൾ അടിച്ചമർത്തപ്പെട്ട വികാരങ്ങൾ പുരാവൃത്തങ്ങളിലൂടെയും നാടോടിക്കഥകളിലൂടെയും വെളിവാകുന്നു എന്നാണ് ഫ്രോയിഡിന്റെ പക്ഷം. അവഗണിക്കപ്പെട്ട പ്രതീകങ്ങളുടെയും അർത്ഥങ്ങളുടെയും ഉള്ളറകളിലേക്ക് കടന്നുചെല്ലാൻ ഫ്രോയ്ഡിന്റെ സിദ്ധാന്തം സഹായിക്കുന്നു. നാടോടി ആവിഷ്കാരങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്നരീതിയാണ് ഫ്രോയ്ഡ് പിന്തുടരുന്നത്. ബാല്യകാലത്തെ ലൈംഗികചോദനയാണ് പ്രതീകാത്മകമായി കുട്ടികളുടെ വിനോദങ്ങളിലും അമാനുഷിക കഥകളിലും കാണപ്പെടുന്നതെന്ന് മന:ശാസ്ത്രം സിദ്ധാന്തിക്കുന്നു. ഫ്രോയിഡിന്റെ തത്വമനുസരിച്ചാണ് കാൾ എബ്രഹാം, പ്രൊമിത്യൂസ് പുരാവൃത്തത്തിന് മന:ശാസ്ത്ര വ്യാഖ്യാനം നൽകുന്നത്. പ്രാചീന മനുഷ്യൻ തീയുണ്ടാക്കാൻ ഉപയോഗിച്ചിരുന്ന ദണ്ഡിന് ജനനേന്ദ്രിയത്തിന്റെ പ്രതിരൂപമാണ് അദ്ദേഹം നൽകിയത്. പ്രകൃതിമിത്തുകളെപ്പറ്റിയുള്ള വ്യാഖ്യാനത്തിൽ ഇടിമിന്നൽ പ്രോമിത്യൂസ് ആണ്. സൃഷ്ടിയുടെയും പുരുഷശക്തിയുടെയും പ്രതിനിധിയാണവിടെ പ്രോമിത്യൂസ് നാടൻകളിക്കും ഫോക്‌ലോറിസ്റ്റുകൾ മന:ശാസ്ത്രപരമായ വിശകലനം നടത്തിയിട്ടുണ്ട്. വളർച്ചയുടെ വേളകളിൽ അമ്മയിൽ നിന്ന് ഒറ്റപ്പെടുന്ന കുട്ടിയുടെ മാനസിക വിഹ്വലതകളാണ് ഒളിച്ചുകളിയ്ക്ക് ആധാരം. അപഗ്രഥനാത്മക മന:ശാസ്ത്രത്തിന് പ്രാധാന്യം നൽകുന്ന യുങ് നാടൻ കലകൾക്ക് പ്രാമുഖ്യം നൽകുന്നുണ്ട്. ബോധാബോധ മനസ്സ്, ജീവിതം-മരണം, ഈശ്വരൻ- ചെകുത്താൻ എന്നീ സങ്കല്പനങ്ങളെപ്പറ്റി പഠനം നടത്തി സമൂഹമനസ്സിലെ ആദി പ്രരൂപങ്ങളെ സംബന്ധിച്ച് യുങ് നിഗമനങ്ങളിലെത്തുന്നു. ആകാശത്തെക്കുറിച്ചുള്ള ആദി മനുഷ്യരുടെ ജിജ്ഞാസയിൽ നിന്നാണ് പറക്കും തളികകൾ സൃഷ്ടിക്കപ്പെടുന്നത് എന്നാണ് യുങിന്റെ അഭിപ്രായം. വ്യക്തിക്കൊപ്പം പാരമ്പര്യത്തെയും അംഗീകരിക്കുന്ന രീതിയാണ് യുങ് പുലർത്തിയത്. ഊഹങ്ങൾക്കും പ്രതീകാത്മകതയ്ക്കും അദ്ദേഹം പ്രാധാന്യം നൽകുന്നുമില്ല.

- ഫ്രോയിഡ് - ഈഗോ, സൂപ്പർ ഈഗോ, ഇദ്ദ്, ഈഡിപ്പസ് കോംപ്ലക്സ്
- യുങ് - ആദിബിംബ സങ്കൽപ്പത്താലുള്ള വ്യാഖ്യാനം

## നരവംശശാസ്ത്രം

മനുഷ്യനെ കേന്ദ്രീകരിച്ചുള്ള പഠനത്തിന്റെ ഭാഗമാണ് നരവംശശാസ്ത്രം. സംസ്കാരം ആസ്പദമാക്കി മനുഷ്യനെ പഠിക്കുന്നതാണ് ഫോക്‌ലോർ. നരവംശ ശാസ്ത്രത്തിൽ തൽപ്പരരായ എഡ്വേർഡ് ബി. ടെയ്‌ലർ, ആൻഡ്രൂ ലാങ്, ജോർജ് ഫ്രെയ്സർ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഫോക്‌ലോർ പഠനത്തിന്റെ ആരംഭഘട്ടത്തെ ഏറെ സഹായിച്ചിട്ടുണ്ട്. നാടോടി ജീവിതവും സംസ്കാരവും തമ്മിലുള്ള ബന്ധം ആദ്യം പഠനവിധേയമാക്കിയവർ നരവംശശാസ്ത്രജ്ഞരാണ്. നരവംശശാസ്ത്രത്തിൽ രണ്ടു പഠനവിഭാഗങ്ങളാണുള്ളത്; ഭൗതിക നരവംശശാസ്ത്രവും സാംസ്കാരിക നരവംശശാസ്ത്രവും. ഭൗതിക

നരവംശശാസ്ത്രം മനുഷ്യനെയും അവന്റെ ജൈവഘടനയെയും അടിസ്ഥാനമാക്കിയുള്ള അന്വേഷണമാണ്. മനുഷ്യവംശ ചരിത്രത്തിനാണിതിൽ പ്രാമുഖ്യം നൽകുന്നത്. തലയോടുകളുടെ വലിപ്പത്തെയും ആകൃതിയെയും ആസ്പദമാക്കി മനുഷ്യവംശത്തിന്റെ ഉല്പത്തിയും വികാസവും നിർണ്ണയിക്കുന്ന രീതിയാണിതിനുള്ളത്. മനുഷ്യന്റെ സാംസ്കാരിക ജീവിതത്തെക്കുറിച്ചുള്ള അന്വേഷണമാണ് സാംസ്കാരിക നരവംശശാസ്ത്രം. മനുഷ്യന്റെ സ്വഭാവസവിശേഷതകൾ, കാർഷികവൃത്തി, ഭവനനിർമ്മാണം, സംഗീതം, വൈദ്യം, നായാട്ട്, നൃത്തം തുടങ്ങിയുള്ളതെല്ലാം മനുഷ്യസംസ്കാരത്തിന്റെ ഭാഗമാണ്. നാടോടി ജീവിതവും സംസ്കാരവും തമ്മിലുള്ള ഇഴപിരിയാത്ത ബന്ധത്തെ ആദ്യം വിശകലനം ചെയ്യാൻ ശ്രമിച്ചത് നരവംശ ശാസ്ത്രജ്ഞരാണ്. നരവംശശാസ്ത്രംഫോക്‌ലോറിനോട് പല പ്രകാരത്തിലുള്ള ആശ്രിതത്വം നിലനിർത്തുന്നുണ്ട്. ഫോക്‌ലോറിലെ സാഹിത്യത്തിലും ശൈലിയിലും ധർമ്മത്തിലും പ്രതിഫലിക്കുന്ന അതാതിടങ്ങളിലെ ചുറ്റുപാടിനോടുമുള്ള ജനതയുടെ സമീപനം വ്യക്തമാക്കാനും നരവംശശാസ്ത്രം ഫോക്‌ലോറിന്റെ സഹായം തേടുന്നു. പുരാവൃത്ത വിശകലനത്തിന് ആധാരമാക്കുന്ന ഘടനാവിശകലന രീതി നരവംശ ശാസ്ത്രത്തിൽ നിന്ന് സ്വീകരിച്ചതാണ്. നരവംശശാസ്ത്രവും ഫോക്‌ലോറും പരസ്പരം ഇഴപിരിയാതെ ബന്ധപ്പെട്ടുകൊണ്ട് സാമൂഹിക ശാസ്ത്രത്തിന്റെ പരിധിയിലാണ് നിലകൊള്ളുന്നത്.

## സാഹിത്യം

പ്രാചീന മനുഷ്യരുടെ ഹൃദയാവിഷ്കാരമായ പഴഞ്ചൊല്ലുകൾ, കടംകഥകൾ, ശൈലികൾ, നാടോടിക്കഥകൾ, നാടൻപാട്ടുകൾ തുടങ്ങിയവയെല്ലാം കൂട്ടായ്മയുടെ സൃഷ്ടിയാണ്. നാവോടു നാവ് പകർന്നാണ് ഇവ പ്രചരിക്കപ്പെട്ടത്. ഇത്തരം വാമൊഴി സാഹിത്യത്തിന് പാഠഭേദങ്ങൾ വരും. കാലപരിവർത്തനത്താൽ ദേശ-സംസ്കാരങ്ങൾക്ക് വിധേയമായി ഇവ പരിണാമം നേടുന്നു. അമേരിക്കൻ ഫോക്‌ലോറിസ്റ്റായ ആർച്ചർ ടെയ്‌ലർ ഫോക്‌ലോറും സാഹിത്യവും ബന്ധപ്പെടുത്തി മൂന്നുതരം ബന്ധങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുന്നു.

1. പല സംസ്കാരങ്ങളിലും ഫോക്‌ലോറിനെ സാഹിത്യത്തിൽ നിന്നും വേർതിരിച്ച് മനസ്സിലാക്കുക ശ്രമകരമാണ്.
2. ഫോക്‌ലോറിൽ നിന്നു കടമെടുത്ത പല ഘടകങ്ങളും സാഹിത്യത്തിനുണ്ട്.
3. സാഹിത്യകാരൻമാർ ഫോക്‌ലോറിനെ അനുകരിക്കുന്നു.

നാടോടി വാങ്മയങ്ങളായ നാടോടിപ്പാട്ട്, നാടോടിക്കഥ, പുരാവൃത്തം തുടങ്ങിയവയാണ് അദ്ദേഹം തന്റെ പഠനത്തിന് വിധേയമാക്കിയിരിക്കുന്നത്. കാരണം സാഹിത്യത്തിന്റെ പ്രാരംഭഘട്ടം വാമൊഴി പാരമ്പര്യത്തിന്നിയതാണ്. വാമൊഴിയുമായി ഗാഢമായി ചേർന്നുപോകുന്നതിനാൽ സാഹിത്യവും ഫോക്‌ലോറും വേർതിരിച്ചറിയാൻ പ്രയാസമാണ്. ബൈബിൾ, ഇലിയഡ്, ഒഡിസി, ഫിന്നിഷ് വീരാപദാനകൃതിയായ കലേവാല, രാമായണ മഹാഭാരതങ്ങൾ ഇവ

യെല്ലാം വാമൊഴിയിലൂടെയാണ് ആദ്യകാലത്ത് പ്രചരിക്കപ്പെട്ടത്. വാമൊഴിയുടെ പ്രാഥമികതയാണ് ഇത് സൂചിപ്പിക്കുന്നത്. വാമൊഴി സംസ്കാരത്തിൽപ്പെട്ട ഇത്തരം കൃതികൾ പുരാതനകൃതികളായി മാറുകയാണുണ്ടായത്. രാമായണകഥയ്ക്ക് തന്നെ പാഠഭേദങ്ങൾ ഉണ്ട്; ജൈനരാമായണം, പേർഷ്യൻ രാമായണം തുടങ്ങിയവ. കഥകളും ഉപകഥകളുമായി കഥപറഞ്ഞുപോകുന്ന രീതി നാടോടി സംസ്കൃതിയുടേതാണ്. അങ്ങനെയാണ് മഹാഭാരതത്തിലും കാണപ്പെടുന്നത്. നാടോടിരൂപത്തെ അതേപ്രകാരത്തിലോ ആശയമോ ആയി സ്വീകരിച്ച് പരിഷ്കരിച്ച് സാഹിത്യരൂപമാക്കാറുണ്ട്. റിച്ചാർഡ്. എം. ഡോർസൻ, വാമൊഴി പാഠത്തെ എഴുത്തുകാർ എപ്രകാരം സ്വീകരിക്കുന്നുവെന്ന് അഭിപ്രായപ്പെടുന്നുണ്ട്. വാമൊഴി പാഠത്തോട് അടുത്തു നില്ക്കുന്ന വിശ്വാസങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിവ യാതൊരുമാറ്റവും കൂടാതെ എഴുത്തുകാർ ഉപയോഗിക്കുക, വാമൊഴി പാഠത്തിന്റെ വിപുലീകരണവും പുന:പരിശോധനയും നടത്തുക, വാമൊഴി പാഠത്തെ അടിത്തറയാക്കി സർഗകർമ്മം നിർവഹിക്കുക തുടങ്ങിയവയാണവ. നാടോടി പാരമ്പര്യത്തെ പ്രമേയമാക്കിയോ പ്രതിപാദന രീതിയിലോ പുനരാഖ്യാനമായോ എഴുത്തുകാർ സ്വീകരിക്കുന്നു. ഒരെഴുത്തുകാരന് താൻ അനുഭവിക്കുന്ന ബന്ധപ്പെടുന്ന സംസ്കാരത്തിന്റെ സ്വാധീനം അയാളുടെ രചനയിൽ സ്വയമേവ പ്രതിഫലിപ്പിച്ചേ മതിയാകൂ. സി.വി.രാമൻ പിള്ള, തകഴി, കോവിലൻ, എം.ടി, യു.എ.ഖാദർ തുടങ്ങിയവർ തങ്ങളുടെ ദേശസംസ്കൃതിയുടെ പൊരുൾ രചനകളിലൂടെ സ്വാഭാവികമായി ആവിഷ്കരിച്ചതങ്ങനെയാണ്.

- സമൂഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതമായ നാടോടി സാഹിത്യം

## നാട്ടുചരിത്രം

നാട്ടുചരിത്രപഠനം, നാടോടി വിജ്ഞാനീയത്തിലെ പ്രധാനപ്പെട്ട ശാഖയാണ്. ഓരോ ദേശത്തിന്റെയും നാടോടിക്കഥകൾ പുരാവൃത്തം, ഐതിഹ്യം, നാടോടി ചിഹ്നങ്ങൾ എന്നിവയിലെല്ലാം അതാതിടത്തിന്റെ ചരിത്രവുമുണ്ട്. നാടോടി ചരിത്രത്തിലൂടെ വ്യക്തി, കുടുംബം, ദേശം എന്നിവയിലൂടെ ചരിത്രം അറിയാനാകും. പാരമ്പര്യമായി ലഭിച്ച വാമൊഴി ചരിത്രത്തെ ആധാരമാക്കിയാണ് അമേരിക്കൻ ഫോക്ലോറിസ്റ്റായ റിച്ചാർഡ്. എം. ഡോർസൻ റെഡ് ഇന്ത്യക്കാരുടെ ഭൂമിയുടെ അവകാശം സ്ഥാപിച്ചെടുത്തത്. രേഖകളില്ലാത്ത നാട്ടുചരിത്രമാണ് വാമൊഴി രൂപത്തിലുള്ളത്. എഴുതപ്പെടുന്ന ചരിത്രത്തിൽ കടന്നുവരാത്ത നിരവധി ദേശചരിത്രങ്ങൾ ഉണ്ട്. അത് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നത് വാമൊഴിയിലൂടെയാണ്. വരമൊഴി ഭാഷ കുറവുള്ള ആഫ്രിക്കൻ ജനതയ്ക്കിടയിൽ വാമൊഴി ചരിത്രത്തിന് ഏറെ പ്രാധാന്യമുണ്ട്. അവരുടെ പൂർവചരിത്രം വാമൊഴിയിൽ സുരക്ഷിതമായിരിക്കുന്നതിന് നാടോടിയായ പല സങ്കേതങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നാണ് ആഫ്രിക്കൻ ചരിത്രം രചിക്കപ്പെട്ടിരിക്കുന്നത്. ചരിത്രവും ഫോക്ലോറും പരസ്പര ബന്ധിതമാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാനാകും. അനൗപചാരികമായ ചരിത്ര നിർമ്മിതിക്ക് വാമൊഴി ചരിത്രം ഏറെ സംഭാവനകൾ നൽകുന്നുണ്ട്. വാമൊഴി വഴക്കങ്ങളിൽ മാത്രമല്ല നാട്ടുചരിത്രം സൂക്ഷിക്കപ്പെടുന്നത്. ഗൃഹനിർമ്മാണ വിദ്യയും കാർഷികവൃത്തിയും കൈവേലകളും ശിലാശാസനങ്ങളുമൊക്കെ അതേറ്റുവാങ്ങിയിരിക്കുന്നു. തനതുപാരമ്പ

- വാമൊഴി ദേശ ചരിത്രങ്ങൾ, ചരിത്രസംഭരണികൾ

ര്യ ചരിത്രത്തോടൊപ്പം കടന്നുകയറിവന്ന ചരിത്രവും ഇതിലൂടെ നിർണയിക്കാനാകും.

## ഫോക്‌ലോർ - സമകാലിക പ്രസക്തി

തനതു സംസ്കാരമുള്ള ഏതൊരു സമൂഹവും തലമുറകളിലൂടെ തങ്ങളുടെ സാംസ്കാരിക മൂല്യങ്ങളും വിശ്വാസാചാരങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള അനേകം പാരമ്പര്യ ധാരകളുടെ അക്ഷയ സംഭരണിയാണ് ഫോക്‌ലോർ. ഓരോ കൂട്ടായ്മയിലെയും വ്യക്തികളെ തമ്മിൽ അന്യോന്യം ഇഴചേർക്കുന്ന ഘടകങ്ങൾ ഫോക്‌ലോറിലൂടെയാണ് പ്രവർത്തിക്കുന്നത്. ജൈവികമായ മനുഷ്യബന്ധങ്ങൾ അകന്നുപോകുന്ന വർത്തമാനകാലഘട്ടത്തിൽ സ്വത്വബോധത്തിലേക്ക് നയിക്കാനും പൊതുതാല്പര്യത്തിലധിഷ്ഠിതമായ സാമൂഹികബോധം ഉളവാക്കാനും ഫോക്‌ലോറിന് അസാമാന്യ പാടവമാണുള്ളത്. അന്യസംസ്കാരത്തിന്റെ കടന്നുകയറ്റം തനതു സംസ്കൃതിയെ ദുർബലമാക്കുകയോ ഇല്ലാതാക്കുകയോ ചെയ്യും. ഭക്ഷ്യോപയോഗങ്ങളിലും വസ്ത്രാഭരണ രീതികളിലുമൊക്കെ ബാഹ്യസംസ്കാരത്തിന്റെ അതിപ്രസരം ഉണ്ടാകുമ്പോൾ നമ്മുടെ തനിമയെന്തെന്നുള്ള അന്വേഷണത്തിന് കരുത്തുപകരാൻ ഫോക്‌ലോർ പഠനത്തിന് ആകുന്നു. ജനസംസ്കാരപഠനത്തിലൂടെ സ്വന്തം സംസ്കാരത്തിന്റെയും വിജ്ഞാനത്തിന്റെയും തനിമയെക്കുറിച്ച് ബോധവാന്മാരാകുകയും അതിൽ അഭിമാനിക്കുകയും ചെയ്യാൻ പ്രാപ്തരാകുകയാണ് സമൂഹം. കൂടാതെ സാമൂഹികൈക്യത്തിന്റെ ഇഴയടുപ്പം ഇതിലൂടെ വർദ്ധിക്കുകയും ചെയ്യും. ഫോക്‌ലോർ പഠനം വേരുകളെക്കുറിച്ച് ആത്മബോധം സൃഷ്ടിക്കാൻ പര്യാപ്തവുമാണ്. ജനതതിയുടെ ആശയങ്ങളും അഭിലാഷങ്ങളും ആദർശങ്ങളുമൊക്കെ രൂപപ്പെടുത്താനും മതിയായ വ്യതിയാനങ്ങൾ നടപ്പിലാക്കുവാനും ഇത്തരം പഠനത്തിലൂടെ കഴിയും. നമ്മുടെ ആഗോളീകരണത്തിന്റെ വർത്തമാനകാലത്ത് ലോകം ഒരു കുടക്കീഴിൽ എന്ന സങ്കല്പത്തിൽ വ്യത്യസ്തങ്ങളായ തനിമകൾ ഇല്ലായ്മ ചെയ്യപ്പെടുന്നു. തനതായ പ്രാദേശിക മുദ്രകൾ നിലനിർത്തുന്നതിനും സാംസ്കാരിക ചോർച്ചയെ ചെറുത്തുനിൽപ്പിലൂടെ തടയുന്നതിനും ഫോക്‌ലോർ പഠനം ഏറെ സഹായിക്കുന്നു.

- കൂട്ടായ്മ നില നിർത്തുന്നു
- തനിമയെ സംരക്ഷിക്കുന്നു

## പ്രായോഗിക ഫോക്‌ലോർ

സ്വാഭാവികമായി ജനസമൂഹത്തിൽ സംഭവിക്കുന്നതാണ് ഫോക്‌ലോർ. ബോധപൂർവമായ ശ്രമഫലമായി ഒരു ഫോക്‌ലോർ രൂപം രണ്ടാമതോ മൂന്നാമതോ ആയ സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടാം. ഇതാണ് പ്രായോഗിക ഫോക്‌ലോർ. തെയ്യം തനതായ രൂപത്തിൽ കാവിലെത്തെയ്യമായിരിക്കത്തന്നെ ഘോഷയാത്രയിൽ പ്രത്യക്ഷപ്പെടുന്നു. അത് പിന്നെ ഫോട്ടോയായി വിനോദ സഞ്ചാരവകുപ്പിന്റെ പ്രചരണോപാധിയായി മാറാം. അല്ലെങ്കിൽ പൂജാമുറിയിൽ ചിത്രമായി പ്രത്യക്ഷമാകാം. പ്രായോഗിക ഫോക്‌ലോർ മുതലാളിത്തത്തിന്റെയും ആധുനികതയുടെയും സൃഷ്ടിയാണ്. പ്രായോഗിക ഫോക്‌ലോർ പ്രച്ഛന്നമാണ്; യഥാർത്ഥമല്ല. എന്തിലും ഉപയോഗം കണ്ടെത്തുന്ന

കച്ചവട മനോഭാവമാണ് ഇതിന് പിന്നിലുള്ളത്. ഫോക്‌ലോറിന്റെ ഉള്ളിലെ ശക്തമായ ആശയവിനിമയ ശേഷിയെ ഉപയോഗപ്പെടുത്തി പല മേഖലകളിലെയും പ്രചരണോപാധിയാക്കി മാറ്റുന്നുണ്ട്. ജനമനസ്സുകളിൽ വേരുറച്ചുപോയ നാടൻകലകളോ, നാടോടിപ്പാട്ടുകളോ, ചടങ്ങുകളോ, വിശ്വാസങ്ങളോ അതിന്റെ തനതായ സാഹചര്യത്തിൽ നിന്നും മാറ്റി പ്രചരണത്തിനോ മറ്റ് ആവശ്യങ്ങൾക്കായോ ഉപയോഗിക്കുമ്പോൾ അത് പ്രായോഗിക ഫോക്‌ലോറായിത്തീരുന്നു. ദൃശ്യമാധ്യമങ്ങളും കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളുമൊക്കെ പരസ്യത്തിനായും മറ്റും ഇത്തരം ഉപയോഗപ്പെടുത്തൽ നടത്തുമ്പോൾ അത് ഫോക്‌ലോറിസത്തിന്റെ പ്രകടിത രൂപമായി മാറുകയാണ്. ഒരു കൂട്ടായ്മയുടെ പുറത്തുള്ളവർ അതേ കൂട്ടായ്മയെ ലക്ഷ്യവേദിയാക്കി ഉപയോഗപ്പെടുത്തുമ്പോൾ ഫോക്‌ലോറിന്റെ സാംഗത്യത്തിന് മങ്ങലേൽക്കുകയാണ്. ഇതിലൂടെ ഒരു ഫോക്‌ലോർ വേറിട്ടസാഹചര്യങ്ങളിൽ വേറിട്ട ആശയങ്ങളെ ഉൾക്കൊള്ളുന്നതായി വരുന്നു.ഫോക്‌ലോർ രൂപത്തോടൊപ്പം അതുൾക്കൊള്ളുന്ന ജീവിത ചൈതന്യത്തിനും ഭംഗമുണ്ടാകുന്നു. ഇതിലൂടെ ഫോക്‌ലോറിന്റെ സ്വാഭാവികതയാണ് നഷ്ടപ്പെടുന്നത്. വർത്തമാനകാല ഫോക്‌ലോർ പഠനത്തിൽ അതുകൊണ്ടുതന്നെ പ്രായോഗിക ഫോക്‌ലോർ പഠനം അനിവാര്യമാണ്. ഓരോ ഫോക്‌ലോർ രൂപത്തിനും വരമൊഴി പാഠങ്ങൾ ഉണ്ടാകുന്നതോടെ മറ്റു കൂട്ടായ്മകളിലേക്ക് എത്തപ്പെട്ട് പ്രായോഗിക ഫോക്‌ലോറായി അത് മാറുന്നു. ഐതിഹ്യങ്ങളുടെയും വടക്കൻ-തെക്കൻ പാട്ടുകളുടെയും പുരാവൃത്തങ്ങളുടെയും മറ്റും പ്രമേയം സ്വീകരിച്ച് നിരവധി സിനിമകൾ ഉണ്ടായിട്ടുണ്ട്. മഹാബലി, തുമ്പോലാർച്ച, ആരോമലുണ്ണി, കായംകുളം കൊച്ചുണ്ണി തുടങ്ങിയവ ഉദാഹരണങ്ങൾ. ജനഹൃദയങ്ങളിൽ പതിഞ്ഞ കഥകളാണിവിടെ സിനിമയായി തീർന്നത്. ഏതെങ്കിലും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനായി നാടൻപാട്ടിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതും നെറ്റിപ്പട്ടം കെട്ടിയ ആനയും നിറപറയും വിനോദസഞ്ചാര വകുപ്പിന്റെ പ്രചരണോപാധിയായി മാറുന്നതും പ്രായോഗിക ഫോക് ലോറാണ്. ജനകീയാസൂത്രണ പരിപാടികളിൽ നാടൻപാട്ട്, ഓട്ടൻതുള്ളൽ എന്നിവ ഉപയോഗിച്ചു വരുന്നുണ്ട്. സാക്ഷരതാ പ്രസ്ഥാനവും കേരള ശാസ്ത്രസാഹിത്യപരിഷത്തുമാണ് ആദ്യകാലത്ത് ഇത് നന്നായി ഉപയോഗപ്പെടുത്തിയത്. പ്രായോഗിക ഫോക് ലോർ പാരമ്പര്യത്തിലധിഷ്ഠിതമല്ല. കൂട്ടായ്മയുടെ ആവശ്യത്തിനനുസരിച്ചാണ് ഇത് സൃഷ്ടിക്കപ്പെടുന്നത്. കൂട്ടായ്മയുടെ സൃഷ്ടിയല്ലാത്ത ഇതിന് പാരമ്പര്യത്തിൽ വേരുകളില്ല.

- കൂട്ടായ്മാസൃഷ്ടിയെ ബോധപൂർവം പുന:സൃഷ്ടിക്കൽ
- പ്രചരണായുധം

## നാഗരിക ഫോക്‌ലോർ

ഗ്രാമീണ സംസ്കാരത്തിൻമേലുള്ള നാഗരികതയുടെ കടന്നുകയറ്റം സൃഷ്ടിച്ച സാഹചര്യങ്ങൾ, നാഗരിക ഫോക്‌ലോർ പഠനത്തിന് വഴി തെളിച്ചു. നാഗരികതയിലും ഫോക്‌ലോർ സവിശേഷതകൾ കണ്ടെത്താനുള്ള ശ്രമമുണ്ടായി. നഗരത്തിൽ ആളുകൾ കൂട്ടായി ജോലി ചെയ്യുന്ന സ്ഥലങ്ങളിലും പ്രാന്തപ്രദേശങ്ങളിലും ചേരികളിലുമൊക്കെയുള്ള കൂട്ടായ്മയിൽ ഫോക്‌ലോർ രൂപം കൊള്ളുന്നതായി പണ്ഡിതന്മാർ കണ്ടെത്തി. വ്യവസായവൽക്കരണം, ഗ്രാമീണ സംസ്കാരത്തെ ഇല്ലായ്മചെയ്യുന്നില്ല എന്നും വ്യവസായവൽക്കരണവും നാഗരികതയും

ഗ്രാമീണകൂട്ടായ്മയിൽ വരുത്തുന്ന പരിവർത്തനങ്ങളും രൂപാന്തരങ്ങളും കണ്ടെത്തുകയാണ് തങ്ങൾ ചെയ്യുന്നതെന്നുമുള്ള ജർമ്മൻ ഫോക്‌ലോറിസ്റ്റായ ഹെർമൻ ബ്രൗസിംഗറുടെ അഭിപ്രായം ഈ വേളയിൽ ശ്രദ്ധേയമാണ്. തൊഴിൽ ഗ്രാമീണമോ നാഗരികമോ ആകട്ടെ അതുമായി ബന്ധപ്പെട്ടുവരുന്ന പാട്ടുകളും വിശ്വാസങ്ങളും കഥകളുമൊക്കെ ഫോക്‌ലോർ പരിധിയിൽ വരുന്നതാണ്. റിച്ചാർഡ് എം. ഡോർസന്റെ അഭിപ്രായത്തിൽ 'ഇന്നിന്റെ ഫോക്‌ലോർ എന്ന് വിശേഷിപ്പിക്കാവുന്നത് ആധുനിക കാലഘട്ടത്തിലെ നാഗരിക ഫോക്‌ലോറിനെയാണ്'. ശാസ്ത്ര സാങ്കേതിക വ്യാവസായിക വളർച്ചയുടെ പിൻബലത്താൽ പുതിയ ഫോക്‌ലോറുകൾ ജന്മം കൊള്ളുന്നുണ്ട്; നിലനിൽക്കുന്നുണ്ട്. നാഗരികരുടെ കൂട്ടായ്മയാണത്. അമാനുഷിക ശക്തിയുള്ള പുരാണേതിഹാസ കഥാപാത്രങ്ങളുടെ സ്ഥാനത്ത് അതേ പ്രഭാവത്തോടെ ആധുനിക കാലത്ത് നിലകൊള്ളുന്ന കഥാപാത്രങ്ങളാണ് വെറ്റ്മാൻ, സ്പൈഡർമാൻ, ഫാന്റം തുടങ്ങിയവർ. വർത്തമാന കാലഘട്ടത്തിലെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന ഇവർ ഗ്രാമീണ കൂട്ടായ്മയിലെ അതീന്ദ്രിയ ശക്തിദുർഗ്ഗങ്ങൾക്ക് സമാനരാണ്. തീവണ്ടി മുറികളിലും പൊതുനിരത്തുകളിലും മൂത്രപ്പുരകളിലുമൊക്കെ കാണപ്പെടുന്ന പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും പ്രതിഫലനമായ അശ്ലീല എഴുത്തുകൾ അടക്കിവച്ച വികാരപ്രകടനമാണ്.

- വ്യവസായവൽക്കരണം, നഗരവൽക്കരണം
- നാഗരികതയുടെ കൂട്ടായ്മ

## മെറ്റാഫോക്‌ലോർ

മെറ്റ എന്ന പദത്തിനർത്ഥം അതോടുകൂടെ, പിൻതുടർന്ന്, ആശ്രയിച്ച് എന്നൊക്കെയാണ്. കൂട്ടായ്മ, കൂട്ടായ്മയുടെ തന്നെ സൃഷ്ടിയെ വിലയിരുത്തുന്നതാണ് മെറ്റാഫോക്‌ലോർ. ഫോക്‌ലോർ പഠനത്തിലെ ശ്രദ്ധേയമായ പദമാണിത്. 'പഴഞ്ചൊല്ലിൽ പതിരില്ല' എന്നതിൽ പഴഞ്ചൊല്ലിനെ സംബന്ധിച്ചുള്ള പൊതുവായ അറിവിന്റെ പ്രതിഫലനമുണ്ട്. പാരമ്പര്യമായി ലഭിച്ച അറിവുകൊണ്ട് വർത്തമാന കാലത്തിലെ ഒരവസ്ഥയെ വിശദീകരിക്കാൻ ശ്രമിക്കുമ്പോഴാണ് പഴഞ്ചൊല്ല് പിറവിയെടുക്കുന്നത്. വിഷയം അടിസ്ഥാനമാക്കുമ്പോൾ മറ്റ് പഴഞ്ചൊല്ലുകളിൽ നിന്നിത് വ്യത്യസ്തവുമാണ്. ഒരു ഫോക്‌ലോറിനെക്കുറിച്ച് അതേ കൂട്ടായ്മ മറ്റൊരു ഫോക്‌ലോർ സൃഷ്ടിക്കുമ്പോഴാണ് മെറ്റാഫോക്‌ലോർ ഉണ്ടാകുന്നത്. പഴഞ്ചൊല്ലിനെക്കുറിച്ചോ നാടൻപാട്ടിനെക്കുറിച്ചോ ഒക്കെ പഴഞ്ചൊല്ലുകളുണ്ടാകും. ഇപ്രകാരം ഒരു ഫോക്‌ലോർ രൂപത്തെക്കുറിച്ച് മറ്റൊരു ഫോക്‌ലോർ രൂപം ആ കൂട്ടായ്മയിൽ ഉണ്ടെങ്കിൽ അതിനെ മെറ്റാഫോക്‌ലോർ ആയി കരുതണം. ഇത് ഒരേ സമയം ഫോക്‌ലോറും ഫോക്‌ലോറിനെക്കുറിച്ചുള്ള വിലയിരുത്തലുമാകുന്നു. അതായത് ഫോക്‌ലോറിനെക്കുറിച്ചുള്ള കൂട്ടായ്മയുടെ അംഗീകാരമുള്ള അഭിപ്രായമാണ് മെറ്റാഫോക്‌ലോർ.

- കൂട്ടായ്മയുടെ സൃഷ്ടിയെ കൂട്ടായ്മയുടെ വിലയിരുത്തൽ

## നവഫോക്‌ലോർ

ഏതൊരു കാലഘട്ടത്തിലെയുംഫോക്‌ലോർ നശിക്കാതെ പുതിയ രൂപഭാവങ്ങളിൽ നിലകൊള്ളുകയാണ്. ആധുനിക കാലത്ത് പാഠങ്ങളുടെ രചന, രംഗാവതരണം, അതിന് മുമ്പും പിമ്പുമുള്ള ഘട്ടങ്ങൾ, ആസ്വാദനം, പ്രചാരം എന്നിവയെ ആസ്പദമാക്കിയാണ് ഫോക്‌ലോർ

പഠനം നടക്കുന്നത്. അന്തർസംസ്കാര പഠനങ്ങളാണ് ഇവയ്ക്കാസ്പദം. ഏത് സംസ്കാരത്തിനും അതിന്റേതായ അടിത്തറയുണ്ട്. അതിലൂന്നി നിന്ന് സംവാദത്തിലൂടെയാണ് രംഗകലയുടെ ദൃശ്യാനുഭവം സംക്രമിക്കപ്പെടുന്നത്. വ്യവസായവൽക്കരണ കാലത്തിലെ ഫോക്ലോറുകളും ഇതേപാത തന്നെയാണ് പിന്തുടരുന്നത്. സമൂഹത്തിന്റെ പരിവർത്തനങ്ങൾക്കൊപ്പം സഞ്ചരിക്കുകയാണത്. വർത്തമാന കാലഘട്ടത്തിലെ നവീന നടോടി പ്രവണതകളെയൊക്കെ പുതിയ സിദ്ധാന്തത്തിലൂടെയേ സമീപിക്കാനാകൂ. ഏതൊരു സമൂഹത്തിലും പഴയത്, പുതിയത്, പരിവർത്തനം ചെയ്യപ്പെട്ടത് എന്നിങ്ങനെ ഫോക് ലോർ സങ്കല്പങ്ങളുണ്ട്. ആദ്യതലത്തിലെ ഫോക്ലോർ പാരമ്പര്യത്തിലധിഷ്ഠിതവും അതിൻറേതായ തനത് സന്ദർഭത്തിൽ നിലകൊള്ളുന്നതുമാണ്. അടുത്ത ഘട്ടം നാഗരിക സന്ദർഭങ്ങളുടേതാണ്. ഓരോ സന്ദർഭത്തിനനുസരിച്ചും വേറിട്ട അർത്ഥങ്ങളാണ് നാടൻ കലയ്ക്കുള്ളത്. പരിവർത്തനം ചെയ്യപ്പെട്ട തലങ്ങളും പഠന വിധേയമാക്കണം. വ്യത്യസ്ത ധർമ്മങ്ങൾ ഉൾക്കൊള്ളുന്ന ആശയ വിനിമയ രൂപത്തിലുള്ള പ്രതീകാത്മകമായ ചിഹ്നരൂപത്തിലൂടെ വേണം ആധുനിക ഫോക്ലോറിനെ സമീപിക്കാൻ. ഓരോ സാമൂഹിക സന്ദർഭത്തെയും ആധാരമാക്കിയാണ് ഫോക്ലോറിന്റെ പ്രസക്തിനിലകൊള്ളുന്നത്. ആധുനിക നാഗരിക ജീവിതത്തിൽ നാടൻ കലകൾ സന്ദർഭം മാറി പ്രത്യക്ഷമാകുന്നുണ്ട്. തെരഞ്ഞെടുപ്പ് പരിപാടികളിലും ഉൽപ്പന്നങ്ങളുടെ പരസ്യ വിപണിയെ ലക്ഷ്യമാക്കിയും പൊതുഇടങ്ങളിലും ഫോക്ലോർ ധാരാളമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

> ▶ സംസ്കാരാന്തര പഠനം
> ▶ ഫോക്ലോർ പരിവർത്തനം

## ഫോക്ലോർ രൂപപരിണാമങ്ങൾ

സമൂഹ പരിണാമത്തിനനുസരിച്ച് ഫോക്ലോറിനും പരിണാമം സംഭവിക്കും. സാഹചര്യത്തെ ആസ്പദമാക്കിയുള്ള ഫോക്ലോർ നിർവചനം ഉണ്ടായത് ഇപ്രകാരമാണ്. വ്യത്യസ്ത സാഹചര്യങ്ങളിൽ കാണപ്പെടുന്ന ഫോക്ലോറിന് നിലവിലുണ്ടായിരുന്ന അർത്ഥത്തിലും ധർമ്മത്തിലും ആശയത്തിലുമൊക്കെയായി മാറ്റം വരും. ഒരേ രൂപത്തിലുള്ള വ്യത്യസ്ത ഫോക്ലോറുകൾ ഉടലെടുക്കുന്നതും ഇത്തരത്തിലാണ്. പ്രഥമ സാഹചര്യത്തിലല്ലാതെ പ്രത്യക്ഷപ്പെടുന്ന ഫോക്ലോറുകളുടെ പഠനമാണ് ഫോക്ലോറിസം'. സാംസ്കാരിക വികാസത്തെക്കുറിച്ചുള്ള പഠനത്തിൽ ഫോക്ലോ റിസത്തിന് ഏറെ പ്രസക്തിയുണ്ട്. പഴയ സന്ദർഭത്തിൽ നിന്നും മാറി പുതിയ സന്ദർഭത്തിലേക്ക് വരുമ്പോൾ സന്ദർഭം മാത്രമല്ല ധർമ്മവും മാറുന്നു. അതുകൊണ്ടുതന്നെ ഫോക്ലോറിസം യഥാർത്ഥ നാട്ടറിവല്ല. ഫോക്ലോറിസത്തിന്റെ പ്രകടിതരൂപമാണ് പ്രായോഗിക ഫോക്ലോർ (പ്രയുക്ത ഫോക്ലോർ). കാലപരിണതിയിൽ ഇത് ഫോക്ലോറായിത്തീരാം. ഉദാഹരണത്തിന് 'ചടുകുടു' എന്ന നാടൻകളി ആ രൂപം വിട്ട് 'കബഡി'യായി കൂട്ടായ്മയിൽ നിലകൊള്ളുന്നു. ചടുകുടു, മൃതഫോക്ലോറായി മാറുകയും കബഡി ഫോക്ലോറിസമായിത്തീരുകയും ചെയ്യുന്നു. പരിണാമവിധേയമായിക്കൊണ്ടിരിക്കുന്ന ഫോക്ലോറിനെ സ്വീകരിക്കാനുള്ള വ്യാപ്തി ഫോക്ലോർ പഠനത്തിനുണ്ടാകണമെന്നതാണ് ഫോക്ലോറിസമെന്ന പഠനശാഖ മുന്നോട്ട് വയ്ക്കുന്ന ആശയം. സ്വാഭാവികമായി ഒരു കൂട്ടായ്മയിൽ സംഭവിക്കുന്നതാണ് ഫോക്ലോ

▶ ഫോക്‌ലോറിസത്തിന്റെ പ്രകടിതരൂപമാണ് പ്രായോഗിക ഫോക്‌ലോർ

▶ ഫോക്‌ലോറിസവും പ്രായോഗിക ഫോക്‌ലോറും

റിസമെങ്കിൽ പ്രായോഗിക ഫോക്‌ലോർ ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്നതും കൂട്ടായ്മയുടെ സൃഷ്ടി അല്ലാത്തതുമാണ്. ഫോക്‌ലോറിനെ ബാധിക്കുന്നതാണ് പ്രായോഗിക ഫോക്‌ലോർ. ഫോക്‌ലോറിസവും പ്രായോഗിക ഫോക്‌ലോറും കാലഗതിയിൽ സംഭവിക്കുന്ന പരിണാമത്തെ അടിത്തറയാക്കിയുള്ള ഫോക്‌ലോർ പഠനത്തിന് കളമൊരുക്കുന്നു. ഫോക്‌ലോർ പഠനം ഇന്ന് മറ്റുള്ള മാനവിക വിഷയങ്ങളോട് ചേർന്ന് ഏറെ വികസിതവും വിപുലവുമായിത്തീർന്നിരിക്കുന്നു. കൂട്ടായ്മയുടെ സൃഷ്ടിയായ ഫോക്‌ലോറിനെ പഠനവിഷയമെന്ന നിലയിൽ സമീപിക്കുമ്പോൾ ജനസാമാന്യത്തെ പൂർണ്ണമായി മനസ്സിലാക്കാനുള്ള ശ്രമമാണ് നിർവഹിക്കപ്പെടുന്നത്.

## Summarised Overview

ജനതിയുടെ പാരമ്പര്യത്തെയും സംസ്കാര സവിശേഷതകളെയും കുറിച്ച് ആഴത്തിലുള്ള പഠനമാണ് ഫോക്‌ലോർ. ജീവിതത്തിന്റെ സമഗ്രതലങ്ങളെയും ബന്ധപ്പെട്ടുകൊണ്ട് വളർന്നു വികസിച്ച പഠനശാഖയാണിത്. മനുഷ്യന്റെ കൂട്ടായ്മയെ നിശ്ചയിക്കുന്ന ഘടകങ്ങളും അതിന്റെ അടിത്തറ രൂപം കൊള്ളുന്നതിന്റെ കാരണവുമൊക്കെ ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. മൺമറഞ്ഞുപോയതും പരിവർത്തന വിധേയവുമായ ജീവിതത്തെ അറിയുകയാണ് അതിന്റെ ലക്ഷ്യം. ഓരോ സംസ്കൃതിയുടെയും സ്വത്വം കണ്ടെത്താനും സ്വയം തിരിച്ചറിയാനും വർത്തമാനകാല സമൂഹത്തിൽ ഏകത സൃഷ്ടിക്കാനും ഫോക്‌ലോർ പഠനം സഹായിക്കുന്നു. തനിമയുറ്റ, സ്വന്തം സവിശേഷതകളാൽ സ്വയം വേർതിരിച്ച് കാട്ടുന്ന ജനസാമാന്യത്തിന്റെ ഒരുമയുടെ സ്വഭാവമാണ് അതിൽ പ്രകടമാകുന്നത്. ജനതയുടെ അഭിലാഷങ്ങളും മൂല്യബോധവും ആദർശങ്ങളും ആശയസമീപനങ്ങളുമെല്ലാം ഫോക്‌ലോർ പഠനത്തിൽ ഉൾപ്പെടും. മനുഷ്യന്റെ സാമൂഹിക ജീവിത ചുറ്റുപാടുകളും സാംസ്കാരികവും വൈകാരികവുമായ നിലപാടുകളും പഠിക്കാൻ നിരവധി വൈജ്ഞാനിക മേഖലകൾ ഉണ്ടെങ്കിലും വൈവിധ്യമാർന്ന സാംസ്കാരിക തലങ്ങളെ വിശകലനം ചെയ്ത് കൂട്ടായ്മയുടെ സ്വഭാവം നിർണ്ണയിക്കുന്ന പഠനമേഖലയായിട്ടാണ്ഫോക്ലോറിനെ കാണേണ്ടത്. അതുകൊണ്ടുതന്നെ വ്യഷ്ടിയുടെയല്ല, സമഷ്ടിയുടെ സാംസ്കാരികമായ ചെറുത്തുനിൽപ്പിന്റെയും ജാഗ്രതയുടെയും സ്വരമാണ് ഇത്തരം പഠനങ്ങളിൽ പ്രതിധ്വനിക്കുന്നത്.

തൊഴിലിന്റെ അടിസ്ഥാനത്തിൽ ജാതിവിഭജനം ഉണ്ടാകയും ഫ്യൂഡൽ കാലഘട്ടത്തിൽ കായികാധ്വാനത്തിലേർപ്പെട്ടിരുന്ന ജാതിക്കാരെ സാമ്പത്തിക രംഗത്തു നിന്നെന്നപോലെ സാംസ്കാരികരംഗത്തു നിന്നും ഭ്രഷ്ടു കൽപ്പിച്ചു പുറംതള്ളുകയും ചെയ്ത അന്നുമുതൽ പാർശ്വവത്കരിക്കപ്പെട്ട അവർ അവരുടെ സ്വന്തം സാഹിത്യവും കലയും സൃഷ്ടിച്ചു കലാരംഗത്തു പിടിച്ചുനിൽക്കാൻ ചെയ്ത യത്നത്തിന്റെ ഫലമായി അനവധി ജനകീയ ഗാനങ്ങളും കലാരൂപങ്ങളും പ്രചരിച്ചുപോരുന്നു. ജനങ്ങൾ തലമുറകളിലൂടെ നാവിൽ പാഠമാക്കി നിലനിർത്തിപ്പോന്നിട്ടുള്ള അമ്മാതിരി ഗാനങ്ങൾ വളരെയേറെ നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നെങ്കിലും ഇന്നും അങ്ങിങ്ങ് അവശേഷിക്കുന്നവയെ തേടിപ്പിടിച്ചു പ്രസിദ്ധപ്പെടുത്തുന്നപക്ഷം നമ്മുടെ സാഹിത്യത്തിന് അത് വലിയൊരു നേട്ടമായിരിക്കും.

## Assignments

1. ഫോക്‌ലോറിന്റെ ചരിത്രപശ്ചാത്തലം വിശദമാക്കുക.
2. ഫോക്‌ലോർ ഇതരവിഷയങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ചർച്ച ചെയ്യുക.
3. ഫോക്‌ലോർ സിദ്ധാന്തങ്ങൾ സംഗ്രഹിക്കുക.
4. ഫോക്‌ലോറും മന:ശാസ്ത്രവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക
5. കെട്ടുമുറ സിദ്ധാന്തം എന്താണെന്ന് വെളിപ്പെടുത്തുക.
6. ഫോക്‌ലോറിസവും പ്രായോഗിക ഫോക്‌ലോറും തമ്മിലുള്ള വൈജാത്യങ്ങൾ വ്യക്തമാക്കുക.
7. നിങ്ങളുടെ പ്രദേശത്തെ നാടൻപാട്ടുകളും നാടോടികഥകളും വിശ്വാസങ്ങളും ശേഖരിക്കുക.

## Suggested Reading


1. എൻ. ഭക്തവത്സല റെഡ്ഡി. (ജനറൽ എഡിറ്റർ), ഫോക്‌ലോർ പഠനം: സിദ്ധാന്തതലം, ഫോക്‌ലോർ സൊസൈറ്റി ഓഫ് സൗത്ത് ഇന്ത്യൻ ലാങ്ഗ്വേജസ്, തിരുവനന്തപുരം, 2004
2. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006
3. ഡോ. സി. ആർ. രാജഗോപാലൻ., ഫോക്‌ലോർ സിദ്ധാന്തങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007
4. ഡോ. എം. വി. വിഷ്ണുനമ്പൂതിരി., നാടോടി വിജ്ഞാനീയം, ഡി.സി.ബുക്സ്, കോട്ടയം, 2011
5. ഡോ. എം. വി.വിഷ്ണുനമ്പൂതിരി., ഫോക്‌ലോറും ജനസംസ്കാരപഠനവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008


## Reference


1. ഡോ. പി. സോമൻ., ഫോക്‌ലോർ സംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2004
2. കടമ്മനിട്ട വാസുദേവൻപിള്ള, പടയണി, ഡി. സി. ബുക്സ്, കോട്ടയം.
3. Dundes Alan,Essays in Folkloristics, Folklore Institute, Meerut 1978
4. Dundes Alan,The Study of Folklore, University of California at Berkeley, Pentice Hall Inc. Englewood Clifts, N.J, 1965
5. William R.Bascom, Contributions to Folkloristics, Folklore Institute, Meerut, India, 1981

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ജനുസ്സ് എന്ന സങ്കല്പനം

## BLOCK-02

SGOU

# Unit 1

# ജനുസ്സ് എന്ന സങ്കല്പനം

## Learning Outcomes

- വാമൊഴി സംസ്കാരം എന്താണെന്ന് മനസ്സിലാക്കുന്നു
- കേരള സംസ്കാരവുമായും പാരമ്പര്യവുമായി ബന്ധപ്പെട്ട വാങ്മയ രൂപങ്ങളെ പരിചയപ്പെടുന്നു
- സാഹിത്യപഠനത്തിന് വാമൊഴി വഴക്കത്തിന്റെ കരുക്കൾ പ്രയോജനപ്പെടുത്തുന്നു

## Background

നാടോടി ജീവിതത്തെ തെളിവുറ്റ രീതിയിൽ വെളിവാക്കുവാൻ വാമൊഴിയാണ് ഏറെ സഹായകം. അതുകൊണ്ട് ഇതിന്റെ പ്രാധാന്യവും പ്രസക്തിയും ശ്രദ്ധേയമാണ്. നാടോടിസാഹിത്യ രൂപങ്ങളെല്ലാം വാമൊഴിയിലധിഷ്ഠിതമാണ്. ജീവിതായോധനം വിജയകരമാക്കാനും ആചാരാനുഷ്ഠാനങ്ങളെയും വിശ്വാസങ്ങളെയും സാധൂകരിക്കാനും വാങ്മയ രൂപങ്ങൾക്ക് ശേഷിയുണ്ട്. മാനസിക ഉണർവും സംയമനവും മൂല്യബോധവും പകർന്നു നൽകി സമൂഹത്തെ കർമ്മനിരതമാക്കാനുള്ള കഴിവും ഇവയ്ക്കുണ്ട്. ആചാരങ്ങളും ആരാധനാരീതികളും ഉത്സവാഘോഷങ്ങളുമൊക്കെ സാമൂഹികബന്ധങ്ങളെ ഇഴയടുപ്പമുള്ളതാക്കി മാറ്റുകയും സമൂഹത്തിന്റെ നിലനിൽപ്പിനും ക്ഷേമത്തിനുമായി നിലകൊള്ളുകയും ചെയ്യുന്നു.

ജീവിതത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും വേണ്ടി ഭൗതിക പ്രപഞ്ചത്തോട് അടരാടിയും അധ്വാനിച്ചും മനുഷ്യപരമ്പര നടത്തിയ സകലക്രിയാകലാപങ്ങളുടെയും അനുഭൂതിപരമായ ആവിഷ്കാരമാണല്ലോ ഗ്രാമീണ കലകളുടെ രൂപഭാവങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. കേരളത്തിന്റെ ഭൂപ്രകൃതിയുടെ അനുഗ്രഹശക്തിയാൽ കാർഷിക പ്രധാനമായ ഒരു ഗ്രാമജീവിതക്രമം അതിന്റെ സകലവിധ സൗഭാഗ്യങ്ങളോടും കൂടി ഇവിടെ നിലനിന്നുപോന്നു. അതുകൊണ്ട് നമ്മുടെ അടിസ്ഥാന സംസ്കാരം കാർഷിക പ്രധാനമാണ്. തങ്ങളുടെ കാർഷിക ജീവിതത്തിന്റെ അധ്വാനമണ്ഡലങ്ങളെ ഊർജസ്വലവും ചലനാത്മകവും ആക്കുന്നതിലേയ്ക്ക് ഗ്രാമീണജനത സ്വയം സൃഷ്ടിച്ചു വളർത്തിയെടുത്തു നിലനിറുത്തിപ്പോന്ന ഗ്രാമീണകലകളെക്കൊണ്ട് അതീവ സമ്പന്നമാണ് നമ്മുടെ സാംസ്കാരിക മേഖല. കേരളഗ്രാമങ്ങൾ പണ്ടുമുതൽക്കേ ക്ഷേത്രോത്സവങ്ങളുടെയും ഉത്സവകലകളുടെയും രംഗഭൂമിയാണ്. ചരിത്രപരമായ കാരണങ്ങളാൽ അതിപ്രാചീനകാലം മുതൽക്കേ ഇവിടെ നിലനിന്നുവന്ന ആയുധാഭ്യാസകളരികളും കളരിപ്പയറ്റുകളും പലവിധത്തിലുള്ള ആയോധനാഭ്യാസപ്രകടനപരമായ ഗ്രാമീണകലകൾക്കു ജന്മം നൽകി. കേരളീയ ഗ്രാമങ്ങളുടെ സാമൂഹികജീവിതത്തെ ഉത്സാഹഭരിതവും ഉന്മേഷവത്തുമാക്കിയ ഗ്രാമീണജനതയുടെ ഹൃദയസിരകളെ ബലിഷ്ഠങ്ങളാക്കിയ, നിരവധി ഗ്രാമീണകലകളുടെ ഈണങ്ങളും താളചമയങ്ങളുമത്രെ പിന്നീടുണ്ടായ നിരവധി രംഗകലകൾക്ക് പശ്ചാത്തലമായി വികസിച്ചത്.

ഭാരതീയ പുരാണേതിഹാസങ്ങളെ രസാത്മകവും ഫലിതമയവും സാമൂഹിക വിമർശനപരവുമായ തുള്ളൽപ്പാട്ടുകളാക്കി, ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ മൂന്നിനം രംഗപ്രയോഗകലകളാക്കിയതിൽ  കുഞ്ചൻ നമ്പ്യാർക്കു തന്റെ കലാസൃഷ്ടിക്കുള്ള ഈണവും താളവും രൂപവും

നൽകിയത് കുട്ടനാടൻ വയലേലകളിലെ മണ്ണിന്റെ മക്കൾ വളർത്തിയെടുത്ത നിരവധി നാടൻപാട്ടുകളും ആട്ടങ്ങളും പയറ്റുകളും തുള്ളലുകളും കളികളുമാണല്ലോ.

## Keywords

ജനുസ്സ്-കടങ്കഥകൾ-പഴഞ്ചൊല്ലുകൾ-ഐതിഹ്യങ്ങൾ-ആരാധന-പുരാവൃത്തം-അനുഷ്ഠാനം -നാടൻപാട്ട്-നാടോടിസംഗീതം-നാടോടിക്കഥകൾ-മന്ത്രവാദം-ജന്തു ആരാധന-വൃക്ഷാരാധന നാട്ടുവിജ്ഞാനം

## Discussion

മനുഷ്യനെ പരസ്പരം ബന്ധിപ്പിക്കുന്ന അനവധി ഘടകങ്ങളുണ്ട്. ജനതയുടെ അനുഭവങ്ങളും അറിവുകളും പെരുമാറ്റരീതികളും ജീവിതവീക്ഷണവും സാമൂഹികമായ വ്യത്യസ്തതകൾ സൃഷ്ടിക്കുന്നു. പ്രാക്തന വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ആരാധനാരീതികളുമൊക്കെ സാമൂഹിക സംസ്കാരവുമായി ബന്ധപ്പെടുന്നു. ഇവയ്ക്കൊക്കെ ആധാരം വാങ്മയരൂപത്തിൽ സംക്രമിക്കപ്പെട്ട് അലിഖിതമായി പ്രചരിക്കുന്ന നാടൻപാട്ടുകളും നാടോടി സംഗീതവും നാടോടിക്കഥകളും കഥാഗാനങ്ങളുമൊക്കെയാണ്. പൊയ്പ്പോയ തലമുറകളുടെ അറിവാണ് ഒരുപ്രകാരത്തിൽ ഇവിടെ പകർന്ന് നൽകപ്പെടുന്നത്. ഇത്തരം വാങ്മയരൂപങ്ങൾ, സാമൂഹികമായി സൃഷ്ടിച്ചിരിക്കുന്ന ചിട്ടവട്ടങ്ങളിൽനിന്നും വ്യതിചലിക്കുന്നവരെ നേരായമാർഗ്ഗത്തിൽ നയിക്കുകയും ചെയ്യും. സാമൂഹിക പരിവർത്തനത്തിൻറെ പ്രബലശക്തിയായി മാറാനും വാങ്മയരൂപങ്ങൾക്ക് കഴിയും.

▶ സംസ്കാരത്തിന്റെ പുഷ്ടിപ്പെടൽ

### വ്യത്യസ്ത സമീപനങ്ങൾ

അനേകം അടരുകളുള്ളതാണ് ഫോക്‌ലോർ. ഫോക്‌ലോറിനെ പഠനത്തിനായി വർഗ്ഗീകരിച്ചിട്ടുണ്ട്. ഈ വർഗ്ഗീകരണത്തിന് ജനുസ്സ് (Genre) എന്നാണ് പറയുന്നത്. ജനുസ്സ് എന്ന സങ്കല്പനത്തെ ആധാരമാക്കി ഫോക്‌ലോറിനെ മൂർത്തമായി കാണാൻ ആകില്ല. പകരം പാഠങ്ങളെ മാത്രമേ കാണാനാകൂ. ഉദാ: വടക്കൻപാട്ട്, തെക്കൻപാട്ട് എന്നിവ അതാത് ദേശക്കാർ തിരിച്ചറിയും. എന്നാൽ ഇവയെല്ലാം ചേർന്ന കഥാഗാനം പഠിതാക്കളാണ് തിരിച്ചറിയുന്നത്. മലയാളത്തിലെ നാടോടിപ്പാട്ടുകളെ ആധാരമാക്കിയാൽ വടക്കൻപാട്ടെന്നത് ഒരു പാട്ടല്ല. പല പാട്ടുകളും ഇതേ പേരിലാണ് അറിയപ്പെടുന്നത്. ധാരാളം നായകൻമാരുടെയും നായികമാരുടെയും കഥകളെച്ചേർത്ത് വടക്കൻപാട്ടെന്ന് പറയാം. ഇത്തരത്തിൽ വടക്കൻപാട്ട് ഒരു ജനുസ്സാണ്. തെക്കൻപാട്ട് മറ്റൊരു ജനുസ്സ്. ഇവയെച്ചേർത്ത് കഥാഗാനം എന്നൊരു ജനുസ്സ്.

▶ പഠനവർഗ്ഗീകരണമായ ജനുസ്സ്

രണ്ടുതരത്തിലുള്ള വർഗ്ഗീകരണ രീതികളാണ് ഫോക്‌ലോറിൽ സ്വീ

കരിച്ചിരിക്കുന്നത്. ഇതിൽ ആദ്യത്തേത് റിച്ചാർഡ് എം. ഡോർസന്റേതാണ്. അദ്ദേഹം ഫോക്‌ലോർ പഠനമേഖലയെ നാലായി തിരിക്കുന്നു.

1. **വാമൊഴി സംസ്കാരം:-**ഇതിൽ നാടോടി ആഖ്യാനവും ആഖ്യാനാത്മക നാടൻപാട്ടുകളും നാടോടി ഇതിഹാസവും കടങ്കഥകളും പഴഞ്ചൊല്ലുകളും ശൈലികളും നാടൻഭാഷണവും ഉൾപ്പെടുന്നു.
2. **സാമൂഹികാചാരം:-**ഇതിൽ പ്രാധാന്യം നൽകുന്നത് സാമൂഹിക വിനിമയങ്ങൾക്കാണ്. ഉത്സവാഘോഷങ്ങൾ, വിനോദങ്ങൾ, നാട്ടുവൈദ്യം, ജനനമരണത്തോട് ബന്ധപ്പെട്ടുവരുന്ന ആചരണങ്ങൾ, ജീവിതരീതികൾ തുടങ്ങിയവയാണ് ഇതിലുള്ളത്. ശക്തമായ വിശ്വാസങ്ങളിലധിഷ്ഠിതമായാണ് ഇതിന്റെ നില. രോഗശമനത്തിനായി മന്ത്രവാദം, ഏലസ്സുകൾ, പച്ചമരുന്ന് തുടങ്ങിയവ സ്വീകരിക്കുന്നതും ഇതിന്റെ ഭാഗമാണ്.
3. **ഭൗതിക സംസ്കാരം :-**നാടോടി ജീവിതത്തിന്റേതായ സാങ്കേതികവിദ്യകൾ ഇതിലാണുൾപ്പെടുന്നത്. നാടൻകൈവേലകൾ, കരകൗശലവിദ്യകൾ, വാസ്തുവിദ്യ, പാചകവിദ്യകൾ, വസ്ത്രനിർമ്മാണ രീതി തുടങ്ങിയവയെല്ലാം ഇതിൽ കാണപ്പെടുന്നു. പ്രാക്തന സമൂഹത്തിലെ എല്ലാ പ്രവർത്തനങ്ങളും പാരമ്പര്യത്തിലൂന്നിയതും ഉല്പന്നങ്ങൾ കൈകളാൽ നിർമ്മിതവുമാണ്.
4. **രംഗാവതരണ നാടോടിക്കലകൾ:-**നാടോടി നാടകവും സംഗീതവും നൃത്തവും ഈ വിഭാഗത്തിലുള്ളതാണ്. നാടോടി സംഗീതവും നൃത്തവും വാദ്യവുമൊക്കെ കൂടിച്ചേർന്ന നാടൻ പ്രകടനകലയിൽ ഏറിനിൽക്കുന്നത് അനൗപചാരികവും സമൂഹനിഷ്ഠവുമായ രംഗാവതരണങ്ങളാണ്. ഇപ്രകാരം നാലുതരത്തിലുള്ള പൊതുവിഭജനം നടത്തുന്നുണ്ടെങ്കിലും അവ പരസ്പരം ബന്ധിതവും പരസ്പരാശ്രിതവുമാണ്. ആചാരങ്ങളും രംഗാവതരണങ്ങളും തമ്മിൽ കൃത്യമായി വിഭജിക്കാനാകില്ല. അതിനാൽ ഇത്തരത്തിലുള്ള വിഭജനം കൃത്യമായതുമല്ല. വാമൊഴി രൂപങ്ങൾ എല്ലാഫോക്‌ലോറിലുമുണ്ട്.

▶ ഡോർസന്റെ വർഗ്ഗീകരണം അതിന്റെ അപര്യാപ്തത

രണ്ടാമത്തെ വർഗ്ഗീകരണം ആർ.എസ്.ബോഗ്സിന്റെതാണ്. ഇംഗ്ലീഷ് ഭാഷയിലെ ഓരോ അക്ഷരവും കൊണ്ടാണ് ഓരോ ഫോക്‌ലോർ വിഭാഗത്തെയും സൂചിപ്പിക്കുന്നത്. ഉപവിഭാഗങ്ങളെ ഒന്നുമുതൽ നൂറുവരെയുള്ള അക്കങ്ങൾ കൊണ്ട് വർഗ്ഗീകരിക്കുന്നു. ഓരോ ഉപവിഭാഗവും വീണ്ടും വിഭജിക്കേണ്ടി വന്നാൽ അതാത് സംഖ്യകളെ തുടർന്നുള്ള ദശാംശങ്ങളായി സൂചിപ്പിക്കും. ഉദാ:- വ്യത്യസ്ത ആഹാരങ്ങളുടെ ഒരു പട്ടികയ്ക്ക് 100 എന്ന നമ്പറും A എന്ന അക്ഷരവും നൽകിയാൽ അതിലെ പ്രഭാതഭക്ഷണം A100.1, ഉച്ചഭക്ഷണം A 100.2, രാത്രി ഭക്ഷണം A 100.3 എന്നിങ്ങനെയാകും വിഭജനം. ഇവിടെ വർഗ്ഗീകരണം സൂക്ഷ്മവും ഇനി കണ്ടെത്താനുള്ള ഫോക്‌ലോർ വിഭാഗത്തെക്കൂടി ഉൾപ്പെടുത്താമെന്നതുമാണ്. എന്നാൽ ഫോക്‌ലോറിന്റെ വിശാലവിഭാഗങ്ങളെ മുഴുവനായും ഉൾക്കൊള്ളാൻ ഈ വർഗ്ഗീകരണത്തിനും സാദ്ധ്യമല്ല. ഉദാഹരണത്തിന് ഒരേ ഫോക്‌ലോർ രൂപം തന്നെ വർഗ്ഗീകരണത്തിന്റെ വ്യത്യസ്ത വിഭാഗങ്ങളിൽ ഉൾപ്പെടാം. വീരകഥാഗാനങ്ങളെ പാട്ടിന്റെയും കഥയുടെയും തലത്തിൽ ഉൾപ്പെടുത്താ

നാകും. ഇതിലേതെങ്കിലും അനുഷ്ഠാനങ്ങളുടെ ഗണത്തിലും വരാം. പുതിയൊരു വിശകലനരീതി കണ്ടെത്തി വർഗ്ഗീകരണം ശരിയായി നടത്തേണ്ടതുണ്ട്. അങ്ങനെ ഫോക്‌ലോറുകളെ ജനുസ്സുകളായി വർഗ്ഗീകരിക്കുന്നത് യുക്തിസഹമല്ലെന്നു വരുന്നു. ഫോക്‌ലോറിന്റെ വിശാലലോകത്തെ മുഴുവനായും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു വർഗ്ഗീകരണം ഇതുവരെയും ഉണ്ടായിട്ടില്ലെന്നുവേണം കരുതാൻ.

▶ ആർ. എസ്. ബോഗ്സിന്റെ വർഗീകരണം

## വാമൊഴിയുടെ സൗന്ദര്യശാസ്ത്രം

ഏതു ലിഖിതത്തിനും പിന്നിൽ വാമൊഴിയുടെ സ്വാധീനമാണുള്ളത്. ഭാഷയ്ക്കൊപ്പമുള്ള പഴക്കമാണ് വാമൊഴി വഴക്കങ്ങൾക്കുള്ളത്. വ്യാകരണത്തിന്റെ കെട്ടുപാടുകളില്ലാത്ത അയഞ്ഞ ഭാഷാഘടനയാണിതിനുള്ളത്. സാംസ്കാരിക മൂല്യങ്ങളെ നിലനിർത്താൻ വാമൊഴിയ്ക്കാണ് ഫോക്‌ലോറിന്റെ മറ്റു ഘടകങ്ങളെ അപേക്ഷിച്ച് ഏറെ പ്രാമുഖ്യമുള്ളത്. മതപരമോ സാമൂഹികമോ ആയ പല പ്രശ്നങ്ങൾക്കുമുള്ള ആധികാരികമായ ഉത്തരമാണ് പല വാങ്മയങ്ങളും. നാടോടി വാങ്മയങ്ങളിലൂടെ സാമൂഹിക വിമർശനം വേഗത്തിൽ സുസാധ്യമാകുന്നു. വ്യക്തികളിൽ സമൂഹം ഏൽപ്പിക്കുന്ന നിയന്ത്രണങ്ങളിൽ നിന്ന് മന:ശാസ്ത്രപരമായ സ്വാതന്ത്ര്യം വാങ്മയകല നൽകുന്നു. ജനസാമാന്യത്തിന്റെ അറിവുകളും അനുഭവങ്ങളും ലോകവീക്ഷണവും ഓരോ കാലഘട്ടത്തിന്റെയും പ്രത്യേകതകളോടെ പരിവർത്തന വിധേയമായി വാമൊഴിയിലൂടെ തലമുറ തലമുറയായി കൈമാറ്റം ചെയ്യപ്പെടുകയാണ്. ലാളിത്യമാർന്ന അവതരണത്തിലൂടെ നിത്യവും ഉപയോഗിക്കുന്ന ഭാഷയിൽ അതാത് ഭാവങ്ങളിലൂടെ സന്ദർഭാനുസാരിയായി അവതരിപ്പിക്കപ്പെടുന്നു. ഓരോ വികാരവും ആവിഷ്കരിക്കാൻ അനുയോജ്യമായ പ്രതീകങ്ങളെ ആദിമജനത തങ്ങളുടെ ചുറ്റുപാടുകളിൽ നിന്നും സ്വീകരിച്ചു. വൈയക്തികമായവയെ സാമൂഹികമാക്കി മാറ്റുന്ന പ്രക്രിയയിലൂടെ പറയാനുള്ളവ വളച്ചുകെട്ടില്ലാതെ പറയുകയാണിവിടെ. ഇതിഹാസ കൃതികളൊക്കെത്തന്നെ വാമൊഴിയായിട്ടാണ് ആദ്യകാലത്ത് പ്രചരിച്ചിരുന്നത്. കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, കഥാഗാനങ്ങൾ, നാടൻപാട്ടുകൾ കഥകൾ സംഗീതം തുടങ്ങിയവയൊക്കെ വാമൊഴിയുടെ സൗന്ദര്യം തുടിച്ചുനിൽക്കുന്ന വിഭാഗങ്ങളാണ്. പരിതസ്ഥിതിക്കനുസരിച്ച്, കൂട്ടായ്മയുടെ മാറ്റത്തിനനുസൃതമായി സ്വയം മാറ്റംവരുത്താനും നിലനിൽക്കാനും വാമൊഴി വഴക്കങ്ങൾക്കാകും. അനുഭവസീമയിലുള്ള വിഷയങ്ങളെ സമൂർത്തരൂപത്തിൽ അവതരിപ്പിക്കുന്നതാണ് വാമൊഴിരൂപങ്ങൾ. പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും പ്രകൃതിയുടെയും സ്വാധീനം ഇത്തരം വാമൊഴി വഴക്കങ്ങളിൽ ലയിച്ചുചേർന്നിരിക്കുന്നു.

▶ അറിവുകളുടെയും അനുഭവങ്ങളുടെയും രേഖപ്പെടുത്താത്ത മനോവ്യാപാരം

## കടങ്കഥകൾ

ആദിമജനതയുടെ ജീവിതാവബോധത്തെയും മൂല്യബോധത്തെയും പ്രകടമാക്കുന്നവയാണ് കടംകഥകൾ. പെട്ടെന്ന് ഉത്തരം കണ്ടെത്താൻ കഴിയാത്തവയും എന്നാൽ ചിന്തിച്ചാൽ സൂക്ഷ്മമായ അർത്ഥം ഗ്രഹിക്കാവുന്നതുമായ ഗൂഢാർത്ഥമുള്ള വാക്യങ്ങളാണ് ഇവ. വിനോദോപാധിയായ കടങ്കഥയിൽ, വസ്തുവിന്റെ യഥാർത്ഥമല്ലാത്ത രൂപം വെളിവാക്കി വസ്തു കണ്ടെത്താൻ പറയുന്ന രീതിയാണുള്ളത്.

കടങ്കഥയുടെ അടിസ്ഥാനം രൂപണ സ്വഭാവമാണ്. രൂപണത്തിലൂടെ യഥാർത്ഥമല്ലാത്ത രൂപത്തിലേക്കും തുടർന്ന് വസ്തുതയിലേക്കുമുള്ള വരവാണ്. ഉത്തരം പറയേണ്ട വ്യക്തിയെ പരീക്ഷിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന വിധമുള്ള ചോദ്യങ്ങളാണിത്. ചിന്താശേഷിയും ഭാവനാവിലാസവും സൂക്ഷ്മനിരീക്ഷണ പാടവവും വളർത്താൻ കടങ്കഥകൾക്ക് അസാമാന്യശേഷിയാണുള്ളത്. താളാത്മകത കടങ്കഥകളുടെ സവിശേഷതയാണ്. 'മണ്ണിനുള്ളിൽ പൊന്നിൻ ചട്ടുകം' (മഞ്ഞൾ), 'കാളകിടക്കും കയറോടും' (മത്തങ്ങ) എന്നിങ്ങനെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതും 'രണ്ടു കിണറിനൊരുപാലം' (മൂക്ക്), 'ഇലയില്ല, പൂവില്ല, കായില്ല, കരിവള്ളി' (തലമുടി) എന്ന് ശരീരാവയവങ്ങളെ സംബന്ധിച്ചും 'മുറ്റത്തെ ചെപ്പിനടപ്പില്ല' (കിണർ) എന്നിങ്ങനെ നിത്യജീവിതത്തോട് ഇണങ്ങി നിൽക്കുന്നതുമായ അസംഖ്യം കടങ്കഥകൾ നിലവിലുണ്ട്. സാമൂഹിക വിമർശനം കടങ്കഥകളിൽ ദുർലഭമാണ്. കാവ്യസൗന്ദര്യമുള്ളവയാണ് കടങ്കഥകൾ. ഏത് വസ്തുവിനേയും സാങ്കൽപ്പിക ശക്തിയാൽ പുനർനിർമ്മിക്കാനുള്ള മനുഷ്യവാസനയുടെ ആവിഷ്കാരമാണത്. വസ്തുനിഷ്ഠമാണ് കടങ്കഥകൾ. ഗോപ്യമായ ഉത്തരത്തിലധിഷ്ഠിതമായ കടങ്കഥകൾ വസ്തുക്കളോടുള്ള സാധർമ്മ്യവും അടുപ്പവും നേടാൻ മനസ്സിനെ സജ്ജമാക്കുന്നു. നൽകിയിരിക്കുന്ന സാദൃശ്യങ്ങളിൽ നിന്ന് നൽകപ്പെടാത്തതിനെ ഊഹിക്കുകയാണിവിടെ. ഈ ഗോപ്യതയാണ് അവയ്ക്ക് അർത്ഥവും സൗന്ദര്യവും നൽകുന്നത്. ഘടനയെ അടിസ്ഥാനമാക്കി കടങ്കഥകളെ വിവിധതരത്തിൽ വർഗ്ഗീകരിക്കാം. ചോദ്യരൂപം, വാചകരൂപം, ദീർഘവാചക രൂപം, കഥാരൂപം, ഒറ്റവാക്കിലുള്ളത് എന്നിങ്ങനെയാണവ. സാമുദായിക വ്യത്യാസവും പ്രാദേശികഭേദവും കൊണ്ട് ഭാഷയ്ക്കുണ്ടാകാവുന്ന മാറ്റങ്ങൾ കടങ്കഥകളിലും സംഭവിക്കും. വിനോദത്തിനപ്പുറം ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ അറിവിന്റെ മേഖലകളിലേക്ക് നയിക്കാൻ കടങ്കഥകൾക്ക് കഴിയുന്നു. മനുഷ്യമനസ്സിനെ തൃപ്തിപ്പെടുത്തുന്നതിനൊപ്പം മറ്റുള്ളവരെ അഹംബോധത്താൽ ഇകഴ്ത്താനുള്ള സഹജവാസനയെ നിയന്ത്രിക്കാനും കടങ്കഥകൾക്ക് ശേഷിയുണ്ട്.

- ▶ പ്രകൃതിയുടെയും ജീവജാലങ്ങളുടെയും സവിശേഷതകൾ ഗ്രഹിക്കൽ

1. വീട്ടിലെ കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ.

   ഉത്തരം :- അടുപ്പ്

2. വെള്ളിക്കിണ്ണത്തിൽ ഞാവൽപ്പഴം.

   ഉത്തരം :- കണ്ണ്

3. വലവീശും ഞാൻ മുക്കുവനല്ല, നൂല് നൂൽക്കും ഞാൻ വിൽക്കാറില്ല.

   ഉത്തരം :- ചിലന്തി

4. വായില്ല നാക്കുണ്ട്, നാക്കിന്മേൽ പല്ലുണ്ട്.

   ഉത്തരം :- ചിരവ

5. വാലില്ലാത്തമ്മയ്ക്ക് വാലുള്ള മക്കൾ.

ഉത്തരം :- തവള

6. വില്ലാണ് പക്ഷേ ഞാണില്ല കെട്ടാൻ.

ഉത്തരം :- മഴവില്ല്

7. മുള്ളുണ്ട് മുരിക്കല്ല, കയ്പുണ്ട് കാഞ്ഞിരമല്ല.

ഉത്തരം :-പാവയ്ക്ക

8. മുറ്റത്തെ ചെപ്പിനടപ്പില്ല.

ഉത്തരം :- കിണർ

9. മണ്ണിനടിയിൽ പൊന്നമ്മ.

ഉത്തരം :- മഞ്ഞൾ

10. മണ്ണ് വെട്ടി വെട്ടി പൊന്ത കണ്ടു. പൊന്ത വെട്ടി വെട്ടി പാറ കണ്ടു. പാറ വെട്ടി വെട്ടി വെള്ളി കണ്ടു. വെള്ളി വെട്ടി വെട്ടി വെള്ളം കണ്ടു.

ഉത്തരം :- തേങ്ങ

11. അമ്മ തൊട്ടാലും അമ്മയെ തൊട്ടാലും മകനില്ലാതാവും.

ഉത്തരം :- തീപ്പെട്ടിയും കൊള്ളിയും

12. പച്ചക്കൊരു കെട്ട്, ചുട്ടാൽ ഒരു കുട്ട.

ഉത്തരം :-പപ്പടം

13. അകത്ത് പോയപ്പോൾ പച്ച, പുറത്ത് വന്നപ്പോൾ ചുവപ്പ്.

ഉത്തരം :- വെറ്റില മുറുക്ക്

14. മുള്ളുണ്ട് മുരിക്കല്ല, പാലുണ്ട് പശുവല്ല, വാലുണ്ട് വാനരനല്ല, നൂലുണ്ട് പട്ടമല്ല

ഉത്തരം :- ചക്ക

15. ഒരമ്മ പെറ്റതെല്ലാം തൊപ്പിക്കാര്

ഉത്തരം :- തീപ്പട്ടി കൊള്ളികൾ

16. രണ്ടു കിണറിന് ഒരു പാലം

ഉത്തരം :- മൂക്ക്

17. കിലുകിലുക്കം കിക്കിലുക്കം ഉത്തരത്തിൽ ചത്തിരിക്കും

ഉത്തരം :- താക്കോൽ കൂട്ടം

18. കാള കിടക്കും കയറോടും

ഉത്തരം :- മത്തൻ

19. മുറ്റത്തെ ചെപ്പിനടപ്പില്ല

ഉത്തരം :- കിണർ

20. ഞെട്ടില്ലാ വട്ടയില

ഉത്തരം :-പപ്പടം

## പഴഞ്ചൊല്ലുകൾ

പ്രാക്തന ജനതയുടെ ജീവിതാനുഭവങ്ങളുടെയും ചുറ്റുപാടുകളുടെയും ചൈതന്യവത്തായ പ്രതിഫലനമാണ് പഴഞ്ചൊല്ലുകളിൽ നിറഞ്ഞുനിൽക്കുന്നത്. ജനസമുദായത്തിൽ പണ്ടുപണ്ടേ പലരും പറഞ്ഞ് പഴക്കം വന്നിട്ടുള്ള ചൊല്ലുകളാണിത്. പ്രാക്തനമനുഷ്യന്റെ വികാരങ്ങളും വിചാരങ്ങളുമാണിതിലുള്ളത്. സംഭാഷണ വേളകളിലാണ് പഴഞ്ചൊൽ പ്രയോഗത്തിന് പ്രസക്തി. ഇത്തരം വേളകളിൽ ഉദാഹരണത്തിന്റെ തലത്തിലാണ് പഴമൊഴികൾ മിക്കപ്പോഴും നിലകൊള്ളുന്നത്. തലമുറകളിലൂടെ ആർജ്ജിച്ചുവന്ന ഇത്തരം അറിവുകൾ ജീവിതത്തെ വിമർശ്യബുദ്ധ്യാ വിലയിരുത്തുന്നവയാണ്. വാമൊഴിയിൽക്കൂടി പ്രചരിക്കുന്നതിനാൽ സംഭാഷണഭാഷയുടെ സ്വാധീനം അതിലേറി നിൽക്കും. ഗൗരവതരമായ വസ്തുതകളെ നർമ്മരൂപേണ അവസരത്തിനൊത്ത് പ്രകടിപ്പിക്കുന്ന പഴഞ്ചൊല്ലുകൾ ഉപയോഗിക്കണമെങ്കിൽ ജീവിതത്തെക്കുറിച്ച് നല്ല അവബോധം ഉണ്ടായിരിക്കണം. പഴഞ്ചൊല്ലുകൾ ഉൾക്കൊള്ളാൻ അറിയുന്നവർക്കിടയിലേ അതിന് നിലനിൽപ്പുള്ളൂ. എന്തിനെയെങ്കിലും ബോധ്യപ്പെടുത്താനോ മൂല്യബോധമുളവാക്കാനോ ആണ് ഇത് ഉപയോഗിക്കുന്നത്. അനുയോജ്യ സന്ദർഭത്തിൽ പ്രയോഗിച്ചില്ലെങ്കിൽ അതിന് സാധുത ഇല്ല. തൊഴിൽ, ആചാരാനുഷ്ഠാനങ്ങൾ, ഗാർഹിക ജീവിതം, പ്രകൃതിനിരീക്ഷണം, വൈദ്യം, ജോതിഷം, കളരി എന്നിവയോടൊക്കെ ബന്ധപ്പെട്ടാണ് ഈ വാങ്മയ സമ്പത്ത് വ്യംഗ്യരൂപേണ ജന്മംകൊള്ളുന്നത്. 'മുളയിലേയറിയാം വിളയുടെ ഗുണം' എന്ന പഴഞ്ചൊല്ല് കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതാണെങ്കിലും നിത്യജീവിത സന്ദർഭവുമായി കൂട്ടിയിണക്കാനാകുന്നതാണ്. 'ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്കുപുറത്ത്' എന്നിങ്ങനെ കളരിയുമായി ബന്ധപ്പെട്ട പഴമൊഴിയും സന്ദർഭത്തിനനുസരിച്ച് നിലകൊള്ളുന്നതാണ്. സമാനാശയങ്ങളെ കൂട്ടിയിണക്കുന്ന പഴഞ്ചൊല്ലിന് ഉദാഹരണമാണ് 'ചിലരുടെ വാക്കും പഴയ ചാക്കും ഒന്നുപോലെ'യെന്നുള്ളത്. വാക്കുപാലിക്കാത്ത സന്ദർഭത്തോടിണക്കി ഉറപ്പുകുറവുള്ള പഴയ ചാക്കിനോട് സാദൃശ്യപ്പെടുത്തുകയാണിവിടെ.

▶ പഴഞ്ചൊല്ലുകൾ അത് പിറവിയെടുത്ത കാലഘട്ടത്തിലെ ജീവിത പ്രതിഫലനം

സംക്ഷിപ്തത, വ്യംഗ്യാർത്ഥ ചമത്കാരം (കുളിച്ച കടവ് മറക്കരുത്), നർമ്മരസികത (കുന്തം പോയാൽ കുടത്തിലും തപ്പണം), ഔപമ്യം (മുറ്റത്തെ മുല്ലയ്ക്ക് മണമില്ല - സമീപസ്ഥമായതിൻറെ ഗുണം അറിയുന്നില്ലെന്ന വിവക്ഷിതാർത്ഥം) തുടങ്ങിയവ പഴഞ്ചൊല്ലുകളുടെ സവിശേഷതയാണ്. കൂടാതെ ഉപദേശസ്വഭാവവും കാവ്യാത്മക സൗന്ദര്യവും മിക്ക പഴഞ്ചൊല്ലിനുമുണ്ട്. ഓരോ പഴഞ്ചൊല്ലിനും അതുൾക്കൊ

ള്ളുന്ന അർത്ഥത്തിൽ കവിഞ്ഞ ഒരു സന്ദേശം സമൂഹത്തിന് നൽകാനുണ്ട്. തലമുറകൾ കൈമാറിവന്ന അനുഭവസമ്പത്തും വിവേചനബുദ്ധിയുമാണ് പഴമൊഴിയിൽ വെളിവാക്കപ്പെടുന്നത്. പ്രബോധനപരമായ ധർമ്മവും പഴഞ്ചൊല്ലുകൾക്കുണ്ട്. ജീവിതത്തിൽ ഉണ്ടാകുന്ന പിഴവുകളും കുറവുകളുമൊക്കെ നർമ്മമധുരമായി സൂചിപ്പിച്ചുകൊണ്ട് സംഭാഷണം കാര്യമാത്രപ്രസക്തമാക്കുകയാണ് പഴഞ്ചൊല്ലുകൾ. ഒരു സവിശേഷ ചുറ്റുപാടിൽ എങ്ങനെ പ്രവർത്തിക്കണമെന്ന മാർഗ്ഗനിർദ്ദേശമോ സംശയഗ്രസ്തമായ സാഹചര്യത്തിൽ നിലകൊള്ളേണ്ടതെങ്ങനെയെന്നോ പ്രകടമാക്കാൻ പഴഞ്ചൊല്ലുകൾക്ക് കഴിയും. ഉദാ: 'കിട്ടാത്ത മുന്തിരി പുളിക്കും' എന്ന പഴഞ്ചൊല്ലിൽ തനിക്കു പ്രാപ്യമാകാനാകാത്തതിനെ മോശമെന്നു പറഞ്ഞ് യാഥാർത്ഥ്യബോധ്യത്തിലേക്ക് നയിക്കാനുള്ള ശ്രമം കാണാം. പഴഞ്ചൊല്ലുകൾ അനൗപചാരിക വിദ്യാഭ്യാസം നൽകുന്നതോടൊപ്പം സമൂഹത്തിൽ വ്യക്തികളുടെ പെരുമാറ്റച്ചട്ടങ്ങളെ നിലനിർത്താനുള്ള ഉപാധിയുമാകുന്നു. പഴഞ്ചൊല്ലുകൾ മൂല്യവത്താണെങ്കിലും അനുഭവ പരമ്പരകൾക്കും ചുറ്റുപാടുകൾക്കും കാലാനുസൃതമായ മാറ്റം വരുന്ന വേളയിൽ അതിൻറെ പ്രാധാന്യം സ്വാഭാവികമായും നഷ്ടപ്പെടും. പഴഞ്ചൊല്ലുകൾ ഒഴികെയുള്ള ഫോക്‌ലോറിന്റെ മേഖലകൾ പരിവർത്തന വിധേയമായി രൂപം കൊള്ളുമ്പോൾ പഴഞ്ചൊല്ലുകൾ അതുപോലെ സൃഷ്ടിക്കപ്പെടുന്നില്ല.

> ▶ നിരീക്ഷണത്തിൻറെയും അനുഭവത്തിൻറെയും അടിത്തറയിലെ ചിന്താരൂപം

**പഴഞ്ചൊല്ലുകൾ**

1. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
2. അടിതെറ്റിയാൽ ആനയും വീഴും
3. അരമനരഹസ്യം അങ്ങാടിപ്പാട്ട്
4. അഴകുള്ള ചക്കയിൽ ചുളയില്ല
5. ആന കൊടുത്താലും ആശകൊടുക്കരുത്
6. ആറ്റിൽ കളഞ്ഞാലും അളന്നുകളയണം
7. അങ്കോം കാണാം താളീമൊടിക്കാം
8. ഉപ്പു തിന്നവൻ വെള്ളം കുടിക്കും
9. ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം
10. ആരാന്റമ്മയ്ക്ക് ഭ്രാന്തുപിടിച്ചാൽ കാണാൻ നല്ല രസം
11. തലവിധി, തൈലം കൊണ്ട് മാറില്ല
12. ചുട്ട ചട്ടി അറിയുമോ അപ്പത്തിന്റ സ്വാദ്
13. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല
14. ഇരിക്കുന്നതിന് മുൻപ് കാലു നീട്ടരുത്
15. അടിതെറ്റിയാൽ ആനയും വീഴും
16. ചേറ്റിൽ കുത്തിയ കൈ ചോറ്റിൽ കുത്താം
17. വിത്താഴം ചെന്നാൽ പത്തായം നിറയും
18. മുളയിലറിയാം വിള
19. ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടാൻ പറ്റില്ല
20. കൂറ്റൻ മരവും കാറ്റത്തിളകും

## പുരാവൃത്തങ്ങൾ

മനുഷ്യസംസ്കാര ചരിത്രത്തിന്റെ ഈടുറ്റ രേഖയാണ് പുരാവൃത്തങ്ങൾ. ഒരു കാലത്ത് സംഭവിച്ചതാണെന്ന് സമൂഹം വിശ്വസിക്കുന്ന കഥയാണിത്. ഉൽപ്പത്തിയെക്കുറിക്കുന്ന പാവനത്വമുള്ള കഥയാണ് പുരാവൃത്തമാകുന്നത്. ഉൽപ്പത്തിയെക്കുറിക്കാത്ത ഒരു കഥ പാവനമാണെങ്കിലും അത് പുരാവൃത്തമാകുന്നില്ല. ലൗകികജീവിതത്തിൽ ഒരിക്കലും സംഭവിക്കാത്തതും സാമൂഹിക നീതിക്കും യുക്തിബോധത്തിനും നിരക്കാത്ത വസ്തുതകളുമാണ് ഇവയിൽ കാണുന്നത്. ജനസംസ്കാരത്തിന്റെ ആത്മീയസ്വഭാവം വെളിപ്പെടുത്തുക പുരാവൃത്തത്തിന്റെ മുഖ്യധർമ്മമാണ്. മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് സഹായകവുമാണ് അവ. ജനസാമാന്യത്തിന് പൊതുവായ പുരാവൃത്തങ്ങളും ജാതിവർഗ്ഗങ്ങൾക്കു മാത്രമായ പുരാവൃത്തവുമുണ്ട്. ഒരു സമൂഹത്തിന്റെ മാത്രമായ പുരാവൃത്തമാണ് അവചപുരാവൃത്തം. ഉദാ:- ശ്രീകൃഷ്ണകഥകൾ ഹൈന്ദവരുടേത് മാത്രമാണ്. പലസമൂഹങ്ങളെ സ്വാധീനിക്കുന്ന പുരാവൃത്തമാണ് ഉച്ചപുരാവൃത്തം. ഉദാ:- 'തെയ്യ'ത്തിന് അതതു സ്ഥലങ്ങളിലെ ചരിത്രവുമായി ബന്ധപ്പെട്ട പുരാവൃത്തമുണ്ട്.'പുതിയ ഭഗവതി'യുടെയും'കതിവന്നൂർ വീര'ന്റെയും പുരാവൃത്തങ്ങൾ ഇത്തരത്തിലുള്ളവയാണ്.

> ▶ സാംസ്കാരിക പ്രക്രിയയിൽ സവിശേഷ പ്രാധാന്യമുള്ള പുരാവൃത്തങ്ങൾ

പ്രാക്തന സംസ്കാരത്തിന്റെ ഭാഗമായ പുരാവൃത്തത്തിന് വിശ്വാസത്തെ ആവിഷ്കരിക്കുയെന്ന മൗലികധർമ്മമുണ്ട്. സാമൂഹിക സന്ദേശം ഉൾക്കൊള്ളുന്നതാണ് ഓരോ പുരാവൃത്തവും. ലോകത്തിന്റെ ഉല്പത്തി മുതലുള്ള കാര്യങ്ങൾ അത് അറിയിക്കുന്നു. ജീവിതത്തിലെ ഇച്ഛാഭംഗങ്ങളും നിരാശതകളും മാനസിക സംഘർഷങ്ങളും കഴുകിക്കളഞ്ഞ് മനുഷ്യനെ സ്ഥിതപ്രജ്ഞതയോടെ നിലനിർത്താൻ ഇതിനാകും. സാംസ്കാരിക പൈതൃകത്തിന്റെ സംക്രമണം പുരാവൃത്തത്തിലൂടെ ഫലവത്തായിത്തീരുന്നു. ഉള്ളടക്കത്തിലും സ്വഭാവത്തിലും വൈവിധ്യം പുലർത്തുന്ന നിരവധി പുരാവൃത്തങ്ങളുണ്ട്. ഉത്പത്തി പുരാവൃത്തത്തിൽ പ്രപഞ്ചത്തിന്റെ ഉല്പത്തി, മനുഷ്യോല്പത്തി, ദേവതോല്പത്തി, പാപോല്പത്തി എന്നിവയെ സംബന്ധിക്കുന്ന സങ്കല്പങ്ങളാണുള്ളത്. 'തെക്കൻ കരിയാത്തന്' ദേവത്തോറ്റത്തിൽ ലോകോല്പത്തി പുരാവൃത്തങ്ങൾ ഉണ്ട്. ഹോമകുണ്ഡത്തിൽ നിന്നും വിയർപ്പിലും രക്തത്തിലും നിന്ന് ദേവതകൾ ഉയിർക്കൊണ്ട പുരാവൃത്തങ്ങൾ ധാരാളമുണ്ട്. പ്രകൃതി പുരാവൃത്തത്തിൽ മഴ, ഇടിമിന്നൽ, ഋതുക്കൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. നദികളെയും വൃക്ഷങ്ങളെയും പുണ്യകരമായി കാണുന്ന പുരാവൃത്തങ്ങളുമുണ്ട്. ഖഗോളപുരാവൃത്തത്തിൽ സൂര്യചന്ദ്രനക്ഷത്ര പുരാവൃത്തങ്ങളെല്ലാം ഉൾപ്പെടുന്നു. ഉർവരതയ്ക്കാധാരം സൂര്യനാണെന്ന ബോധ്യത്തിൽ നിന്നും രൂപം കൊണ്ടതാണ് സൗരപുരാവൃത്തം. ആനുഷ്ഠാനിക പുരാവൃത്തമാകട്ടെ അനുഷ്ഠാനം, ആരാധന തുടങ്ങിയവയുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങളാണ്. വീരപുരാവൃത്തമെന്നത് ചില വർഗ്ഗക്കാർക്കിടയിൽ 'വീരൻ' മൃഗരൂപത്തിലായിരിക്കും നിലകൊള്ളുന്നത്. ആവശ്യമുള്ളപ്പോൾ മനുഷ്യവേഷം ധരിച്ച് പ്രവർത്തിക്കാൻ ഈ മൃഗങ്ങൾക്കാവും എന്നാണ് വിശ്വാസം. ഉദാ:- പുലയരുടെ 'പുലിമറഞ്ഞ തൊണ്ടച്ച'ന്റെ പുരാവൃത്തം. കൂടാതെ വീരപുരുഷന്മാരും സ്ത്രീരത്ന

> ▶ വൈകാരിക ചിന്തകൾ ആദ്യ കാല പുരോഗതി യുടെ ചരിത്രം, വിശ്വാസങ്ങളുടെ ആവിഷ്കാരം

ങ്ങളും പരേതരുമൊക്കെ അലൗകിക ശക്തിയുള്ളവരായി സങ്കല്പിക്കപ്പെട്ട് പുരാവൃത്തമായിത്തീരാം.

## ഐതിഹ്യങ്ങൾ

ഭാവനയിൽ പൊതിഞ്ഞ ചരിത്രം ദിവ്യവൽക്കരിക്കുമ്പോഴാണ് ഐതിഹ്യങ്ങൾ ജന്മം കൊള്ളുന്നത്. ചരിത്രവും ഭാവനയും ഇഴപിരിയാതെ നൽകുന്ന സന്ദേശമാണ് ഐതിഹ്യത്തിൽ നിന്നും ലഭ്യമാകുന്നത്. പ്രബോധനപരമായ ധർമ്മമാണ് ഐതിഹ്യങ്ങൾക്കുള്ളത്. ജിജ്ഞാസയുളവാക്കുന്നതോടൊപ്പം വിജ്ഞാനപ്രദായകങ്ങളുമാണ് ഇവ. ഐതിഹ്യം സാംസ്കാരികതലത്തോട് ആഭിമുഖ്യം പുലർത്തിക്കൊണ്ട് പ്രാദേശികതയിലൂന്നിനിൽക്കുന്നു. ഐതിഹ്യങ്ങൾ ആസന്ന ഭൂതകാലത്തിന്റെ സംഭാവനയാണ്. മാത്രവുമല്ല ഇന്നത്തെ ലോകത്തിന്റെ പ്രതീതിയാണിത്. സ്വതന്ത്രമായ ചിന്താഗതിയും അന്വേഷണത്വരയും വളർത്താൻ ഐതിഹ്യങ്ങൾ സഹായകമാണ്. ഐതിഹ്യങ്ങളിൽ അലൗകികതയുടെ തലം ഉണ്ടെങ്കിലും അതിൽ ചരിത്രസാന്നിദ്ധ്യമാണുള്ളത്. സന്മാർഗ്ഗത്തിൽ ചരിക്കാനുള്ള പ്രേരണയാണ് ഐതിഹ്യങ്ങൾ പകർന്നു നൽകുന്നത്. മാനുഷികവും സദാചാരപരവുമായ സന്ദേശങ്ങളാണിത് പകർന്നു നൽകുന്നത്. ഒരുതരത്തിൽ പാരമ്പര്യ സംബന്ധിയായ അറിവാണ് ഇവയ്ക്കുള്ളത്. പ്രബോധനം നൽകാനുള്ള ശേഷി ഐതിഹ്യങ്ങൾക്കുണ്ട്. നാടൻ സമൂഹങ്ങളിൽ വിദ്യ പകർന്നു നൽകാനും സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്നും തെറ്റിനെതിരെ എങ്ങനെ പ്രവർത്തിക്കണമെന്നും ഉപദേശിക്കാനുള്ള ശേഷിയും ഇതിനുണ്ട്. ജീവിതാവബോധം വളർത്തിയെടുക്കാൻ പ്രേരകമാണിത്. സന്ദർഭത്തിന്റെയും ആശയത്തിന്റെയും അടിസ്ഥാനത്തിൽ ഐതിഹ്യങ്ങളെ പൊതുവിൽ രണ്ടായി തിരിക്കാം. നിശ്ചിതമായ സന്ദർഭം ഐതിഹ്യത്തിനില്ലാത്തതിനാൽ സന്ദർഭം ആസ്പദമാക്കിയുള്ള വിഭജനം പ്രായോഗികമല്ല. ആശയത്തെ ആധാരമാക്കുമ്പോൾ ഉൽപ്പത്തി, ചരിത്രം, പുരാവൃത്തം, മതപരം എന്നിങ്ങനെ ഐതിഹ്യത്തെ തരംതിരിക്കാവുന്നതാണ്.

> ▶ സന്ദേശവും ഭാവനയും സത്യവും ചേർന്ന ഐതിഹ്യം

1. **ഉല്പത്തി ഐതിഹ്യങ്ങൾ:-** ഏതെങ്കിലും വസ്തുവിന്റെയോ വസ്തുതയുടെയോ ഉത്ഭവത്തെ പ്രതിപാദിക്കുന്നതാണിത്. സമൂഹഘടന, ധർമ്മങ്ങൾ, മര്യാദകൾ, സാമുദായിക ജീവിതം ഇവയൊക്കെ അറിയാൻ ഉല്പത്തി ഐതിഹ്യങ്ങൾ സഹായകമാണ്. ഉദാ:- കേരളോല്പത്തി
2. **ചരിത്രപരമായ ഐതിഹ്യം:-** ചരിത്രപശ്ചാത്തലമുള്ള ഐതിഹ്യമാണിത്. ഏതു നാടിന്റെയും പ്രാക്തനകാല ചരിത്രം മുഴുവൻ ലിഖിത രൂപത്തിൽ ലഭിക്കാതെ വരുമ്പോൾ ഐതിഹ്യങ്ങളെ ചരിത്രപഠനത്തിന് ഉപയുക്തമാക്കാം. ഉദാ:- പഴശ്ശി രാജാവിന്റെ വീരകഥകൾ
3. **പുരാവൃത്തപരമായ ഐതിഹ്യം:-** (അലൗകികപരം) അലൗകികമായ ഏതെങ്കിലും വസ്തുതയെക്കുറിച്ചോ അമാനുഷിക കഥാപാത്രങ്ങളെക്കുറിച്ചോ ഉള്ള ഐതിഹ്യങ്ങൾ. ഉദാ:- ഗുരുവായൂരപ്പന്റെ മാഹാത്മ്യം (പൂന്താനം - മേൽപ്പത്തൂർ)
4. **മതപരം:-** ഏതെങ്കിലും മതത്തെ പ്രചരിപ്പിക്കുന്നതോ പിന്താങ്ങുന്നതോ ആയ ഐതിഹ്യങ്ങൾ. ജാതി, വർഗ്ഗം മുതലായവ

യെ സംബന്ധിച്ച ഐതിഹ്യങ്ങളും ഇതിലുൾപ്പെടുന്നു. ഉദാ:- യേശുദേവന്റെ ഉയിർത്തെഴുന്നേൽപ്പ്. കേരളത്തിന്റെ ഉല്പത്തി പരശുരാമനുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ഐതിഹ്യം, കഥകളി, തുള്ളൽ തുടങ്ങിയവയുടെ ഉല്പത്തിയുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, മണ്ണാറശ്ശാല തുടങ്ങിയ നാഗാരാധനാ കേന്ദ്രങ്ങളെക്കുറിച്ചുള്ള ഐതിഹ്യങ്ങളൊക്കെ പ്രസിദ്ധങ്ങളാണ്.

- ഐതിഹ്യം തരംതിരിവുകൾ

കുഞ്ഞിക്കുട്ടൻ തമ്പുരാനാണ് നമ്മുടെ ഐതിഹ്യങ്ങളെ ആദ്യം ശേഖരിച്ചത്. 'കേരളം'എന്ന മഹാകാവ്യകൃതിയിലൂടെ അദ്ദേഹം, ഐതിഹ്യങ്ങൾക്ക് അവയ്ക്കനുയോജ്യമായ പ്രാധാന്യം നൽകി. മൃഗചരിതാപദാനങ്ങളായി കൊട്ടാരക്കര ചന്ദ്രശേഖരൻ, കോന്നിയിൽ കൊച്ചയ്യപ്പൻ, കിടങ്ങൂർ കണ്ടക്കോരൻ തുടങ്ങിയ ആന സംബന്ധിയായ ഐതിഹ്യങ്ങൾ ഐതിഹ്യമാലയിൽ നിലവിലുണ്ട്. കായംകുളം കൊച്ചുണ്ണി, വെള്ളായണി പരമു തുടങ്ങിയ തസ്ക്കരവീരന്മാരെക്കുറിച്ചും എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, തോലൻ തുടങ്ങിയ കവികളെക്കുറിച്ചും ഐതിഹ്യങ്ങൾ ഉണ്ട്. ഗുരുജനങ്ങളോടും മാതാപിതാക്കളോടും ഭക്തിയും ആദരവും, സഹജീവിസ്നേഹം, ദേശാഭിമാനബോധം തുടങ്ങിയ ശ്രേഷ്ഠഗുണങ്ങൾ പറയാതെ പറഞ്ഞ് ഉദ്ബോധിപ്പിക്കുന്നത് ഐതിഹ്യമാലയിൽ കാണാം. കൊട്ടാരത്തിൽ ശങ്കുണ്ണി 'ഐതിഹ്യമാല'യിലൂടെയും കെ.എസ്.നീലകണ്ഠനുണ്ണി 'ഐതിഹ്യകഥകൾ' മൂന്നു ഭാഗങ്ങളിലൂടെയും ഐതിഹ്യകഥകൾക്ക് പ്രചാരം നൽകി. തുടർന്ന് ഐതിഹ്യത്തിന് പ്രാധാന്യം നൽകിക്കൊണ്ട് രചിക്കപ്പെട്ട പല കൃതികളും നാടൻ വിജ്ഞാനശാഖയ്ക്ക് മുതൽക്കൂട്ടായി. കൂടാതെ നാലാങ്കൽ കൃഷ്ണപിള്ള 'മഹാക്ഷേത്രങ്ങൾക്കു മുന്നിൽ' എന്ന കൃതിയിൽ മഹാക്ഷേത്രങ്ങളുടെ ഐതിഹ്യങ്ങളും വിശദമാക്കുന്നുണ്ട്.

- അറിയപ്പെടാത്തതിനെ അറിയുവാനുള്ള ത്വരയെ ശമിപ്പിക്കൽ
- ഉദ്ബോധനപരം

## കഥാഗാനങ്ങൾ

കഥാഗാനങ്ങൾ, ധീരവ്യക്തിത്വങ്ങളുടെയോ അസാമാന്യമായ ജീവിതം പുലർത്തുന്നവരുടെയോ, സംഭവങ്ങളുടെയോ, സവിശേഷ സന്ദർഭത്തിന്റെയോ ആഖ്യാനമാണ്. ഏതൊരു സംഭവത്തെയും പുനരാഖ്യാനം ചെയ്യുമ്പോഴും അത് മനസ്സിനെ തൃപ്തിപ്പെടുത്തുന്നു എന്നുള്ളതാണ് കഥാഗാനങ്ങളുടെ സാർവലൗകികതയ്ക്ക് നിദാനം. ദേശകാലാനുസൃതമായി കഥാഗാനങ്ങൾ വ്യത്യസ്തത പുലർത്തുന്നു. കഥാഗാനം ആകർഷകമാകുന്നത് ഏത് രീതിയിൽ കഥപറയുന്നു എന്നത് ആസ്പദമാക്കിയാണ്. പ്രാക്തന മനസ്സുകളുടെ ശുദ്ധാവിഷ്ക്കാരമായ ഇത് സാമാന്യ ജനങ്ങൾക്കുള്ളതും അവരാൽ സംരക്ഷിക്കപ്പെട്ടുപോരുന്നതുമാണ്. വസ്തുനിഷ്ഠമായ കഥാഗാനങ്ങൾ മന:പാഠമാക്കിയതിനെ അതേ പ്രകാരം പ്രകടമാക്കുകയല്ല; മറിച്ച് വേണ്ടത്ര ഏറ്റക്കുറച്ചിലുകളോടെ തൻമയത്വമായി അവതരിപ്പിക്കുകയാണ്. വസ്തുക്കളുടെ മൂർത്തതയെ പൂർണ്ണമായി പ്രത്യക്ഷീഭവിപ്പിക്കുന്ന രീതിയാണിതിൽ അവലംബിച്ചിരിക്കുന്നത്. ജീവിതപരിസരവുമായി ബന്ധമുള്ള അലങ്കാരങ്ങളെ കഥാഗാനങ്ങളിൽ കാണാനാകൂ. ഉള്ളടക്കത്തിന്റെ സവിശേഷത ആസ്പദമാക്കി കഥാഗാനങ്ങളെ വീരകഥാഗാനങ്ങൾ, അലൗകിക കഥാഗാനങ്ങൾ, ഹാസ്യകഥാഗാനങ്ങൾ, കടംകഥാഗാനങ്ങൾ, മാന്ത്രിക കഥാഗാനങ്ങൾ, ചരിത്രകഥാഗാനങ്ങൾ

- ഉള്ളടക്കത്തിന്റെ സവിശേഷത ആസ്പദമാക്കി കഥാഗാനങ്ങളെ ആറായി തിരിച്ചിരിക്കുന്നു

എന്നിങ്ങനെ പലതായി തരംതിരിക്കാം. അനുകരണീയമായ സന്ദർഭ ങ്ങളും സംഭവങ്ങളും ഈ വിഭജനത്തിന് അടിസ്ഥാനമാണ്. അജ്ഞാത കർത്തൃകത, പാഠഭേദം തുടങ്ങിയവ കഥാഗാനങ്ങൾക്ക് ബാധകമാണ്. വീരനായകന്മാരുടെ ജീവിതമാണ് കഥാഗാനങ്ങളിലെ പ്രതിപാദ്യം.

ദേശഭേദമനുസരിച്ച് കഥാഗാനങ്ങളെ തെക്കൻപാട്ടുകൾ, വടക്കൻ പാട്ടുകൾ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. വീരചരിതങ്ങളാണ് ഇവ. പുത്തൂരം പാട്ടുകൾ, തച്ചോളിപ്പാട്ടുകൾ, ഒറ്റപ്പാട്ടുകൾ തുടങ്ങി യവ വടക്കൻപാട്ടിലും രാമകഥാപ്പാട്ട്, ഇരവിക്കുട്ടിപ്പിള്ളപ്പോര് തുട ങ്ങിയവ തെക്കൻ പാട്ടിലും പ്രസിദ്ധമായവയാണ്. വടക്കൻപാട്ടിൽ അലൗകികശക്തികളും ജീവജാലങ്ങളും സജീവകഥാപാത്രങ്ങളാണ്. പ്രാകൃതത്തമിഴ് ഭാഷയിലാണ് തെക്കൻപാട്ടുകൾ രചിച്ചിരിക്കുന്നത്. തെക്കൻ-വടക്കൻ വിഭാഗത്തിലുൾപ്പെടാത്ത പ്രസിദ്ധങ്ങളായ വീരച രിത കഥാഗാനങ്ങളാണ് പുലയയുവാവായ ഇടനാടൻ, സാംബവരുടെ ആരാദ്ധ്യപുരുഷനായ ചെങ്ങന്നൂരാതി തുടങ്ങിയവ. വള്ളുവനാട്ടിലെ ചാവേർപ്പാട്ടുകളും ഇത്തരത്തിലുള്ളവയാണ്. മാപ്പിളപ്പാട്ടുകളിലും വീരരസം തുടിക്കുന്ന കഥാഗാനങ്ങളുണ്ട്. ഇവയിൽ രചയിതാവിന്റെ പേര് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അനുഷ്ഠാനത്തിന് പ്രാമുഖ്യമുള്ള പല കഥാഗാനങ്ങളിലും നർമ്മരസത്തിന് പ്രാധാന്യമുള്ളതായും കാണാം. സാമൂഹിക വിമർശനക്ഷമമായ കഥാഗാനങ്ങളിൽ ദീർഘസംഭാഷണ ങ്ങൾ പ്രകടമാണ്. ഏകനായി ഒരു വ്യക്തി കഥാഗാനങ്ങൾ പാടുന്നത് വിരളമാണ്. സംഗീതോപകരണത്തിന്റെ സഹായത്തോടെ പ്രധാനഗാ യകൻ പാടുമ്പോൾ അത് ഗായകസംഘം ഏറ്റുപാടും. കഥാഗാനങ്ങൾ, സവിശേഷത നേടുന്നതിൽ ആഖ്യാന സ്വഭാവം പ്രധാന പങ്കുവഹിക്കു ന്നുണ്ട്. കഥ എങ്ങനെ അവതരിപ്പിക്കുന്നു എന്നതും പ്രധാനമാണ്. സംഭവങ്ങളിൽ നിന്ന് സംഭവങ്ങളിലേക്കുള്ള യാത്രയാണ് എല്ലാ കഥാ ഖ്യാനങ്ങളും. ചിലപ്പോൾ ഓരോ സംഭവവും കഥാഗാനത്തിലെ സ്വ തന്ത്രമായ ഏകകവുമാകാം. നാടോടിഗീതങ്ങളെ അപേക്ഷിച്ച് കഥാ ഗാനങ്ങൾ വസ്തുനിഷ്ഠമാണ്. ഒരു ജീവിതത്തെ വിവരണാത്മകമായി നോക്കിക്കാണുകയാണ് ഇതിൽ. സാമാന്യജനങ്ങളുടെ ഭാഷയിൽ അവരുടെ ജീവിതം വെളിവാക്കുക, വസ്തുതകളെ വെളിവാക്കേണ്ടി വരുമ്പോൾ ചിരപരിചിത വസ്തുതകളുമായി താരതമ്യപ്പെടുത്തുക യുമാണ് കഥാഗാനങ്ങളുടെ രീതി. ഉപകരണങ്ങൾ ഉപയോഗിക്കാതെ പാടുന്നവയും (ഉദാ:- ഞാറ്റുപാട്ട്) തനതായ ഉപകരണങ്ങളുടെ സഹാ യത്തോടെ പാടുന്നവയുമായ (പുള്ളുവർ-നാടോടിവീണ) കഥാഗാ നങ്ങളാണ് നമുക്കുള്ളത്. അതാത് ദേശകാലങ്ങളിലെ ജനസാമാന്യ ത്തിന്റെ സാമൂഹിക-സാംസ്കാരിക ജീവിതത്തിന്റെ സ്ഥൂലാംശങ്ങൾ കഥാഗാനങ്ങളിൽ കണ്ടെത്താനാകും. അതല്ലാതെ പൂർണ്ണമായ തോ തിൽ ഇത്തരം ഘടകങ്ങളിൽ നിന്നും സാമൂഹിക സാംസ്കാരിക ചരി ത്രം നിർണ്ണയിക്കാനാകില്ല.

- ആഖ്യാനസ്വഭാവം
- സാർവലൗകികത
- വസ്തുനിഷ്ഠത

## നാടൻപാട്ടുകൾ

നാടൻപാട്ടുകൾ നാടോടി വാങ്മയരൂപങ്ങളിൽ പ്രഥമസ്ഥാ നമർഹിക്കുന്നു. നാടോടിപ്പഴമ ഏറ്റവും പ്രകടമാകുന്ന ഈ വിഭാഗം, ജീവിതത്തിന്റെ സമസ്തമേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഋജു വായ ആവിഷ്കാരത്തിലധിഷ്ഠിതമായ നാടൻപാട്ടുകൾ നാവോടു

നാവ് പകർന്ന് തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നവയാണ്. ഈ കൈമാറ്റത്തിനിടെ പലവിധ മാറ്റങ്ങളും പാഠഭേദങ്ങളും സ്വാഭാവികമായി സംഭവിക്കും. ഉൽസവങ്ങളോടും അനുഷ്ഠാനങ്ങളോടും കലകളോടും കളികളോടുമൊക്കെ ബന്ധപ്പെട്ടാണ് നാടൻപാട്ടുകൾ ജന്മം കൊള്ളുന്നത്. ദേശം, ജാതിമതങ്ങൾ സാമൂഹികസ്ഥിതി ഇവയാണ് നാടോടിപ്പാട്ടുകളെ വ്യത്യസ്തങ്ങളാക്കുന്നത്. ഇതിൽ ഭൂരിഭാഗവും സാമുദായികമാണ്. അതാത് സമുദായത്തിന്റെ ഭാഷ, സംസ്കാരം മുതലായവ ഇതിൽ പ്രതിഫലിക്കും. പുലയർ, പുള്ളുവർ, പാണർ, മലയർ, മാപ്പിളമാർ, ക്രിസ്ത്യാനികൾ തുടങ്ങിവർക്കെല്ലാം ഇത്തരം ഗാനസമ്പത്തുകളുണ്ട്. തെയ്യം, തിറ, വള്ളംകളി, തിരുവാതിരക്കളി, പൂരക്കളി, ഓണക്കളി തുടങ്ങിയവയിലെല്ലാം നാടൻപാട്ടുകൾ ഒഴിച്ചു കൂടാനാകാത്തവയാണ്. മതപരമായ അനുഷ്ഠാനത്തോട് ബന്ധപ്പെട്ടിരിക്കുന്ന പാട്ടുകളിൽ തോറ്റംപാട്ട്, സർപ്പപ്പാട്ട്, ഗന്ധർവ്വൻപാട്ട്, കളംപാട്ട് തുടങ്ങിയവ ശ്രദ്ധേയങ്ങളാണ്.

▶ നാടൻപാട്ടുകളുടെ വിഭജനം

തോറ്റൻപാട്ടുകൾ കേരളത്തിന്റെ ഓരോ ഭാഗത്തും വിഭിന്ന സ്വഭാവത്തോടുകൂടിയാണ് നിലകൊള്ളുന്നത്. ഉദാഹരണത്തിന് ദക്ഷിണകേരളത്തിലെ വേലൻമാരുടെ ഭഗവതിപ്പാട്ട്, മധ്യകേരളത്തിലെ മണ്ണാൻമാരുടെ ഭഗവതിത്തോറ്റം, ഉത്തരകേരളത്തിലെ തെയ്യം, തിറകൾക്ക് പാടുന്ന തോറ്റങ്ങൾ. ഉത്തരകേരളത്തിലെ ഗന്ധർവൻപാട്ടിന് കെന്ത്രോൻ പാട്ടെന്നാണ് പ്രാദേശികമായി പറയുക. ഉത്തരകേരളത്തിൽ ഗർഭ ബലികർമ്മത്തിന് ദേവതാരൂപങ്ങൾ പഞ്ചവർണ്ണപ്പൊടിയിൽ വരച്ച് പാടുന്നതാണ് കളംപാട്ടുകൾ. തൊഴിൽപരമായ പാട്ടുകളാകട്ടെ അധ്വാനഭാരം ലഘൂകരിക്കുന്നവയുമാണ്. സ്ത്രീകളുടെ വിനോദങ്ങളായ കൈകൊട്ടിക്കളിക്കും തുമ്പിതുള്ളലിനും കുമ്മിയടിക്കും പാട്ടുകളുണ്ട്. കുട്ടികളുടെ വിനോദങ്ങൾക്കും കളികൾക്കും ചൊല്ലുന്ന ലഘുഗാനങ്ങൾ നിരർത്ഥക ഗാനങ്ങളാണ്. ഇത്തരം ഗാനങ്ങളിൽ വിവിധതരം ജന്തുക്കളെ സംബോധനചെയ്യുന്നത് കാണാനാകും. സർപ്പപ്രീതിക്ക് വേണ്ടി കാവുകളിലും നാഗക്ഷേത്രങ്ങളിലും പുള്ളുവസമുദായക്കാർ പാടുന്ന പാട്ടുകളാണ് സർപ്പംപാട്ടുകൾ. ഭഗവതിപ്പാട്ട്, ഭഗവതിത്തോറ്റം, കണ്ണകിത്തോറ്റം തുടങ്ങിയവ വിഭിന്ന സ്വഭാവത്തോടുകൂടി കേരളത്തിന്റെ നാനാഭാഗത്തും പാടുന്നവയാണ്. കേരള ബ്രാഹ്മണർക്കിടയിൽ നിലനിന്നിരുന്ന അനുഷ്ഠാനകലയാണ് 'പാനേങ്കളി'. ഇതാണ് സംഘക്കളി, ചാത്തിരാങ്കം തുടങ്ങിയ പേരുകളിലും അറിയപ്പെടുന്നത്. നാടൻപാട്ടുകൾ ഋജുവും താളാത്മകവും അതാത് ഭാവത്തെ ഉദ്ദീപിപ്പിക്കുന്നതും ആവർത്തന പാദങ്ങളുള്ളതുമാണ്. ആത്മനിഷ്ഠതയും യുക്തിരാഹിത്യവും നാടൻപാട്ടുകളുടെ പൊതുവെയുള്ള സവിശേഷതയാണ്. സമൂഹത്തിലെ ഉച്ചനീചത്വം അനീതി, ദുരാചാരങ്ങൾ, കിടമത്സരങ്ങൾ തുടങ്ങിയവയും നാടൻപാട്ടിലൂടെ അനാവരണം ചെയ്യപ്പെടുന്നു.

▶ സാമൂഹിക പശ്ചാത്തലം, ഇതിവൃത്ത സ്വഭാവം, ദേശഭേദം, ആവിഷ്കരണശൈലി എന്നിവയുടെ സ്വാധീനം

## നാടോടി സംഗീതം

കേഴ്വിയിലൂടെ സംക്രമിച്ച് ഓർമ്മയിലൂടെ പരമ്പരാഗതമായി കൈമാറുന്ന ഗാനങ്ങളെല്ലാം ഉൾപ്പെട്ടതാണ് നാടോടിസംഗീതം. നാടൻജനതയുടെ ഗാനപാരമ്പര്യമാണിതിലുള്ളത്. ലഘുവായ ഘടനയുള്ളതാണ് നാടോടിസംഗീതം. താളബോധം ഇതിൽ അനുപേക്ഷ

ണീയമാണ്. നൃത്തം ചെയ്യുമ്പോഴും പണിയെടുക്കുമ്പോളും വിനോദങ്ങളിൽ ഏർപ്പെടുമ്പോഴും താളം ഗാനത്തിന്റെ പ്രധാന ഘടകമായി നിലകൊള്ളും. താളാധിഷ്ഠിതമായ ശബ്ദങ്ങൾക്ക് വികാരങ്ങളെ പ്രതിഫലിപ്പിക്കാനുള്ള ശേഷിയുണ്ട്. സാമാന്യജനങ്ങളുടെ വൈകാരികാനുഭൂതികളെ ഋജുവായും സരളമായും ആവിഷ്ക്കരിക്കുകയാണിതിൽ. നാടൻ സംഗീതം, പരിശീലനം വഴിയല്ല പകർന്നുവരുന്നത്. അഭിരുചിയും കഴിവും കല്പനാവൈഭവവും അതിന്റെ പിന്നിലുണ്ട്. നാടോടി സംഗീതത്തിൽ നാടിന്റെ സാംസ്കാരിക പൈതൃകമാണ് അലിഞ്ഞുചേർന്നിരിക്കുന്നത്. പ്രാക്തനജനത, രോഗങ്ങൾ അകലാനും ഫലസമൃദ്ധിയുണ്ടാവാനും ഈതിബാധകൾ മാറാനും സംഗീതത്തെ ഉപയോഗപ്പെടുത്തിയിരുന്നു. അപരിഷ്കൃതരായ ജനസമൂഹങ്ങൾക്കിടയിലാണ് നാടൻസംഗീതം മിക്കവാറും നിലനിൽക്കുന്നത്. സാമാന്യജനതയുടെ തൊഴിലെന്ന നിലയിലാണിത് കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്. അതായത് പല വർഗ്ഗക്കാരുടെയും പാരമ്പര്യ കുലത്തൊഴിലെന്ന നിലയിൽ. വർഗ്ഗസ്വഭാവവും പാരമ്പര്യവും നാടോടി ഗാനങ്ങളുടെ ആവിഷ്കാരഭേദത്തിന് കാരണവുമാണ്. സമുദായത്തിൽ അടിയുറച്ച മൂല്യങ്ങളെയും വിശ്വാസങ്ങളെയും അഭിരുചികളെയുമൊക്കെ വെളിപ്പെടുത്തുന്നതാണിത്. പ്രാക്തനകാലത്ത് രൂപംകൊണ്ടവയാണ് കൊയ്ത്തുപാട്ടുകളും പണിപ്പാട്ടുകളുമൊക്കെ. സാമൂഹികജീവിതാവസ്ഥയിലെ പരിവർത്തനങ്ങൾക്കൊപ്പം നാടോടിസംഗീതം പുതിയ വിഷയങ്ങൾ കണ്ടെത്തി. നാടോടിസംഗീതം പ്രയോഗിക്കപ്പെടുവാനുള്ള അവസരങ്ങൾ സാമൂഹിക ചുറ്റുപാടുകളിൽ കുറഞ്ഞുവന്നു. നാടൻ സംഗീതത്തിൽ പലപ്പോഴും വായ്ത്താരികൾ പ്രയോഗിച്ചുവരുന്നുണ്ട്. തരികിട, തെയ്തിത്തൈ, തിമിതോം എന്നിങ്ങനെ വായ്ത്താരികൾ പാട്ടുകളിലെ പാദപൂരണത്തിനോ താളക്രമവിന്യാസങ്ങൾക്കോ ആയി ഉപയോഗപ്പെടുത്താറുണ്ട്.

- നാടിന്റെ സാംസ്കാരിക പൈതൃകം

## നാടോടിക്കഥകൾ

കഥകൾ കേൾക്കാനുള്ള താല്പര്യം മനുഷ്യന് ജൻമസിദ്ധമാണ്. ജീവിത പ്രശ്നങ്ങൾക്ക് കഥകളിലൂടെ അതിജീവനം കണ്ടെത്താൻ അവന് കഴിയും. യഥാർത്ഥ ജീവിതത്തെ സന്തോഷഭരിതമാക്കാൻ മറ്റൊരു ജീവിതസൃഷ്ടിയിലൂടെ ശ്രമിക്കുന്നതാണ് നാടോടിക്കഥകളുടെ പിറവിക്ക് കാരണം. വിവിധതരത്തിലുള്ള കഥകളാൽ സമ്പന്നമാണ് നമ്മുടെ ദേശം. കഥ ആസ്വദിക്കുന്നതിന് പണ്ഡിത, പാമരത്വമോ പ്രായഭേദമോ ഇല്ല. ബാല്യകാലത്ത് കഥ കേൾക്കാനുള്ള ത്വര ഏറി നിൽക്കും. കഥ സംബന്ധിയായി പല ചോദ്യങ്ങൾ ഉയർന്നുവരുമ്പോഴും 'കഥയിൽ ചോദ്യമില്ല' എന്ന നാടൻമൊഴിയിലൂടെ അത് നിരുത്സാഹപ്പെടുത്തും. ഏവർക്കും വിജ്ഞാനവും ധാർമ്മികതയും പകർന്നു നൽകുന്നതിൽ നാടോടിക്കഥകൾക്ക് സവിശേഷമായ സ്ഥാനമാണുള്ളത്. സംസ്കാര സംക്രമണത്തിന് കളമൊരുക്കുന്ന നാടോടിക്കഥകളിൽ ആഖ്യാതാവിന്റെ ജീവിത വീക്ഷണവും സാഹിത്യാഭിരുചിയും നിറഞ്ഞു നിൽക്കുന്നു. ഇത്തരം കഥകളുടെ പിന്നിൽ ജീവിതാനുഭവങ്ങളും സങ്കൽപ്പങ്ങളുമാണുള്ളത്. ജീവിതത്തിന്റെ സമസ്തഭാവതലങ്ങളും ഈ കഥകൾ ഉൾക്കൊള്ളുന്നു. അതാത് പ്രദേശത്തിൻറെ ആത്മചൈതന്യം കലർന്ന നാടോടിക്കഥകളിൽ ആചാരവിശ്വാസങ്ങളും പെരുമാറ്റരീതികളും,

- കഥാശ്രവണ കൗതുകം
- സമൂഹത്തോട് നേരിട്ട് സംവദിക്കുന്ന ആഖ്യാനങ്ങൾ

താത്പ്പര്യങ്ങളും പ്രതിഫലിക്കുന്നുണ്ട്. സമൂഹത്തോട് നേരിട്ട് സംവദിക്കുന്നതാണ് ഇത്തരം ആഖ്യാനങ്ങൾ. കാലദേശാതിവർത്തിയായി നിലകൊള്ളുന്ന നാടോടിക്കഥകളിൽ കഥാഘടനയിലും ഉള്ളടക്കത്തിലും കാലക്രമേണ മാറ്റങ്ങൾ സംഭവിക്കും. ദു:ഖകരമായ ഇതിവൃത്തം തമാശയായും സങ്കീർണ്ണമായത് ലഘുവായും പരിവർത്തനം ചെയ്യപ്പെടാറുണ്ട്. പ്രപഞ്ചത്തിലെ സമസ്തവും ഇതിൽ പ്രതിപാദ്യവിഷയമാണ്.

സ്വഭാവമനുസരിച്ച് കഥകളെ ലളിതം, സങ്കീർണ്ണം എന്ന് രണ്ടായി തിരിക്കാം. സങ്കീർണ്ണതയും ലാളിത്യവും ആപേക്ഷികമാണ്. കഥ ഉൾക്കൊള്ളുന്ന പ്രശ്നം ലളിതമാവുകയും 'പ്രശ്നം' പരിഹരിക്കുന്നതിന് മുഖ്യകഥാപാത്രം/നായകൻ നേരിടുന്ന തടസ്സങ്ങൾ ലഘുവായിരിക്കുകയും ചെയ്താൽ അതിനെ ലളിതകഥയിൽ ഉൾക്കൊള്ളിക്കണം. മൃഗകഥകളും ഫലിതകഥകളും ഈ വിഭാഗത്തിൽപ്പെടുന്നു. പ്രശ്നങ്ങൾ സങ്കീർണ്ണമാകുന്നതിനൊപ്പം അവ പരിഹരിക്കുന്നതിനുവേണ്ടി കൂടുതൽ പ്രശ്നങ്ങളിലേക്ക് പതിക്കുകയും ഒടുവിൽ വളരെ ശ്രമപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുകയും ചെയ്യുന്ന കഥകളെ സങ്കീർണ്ണകഥകളെന്ന് പറയുന്നു. അലൗകിക കഥകൾ ഈ വിഭാഗത്തിൽപ്പെടുന്നു. എണ്ണത്തിൽക്കുറവായ ലൗകിക കഥകളെ സദാചാരം, ഫലിതം എന്നിങ്ങനെ വിഭജിക്കാം. സോദ്ദേശ്യങ്ങളായ സദാചാര കഥകൾ ധർമ്മം, നീതി തുടങ്ങിയ മൂല്യങ്ങൾ പകർന്നുനൽകുന്നു. ആക്ഷേപരീതിയിലുള്ളതും നിർദ്ദേശഫലിതം ആവിഷ്ക്കരിക്കുന്നതുമാണ് ഫലിതകഥകൾ. വിചിത്രതരമായ കഥാപാത്രങ്ങളും സംഭവങ്ങളും പ്രതിപാദിക്കുന്ന കഥകൾ അലൗകികകഥയുടെ പരിധിയിൽ വരുന്നു. 'ഫെയറിടെയിൽ' എന്ന പേരിൽപാശ്ചാത്യനാടുകളിൽ പ്രചുരപ്രചാരം നേടിയ ഇത്തരം കഥകളിൽ അമാനുഷികരായ എതിരാളികളെ പരാജിതരാക്കി മറ്റു പല ശക്തികളുടെയും സഹായത്തോടെ നായികയെ സ്വന്തമാക്കുന്ന നായകനെ അവതരിപ്പിക്കുന്നു. നാടൻ കഥകളിലെ കഥാപാത്രങ്ങളെ യുക്തികൊണ്ടളക്കാൻ സാധിക്കില്ല. സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധമുള്ള കഥാപാത്രങ്ങളാണ് അവയിൽ പ്രത്യക്ഷപ്പെടുക. മനുഷ്യർക്കൊപ്പം മൃഗങ്ങൾ, യക്ഷി, പിശാച്, സർപ്പങ്ങൾ, പക്ഷികൾ തുടങ്ങിയവയൊക്കെ കഥാപാത്രങ്ങളാകുന്നു. മിക്ക നാടോടികഥകളും മൂല്യബോധം വളർത്തുന്നതിൽ ദത്തശ്രദ്ധമാണ്. കർമ്മനിരതമായ ജീവിതമാണ് നാടോടിക്കഥകളിൽ പ്രത്യക്ഷമാകുന്നത്. ജീവിതത്തിലെ തിക്താനുഭവങ്ങളെ അതിജീവിക്കാനുള്ള പ്രാചീന ജനതയുടെ ശ്രമമാണ് ഇത്തരം കഥകളിൽ കാണാനാകുന്നത്.

- ജീവിതത്തിലെ കഠിനയാതനകളിൽ നിന്നും മോചനശ്രമം

## ഫോക്‌ലോറും സാഹിത്യവും

ആദ്യകാലത്ത് ഫോക്‌ലോർ എന്ന വിവക്ഷ നാടോടിസാഹിത്യത്തെയാണ് ഉൾക്കൊണ്ടിരുന്നത്. കടങ്കഥകളും പഴഞ്ചൊല്ലുകളും നാടോടിക്കഥകളും ശൈലികളും നാടൻപാട്ടുകളുമൊക്കെ ചേർന്ന നാടോടിസാഹിത്യം, കൂട്ടായ്മയുടെ സൃഷ്ടിയാണ്. വാമൊഴിയിലൂടെ പ്രചരിക്കുന്നതാണ് ഇത്തരം ഹൃദയാവിഷ്കാരങ്ങൾ. ഫോക്‌ലോറും സാഹിത്യവുമായുള്ള ബന്ധം വിശകലനം ചെയ്യുന്ന അമേരിക്കൻ

ഫോക്‌ലോറിസ്റ്റായ ആർച്ചർ ടെയ്‌ലർ അവ തമ്മിലുള്ള മൂന്നുതരം ബന്ധങ്ങൾ എടുത്തുപറയുന്നുണ്ട്.

1. മിക്ക സംസ്കാരങ്ങളിലും ഫോക്‌ലോറും സാഹിത്യവും വേർതിരിച്ചറിയാൻ പ്രയാസമാണ്.
2. സാഹിത്യത്തിൽ ധാരാളമായി ഫോക്‌ലോർ കാണുന്നു.
3. സാഹിത്യകാരൻമാർ ഫോക്‌ലോറിനെ അനുകരിക്കുന്നു.

▶ ഇതിഹാസങ്ങൾ വാമൊഴിയിൽ നിന്നും വരമൊഴിയിലേക്ക്

ഫോക്‌ലോറും സാഹിത്യവും വേർതിരിച്ചറിയുക സാർവലൗകികതയുള്ള ഒരു വിഷമപ്രശ്നമാണ്. കാരണം ഏതു സംസ്കാരത്തിലും ശുദ്ധസാഹിത്യത്തിന്റെ പ്രാരംഭഘട്ടം വാമൊഴി പാരമ്പര്യമായതിനാൽ അവ വ്യവച്ഛേദിച്ചറിയുക ബുദ്ധിമുട്ടാണ്. പാശ്ചാത്യ ഇതിഹാസ കൃതികളായ ഇലിയഡ്, ഒഡിസി, ഭാരതീയ ഇതിഹാസങ്ങളായ രാമായണം, മഹാഭാരതം തുടങ്ങിയവയൊക്കെ ആദ്യകാലത്ത് വാമൊഴിയായി പ്രചരിക്കപ്പെട്ട് പിൽക്കാലത്ത് വരമൊഴിയിലേക്ക് എത്തപ്പെടുകയാണുണ്ടായത്. നാടോടി സാഹിത്യത്തിന്റെ സവിശേഷതകളായ പാഠഭേദങ്ങൾ കാണപ്പെടുന്നതും, നിരക്ഷരർക്കുപോലും ഈ കൃതികളിലെ കഥകൾ അറിയാമെന്നതും ശ്രദ്ധേയമാണ്. ഉദാ:- രാമായണ കഥയ്ക്ക് വ്യത്യസ്തപാഠങ്ങളുണ്ട്; പേർഷ്യൻ രാമായണം, ടിബറ്റൻ രാമായണം, ജൈനരാമായണം തുടങ്ങിയവ. സദസ്സുകളിൽ ചൊല്ലിനടക്കുന്ന പാരമ്പര്യമുണ്ടായിരുന്ന രാമായണം, മഹാഭാരതം തുടങ്ങിയ ഇതിഹാസാദികളെ ക്ലാസ്സിക് കൃതികളായിത്തന്നെ പരിഗണിക്കുന്നു. ഇവ കൂടാതെ നാടോടിക്കഥകളെ ആധാരമാക്കിയുള്ള സാഹിത്യകൃതികളും കഥാസമാഹാരങ്ങളുമുണ്ട്. കഥാസരിത് സാഗരം, ജാതക കഥകൾ, പഞ്ചതന്ത്രം കഥകൾ തുടങ്ങിയവയിലൊക്കെ നാടോടി കഥാകഥനത്തിന്റെ പാരമ്പര്യം കണ്ടെത്താൻ കഴിയും.

▶ ഭാവനാസൃഷ്ടികളായ സാഹിത്യകൃതികളിൽ ഫോക്‌ലോറിന്റെ പ്രഭാവം

ഉള്ളടക്കം, രൂപം, ഭാഷ തുടങ്ങിയവയിലെല്ലാം സാഹിത്യം ഫോക്‌ലോറിനെ ആശ്രയിക്കുന്നു. ഇവയെല്ലാം സമൂഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസൃതമായാണ് രൂപപ്പെടുന്നത് എന്നതിനാൽ ഫോക്‌ലോർഭാഷ സ്വാഭാവികവും ഹൃദയത്തോട് ചേർന്ന് നിൽക്കുന്നതുമാണ്. തന്മൂലം മനുഷ്യമനസ്സിനെ എളുപ്പത്തിൽ സ്വാധീനിക്കാൻ അതിനാകും. ഭാഷാപാരമ്പര്യ വാമൊഴിവഴക്കങ്ങൾ അപ്രകാരമോ പരിഷ്കരിച്ചോ സാഹിത്യം ഉപയോഗപ്പെടുത്തുന്നു. ഭാവനാസൃഷ്ടങ്ങളായ സാഹിത്യരൂപങ്ങളിൽ ഫോക്‌ലോർ സ്വാധീനം കാണപ്പെടുന്നുണ്ട്. നാടോടി സാഹിത്യത്തെ ഏറെ ഉപജീവിച്ച എഴുത്തുകാരനാണ് ഷേക്സ്പിയർ. നാടൻ വിശ്വാസങ്ങൾ, മന്ത്രതന്ത്രാദികൾ എന്നിവയെ അദ്ദേഹം മാക്ബെത്ത് നാടകത്തിൽ നന്നായി വിനിയോഗിക്കുന്നുണ്ട്. മലയാള സാഹിത്യത്തിലും ഫോക്‌ലോർ സ്വാധീനം കാണാം. രാമചരിതം, കണ്ണശ്ശരാമായണം, അദ്ധ്യാത്മരാമായണം തുടങ്ങിയവ ഉദാഹരണങ്ങൾ. നമ്പ്യാരുടെ കൃതികൾ പഴഞ്ചൊല്ലുകളും ശൈലികളും ദേശ്യപദങ്ങളുംകൊണ്ട് സമൃദ്ധമാണ്. നാടോടി സാഹിത്യത്തിന്റെ ഭാഷ ഹൃദയത്തിന്റെ ഭാഷയായതിനാൽ ആസ്വാദനം സുഗമമാകും. ആധുനിക കവിത്രയത്തിൻറെ രചനകളിലും ഐതിഹ്യങ്ങളുടെയും പുരാവൃത്തങ്ങളുടെയും മാതൃകകൾ കാണപ്പെടുന്നുണ്ട്. പഴഞ്ചൊല്ലുകളും

നാടോടിക്കഥകളും ശീലുകളും പുരാണകഥകളും സമകാലിക സാഹചര്യത്തിൽ നിന്നുകൊണ്ട് സ്വീകരിക്കുമ്പോൾ പുതിയ അർത്ഥഭാവതലങ്ങൾ സർഗ്ഗലോകത്ത് സൃഷ്ടിക്കാനാകുന്നു.

## ആചാരങ്ങൾ

ഒരു ജനസമൂഹത്തെ മറ്റൊരു ജനസമൂഹത്തിൽ നിന്നും വേർതിരിക്കുന്നതിൽ പ്രധാനപങ്കുവഹിക്കുന്നവയാണ് ആചാരങ്ങൾ. പ്രാചീന ജനതയുടെ ജീവിത നടപടിക്രമങ്ങളാണിത്. സാമൂഹിക ആചാരങ്ങൾ പാലിക്കപ്പെടേണ്ട സാമൂഹികമായ നിയമങ്ങളുടെ ആദ്യനാമ്പുകളാണ്. നിജപ്പെടുത്തിയ ചര്യകൾക്ക് സമുദായത്തിൻറെ അനുമതി ഉണ്ടായാലത് ആചാരമായി സമൂഹത്തിന്റെ സ്വത്തായിത്തീരും. പിന്നീടത് തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടും. വിശ്വാസങ്ങളുടെ ക്രിയാംശങ്ങളാണിവ. ഉത്സവാഘോഷങ്ങളും മന്ത്രവാദവും സംസ്കാരക്രിയകളും ബാധോച്ചാടനവും നാടോടി വൈദ്യവുമൊക്കെ നാട്ടാചാരങ്ങളിൽ ഉൾപ്പെടും. കാലദേശങ്ങൾക്കനുസരിച്ച് ആചാരങ്ങളും പരിണാമവിധേയമാകുന്നുണ്ട്. ഒരിടത്തെ ആചാരം മറ്റൊരിടത്തുണ്ടാകണമെന്നില്ല. ഓരോ ദേശത്തിനും വർഗ്ഗത്തിനും ഉള്ള ആചാരങ്ങൾ ആയിരിക്കില്ല മറ്റൊരു ദേശത്തിനും വർഗ്ഗത്തിനും ഉള്ളത്. ആചാരത്തിന്റെ അടിത്തറ ആചരണത്തിലാണ്. ഒരു വസ്തുത ആചരിക്കുന്നു എന്നതിന്, ജനസാമാന്യത്തിന്റെ മാനസികതലത്തിൽ അതിന് ഏറെ സ്വാധീനമുണ്ടെന്നർത്ഥം. പള്ളികളിലും ക്ഷേത്രങ്ങളിലും ചെരുപ്പിട്ട് പ്രവേശിക്കാൻ പാടില്ല എന്നത് ഒരാചാരമാണ്. ശിവക്ഷേത്രത്തിൽ ഓവ് മുറിച്ച് പ്രദക്ഷിണം പാടില്ല എന്നതും ഇത്തരത്തിലുള്ളതാണ്. തീണ്ടൽജാതിക്കാർ ഉന്നതജാതിക്കാരിൽ നിന്നും ഇത്ര അടി മാറിനിൽക്കണമെന്ന അയിത്തവും ആചാരമായിരുന്നു. സ്ത്രീകളുടെ ആർത്തവകാലം അശുദ്ധകാലയളവായി ആചരിക്കുന്ന പതിവാണ് ഉണ്ടായിരുന്നത്. മരിച്ചാലും പ്രസവിച്ചാലും മണ്ണാന്മാരലക്കിയ, മാറ്റുടുത്ത് ആശൗചം മാറ്റുന്ന ആചാരവുമുണ്ട്. കുടുമ വയ്ക്കൽ പോലും ആചാരത്തിന്റെ ഭാഗമായിരുന്നു. ജീവിതഘട്ടങ്ങളിൽ ഓരോന്നിനും തനതായ ആചാരങ്ങളും ചടങ്ങുകളുമുണ്ട്. ഓരോ ജനസാമാന്യത്തിനും തനതായ നാട്ടാചാരങ്ങൾ ഉള്ളതുപോലെ സാർവലൗകികമായും ആചാരങ്ങളുണ്ട്. ഓണം, വിഷു, ശിവരാത്രി, വാവുബലി മുതലായവയോട് അനുബന്ധമായും ധാരാളം ഗാർഹികങ്ങളായ ആചാരങ്ങളുണ്ട്. ഇവ മിക്കവയും മതാചാരങ്ങളാണ്. വർഷത്തിൽ കൃത്യമായ ദിവസത്തിൽ നടന്നുവരുന്ന ആചാരങ്ങളാണിവ. എല്ലാ മതവിഭാഗക്കാർക്കും അവരുടേതായ ആചാരങ്ങളുണ്ട്. കൂടാതെ കൃഷി, ഉത്സവാഘോഷങ്ങൾ, വിവാഹകർമ്മങ്ങൾ, ആരാധന തുടങ്ങി ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും ആചാരത്തിന്റെ സ്വാധീനം കാണാനാകും. ജനസാമാന്യത്തിന്റെ സ്വത്വം നിലനിർത്തുന്നതിൽ ആചാരങ്ങൾ മുഖ്യപങ്ക് വഹിക്കുന്നു.

> ▶ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആചാരത്തിന്റെ വേരോട്ടം

## അനുഷ്ഠാനങ്ങൾ

സമൂഹജീവിതത്തിൽ ശ്രദ്ധയോടും നിഷ്ഠയോടും കൂടി പാലിക്കുന്ന നടപടിക്രമങ്ങളാണ് അനുഷ്ഠാനങ്ങൾ. അതിൻറെ പിന്നിലുള്ള വിശ്വാസങ്ങൾ അതീവ ശക്തങ്ങളായിരിക്കും. ഓരോ സമൂഹ

ത്തിനേയും തിരിച്ചറിയാനുള്ള ഉപാധിയാണ് അനുഷ്ഠാനങ്ങൾ. ഒരു വിഭാഗത്തിന്റെ അനുഷ്ഠാനം മറ്റുവിഭാഗങ്ങൾക്ക് നിഷിദ്ധമാകാം. പുരാവൃത്തത്തിന്റെയോ വിശ്വാസത്തിന്റെയോ സഹായമില്ലാതെ അനുഷ്ഠാനങ്ങൾക്ക് നിലനിൽപ്പില്ല. അലൗകികമോ ദേവതാപരമോ ആയ പ്രതീകാത്മക പ്രവർത്തനങ്ങളായ അനുഷ്ഠാനങ്ങൾ യുക്തിക്ക് അതീതമാണ്. വ്യത്യസ്തത പുലർത്തുന്ന മനുഷ്യസമൂഹത്തെ ഏകീകരിക്കാനും സമൂഹത്തിന് നിശ്ചിത ക്രമങ്ങൾ വരുത്താനും അനുഷ്ഠാനം സഹായിക്കുന്നു. അനുഷ്ഠാനങ്ങൾ എല്ലാ മതവിശ്വാസികൾക്കും ഒരുപോലെയല്ല. എന്നാൽ എല്ലാ മതവിശ്വാസികളും തീർത്ഥാടനത്തെ പുണ്യകർമ്മമായി കാണുന്നുണ്ട്. ഏറെ പ്രാക്തനമാണ് അനുഷ്ഠാനങ്ങൾ. ബ്രാഹ്മണർക്ക് സന്ധ്യാവന്ദനവും ഗായത്രീജപവും ഇസ്ലാംമത വിശ്വാസികൾക്ക് നമസ്കാരം, ദാനം തുടങ്ങിയവയും ക്രിസ്ത്യാനികൾക്ക് ഞായറാഴ്ച തോറും വിശുദ്ധ കുർബാനയും അനുഷ്ഠാനമായുണ്ട്. വ്യഭിചാരം തുടങ്ങിയ നിഷിദ്ധകർമ്മങ്ങൾക്കും പാപകർമ്മങ്ങൾക്കും പ്രായശ്ചിത്ത അനുഷ്ഠാനങ്ങളുമുണ്ട്. മതപരമായ ചടങ്ങുകളോട് അനുഷ്ഠാനങ്ങൾ ഇടകലർന്നത് പിൽക്കാലത്താണ്. മതങ്ങളെ ആസ്പദമാക്കുമ്പോൾ അവയെ അംഗീകരിക്കുന്നവയും അല്ലാതെയുമുള്ള അനുഷ്ഠാനങ്ങളുണ്ട്. മതാനുഷ്ഠാനത്തിന്റെ ഭാഗമായാണ് ധർമ്മാനുഷ്ഠാനങ്ങൾ രൂപംകൊണ്ടിരിക്കുന്നത്. അതിലൂടെ പുണ്യംനേടലും പാപവിമോചനവുമാണ് ലക്ഷ്യം വയ്ക്കുന്നത്. മാന്ത്രികാനുഷ്ഠാനങ്ങൾ എല്ലാ മതങ്ങളും അംഗീകരിക്കുന്നില്ല. ജപം, മന്ത്രോച്ചാരണം, നാമകീർത്തനം, പ്രാർത്ഥന മുതലായവ മന്ത്രാനുഷ്ഠാനത്തിൽ ഉൾപ്പെടുന്നു. തന്ത്രാനുഷ്ഠാനങ്ങൾ ഹൈന്ദവമതത്തിലാണ് കൂടുതലുള്ളത്. മനോവാക് കർമ്മങ്ങളെ നിയന്ത്രിക്കുന്ന നിഷ്ഠയാണ് വ്രതാനുഷ്ഠാനം. മന്ത്രതന്ത്ര വ്രതാദികളുമായി ബന്ധപ്പെട്ടതാണ് കർമ്മാനുഷ്ഠാനം. ഹോമകർമ്മം, ബലികർമ്മം എന്നിവയൊക്കെ ഇതിൽപ്പെടുന്നു.

▶ അനുഷ്ഠാനങ്ങൾ സമൂഹത്തിൽ വഹിക്കുന്ന പങ്ക്

## ഉത്സവങ്ങൾ

കൂട്ടായ്മയുടെ ഐക്യത്തെ ഉറപ്പിക്കുന്നതിൽ ഉത്സവാഘോഷങ്ങൾക്ക് ഗണ്യമായ പങ്കാണുള്ളത്. വ്യക്തികളുടെ അഹംബോധം ഇല്ലാതാക്കി സാമൂഹികബോധം വളർത്താൻ ഇവ ഏറെ സഹായകമാണ്. ജാതിമതാദിഭേദമുള്ളവരും ആചാരവിശ്വാസങ്ങളിൽ വേറിട്ടു നിൽക്കുന്നവരും ഉത്സവാഘോഷങ്ങളിൽ ഒരുമയോടെ ആണ് നിലകൊള്ളുന്നത്. മതനിരപേക്ഷമായ സാമൂഹിക ജീവിതം നയിക്കാൻ ഇവ പ്രേരകമാകുന്നു. മനുഷ്യസമുദായത്തെ ഗാഢമായി ബന്ധിപ്പിക്കാൻ ഉത്സവങ്ങൾക്ക് ശേഷിയുണ്ട്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കും വീടുകളിൽ നടക്കുന്ന ആഘോഷങ്ങൾക്കും വിവിധ സമുദായക്കാരുടെ സഹായ സഹകരണം ആവശ്യമുണ്ട്. മതപരവും മതനിരപേക്ഷവുമായ ഉത്സവാഘോഷങ്ങളുണ്ട്. സാംസ്കാരിക സംക്രമണം ഉത്സവാഘോഷങ്ങൾക്ക് പിന്നിലുണ്ട്. സാമൂഹിക ജീവിതത്തിൽ സഹകരണവും ഏകതയും ഉളവാക്കാൻ ഇവ പര്യാപ്തങ്ങളുമാണ്. ദേശീയവും പ്രാദേശികവുമായ ഉത്സവങ്ങൾ നാം ആഘോഷിക്കുന്നു. ആഘോഷങ്ങൾക്കടിത്തറ മതപരവും പൗരാണികവുമായ വിശ്വാസങ്ങളാണ്. ഭാരതത്തിലെ പൊതുവായ ഉത്സവങ്ങൾ, കേരളത്തിന് മാത്രമുള്ളവ, വിവിധ മതസ്ഥരുടെ ഉത്സവങ്ങൾ എന്നിവയാണ് കേരളീയരുടെ ഉത്സവങ്ങളിൽ പ്രമുഖം. ദീപാവലി, ശിവരാത്രി, നവരാത്രി തുടങ്ങിയ ഭാര

തത്തിലെ പൊതുവായ ഉത്സവങ്ങൾ, ഓണം, വിഷു, തിരുവാതിര മുതലായ കേരളീയ ഉത്സവങ്ങൾ തുടങ്ങിയവയും നമ്മുടെ സംസ്കാരത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. വിവിധ മതസ്ഥരുടെ ഉത്സവങ്ങളിൽ പ്രധാനം ക്രിസ്തുമസ്, ഈസ്റ്റർ, ബക്രീദ്, റംസാൻ തുടങ്ങിയവയാണ്. ഇവകൂടാതെ ഓരോ പ്രദേശത്തും ആഘോഷിക്കുന്ന ഉത്സവങ്ങളുമുണ്ട്. അത് ആരാധനാകേന്ദ്രവുമായി ബന്ധപ്പെട്ടവയോ കാർഷികോത്സവങ്ങളോ ആകാം. കൂടാതെ ജന്മദിനത്തോടും ചരമദിനത്തോടും ബന്ധപ്പെട്ടവയുമുണ്ട്. കരകൗശല വസ്തുക്കളുടെ ഒരു വലിയ വിപണികൂടിയാണ് ഉത്സവാദികൾ ഒരുക്കുന്നത്. ഉത്സവങ്ങളോടനുബന്ധിച്ചുള്ള വിനോദങ്ങൾ, വേഷഭൂഷാദികൾ, നൃത്തങ്ങൾ, ഗാനങ്ങൾ, ഭക്ഷണ സാമഗ്രികൾ തുടങ്ങിയവയൊക്കെ ആസ്പദമാക്കി നമ്മുടെ സാമൂഹിക ജീവിതത്തിന്റെ സാംസ്കാരികവും ഭൗതികവുമായ അവസ്ഥകളെ പഠിക്കാം. ഇവയിലൂടെ ലഭ്യമാകുന്ന വിജ്ഞാനലോകത്തിന്റെ സാധ്യതകളും ശ്രദ്ധേയമാണ്. ജീവിതത്തിന്റെ സമഗ്രരൂപം ഗ്രഹിക്കാൻ ഉത്സവങ്ങൾ സഹായിക്കുന്നു. അതിനാൽ ഇതൊരു സാമൂഹിക പ്രതിഭാസമാണെന്ന് പറയാം.

- ദേശകാലജീവിത സമ്പ്രദായങ്ങൾക്കനുഗുണമായി നിലകൊള്ളൽ

## വിശ്വാസങ്ങൾ

ജനസാമാന്യത്തെ വ്യവച്ഛേദിച്ചറിയാൻ, അവർ വച്ചുപുലർത്തുന്ന വിശ്വാസത്തെ ആധാരമാക്കാവുന്നതാണ്. പാരമ്പര്യമായി കൈമാറി വന്നതാണ് ഈ വിശ്വാസങ്ങൾ. നിമിത്തം, ശകുനം, അലൗകിക വിശ്വാസം, പാപത്തിലുള്ള വിശ്വാസം, പരലോക വിശ്വാസം തുടങ്ങിയ വിശ്വാസസംഹിതകൾക്ക് ഫോക്‌ലോർ പഠനത്തിൽ ഏറെ പ്രാധാന്യമുണ്ട്. ആചാരാനുഷ്ഠാനങ്ങൾക്ക് പിന്നിലും വിശ്വാസമാണുള്ളത്. ഗ്രാമീണ ജീവിതത്തെ വലിയൊരളവുവരെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നത് പ്രാക്തന മതവിശ്വാസങ്ങളാണ്. ഒരു പ്രവൃത്തി ആദ്യം തുടങ്ങുമ്പോഴും ശുഭകർമ്മങ്ങൾക്കുമെല്ലാം നല്ല സമയം തെരഞ്ഞെടുക്കുന്ന രീതി ജ്യോതിഷാടിസ്ഥാനത്തിൽ ചെയ്യാറുണ്ട്. സ്വപ്നത്തെ സംബന്ധിച്ചും വിശ്വാസം പുലരുന്നുണ്ട്. അമാനുഷികമായ ശക്തിവിശേഷം പ്രപഞ്ചത്തെ നിയന്ത്രിക്കുന്നുവെന്നത് ആദിമമായ വിശ്വാസമാണ്. ദിനചര്യകളിലും വസ്തുവകകൾ കൈമാറുന്നതിലുമൊക്കെ വിശ്വാസങ്ങൾ പുലരുന്നുണ്ട്. ഉദാ:- തൈര്, ഉപ്പ്, പാല്, തുടങ്ങിയവ സന്ധ്യകഴിഞ്ഞാൽ കൈമാറാൻ പാടില്ല എന്ന ഗ്രാമീണ വിശ്വാസം. കൃഷിനാശവും കന്നുകാലി നാശവും രോഗങ്ങളുണ്ടാകുന്നതും ദുർദേവതകളുടെ സാന്നിദ്ധ്യം മൂലമാണെന്ന വിശ്വാസം നിലവിലുണ്ട്. ദുർദേവതകൾ മനുഷ്യരെയും മറ്റ് ജന്തുക്കളെയും ബാധിക്കുമെന്നും അവയെ മാന്ത്രികകർമ്മങ്ങളിലൂടെയും ജപിച്ചുകെട്ടലിലൂടെയും ഒഴിവാക്കാനാകുമെന്ന സങ്കല്പവും ദേവതകൾ മനുഷ്യരിൽ ആവേശിച്ച് വെളിപാടുകൾ നടത്തുമെന്ന വിശ്വാസവുമൊക്കെ പാരമ്പര്യമായി കൈമാറി വന്നതാണ്. ദേവതകളുടെ പേര് പറഞ്ഞ് ആണയിട്ട് വെളിവാക്കുന്നത് സത്യമാണെന്ന് വിശ്വസിക്കുന്നതും വിശ്വാസത്തോടനുബന്ധിയായ ഒരു പ്രവൃത്തിയാണ്. ശാപവാക്കുകൾ, അറംപറ്റൽ തുടങ്ങിയവയും വിശ്വാസത്തിന്റെ ഭാഗമാണ്. ശകുനത്തെയും നിമിത്തങ്ങളെയും സംബന്ധിച്ച വിശ്വാസങ്ങളും നിലവിലുണ്ട്. പശു, നെല്ല്, നിറകുടം, പച്ചയിറച്ചി തുടങ്ങിയവ യാത്രാരംഭത്തിൽ കാ

ണുന്നത് ശുഭശകുനമാണ് എന്നത് അത്തരത്തിലുള്ള വിശ്വാസമാണ്. വിറക്, കയറ്, മഴു തുടങ്ങിയവ അശുഭങ്ങളായി ചിലർ കരുതിവരുന്നു. ഓന്ത്, പൂച്ച എന്നിവ യാത്രയ്ക്ക് കുറുകെ വരുന്നത് ദുർലക്ഷണവുമാണെന്ന് കരുതുന്നവരുണ്ട്. രാമായണം പകുത്ത് അതാത് ഏടിൽ കാണുന്ന വരികളിലെ ആശയം നോക്കി ശുഭകാര്യങ്ങൾ നിശ്ചയിക്കുന്ന വിശ്വാസവും പുലരുന്നുണ്ട്. കാർഷികവൃത്തിയുമായി ബന്ധപ്പെട്ടും നിരവധി വിശ്വാസങ്ങളുണ്ട്. വിത്ത് വിതയ്ക്കാനും കൊയ്ത്തിനും നെല്ല് പത്തായത്തിലിടുന്നതിനും നാൾ നോക്കുന്ന രീതി വിശ്വാസത്തിന്റെ ഭാഗമാണ്. സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഗൗളി ചിലച്ചാൽ പറഞ്ഞ കാര്യം സത്യമാണെന്നാണ് ഒരു വിശ്വാസം. നാടൻ വിശ്വാസങ്ങളാണ് ആചാരാനുഷ്ഠാനങ്ങൾക്കും ആരാധനകൾക്കുമൊക്കെ ആധാരം. മനുഷ്യഭാവനയും സങ്കല്പവുമാണിതിൽ പ്രതിഫലിക്കുന്നത്.

- നാടോടി ജീവിത സമ്പ്രദായത്തിൽ വിശ്വാസങ്ങളുടെ പ്രാധാന്യം
- മനുഷ്യന്റെ പ്രതീക്ഷകളും ആഗ്രഹങ്ങളും വിശ്വാസത്തിനടിത്തറ

## മന്ത്രവാദം

മതത്തെക്കാളും പ്രാക്തനമാണ് മന്ത്രവാദം. മാന്ത്രിക കർമ്മങ്ങളിലുള്ള വിശ്വാസം മതവിശ്വാസങ്ങളോട് പറ്റിച്ചേർന്നതാണ്. വ്യക്തിശക്തികൾക്കതീതമായി അമാനുഷികവും നിഗൂഢവുമായ സങ്കല്പത്തെ ആസ്പദമാക്കി അനുഷ്ഠിക്കുന്ന കർമ്മങ്ങളാണ് അത്. സാമവേദത്തിലും അഥർവവേദത്തിലും മന്ത്രവാദത്തെക്കുറിച്ചുള്ള വിവരണങ്ങൾ അടങ്ങിയിട്ടുണ്ട്. സാമവേദത്തിൽ മാന്ത്രിക പ്രയോഗത്തിനാവശ്യമായ രാഗങ്ങളും രോഗശമനം, വശ്യം തുടങ്ങിയവയ്ക്കുള്ള മന്ത്രവിധികൾ അഥർവവേദത്തിലും കാണപ്പെടുന്നു. സന്മന്ത്രവാദമെന്നും ദുർമന്ത്രവാദമെന്നും മാന്ത്രിക കർമ്മങ്ങൾ രണ്ടു വിധമുണ്ട്. സദ്ദേവതകളെ ഉപാസിച്ചുള്ള മാന്ത്രികകർമ്മം ആദ്യത്തേതും ദുർദ്ദേവതകളെ ഉപാസിച്ചുള്ള ആഭിചാരങ്ങൾ രണ്ടാമത്തെ വിഭാഗത്തിലും ഉൾപ്പെടുന്നു. കേരളത്തിൽ മാന്ത്രിക പാരമ്പര്യമുള്ളവരാണ് മലയരയർ, വേട്ടുവർ, ചെറുമർ, കുറുമർ, കുറിച്യർ, കാണിക്കാർ തുടങ്ങിയവർ. മനുഷ്യന്റെ ആഗ്രഹപൂർത്തിക്കുള്ള ഒരു മാർഗ്ഗമാണ് മന്ത്രവാദം. എന്നു കരുതിയിരുന്നു ബാധയെ ഉച്ചാടനം ചെയ്യുക എന്നുള്ളത് മന്ത്രവാദത്തിൽ പ്രധാനമാണ്. യക്ഷഗന്ധർവൻമാർ, ഭൂതപ്രേതപിശാചുക്കൾ, രോഗബാധകൾ എന്നിവയെ ബലികർമ്മത്തിലൂടെ മന്ത്രവാദത്താൽ നീക്കം ചെയ്യാനാകുമെന്നാണ് ചിലരുടെ വിശ്വാസം. മന്ത്രവാദത്തിന് മന്ത്രങ്ങളും മന്ത്രവാദപ്പാട്ടുകളും താളനിബദ്ധമായ പറച്ചിലുകളും ഉപയോഗത്തിലുണ്ട്. രോഗശമനത്തിനും ശത്രുനാശത്തിനും, വിഷനാശത്തിനും, ബാധോച്ചാടനത്തിനും, ഐശ്വര്യസിദ്ധിക്കും, വശ്യത്തിനുമൊക്കെ മന്ത്രവാദം നടത്തിയിരുന്നവരുണ്ട്. രോഗനിവാരണത്തിനുള്ള മന്ത്രവാദത്തിൽ ഔഷധപ്രയോഗങ്ങളുമുണ്ട്. ചില രോഗങ്ങൾക്ക് മന്ത്രം ജപിച്ചൂതുകയും ജലം മന്ത്രിച്ചൊഴിക്കുകയും നെയ്യ്, എണ്ണ ഇവ ജപിച്ച് പുരട്ടുകയും ചെയ്യാറുണ്ട്. വിഷവൈദ്യത്തിൽ മരുന്ന്, മന്ത്രം, യന്ത്രം എന്നിവയുടെ സംയോജനം കാണാം. മന്ത്രവാദത്തിലൂടെ, നഷ്ടപ്പെട്ട വസ്തുക്കളെ കണ്ടെത്താനുള്ള 'അഞ്ജനവിധി' ഒരുകാലത്ത് സർവസാധാരണമായിരുന്നു. ഔഷധക്കൂട്ടുകൾ കൊണ്ട് അഞ്ജനം ഉണ്ടാക്കി കണ്ണിലെഴുതിയോ, പ്രത്യേക സ്ഥലത്ത് പുരട്ടിയോ, പാത്രത്തിൽ കലക്കിവച്ച് നോക്കിയോ ആണ് ഈ വിദ്യ പ്രയോഗിച്ചിരുന്നത്. ഉപാസനാദേവതകളുടെ വ്യത്യാസമനുസരിച്ച് മന്ത്രവാദകർമ്മങ്ങൾക്ക്

> ▶ പ്രകൃതിശക്തിക ളെയും വിപത്തു കളെയും നേരിടാ നുള്ള ഉപാധി
> ▶ മതവിശ്വാസങ്ങ ളിൽ അലിഞ്ഞു ചേർന്ന മാന്ത്രിക കർമ്മങ്ങൾ

ഉപയോഗിക്കുന്ന സാധനങ്ങൾക്കും വ്യത്യാസം കാണും. ഗദ്യ, പദ്യ രൂപത്തിലുള്ള മന്ത്രങ്ങൾക്ക് ജാതി, വർഗ്ഗം, ഗോത്രം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യാസമുണ്ട്. ജ്യോത്സ്യവുമായും മന്ത്രവാദം ബന്ധപ്പെട്ടിരിക്കുന്നു. ബാധയുടെ സ്വഭാവം, ലക്ഷണം, ഉച്ചാടനരീതി തുടങ്ങിയവ ജ്യോത്സ്യപ്രവചനത്തിൽ ഉൾപ്പെടും. ആദിമജനതയുടെ ജീവിത സംസ്കാരങ്ങളോട് ബന്ധപ്പെട്ടിരിക്കുന്ന മന്ത്രവാദം വേറിട്ട വിജ്ഞാന സമ്പത്തുക്കളെയാണ് ഉൾക്കൊണ്ടിട്ടുള്ളത്.

## വിവിധ ആരാധനരീതികൾ

വിശ്വാസത്തിലധിഷ്ഠിതമായ വിവിധതരം ആരാധനകൾ നാടൻ ജീവിതത്തിൻറെ ഭാഗമായുണ്ട്. പ്രകൃതിയോടുള്ള ഭയഭക്തിപുരസ്സരമായ സമീപനമാണ് ആരാധനയുടെ പ്രാരംഭരൂപം. വൃക്ഷാരാധന, ഉർവ്വരതാരാധന, പൂർവികാരാധന, വീരാരാധന, മൃഗാരാധന, ദേവതാരാധന തുടങ്ങിയ വ്യത്യസ്ത ആരാധനാരീതികൾ നമ്മുടെ സംസ്കാരത്തിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഒരു സമൂഹത്തിന്റെ പൊതുസ്വഭാവവും സംസ്കാരവും ഏറെക്കുറെ അവരുടെ ആരാധനയിൽ നിന്നും മനസ്സിലാക്കാനാകും. ഭൂപ്രകൃതി, കാലാവസ്ഥ, ജീവിതോപാധികൾ തുടങ്ങിയവയൊക്കെ ആരാധനയെ വ്യത്യസ്തമാക്കുന്നു. കാർഷികവൃത്തിയിലധിഷ്ഠിതമായി ജീവിക്കുന്നവരുടെയും മത്സ്യബന്ധനവുമായി കഴിയുന്ന തീരദേശവാസികളുടെയും ആരാധനാരീതികൾ വ്യത്യസ്തമാണ്. സമൂഹത്തിന്റെ ജീവിതസമ്പ്രദായവുമായി ആരാധനയ്ക്ക് ബന്ധമുണ്ട്. (ഓരോ വിഭാഗക്കാരും തങ്ങൾക്കിഷ്ടമായ പദാർത്ഥങ്ങളാണ് ആരാധ്യദേവതകൾക്കർപ്പിക്കുന്നത്. ഓരോ പ്രദേശത്തും ലഭ്യമായ പദാർത്ഥങ്ങളാണ് അതതു പ്രദേശത്തെ ആരാധനയിൽ കൂടുതൽ ഉപയോഗിക്കുന്നത്. നാളികേരം, കുരുത്തോല, തെറ്റിപ്പൂവ് തുടങ്ങിയവ സാധാരണയായി ഉപയോഗിക്കുന്നവയാണ്. എല്ലാ പുഷ്പങ്ങളും ആരാധനയ്ക്ക് ഉപയോഗിക്കാറില്ല. തുളസി എല്ലാ ദേവതകൾക്കും പഥ്യമാണെങ്കിലും വൈഷ്ണവപൂജയ്ക്കാണ് ഉത്തമം. വെളുത്ത പുഷ്പങ്ങൾ വൈഷ്ണവപൂജയ്ക്കും ചുവന്നപൂക്കൾ ശക്തിപൂജയ്ക്കുമാണ് ഉപയോഗിക്കുക പതിവ്. കൂവളത്തില, തുമ്പപ്പൂവ് മുതലായവ ശിവപൂജയ്ക്ക് ധാരാളമായി ഉപയോഗിക്കുന്നു. കൈതപ്പൂവ് പൂജാദികളിൽ ഉപയോഗിക്കാറില്ല. ആരാധനയുടെ ഭാഗമാണ് മന്ത്രോച്ചാരണം. നൃത്തഗീതാദികളും വാദ്യവും ഉപാസനയുടെ ഭാഗമാണ്. പ്രാചീനകാലത്ത് വൃക്ഷമൂലങ്ങളിലും പാറക്കെട്ടുകളിലും മറ്റും ദേവതാസങ്കല്പം ചെയ്തുകൊണ്ട് തുടങ്ങിയ ആരാധന പിൽക്കാലത്ത് പലവിധ മാറ്റങ്ങൾക്ക് വിധേയമായി. കാവുകളും ക്ഷേത്രങ്ങളും പിൽക്കാലത്തുണ്ടായതാണ്. ശിലകൊണ്ടും ലോഹംകൊണ്ടും താന്ത്രിക വിധി പ്രകാരമുള്ള വിഗ്രഹമുണ്ടാക്കി ആരാധന ചെയ്യുന്ന രീതിയാണുള്ളത്. ആരാധനാനുഷ്ഠാനങ്ങളൊക്കെ മാനവ ഐക്യത്തിനും പരസ്പരസഹകരണത്തിനും വഴിയൊരുക്കുന്നു.

> ▶ പ്രകൃതിശക്തി കളോടുള്ള ഭയത്തിൽ നിന്നും ഉത്ഭവിച്ച ആരാധനാ സമ്പ്രദായങ്ങൾ

## അമ്മ ആരാധന

പശ്ചിമേഷ്യ, ഈജിപ്റ്റ്, മെസപ്പൊട്ടോമിയ എന്നീ രാജ്യങ്ങളിൽ ആദികാലങ്ങളിലേ അമ്മ ദൈവാരാധന നിലവിലുണ്ടായിരുന്നു. ഭാരതത്തിലെ അമാനുഷ മാതൃദേവതാ പൂജയുടെ അടിസ്ഥാനം പ്രാപ

ഞ്ചിക ശക്തിവിശേഷത്തിലൂന്നിയതാണ്. ഭൂമി, പ്രകൃതി, കാളി, ദുർഗ എന്നീ സങ്കല്പങ്ങളുടെയെല്ലാം അടിത്തറ അമാനുഷ മാതൃദേവതാപൂജയാണ്. ഇതാണ് പിൽക്കാലത്ത് ശക്ത്യാരാധനയായി പരിണമിച്ചത്. പല അമ്മ ദൈവങ്ങളും ശിവനിൽ നിന്നും പിറവിയെടുത്തതായാണ് വിശ്വസിക്കപ്പെടുന്നത്. കാളിക്കാവുകളിലും ഭഗവതി ക്ഷേത്രങ്ങളിലുമുള്ള ആരാധ്യദേവതമാർ അമ്മ ദൈവങ്ങളാണ്. അമ്മ ദൈവങ്ങൾ ഗ്രാമദേവതകളുമാണ്. ഗ്രാമീണജീവിതത്തിൽ മാതൃസങ്കല്പത്തിന് അനിഷേധ്യ സ്ഥാനമാണുള്ളത്. ഇത്തരം ദേവതമാർ മിക്കവരും അവിവാഹിതകളുമാണ്. ഇവർ നിഗ്രഹിക്കാനും അനുഗ്രഹിക്കാനും ശേഷിയുള്ളവരെന്നാണ് സങ്കല്പം. പകർച്ചവ്യാധി മാറാനും, രോഗനിവാരണത്തിനും, ആപൽബാന്ധവരായും, ശത്രു സംഹാരത്തിനും ആയി നിലകൊള്ളുന്ന ആപൽബാന്ധവരാണ് അമ്മ ദൈവങ്ങൾ എന്ന ഉറച്ച വിശ്വാസം ജനതയ്ക്കുണ്ട്. അതിനായി അവർ പ്രാർത്ഥനയും വഴിപാടും അമ്മ ദൈവങ്ങൾക്ക് അർപ്പിക്കാറുമുണ്ട്. കൊടുങ്ങല്ലൂരമ്മ, ലോകനാർക്കാവിലമ്മ, ചോറ്റാനിക്കരയമ്മ, വള്ളിയൂർക്കാവിലമ്മ, തുടങ്ങിയവരെല്ലാം മാതൃദേവതാധർമ്മം ഉൾക്കൊള്ളുന്നവരെന്നാണ് സങ്കല്പം.

- അമ്മ ആരാധനയുടെ പരിണാമമായ ശക്തി ആരാധന
- ഗ്രാമീണ ദേവതാ സങ്കല്പം

## പിതൃആരാധന

പൂർവികരെ ആരാധിക്കുന്നതിലൂടെ അവരുടെ പ്രീതിയാൽ ഐശ്വര്യമുണ്ടാകുമെന്നും മറിച്ചായാൽ അനർത്ഥങ്ങൾ ഉണ്ടാകുമെന്നുമുള്ള സങ്കല്പമാണ് പിതൃ ആരാധനയ്ക്ക് പിന്നിലുള്ളത്. പൂർവികരായ പിതൃക്കളെ പ്രത്യേക സ്ഥാനങ്ങളിൽ കുടിയിരുത്തി ദേവതകളായി അംഗീകരിച്ച് പൂജാദികർമ്മങ്ങൾ ചെയ്യപ്പെടുന്നുണ്ട്. പരേതരായ പൂർവികരുടെ കോലം കെട്ടിയാടുന്ന പതിവ് ഉത്തരകേരളത്തിലുണ്ട്. ഹൈന്ദവ വിഭാഗങ്ങൾ ശ്രാദ്ധമൂട്ടുന്നതും, വിശേഷ ദിവസങ്ങളിലുണ്ടാക്കുന്ന വിശിഷ്ട ഭക്ഷ്യപേയങ്ങൾ 'ചാവിനു വിളമ്പുന്ന'തും പിതൃആരാധനയുടെ ഭാഗമാണ്. മരിച്ചവരെല്ലാം ഉറ്റവർക്കൊപ്പമുണ്ടാകുമെന്നും ആരാധനയിലൂടെയും ഓർമ്മകളിലൂടെയും അത് നിലനിർത്തണം എന്നുമാണ് പിതൃആരാധനയിലുള്ളത്. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള സങ്കല്പവും വിശ്വാസവുമാണ് ഇതിന് പിന്നിലുള്ളത്. ആദിവാസികളും മറ്റും പരേതരുടെ സങ്കല്പത്തിൽ, മരിച്ച് ഒരുവർഷത്തിനുള്ളിൽ കോലം കെട്ടിയാടുന്ന പതിവുണ്ട്. ഇത്തരം അനുഷ്ഠാനങ്ങളിലൂടെ മരിച്ചവരുടെ ഓർമ്മപുതുക്കൽ മാത്രമല്ല അവരുമായി സംവദിക്കാനുമാകുമെന്നാണ് വിശ്വാസം. പിതൃആരാധനയുടെ ഫലം കുടുംബ ശ്രേയസ്സും പിതൃക്കളുടെ അനുഗ്രഹം നേടലുമാണ്. പാപകർമ്മം ചെയ്ത് മരിച്ചവർക്കും ദുർമരണം സംഭവിച്ചവർക്കും സദ്ഗതി വരുത്താനായി പരേതരുടെ പ്രതിരൂപമുണ്ടാക്കി തിലഹവനാദി കർമ്മങ്ങൾ ചെയ്ത് തിരുനെല്ലി തുടങ്ങിയ ക്ഷേത്രങ്ങളിൽ സമർപ്പിക്കുക പതിവുണ്ട്. പിതൃമോക്ഷത്തിനായി തിരുനെല്ലിയിൽ പിണ്ഡം വയ്ക്കാറുമുണ്ട്.

- കുടുംബ ഐശ്വര്യത്തെ ബാധിക്കുന്ന പിതൃആരാധനയുടെ അഭാവം

## ജന്തു ആരാധന

പ്രാചീന ജനസമൂഹത്തിന്റെ മതവിശ്വാസങ്ങളുമായി ബന്ധപ്പെട്ട ആരാധനാരീതിയാണ് ജന്തുക്കളെ ആരാധിക്കൽ. നിശ്ചിതമായ ഏതെങ്കിലും പക്ഷിയെയോ മൃഗത്തെയോ ചെടിയെയോ വൃക്ഷമോ ഒക്കെ അവർ പരിരക്ഷിക്കുകയും ആരാധിക്കുകയും ചെയ്തു. പശു, മയിൽ,

ഗരുഡൻ, കാള തുടങ്ങിയവയെ പുണ്യജീവികളായാണ് പ്രക്തനമനുഷ്യർ കണ്ടിരുന്നത്. മൃഗരൂപത്തിൽ പ്രത്യക്ഷപ്പെട്ട ദേവതകളെയും ആദിമമനുഷ്യർ ആരാധിച്ചുപോന്നിരുന്നു. പുലി ദൈവങ്ങൾ ആരാധിക്കപ്പെടുന്നുണ്ട്. പശുവിനെ പൂജിച്ച് ദാനം ചെയ്യുന്ന പതിവും ഒരു കാലത്ത് ഉണ്ടായിരുന്നു. കാർഷികവൃത്തിയിൽ അധിഷ്ഠിതമായി ജീവിതം നയിച്ചിരുന്ന പ്രാചീനജനത മൃഗസംരക്ഷണത്തിന് ഏറെ പ്രാധാന്യം നൽകിയിരുന്നു. ഏതെങ്കിലും മൃഗമോ പക്ഷിയോ വൃക്ഷമോ തങ്ങളുടെ വംശത്തോട് ബന്ധമുള്ളതാണെന്ന് വിശ്വസിച്ച് ഗോത്രചിഹ്നമായി അംഗീകരിച്ച് പരിരക്ഷിച്ച് പോന്നു. ഗോത്രപ്രതിരൂപമായ ഇത്തരം ജീവജാലങ്ങളെ അതാത് ഗോത്രക്കാർ ആരാധിക്കുകയും ചെയ്തു. ഉത്തര കേരളത്തിലെ മലയർ, പാണർ തുടങ്ങിയ സമുദായക്കാർ 'ഗോദവരിയാട്ടം' (കോതാമ്മൂരിയാട്ടം) എന്ന കലാപ്രകടനം നടത്തുന്നത് കാർഷിക-ഗോസമൃദ്ധിക്ക് വേണ്ടിയാണ്. നെൽക്കതിരുകൊണ്ട് കാളയുടെ രൂപം ഉണ്ടാക്കി എഴുന്നള്ളിക്കുന്ന പതിവ് ദക്ഷിണകേരളത്തിലുണ്ട്. ആന, കാള, പശു തുടങ്ങിയ മൃഗങ്ങളെ ക്ഷേത്രങ്ങളിലും കാവുകളിലും നടയ്ക്കിരുത്തുക പതിവാണ്. അതാതു നക്ഷത്രങ്ങൾക്കനുസരിച്ചുള്ള മൃഗങ്ങളെയും പക്ഷികളെയും അനുഷ്ഠാനത്തോടു ബന്ധപ്പെട്ടല്ലാതെ വധിക്കാനോ ഭക്ഷിക്കാനോ പാടില്ലെന്ന വിശ്വാസം ശക്തമായിരുന്നു.

▶ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ആരാധന

## വൃക്ഷാരാധന

മറ്റ് ആരാധനാ രീതികളേക്കാൾ പ്രാക്തനമായതാണ് വൃക്ഷാരാധന. വൃക്ഷങ്ങളെ പൂജിക്കുക, വൃക്ഷമൂലങ്ങളിൽ ദേവതകളെ കുടിയിരുത്തുക, കാവുകൾ ഉണ്ടാക്കി അതിൽ ദേവതാരാധന നടത്തുക തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമാണ്. വർത്തമാനകാലത്തും വൃക്ഷമൂലങ്ങളിൽ ആയുധങ്ങളും ശിലാവിഗ്രഹങ്ങളും വച്ച് ദേവതാ സങ്കല്പത്തിൽ ആരാധന ചെയ്യുന്നത് കാണാനാകും. പാല, ചെമ്പകം, ആല്, പ്ലാവ്, ഇലഞ്ഞി, കാഞ്ഞിരം തുടങ്ങിയ വൃക്ഷങ്ങളിൽ ദേവതകൾ കുടികൊള്ളുന്നു എന്ന വിശ്വാസമുണ്ട്; പ്രത്യേകിച്ചും പാലുള്ള (വെള്ളക്കറ) വൃക്ഷങ്ങളിൽ. പനകളിലെ യക്ഷിയും പാലമരത്തിൽ രക്ഷസ്സുകളും വസിക്കുന്നുണ്ടെന്നാണ് വിശ്വാസം. വേപ്പുമരത്തിന്റെ ദേവത കാളിയാണ്. നെല്ലിയിലും കൂവളത്തിലും മഹാലക്ഷ്മി വസിക്കുന്നു എന്നാണ് സങ്കൽപ്പം. വൃക്ഷങ്ങൾ നശിപ്പിക്കുക എന്നത് അതിൽ കുടികൊള്ളുന്ന ആത്മാവിനെ നശിപ്പിക്കുമെന്നതിനാൽ അതൊരു പാപകർമ്മമായാണ് പ്രാചീനർ കരുതിപ്പോന്നത്. അനുഷ്ഠാനകർമ്മങ്ങൾക്ക് ചില വൃക്ഷങ്ങളുടെ ഇലകളും ചില്ലകളും തടിയുമൊക്കെ ഉപയോഗിക്കാറുണ്ട്. പാന എന്ന അനുഷ്ഠാന കർമ്മത്തോടനുബന്ധിച്ചുള്ളതാണ് പാലക്കൊമ്പെഴുന്നള്ളത്ത്. മീനപ്പൂരത്തിന് കാമനെ പൂജിച്ച 'പൂരപ്പൂക്കളെ' പ്ലാവിന്റെ ചുവട്ടിലാണ് അർപ്പിക്കുക. ശനിയാഴ്ച അരയാൽ പ്രദക്ഷിണം വയ്ക്കുന്നത് ശ്രേയസ്കരമാണെന്നാണ് വിശ്വസിക്കുന്നവരുമുണ്ട്. അരയാൽ നട്ടുവളർത്തുകയെന്നത് പുത്രന്മാർക്കും ജലദാനം, അന്നദാനം എന്നിവയക്കും സമാനമായ പ്രവൃത്തിയെന്നാണ് കരുതപ്പെടുന്നത്. വൃക്ഷാരാധനയും നാഗാരാധനയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പരിശുദ്ധിയോടെ സംരക്ഷിക്കപ്പെടുന്ന വൃക്ഷക്കൂട്ടമാണ് കാവുകൾ. നാഗക്കാവുകളിൽ പാലുള്ള വൃക്ഷങ്ങളാണ് കൂടുതൽ ഉണ്ടായിരിക്കുക. വൃക്ഷങ്ങളും വള്ളികളും നിബിഡമായിരിക്കുന്ന കാ

വുകൾ പല ദേവതകളുടെയും സ്ഥാനങ്ങളാണ്. അയ്യപ്പൻകാവുകളും കാളിക്കാവുകളും ഇത്തരം ആരാധനാ കേന്ദ്രങ്ങളാണ്. കാവുകളും പുണ്യവൃക്ഷങ്ങളും വെട്ടിനശിപ്പിച്ചുകൂടാ എന്നാണ് വിശ്വാസം. ഓരോ ജന്മനക്ഷത്രത്തിനും വൃക്ഷമുണ്ട്. അത് നട്ടുവളർത്തുന്നത് ആയുസ്സിന് ഹിതകരമാണെന്നാണ് സങ്കല്പം. വീടുകളുടെ ഓരോ ഭാഗത്തും ഇന്ന യിന്ന വൃക്ഷങ്ങളേ നട്ടുവളർത്താൻ പാടുള്ളൂ എന്ന വിശ്വാസവുമുണ്ട്. ഉദാഹരണത്തിന് കിഴക്ക് - പ്ലാവ്, കൂവളം, തെക്ക് - പുളി, അമ്പഴം, പടിഞ്ഞാറ് - തെങ്ങ്, പാല, വടക്ക് - പുന്ന. ഇത്തരത്തിൽ വൃക്ഷാ രാധന ചെയ്യുമ്പോൾ പ്രകൃതി സംരക്ഷണം സ്വാഭാവികമായും സംഭ വിക്കുകയുമാണ്.

- വൃക്ഷങ്ങൾ ദേ വതാത്മാവെന്ന സങ്കല്പം
- പ്രാക്തനമായ ആരാധനാരീതി

## നാട്ടുവിജ്ഞാനം

വാമൊഴിയിലൂടെ പകർന്ന് കിട്ടുന്ന പാരമ്പര്യ വിജ്ഞാനമാണിത്. പ്രാക്തന ജനതയുടെ അറിവും അനുഭവവുമാണ് ഇത്തരം വിജ്ഞാ നത്തിന് രൂപം നൽകുന്നത്. സ്വന്തം ദേശത്തുനിന്ന് പ്രായോഗികമായി കൂട്ടായ്മയിലൂടെ രൂപം കൊണ്ട് കൈമാറിവന്ന പ്രകൃതി അറിവുകൾ, പരിസ്ഥിതി സംരക്ഷണത്തിനുള്ള അറിവുകൾ, സസ്യങ്ങളെയും മണ്ണി നെയും ജലസംരക്ഷണത്തെയും കുറിച്ചുള്ള നാട്ടറിവുകൾ, മത്സ്യബ ന്ധനം, പാരമ്പര്യ ജന്തുവിജ്ഞാനം തുടങ്ങിയവയെല്ലാം ഇതിലുൾപ്പെ ടുന്നു. മനുഷ്യന്റെ വളർച്ചയ്ക്ക് അനുഗുണമായി ഇത്തരം അറിവുകൾ വികസിക്കാറുമുണ്ട്. ജനസമുദായത്തിന്റെ ജൈവസത്തയെ നിലനിർ ത്തുന്നതിലും സംരക്ഷിക്കുന്നതിലും നാട്ടറിവുകൾ ഏറെ പ്രാധാ ന്യത്തോടെ നിലകൊള്ളുന്നു. പ്രകൃതിയോടിണങ്ങി നിൽക്കുന്ന വികസന സങ്കൽപ്പങ്ങൾ വളർത്തിയെടുക്കാൻ നാട്ടറിവുകൾ സഹായ കമാണ്. തങ്ങളുടെ അധിവാസ മേഖലയിൽ നിന്നും അനുഭവ പരിസര ത്തിലൂന്നിയുള്ള ആവാസവ്യവസ്ഥയുടെ വിനിയോഗം, വൈവിധ്യപൂർ ണ്ണമായ കൃഷിരീതി എന്നിവയൊക്കെ നാട്ടുദർശനത്തിന്റെ ഭാഗമാണ്. പ്രകൃതിയുമായി ഗാഢസമ്പർക്കത്തിലേർപ്പെട്ട് നേടിയ ജ്ഞാനസത്ത യുടെ തലമുറകളിലൂടെയുള്ള കൈമാറ്റമാണിത്. കണ്ടറിഞ്ഞതും കേ ട്ടറിഞ്ഞതും ചെയ്തറിഞ്ഞതുമായ നേരറിവുകളാണ് അവ. പ്രാക്തന സമൂഹത്തിന്റെ ജീവിതാനുബന്ധിയായ നിരീക്ഷണ പരീക്ഷണങ്ങളി ലൂടെ ലഭിച്ച എഴുതപ്പെടാത്ത അറിവുകളാണ് ഇത്. പ്രകൃതിയോടിണ ങ്ങിയ ചികിത്സാവിധികൾ നാട്ടറിവുമായി ബന്ധപ്പെട്ടതാണ്. പനിവരു മ്പോൾ ശരീരോഷ്മാവ് കുറയ്ക്കാനായി തിനയിട്ട് തിളപ്പിച്ച വെള്ളം കുടിക്കുന്നത്, വിത്തുകൾ സംരക്ഷിക്കാനായി ചുരയ്ക്കാത്തൊണ്ടി ലാക്കി പുകയത്ത് കെട്ടിസൂക്ഷിക്കുന്നത് ഒക്കെ നാട്ടറിവിനുള്ള ഉദാ ഹരണങ്ങളാണ്. പ്രായോഗിക ജ്ഞാനത്തിലൂടെ നേടിയെടുക്കുന്ന നാട്ടറിവ് സർവ്വ ചരാചരങ്ങളെയും ഉൾക്കൊള്ളുന്ന പ്രാപഞ്ചിക വീ ക്ഷണത്തിൽ അധിഷ്ഠിതമാണ്.

- ജീവിതത്തിന്റെ സമസ്തമേഖ ലയേയും സ്പ ർശിക്കുന്ന പാര മ്പര്യവിജ്ഞാനം

## Summarised Overview

ഇങ്ങനെ പ്രാചീനകാലം മുതൽക്കേ കേരളത്തിലെ മണ്ണിൽ മുളച്ച് അധ്വാനിക്കുന്ന ജനതയുടെ വിയർപ്പിന്റെ സാംസ്കാരിക പരിമളം പരത്തി ഗ്രാമീണ ജനസമുദായങ്ങൾക്ക് ശക്തിയും ഉന്മേഷവും കർമ ചൈതന്യവും വളർത്തി നിലനിന്നുപോന്ന വൈവിധ്യവും വൈചിത്ര്യവും കലർന്ന, എണ്ണിയാലൊടുങ്ങാത്ത ദൃശ്യ-ശ്രാവ്യ-വർണോജ്വല ഗ്രാമീണകലകളാണ് നമ്മുടെ ഏറ്റവും മഹത്തും മൗലികവുമായ പൈതൃകം. ഈ മഹത്തായ പൈതൃകം നഷ്ടപ്പെട്ടാൽ നമ്മുടെ ജീവിതത്തിന്റെ ആത്മാവും അത് ഏറെക്കുറെ അടിവേരുകളുമായിരിക്കും നമുക്കു നഷ്ടപ്പെടുക.

നമ്മുടെ ഗ്രാമീണജീവിതത്തിന്റെ പരമ്പരാഗതവും അടിസ്ഥാനപരവുമായ കാർഷികജീവിത സംവിധാനങ്ങൾ കാലഗതിയിൽ ശിഥിലമാകുകയും നഗരവൽക്കരണവും നാഗരിക ജീവിതവും അവയോടൊപ്പം തലയുയർത്തിയ വൈദേശിക പരിഷ്കാരമോടിക്രമങ്ങളും ജീവിതശൈലിയെ മാറ്റുകയും കാലഘട്ടത്തിന്റെ മുഖച്ഛായയിൽ രൂപഭേദം വരുത്തുകയും ചെയ്തതോടുകൂടി നമ്മുടെ വിലപ്പെട്ട ഗ്രാമീണ കലാപൈതൃകവും പ്രകൃതിസുന്ദരമായ നമ്മുടെ ഗ്രാമസൗഭാഗ്യങ്ങളും നമുക്ക് നഷ്ടപ്പെട്ടു. സ്വന്തം മണ്ണും മനുഷ്യനും രൂപവും നഷ്ടപ്പെടുന്നതിനും കാരണമാകുന്നു. ഈ പ്രതിസന്ധിയെ നേരിടുന്നതിനുള്ള വിപുലമായ ഒരു ജനകീയ കലാസാംസ്കാരിക പ്രസ്ഥാനത്തെ വളർത്തിയെടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമത്രെ. ഗ്രാമീണജനതയുടെ അഭിരുചികളെയും അധ്വാനജീവിതത്തെയും ആശയാഭിലാഷങ്ങളെയും കലാപരമായി സേവിക്കുകയെന്ന ഗ്രാമീണകലകളുടെ മഹത്തായ ദൗത്യവും ഉത്കൃഷ്ടമായ കടമയും നിർവഹിക്കപ്പെടണമെങ്കിൽ പ്രസ്തുത കലാപാരമ്പര്യങ്ങളെ ഗ്രാമതലങ്ങളിൽ തന്നെ കണ്ടെത്തി ഗ്രാമീണജനതയുടെ ജീവിതത്തിന്റെ ഭാഗമാക്കി അവിടെ വെച്ചുതന്നെ വളർത്തിക്കൊണ്ടു വരേണ്ടതാണെന്നുള്ള കാര്യത്തിൽ സംശയമില്ല.നമ്മുടെ ഗ്രാമങ്ങളിലെ കാർഷിക മേഖലകളെയും, ഹരിതാഭമായ പ്രകൃതി സൗന്ദര്യത്തെയും കാർഷിക പ്രധാനമായ കൈത്തൊഴിൽ വ്യവസായങ്ങളെയും വീണ്ടെടുത്തു സംരക്ഷിക്കുവാനുള്ള സജീവഭാഗമായി വർത്തിക്കേണ്ട ആവശ്യമുണ്ട്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഇന്ന് നിരവധിയുണ്ട്. ഗ്രാമീണകലാസംസ്കാരത്തിന്റെ ചരിത്രത്തിലെ ഒരു നൂതനസംരംഭമെന്ന നിലയിൽ അപ്രകാരമൊരു നവോത്ഥാന പ്രസ്ഥാനത്തിന് ഇന്ന് അതിയായ പ്രസക്തിയുണ്ട്.

## Assignments

1. നാടോടിക്കഥകൾ സമാഹരിച്ച് വിലയിരുത്തുക.
2. സ്വന്തംദേശത്ത് നിലവിലുള്ള നാടോടിപ്പാട്ടുകളുടെ സവിശേഷ പഠനം നിർവഹിക്കുക.
3. നാടൻചൊല്ലുകളെ ശേഖരിച്ച് അപഗ്രഥിക്കുക.
4. വിവിധ ആരാധനാരീതികളെക്കുറിച്ച് വിവരിക്കുക
5. ഫോക്‌ലോറും സാഹിത്യവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നത് എപ്രകാരമെന്ന് വിവരിക്കുക.

## Suggested Reading


1. ജയചന്ദ്രൻ കീഴോത്ത്, കേരളഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018
2. എൻ. ഭക്തവത്സല റെഡ്ഡി (ജനറൽ എഡിറ്റർ), ഫോക്ലോർപഠനം: സിദ്ധാന്തതലം, ഫോക്‌ലോർ സൊസൈറ്റി ഓഫ് സൗത്ത് ഇന്ത്യൻ ലാങ്ഗ്വേജസ്, തിരുവനന്തപുരം, 2004
3. ബി. മുഹമ്മദ് അഹമ്മദ്, മാപ്പിളഫോക്‌ലോർ, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2009
4. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006
5. രാഘവൻ പയ്യനാട്, ഫോക്‌ലോറിനൊരു പഠനപദ്ധതി, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1998


## Reference


1. ഡോ. എം. വി. വിഷ്ണുനമ്പൂതിരി, നാടോടിവിജ്ഞാനീയം, ഡി.സി.ബുക്സ്, കോട്ടയം, 2011
2. ഡോ. എം. വി. വിഷ്ണുനമ്പൂതിരി), ഫോക്‌ലോർ നിഘണ്ടു, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
3. ഡോ. എം. വി. വിഷ്ണുനമ്പൂതിരി , മുഖദർശനം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2017
4. Chummar Chundal,Studies in Folklore of kerala, College Book Hose, Thiruvananthapuram, 1978


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# നാടൻ കലകൾ

## BLOCK-03

SGOU

# Unit 1

# നാടൻ കളികൾ, നാടൻ കലകൾ

## Learning Outcomes

- കേരളീയ കലാപാരമ്പര്യവും അവയുടെ തനിമയും മനസ്സിലാക്കുന്നു
- നാടോടി നാടകങ്ങളുടെ വൈവിധ്യം മനസ്സിലാക്കുക
- അനുഷ്ഠാനം, ആഘോഷം, ഉത്സവം, വിനോദം തുടങ്ങിയവയുമായി ബന്ധപ്പെട്ട കലകൾ വഹിക്കുന്ന സാമൂഹികവും സാംസ്കാരികവുമായ ദൗത്യം തിരിച്ചറിയുക
- അനുഷ്ഠാന രംഗകലകളുടെ വൈവിധ്യം മനസ്സിലാക്കുക

## Background

നാടൻജീവിതത്തിന്റെ സമസ്തമേഖലകളുമായി ബന്ധപ്പെട്ട് നിൽക്കുന്നവയാണ് നാടൻ കളികൾ. 'കളി' എന്ന പദം ആഴത്തിലുള്ള അർത്ഥവ്യാപ്തി ഉൾക്കൊള്ളുന്ന ഒന്നാണ്. 'കല' എന്ന അർത്ഥമാണ് പ്രയോഗത്തിലൂടെ അതിന് കൈവന്നിരിക്കുന്നത്. പ്രാക്തന മനുഷ്യന്റെ കളികളുടെ ചുവടുവയ്പ്പിൽ നിന്നാണ് നൃത്തരൂപങ്ങളും കലാപ്രകടനങ്ങളും അനുഷ്ഠാനകർമ്മങ്ങളും നാടൻകലകളുമൊക്കെ പിറവിയെടുത്തിട്ടുള്ളത്. അനുഷ്ഠാനകലകൾ, അർദ്ധാനുഷ്ഠാനകലകൾ, ബാധോച്ചാടനകലകൾ, ആയോധനകലകൾ എന്നിങ്ങനെ നിരവധി വിഭാഗങ്ങളായി ഇവയെ തിരിക്കാവുന്നതാണ്. നാടൻകലകൾ ഭൂരിഭാഗവും അനുഷ്ഠാനവുമായി ബന്ധപ്പെട്ടുള്ളതാണ്. അനുഷ്ഠാനങ്ങൾ വർത്തമാനകാല സമൂഹത്തിൽനിന്നും ഇല്ലായ്മ ചെയ്യപ്പെടുമ്പോൾ ഇത്തരം കലകൾക്കും ശോഷണം സംഭവിക്കും. വിനോദവും വിജ്ഞാനവും പകർന്നു നൽകുന്നതും ബൗദ്ധികവും കായികവുമായ ഉണർവുണ്ടാക്കുന്നതും ഉദ്ബോധനപരവുമാണ് ഇത്തരം കലകൾ. കളികളുടെ സാമൂഹികവും സാംസ്കാരികവുമായ ധർമ്മം കുടികൊള്ളുന്നത് കളിയിലേർപ്പെടുമ്പോഴുള്ള ഒരുമയിലും സമഭാവനയിലും അന്വേഷണവ്യഗ്രതയിലുമാണ്. ഭൂപ്രകൃതിയും കാലാവസ്ഥാഭേദങ്ങളും നാടൻകലകളിൽ വൈവിധ്യം സൃഷ്ടിക്കുന്നുണ്ട്. സർഗ്ഗാത്മകത, ക്രിയോന്മുഖത തുടങ്ങിയവ വളർത്താൻ ഇവ സഹായിക്കും.

## Keywords

അതിജീവനോപാധികൾ-പാരമ്പര്യകലകൾ-ഉർവരതാനുഷ്ഠാനം-സമൂഹിക ഒരുമ

# Discussion

ഓരോ ദേശസംസ്കൃതിക്കും നാടൻകലകൾ സ്വന്തമായുണ്ട്. അരങ്ങിനോടനുബന്ധിച്ച് ശരീരഭാഷയിലൂടെ പ്രകടിപ്പിക്കപ്പെടുന്ന നാടോടിനൃത്തങ്ങളും നാടകങ്ങളും അനുഷ്ഠാന-അനുഷ്ഠാനേതര രംഗകലകളും ഇത്തരത്തിലുള്ളവയാണ്. നാടോടിജനതയുടെയും പാർശ്വവല്ക്കരിക്കപ്പെട്ടവരുടെയും ഗോത്രവർഗ്ഗക്കാരുടെയും സാംസ്കാരികാവിഷ്ക്കാരങ്ങളായ ഇവ മനുഷ്യസമൂഹത്തെയും സംസ്കാരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈടുറ്റ കണ്ണികളാണ്. കൂട്ടായ്മയും അതിജീവനത്തിന്റെ ഉപാധികളും അന്യംനിന്നുപൊയ്ക്കൊണ്ടിരിക്കുന്ന മൂല്യസങ്കല്പങ്ങളും വീണ്ടെടുക്കാനുള്ള ശ്രമമാണ് നാടൻകലകളുടെ പഠനത്തിലൂടെ നേടാനാകുന്നത്. നാടൻകലകളിൽ മിക്കതും ജാതി, വർഗ്ഗപാരമ്പര്യത്തോട് ബന്ധപ്പെട്ടാണ് രൂപംകൊണ്ടത്. ചിലതൊക്കെ സമുദായ കുലത്തൊഴിലിന്റെ ഭാഗവുമാണ്. അനുഷ്ഠാനങ്ങൾക്ക് ഏറെക്കുറെ പ്രാമുഖ്യമില്ലാത്ത സമൂഹത്തിൽ പാരമ്പര്യകലകൾക്കുള്ള പ്രാധാന്യം ക്ഷയിച്ചുപോകും. മാത്രവുമല്ല പാരമ്പര്യകലകൾക്ക് പരിശീലനവും ആവശ്യമാണ്. പക്ഷെ ജീവിതായോധനത്തിന് ഇവ മതിയാകാത്തതിനാൽ പുതിയ തലമുറ പാരമ്പര്യകലകളെ ജീവിതോപാധിയാക്കുന്നുമില്ല.

- സംസ്കാരവും മനുഷ്യസമൂഹവും തമ്മിലുള്ള ബന്ധം
- സംസ്കൃതിയെ വീണ്ടെടുക്കൽ

## നാടോടിനൃത്തങ്ങൾ

പ്രാകൃതനൃത്തത്തിൽ നിന്നാണ് നാടോടിനൃത്തം രൂപംകൊണ്ടത്. പ്രാകൃതനൃത്തങ്ങൾ ആയോധനത്തിനോ അനുഷ്ഠാനത്തിനോ ഉള്ള താളാനുസൃതമായ വൈകാരികപ്രകടനമാണ്. ദേവതാപ്രീതി, രോഗനിവാരണം, ബാധോച്ചാടനം, ഉർവരത തുടങ്ങി ജീവിതവുമായി ബന്ധപ്പെട്ടമേഖലകളിലെല്ലാം ആദിമജനത പ്രാകൃതനൃത്തങ്ങളെ ഉപയോഗിച്ചിരുന്നു. നാടൻജീവിതത്തിന്റെ സ്വാഭാവികമായ അനുഭൂതികളാണ് നാടോടിനൃത്തങ്ങൾ. നാട്യോല്പത്തിയെയും അതിന്റെ പ്രാചീനതയെയുംകുറിച്ച് ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്. നാട്യശാസ്ത്രത്തിന്റെ പിറവിക്കുമുമ്പ്തന്നെ നടോടിക്കലകൾ നിലവിലുണ്ടായിരുന്നു. വേദേതിഹാസങ്ങളിലും സംഘകാലകൃതികളിലും നൃത്തമെന്ന പ്രാചീനകലയെക്കുറിച്ച് പരാമർശമുണ്ട്. നാടോടിനൃത്തങ്ങളെ സംഘനൃത്തമെന്നും വ്യക്തിനൃത്തമെന്നും രണ്ടായി തിരിക്കാം. പൂരക്കളി, കോൽക്കളി, തിരുവാതിരക്കളി മുതലായവ സംഘനൃത്തത്തിനുദാഹരമാണ്. ഒറ്റയ്ക്കുള്ള നൃത്തങ്ങൾ പലതും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഉദാ:- തെയ്യം, തിറ. സംഘനൃത്തങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രാചീനമാണ് വർത്തുളനൃത്തം. സൂര്യന്റെ ഗതിക്കനുസരിച്ചോ അതിനു വിപരീതമായോ വിശുദ്ധമായി കരുതുന്ന ഏതെങ്കിലും വസ്തുവിനെയോ മറ്റോ ചുറ്റിക്കൊണ്ടുള്ളതാണ് വർത്തുളനൃത്തം.

- സംഘനൃത്തം, വ്യക്തിനൃത്തം, തെയ്യം, തിറ, വർത്തുളനൃത്തം

നാടോടിനൃത്തത്തിന് വ്യഷ്ടി-സമഷ്ടി ജീവിതത്തിൽ തനതായ ധർമ്മമുണ്ട്. നിലനിൽക്കുന്നിടത്തോളം സമൂഹത്തിനായി ചില ധർമ്മ

ങ്ങൾ അത് പങ്കിടും. ഉദാഹരണത്തിന് കൈകൊട്ടിക്കളി, അത് സമൂഹത്തിൽ സ്ത്രീക്കുള്ള പദവിയും സ്വാതന്ത്ര്യവും വെളിവാക്കുന്നു. അങ്ങനെ അത് സാമൂഹിക ജീവിതത്തോട് ബന്ധപ്പെടുന്നു. നാടോടിക്കലകൾ സാമൂഹികഘടനയ്ക്ക് വിധേയമായി തലമുറകളിലൂടെ രൂപപ്പെട്ടുവരുന്നവയാണ്. മതപരമായതോ അനുഷ്ഠാനപരമായതോ ആയ നാടോടിനൃത്തം സാമൂഹികമായ ഒരുമ സൃഷ്ടിക്കുന്നു. മതപരമായ നാടോടിനൃത്തം മതത്തിന്റെ ദൃഢത വർദ്ധിപ്പിക്കാനും നിലനിർത്താനും സഹായിക്കുന്നു. മതനിരപേക്ഷമായ നാടോടിനൃത്തത്തിലാകട്ടെ എല്ലാ വിഭാഗക്കാരും പങ്കാളികളാകുന്നതിലൂടെ സാമൂഹികമായ ഒത്തൊരുമയാണ് സംജാതമാകുന്നത്. നൃത്തത്തോട് ലയിച്ചുചേർന്നിരിക്കുന്ന താളാത്മകത, ശ്രേഷ്ഠവും നിയന്ത്രിതവുമായ വികാരപ്രകടനത്തിന് കളമൊരുക്കുന്നു. തലമുറകളിലൂടെ പകർന്നുവന്ന, സംസ്കൃതിയുടെ ഇത്തരം സഞ്ചിതരൂപങ്ങൾ സാംസ്കാരിക പരിണാമത്തിന്റെ സൂചകങ്ങൾ കൂടിയാണ്.

▶ സാമൂഹികമായ ഏകതാബോധം

## നാടോടിനാടകങ്ങൾ

മനുഷ്യന്റെ പ്രാചീനമായ സംവേദനരൂപങ്ങളിലൊന്നാണ് നാടകം. സാമാന്യജനതതിയുടെ ആഘോഷത്തിന്റെയോ അനുഷ്ഠാനത്തിന്റെയോ ഭാഗമോ കേവലം വിനോദോപാധിയോ ആണ് നാടോടിനാടകങ്ങൾ. സംഗീതനൃത്തവാദ്യങ്ങളുടെ അകമ്പടിയോടെ താളാത്മകമായ ചലനങ്ങളിലൂടെയാണിത് അവതരിപ്പിക്കുന്നത്. നാടോടിനാടകങ്ങളുടെ ഇതിവൃത്തം ഏവർക്കും അറിവുള്ളതും പ്രചാരത്തിലുള്ളതുമായിരിക്കും. അനുഷ്ഠാനനാടകങ്ങളിൽ അനുഷ്ഠാനത്തിനാണ്, നാടകത്തിനല്ല പ്രാധാന്യം. ചിലപ്പോൾ ക്ലാസിക് കഥകളെ നാടോടീകരിച്ചും കഥാവസ്തു സ്വീകരിക്കാറുണ്ട്. സാമൂഹികജീവിതത്തിന്റെ ഭാഗമായ ഇത്തരം നാടകങ്ങൾ ആക്ഷേപഹാസ്യത്തിലൂടെ സാമൂഹികവിമർശനവും നിർവഹിക്കുന്നതായി കാണാം. ഉദാ:- പൊറാട്ട് നാടകം, കാക്കാരിശ്ശി നാടകം.

▶ നാടോടിനാടകങ്ങൾ

നാടോടിനാടകങ്ങൾ ഉള്ളടക്കത്തിൽ ജനകീയസ്വഭാവം പുലർത്തുന്നവയാണ്. സമൂഹം ഒന്നടങ്കം കാണികളാകുന്ന രീതിയാണ് ഇത്തരം നാടകങ്ങൾക്കുള്ളത്. നാടോടിനാടകത്തിന്റെ അരങ്ങ് മിക്കപ്പോഴും തുറസ്സായതും നാടകാവതരണത്തിനിടയ്ക്ക് കഥാപാത്രങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് പലയിടത്തേക്ക് മാറ്റുന്നതുമായിരിക്കും. ഒപ്പം കാണികളും അങ്ങോട്ടേക്ക് മാറും. ഉദാഹരണത്തിന് നരസിംഹാവതാരമൂർത്തിയെ ആസ്പദമാക്കിയുള്ള 'വിഷ്ണുമൂർത്തി' തെയ്യത്തിൽ അരങ്ങും കാണികളും വ്യത്യസ്ത ഇടങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കും. ചില ഘട്ടങ്ങളിൽ കാണികളും നടൻമാരായിത്തീരാറുണ്ട്. 'ദൈവത്താർ' എന്ന ശ്രീരാമാവതാരത്തിനു പിന്നാലെ കാണികൾ വാനരപ്പടയായി ആർത്തുവിളിച്ച് ചെല്ലുന്നത് ഇതിന് ദൃഷ്ടാന്തമാണ്. കാലപരിവർത്തനത്തിനനുസരിച്ച് നാടോടിനാടകങ്ങളും പരിണാമവിധേയമാകും. നാടോടിനാടകം ഏതെങ്കിലും ആഘോഷത്തിന്റെയോ അനുഷ്ഠാനത്തിന്റെയോ ഭാഗമായാണ് മിക്കപ്പോഴും അവതരിപ്പിക്കപ്പെടുന്നത്. തെയ്യം, മുടിയേറ്റ് തുടങ്ങിയവ അനുഷ്ഠാനമാണ്; ഒപ്പം നാടോടിനാടകവും.

▶ നാടോടിനാടകങ്ങളുടെ ജനകീയസ്വഭാവം

## കാക്കാരിശ്ശിനാടകം



കാക്കാലനാടകം, കാക്കരുകളി എന്നീ പേരുകളിലും കാക്കാരിശ്ശിനാടകം അറിയപ്പെടുന്നുണ്ട്. അനുഷ്ഠാന നാടകമല്ലാത്ത ഇത് വിനോദോപാധിയായ മതനിരപേക്ഷ നാടകമാണ്. കാക്കാരിശ്ശി നാടകത്തിന്റെ പശ്ചാത്തലം ശിവനും പാർവതിയും കാക്കാനും കാക്കാത്തിയുമായി ഭൂമിയിൽ സഞ്ചരിച്ചുവെന്ന വിശ്വാസമാണ്. വാസ്തവത്തിൽ ഈ കല കാക്കാലന്മാരുടേതല്ല. വിവിധ വിഭാഗത്തിൽപ്പെട്ട ജനങ്ങളാണിത് അവതരിപ്പിക്കുന്നത്. നൃത്തവും സംഗീതവും അഭിനയവും കൂടിച്ചേർന്നതാണിത്. മൃദംഗം, കൈമണി, ഹാർമോണിയം, ഗഞ്ചിറ തുടങ്ങിയ വാദ്യോപകരണങ്ങളാണ് ഇതിലുപയോഗിക്കുന്നത്. തമ്പ്രാന്റെ ചോദ്യങ്ങളിലൂടെയും കാക്കാലന്റെ ഉത്തരത്തിലൂടെയുമാണ് കഥ മുന്നോട്ടുപോകുന്നത്. കാക്കാരിശ്ശിനാടകം തുടങ്ങുന്നത് വന്ദനഗാനത്തോടെയാണ്. നായകൻ സുന്ദരൻ കാക്കാലനാണ്. ഉയർത്തിപ്പിടിച്ച തീപ്പന്തവുമായി താളംചവിട്ടി കാക്കാലൻ പ്രവേശിക്കും. പാമ്പാട്ടം നടത്തുമ്പോൾ പാമ്പുകടിയേറ്റ് അയാൾ ബോധംകെട്ടുവീഴുകയും തുടർന്ന് കാക്കാത്തിമാരും സഹോദരനായ അഴകേശനും വന്നുചേരുകയും ചെയ്യുന്നു. നാടകത്തിന്റെ സമാപനത്തിൽ വെളിച്ചപ്പാട് തുള്ളുന്ന പതിവുണ്ട്. കാക്കാരിശ്ശിനാടകത്തിന്റെ അവതരണം പ്രാദേശികഭേദമനുസരിച്ച് വ്യത്യാസപ്പെടും. സമൂഹത്തിന്റെ അനീതിക്കും കൊള്ളരുതായ്മയ്ക്കും എതിരെയുള്ള പരിഹാസമാണ് ഈ കലയ്ക്കുപിന്നിലുള്ളത്.

- ▶ കാക്കാലസമുദായത്തിന്റെ കലയല്ലിത്.
- ▶ മതനിരപേക്ഷ നാടകം

## കോതാമ്മൂരിയാട്ടം



കോതാമ്മൂരിയാട്ടം, കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട ഉത്തര കേരളത്തിലെ ഒരു നാടോടി നാടകമാണ്. കണ്ണൂർ, പയ്യന്നൂർ, തളിപ്പറമ്പ് ഭാഗങ്ങളിലാണ് പൊതുവെ ഇത് അവതരിപ്പിക്കപ്പെടുന്നത്. 'ഗോദാവരിയാട്ട'മാണ് കോതാമൂരിയാട്ടമായത്. ഭൂമിയിൽ കാർഷികാഭിവൃദ്ധിയ്ക്കായി സ്വർല്ലോകത്തു നിന്നും പാർവ്വതിദേവിയുടെ നിർദ്ദേശാനുസരണം ദേവേന്ദ്രൻ അയച്ച കാമധേനു, ഗോദാവരി നദിക്കരയിൽ എത്തി, കോലത്തുനാടിന് ഐശ്വര്യമേകാനായി ഗോപാലകർക്കൊപ്പം മലനാട്ടിൽ പ്രവേശിച്ചു

എന്നാണ് കോതമ്മൂരിയാട്ടത്തിനു പിന്നിലുള്ള കഥ. ഇത് നടത്തുന്ന കലാകാരന്മാർ മലയരും പാണന്മാരുമാണ്. ഗോദാവരിപ്പശുവിൻറെ സങ്കല്പത്തിലുള്ള ഒരു വേഷവും പശുപാലകരുടെ സങ്കല്പത്തിലുള്ള 'പനിയന്മാർ' എന്ന വിദൂഷക വേഷങ്ങളുമാണ് വീടുകൾതോറും ചെന്ന് ആടിപ്പാടി കളിക്കുന്നത്. ഗോദവരി എന്ന ദിവ്യധേനുവിന്റെ സംരക്ഷകരാണ് പനിയന്മാർ. ആലോചനാമൃതമായ വേദാന്തകാര്യങ്ങളും അശ്ലീലങ്ങളുമൊക്കെ പനിയന്മാരുടെ നർമ്മം ചാലിച്ച സംഭാഷണത്തിൽ ഉണ്ടാകും. മിക്കപ്പോഴും അവ സാമൂഹികവിമർശനവുമാകും. ഗോമുഖം ധരിച്ച ഒരു ചെറിയ കോലമാണ് കോതാമ്മൂരിത്തെയ്യം. ഒരാൺകുട്ടിയാണ് ഈ വേഷം കെട്ടുന്നത്. മുഖത്തെഴുത്തും പ്രത്യേകതരം മുടിയും ചമയങ്ങളും ഇതിനുണ്ടായിരിക്കും. ഗോമുഖം മരം കൊണ്ടോ തോലുകൊണ്ടോ ഉണ്ടാക്കുന്നതാണ്. പനിയന്മാർ കുരുത്തോലയാലുള്ള ഉടുപ്പ് അരയിൽ ധരിച്ചിരിക്കും. പൊയ്ക്കാതുകളും മുഖത്ത് കണ്ണാമ്പാളയും ഉണ്ടാകും. തുലാംമാസം പത്തിനുശേഷമാണ് കോതാമ്മൂരിയാട്ടം നടത്തുന്നത്. പാട്ടുപാടിയും ഫലിതംപറഞ്ഞും പനിയന്മാർ ഗോദാവരിയെ ആടിക്കുന്നു. ചെണ്ടയാണ് വാദ്യം. ഉർവരതാനുഷ്ഠാനവുമായി ബന്ധപ്പെട്ട ഈ കലാരൂപം ഉത്തരകേരളത്തിലെ ചെറുകുന്ന് അന്നപൂർണേശ്വരീക്ഷേത്രം, മാടായിക്കാവ് എന്നിവിടങ്ങളിൽ പത്താമുദയത്തിന് നടത്താറുണ്ട്. ശ്രീകൃഷ്ണസ്തുതി, വിത്തുപൊലിപ്പാട്ട്, പൂപ്പാട്ട്, ഹരിനാരായണസ്തുതി, പശുപൊലിപ്പാട്ട്, അന്നപൂർണ്ണേശ്വരീ ചരിതം, തിരുവർക്കാട്ട് ഭഗവതീസ്തുതി തുടങ്ങിയവ കോതാമ്മൂരിപ്പാട്ടുകളിൽ പ്രധാനമാണ്. ഗോദാവരിയും പനിയന്മാരും ആടിപ്പാടിക്കളിച്ചാൽ ധനധാന്യസമ്പൽസമൃദ്ധിയും ഗോവൃദ്ധിയും ഉണ്ടാകുമെന്നാണ് വിശ്വാസം.

> ▶ കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട നാടോടി നാടകം

പ്രധാനക്ഷേത്രത്തിൽ നിന്നും ആരംഭിക്കുന്ന കോതാമ്മൂരിയെ വീട്ടുമുറ്റത്ത് വിളക്കും തളികയും നിറനാഴിയും നെല്ലും പണവും തുണിയും വച്ച് സ്വീകരിക്കുന്നു. പാട്ടിന്റെയും ചെണ്ടയുടെയും താളത്തിനൊത്ത് കോതാമ്മൂരിയാട്ടം തുടങ്ങുന്നത് ശ്രീകൃഷ്ണ സ്തുതിയോടെയാണ്. പൊലിപ്പാട്ടിൽ വിത്തുപ്പൊലിപ്പാട്ടാണ് പ്രാധാന്യത്തോടെ നിലകൊള്ളുന്നത്. 'ചെന്നെല്ല്'തുടങ്ങി "കഴമ ചിറ്റേനി നവര കീരിപാല അല്ലി കണ്ണൻ മാലക്കാരൻ കുഞ്ഞിനെല്ല്മുണ്ടോൻ തൊണ്ണൂറാൻ കരിഞ്ചൻ കുതിര്ത്ത ഉവൻ പുഞ്ച പള്ളിയാറിൽ മലയോടമ്പൻ വടക്കൻ തവളക്കണ്ണൻ''എന്നിങ്ങനെ പതിനെട്ടോളം വിത്തുകളെ പൊലിച്ചു പാടുന്നു. ശിവൻ തന്റെ ജട പറിച്ച് തുടയിൽ അടിച്ചപ്പോൾ പിറന്ന ദിവ്യൻ (തീയ്യൻ)കല്പക വൃക്ഷത്തിൽ കയറി കള്ള് (മധു) എടുക്കുന്നത് സംബന്ധിച്ച പാട്ടാണ് കലാശ പൊലിപ്പാട്ടിൽ പാടിക്കളിക്കുന്നത്.

> "ഈ സ്ഥലം നന്നായി കുളിർക്ക കണ്ണനോട് കാലി ഗുണം വരിക
>
> പൈതങ്ങൾ ഒക്കെയും ഏറ്റവും വാഴ്ക''

എന്നിങ്ങനെ വീടിനും കന്നുകാലികൾക്കും ഐശ്വര്യം വരാനുള്ള പാട്ട് പാടും. രണ്ട് വാദ്യക്കാർക്ക് പുറമേ സ്ത്രീകൾ ഉൾപ്പെടെ രണ്ടോ മൂന്നോ പാട്ടുകാരും കോതാമ്മൂരിയാട്ടത്തിന്റെ സംഘത്തിലുണ്ടാകും. പനിയൻമാർക്ക് സന്ദർഭത്തിനനുസരിച്ച് നാടൻപാട്ടിൽ നിന്നോ തോറ്റത്തിൽ നിന്നോ പഴഞ്ചൊല്ലുകളിൽ നിന്നോ പൂരക്കളിപ്പാട്ടിൽ നിന്നോ

- ഉർവരാരാധനയുമായുള്ള ബന്ധം.
- കാർഷികനൃത്തം.

ഒക്കെ വരികൾ സ്വീകരിച്ച് പാടാനും ആടാനുമുള്ള സ്വാതന്ത്ര്യമുണ്ട്. കോതാമൂരിയാട്ടത്തിലുള്ള പനിയൻമാരുടെ സ്വതന്ത്രവും മൂർച്ചയേറിയതുമായ പരിഹാസവൈദഗ്ധ്യത്തെ ആസ്പദമാക്കി "കണ്ണാംപള കെട്ടിയ പനിയൻമാരെപ്പോലെ'' എന്നൊരു നാടൻ ചൊല്ലുപോലുമുണ്ട്. കാർഷിക സമൃദ്ധിയുടെ ഓർമ്മപുതുക്കൽ എന്ന വണ്ണം നിലകൊള്ളുന്ന ഈ കലാരൂപം ഇന്നും നിലനിൽക്കുന്നുണ്ട്.

### പുറാട്ടുനാടകം

പാലക്കാട് ജില്ലയിലെ ആലത്തൂർ, ചിറ്റൂർ എന്നിവിടങ്ങളിലാണ് പുറാട്ടുനാടകം എന്ന ദൃശ്യകലാരൂപം പ്രധാനമായും അവതരിപ്പിക്കുന്നത്. കൊയ്ത്തുകഴിഞ്ഞ നെൽപ്പാടങ്ങളിൽ മകരം മുതൽ



ഇടവം വരെയുള്ള മാസങ്ങളിലാണ് പുറാട്ടുനാടകം കളിക്കുന്നത്. നിത്യജീവിതത്തിലെ സംഭവങ്ങളാണ് ഇതിലെ വിഷയം. ഇതൊരു വിനോദകലയാണ്. പുരുഷന്മാരാണ് കഥാപാത്രങ്ങളായി രംഗത്തുവരുന്നത്. സ്ത്രീവേഷം കെട്ടുന്നതും പുരുഷൻ തന്നെയാണ്. സംഭാഷണത്തിലൂടെയും പാട്ടിലൂടെയുമാണ് കഥാവതരണം നടത്തുന്നത്. പാണസമുദായക്കാരാണ് പുറാട്ടുകളി അവതരിപ്പിക്കുന്നത്. അത് കൊണ്ട് പുറാട്ടുനാടകം, 'പാങ്കിളി' എന്ന പേരിലും വ്യവഹരിക്കപ്പെടുന്നുണ്ട്. ചോദ്യോത്തരങ്ങളിലൂടെയാണ് കഥാഭാഗം മുന്നോട്ടുപോകുന്നത്. ഇതിന്റെ ആദ്യന്തം വിദൂഷകനായ ചോദ്യക്കാരൻ, കഥാപാത്രങ്ങളോട് അരങ്ങിൽവച്ച് ചോദ്യങ്ങൾ ചോദിക്കും. അത് ഫലിതരസികത നിറഞ്ഞതാണ്. ഉത്തരങ്ങൾ കഥാപാത്രങ്ങൾ പറയും. ഓരോ പൊറാട്ടും അവരവരുടെ ഭാഗം കളിച്ചശേഷം മാറുകയും അടുത്ത പൊറാട്ട് വരുകയും ചെയ്യും. ചെറുമകൻ- ചെറുമി, കുറവൻ-കുറത്തി, മണ്ണാൻ-മണ്ണാത്തി തുടങ്ങി നിരവധി പൊറാട്ടുകൾ രംഗത്തു വരുന്നുണ്ട്. വ്യത്യസ്തങ്ങളായ ജനസമുദായത്തിന്റെ ജീവിതം അതിൽ ഹാസ്യാത്മകമായി പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. ആരെയും രസിപ്പിക്കുന്ന സംഭാഷണവും പാട്ടുകളും നൃത്തവുമൊക്കെയായി തങ്ങളുടെ സമുദായത്തിന്റേതായ വേഷത്തോടു കൂടിയാണ് അരങ്ങിൽ കഥാപാത്രങ്ങൾ കടന്നു വരുന്നത്. വിദൂഷകന്റെ വേഷമാകട്ടെ നീളമുള്ള തൊപ്പിയും അയഞ്ഞ പൈജാമയും വ്യത്യസ്ത വർണ്ണനങ്ങളിലുള്ള ഉടുപ്പുമാണ്. സ്ത്രീ-പുരുഷന്മാർ രംഗത്തുവരുമ്പോഴുള്ള സംഭാഷണം പ്രണയകലഹങ്ങളും അഗമ്യഗമനങ്ങളും സംബന്ധിച്ചവയാണ്. ആദ്യം വണ്ണാത്തിയാണ് രംഗത്തുവരുക. തുടർന്ന് ഗുരു, ഗണപതി, സരസ്വതി, ഇഷ്ടദേവതകൾ എന്നിവരെ സ്തുതിക്കുന്ന ഒരു വിരുത്തം പാടുന്നു. പിന്നീടാണ് വിദൂഷകനും കഥാപാത്രങ്ങളുമായുള്ള ചോദ്യോത്തരം. രംഗത്തുവരുന്ന പ്രധാന കഥാപാത്രങ്ങൾ മണ്ണാൻ, കുറവൻ, കുറത്തി,

ചെറുമി, ചക്കിലിയൻ, പൂക്കാരി, കവറ, കവറച്ചി, മാതുഅച്ചി തുടങ്ങിയവരാണ്. ചെണ്ട, മൃദംഗം, ഇലത്താളം മുതലായ വാദ്യങ്ങളാണ് ഇതിൽ ഉപയോഗിക്കുന്നത്. 'പാറാട്ടുകളി' എന്നും പേരുള്ള ഈ ഗ്രാമീണ നാടകം ആരംഭിക്കുന്നതിന് മുമ്പായി കേളികൊട്ട് ഉണ്ട്. പൊറാട്ടു നാടകത്തിന്റെ തുടക്കത്തിൽ പ്രധാന പാട്ടുകാരനായ വിദൂഷകനും കഥാപാത്രങ്ങളും ചേർന്ന് സ്തുതിഗീതം ആലപിക്കും. അതായത് ഒരോ പൊറാട്ടും രംഗത്ത് വരുമ്പോൾ അതാത് ദേവതകളെ സ്തുതിച്ചു കൊണ്ട് തുടങ്ങുകയും മംഗളഗാനം പാടി അവസാനിപ്പിക്കുകയും ചെയ്യും. കാണികളെ ഈ കലാരൂപത്തോട് ചേർത്ത് നിർത്താനുള്ള വൈഭവം വിദൂഷകനെന്ന ചോദ്യക്കാരനുണ്ട്. ഓരോ പൊറാട്ടിനെയും പരിചയപ്പെടുത്തുന്നതും വിദൂഷകനാണ്. പുറാട്ട് രൂപം പ്രാചീനമായ എല്ലാ കലാരൂപങ്ങളിലും കണ്ടെത്താനാകും. മുടിയേറ്റ്, കാളിയൂട്ട്, തെയ്യം, കുറത്തിയാട്ടം, പടയണി, കോതാമൂരിയാട്ടം, ചവിട്ടുനാടകം, പൂരക്കളി എന്നിവയിലൊക്കെ പൊറാട്ടിന്റെ രൂപഭേദങ്ങൾ ഉണ്ട്. ഉദാ: മുടിയേറ്റിലെ 'കുളികാളിയൂട്ടി'ലെ പരദേശിയും ബ്രാഹ്മണനും, കണ്യാർകളയിലെ കുറവനും കുറത്തിയുമൊക്കെ പൊറാട്ടാണെന്നു പറയാവുന്നതാണ്. ഇത്തരം നാടൻകലകളെല്ലാം നമ്മുടെ സാംസ്കാരികസത്തയുടെ ഉപലബ്ധികളാണ്; കൂടാതെ സംസ്കാരത്തിന്റെ ഈടുവയ്പുകളും.

- ▶ ഗ്രാമീണ നിത്യ ജീവിത സന്ദർഭങ്ങളുടെ അവതരണം

## അനുഷ്ഠാനരംഗകലകൾ

ജീവിതസാഹചര്യങ്ങൾക്കനുസൃതമായി സമൂഹത്തിന്റെ ചിന്തകളിലും പ്രവൃത്തികളിലും കർശനമായ ചില നിഷ്ഠകളും നിയന്ത്രണങ്ങളും അനുവർത്തിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള നടപടികളാണ് അനുഷ്ഠാനം. പ്രാചീനജനതയുടെ വിവിധങ്ങളായ ജീവിതചര്യകളോടെല്ലാം അനുഷ്ഠാനം ബന്ധപ്പെടുന്നു. കലകളുമായി ഇതിന് ഇഴപിരിയാത്ത ബന്ധമാണുള്ളത്. എല്ലാ കലകളിലും മിതമായ തോതിലെങ്കിലും ഇതിന്റെ അംശം ഉണ്ടാകും. അനുഷ്ഠാനാംശം ഏറിനില്ക്കുന്ന കലാവിശേഷങ്ങളാണ് അനുഷ്ഠാനകലകൾ. ഇഷ്ടദേവതാപ്രീണനത്തിനായും രോഗമുക്തിക്കായും ഐശ്വര്യസമ്പദ്സമൃദ്ധിക്കായും സന്താനഭാഗ്യത്തിനായും മറ്റുമാണ് ഇവ അനുഷ്ഠിക്കപ്പെടുന്നത്. അനുഷ്ഠാനപരമായ രംഗകലകൾക്ക് ദൃശ്യാംശം എന്നപോലെ വാങ്മയാംശവും ഉണ്ടായിരിക്കും. അനുഷ്ഠാനം എന്ന ക്രിയാംശം ഇത്തരം കലകളുടെ അവതരണത്തിൽ ഒഴിച്ചുകൂടാനാകാത്തതാണ്. കലകൾ മിത്തിന്റെ ലോകം സൃഷ്ടിക്കുന്നത് അതിലൂടെയാണ്. മുടിയേറ്റ്, കാളിയൂട്ട്, കോലംതുള്ളൽ, സർപ്പംതുള്ളൽ, കാളിത്തീയാട്ട്, തെയ്യാട്ടം, തിറയാട്ടം, പടയണി, പൂരക്കളി, തുടങ്ങിയവയെല്ലാം അനുഷ്ഠാനകലകളാണ്. അനുഷ്ഠാനരംഗകലകളിൽ മിക്കതിനും വാദ്യമേളങ്ങൾ ഉപയോഗിക്കുന്നുണ്ട്. ജാതി-വർഗ്ഗപാരമ്പര്യവും ഇതിന്റെ സവിശേഷതയാണ്. സമൂഹത്തെ ഏകതയിലേക്ക് നയിക്കാനും ക്രമീകരിക്കാനും അനുഷ്ഠാനകലകൾ സഹായകമാണ്.

- ▶ അനുഷ്ഠാനാധിഷ്ഠിതമായി ജനതയെ ഏകീകരിക്കൽ

## മുടിയേറ്റ്



മുടിയേറ്റ് അനുഷ്ഠാനവും അതോടൊപ്പം നാടോടിനാടകവുമാണ്. ഭദ്രകാളി പ്രീണനത്തിനായുള്ള അനുഷ്ഠാനകലയാണ് ഇത്. മുടിയെടുപ്പ് എന്നും ഇതിന് പേരുണ്ട്. കൊച്ചി-തിരുവിതാംകൂർ പ്രദേശങ്ങളിലും മധ്യകേരളത്തിൽ വിരളമായും ഇത് അവതരിപ്പിക്കപ്പെടുന്നു. തിരുമുടി തലയിലണിഞ്ഞാണ് കാളിയായി ആടുന്നത്. മരംകൊണ്ടോ ലോഹംകൊണ്ടോ നിർമ്മിച്ച ഭീകരതയാർന്ന മുഖവും ജടാഭാരവുമാണ് 'മുടി'. പൊതുവിൽ കുറുപ്പന്മാർ എന്ന വിഭാഗക്കാരാണ് മുടിയേറ്റ് നടത്തുന്നത്. അപൂർവ്വമായി ചില സ്ഥലങ്ങളിൽ മാരയാന്മാരും ഇത് ചെയ്യാറുണ്ട്. വാദ്യക്കാർ മിക്കപ്പോഴും മാരയാന്മാരായിരിക്കും. വീക്കുചെണ്ട, ഉരുട്ടുചെണ്ട, ഇലത്താളം, ചേങ്ങില എന്നീ വാദ്യങ്ങളുടെ അകമ്പടിയോടെയാണ് മുടിയേറ്റ് നടത്തുക. കഥാപാത്രങ്ങളുടെ സംഭാഷണരൂപത്തിലുള്ളവയാണ് മുടിയേറ്റിലെ പാട്ടുകൾ. അലങ്കരിക്കപ്പെട്ട പന്തലിൽ പഞ്ചവർണ്ണപ്പൊടികൾ കൊണ്ട് ഭദ്രകാളിയുടെ കളം ചിത്രീകരിക്കും. വേതാളത്തിന്റെ പുറത്തുകയറി ദാരിക ശിരസ്സറുത്ത് മുടി തൂക്കിപ്പിടിച്ച കാളിയുടെ രൂപമാണ് കളം. കളം പൂജയും കളംപാട്ടും കന്യകമാരുടെ താലപ്പൊലിയും കഴിഞ്ഞാൽ തിരിയുഴിച്ചിൽ (പന്തം ഉഴിച്ചിൽ) ആണ്. ബാധോപദ്രവങ്ങൾ തുടങ്ങിയവ മാറ്റാനാണ് തിരി ഉഴിയുന്നത്. അതിനുശേഷം കളം മായ്ച് മുടിയേറ്റ് ആരംഭിക്കും.

> ▶ ഭദ്രകാളി പ്രീണനത്തിനായുള്ള അനുഷ്ഠാനകലയാണ്

ദാരികനെയും ദാനവേന്ദ്രനെയും കൊണ്ട് മനുഷ്യർക്കും ദേവന്മാർക്കുമുള്ള ബുദ്ധിമുട്ടുകൾ നാരദൻ ശിവനെ അറിയിക്കുന്നതോടെയാണ് മുടിയേറ്റ് തുടങ്ങുന്നത്. തുടർന്ന് തന്നോട് യുദ്ധം ചെയ്യാൻ ആരുണ്ടെന്ന് ദാരികൻ വെല്ലുവിളിക്കുന്നു. ദാരികവധത്തിനായി ഭദ്രകാളി പോർക്കളത്തിലേക്ക് പാഞ്ഞ് വരികയും, കോയിമ്പടാർ വന്ന് കാളിയുടെ കലി അടക്കാനായിട്ട്; കൈലാസത്തിൽ നിന്നും പോർക്കളത്തിലേക്കുള്ള മാർഗ്ഗ വിഘ്നത്തെപ്പറ്റി പറയുകയും ചെയ്യുന്നു. ഹാസ്യകഥാപാത്രമായ കൂളിയും രംഗം തണുപ്പിക്കാൻ ശ്രമിക്കുന്നു. പിന്നീട് യുദ്ധമാണ്. ദാരികദാനവേന്ദ്രർ ഭയന്ന് ഒളിച്ചിരുന്നിട്ട് ഇരുട്ടാകുമ്പോൾ യുദ്ധത്തിലേർപ്പെടാമെന്ന് കരുതുന്നു. അത് മനസ്സിലാക്കി കാളി തന്റെ മുടി അഴിച്ചിട്ട് ഇരുട്ടാക്കി, യുദ്ധത്തിനെത്തിയ ദാരികാദാനവേന്ദ്രന്മാരെ വധിക്കുന്നതാണ് മുടിയേറ്റ്. മുഖത്ത് തേപ്പും ഉടുത്തുകെട്ടും കിരീടവുമൊക്കെച്ചേർന്നതാണ് മുടിയേറ്റ് വേഷങ്ങൾ. കത്തിച്ചുവച്ച നിലവിളക്കിന്റെ മുമ്പിലാണ് അഭിനയം. നിലവിളക്കിനൊപ്പം തീവെട്ടിയും പന്തങ്ങളും ഉപയോഗിക്കുന്നുണ്ട്. 12 മുതൽ 20 വരെ ആളുകളാണ് ദാരികാവധം കഥ അവതരിപ്പിക്കാൻ വേണ്ടത്. ഭദ്രകാളി, ദാരികൻ, ശിവൻ, നാരദൻ, കോയിമ്പടാർ, ദേവേന്ദ്രൻ, കൂളി എന്നിവരാണ് മുട

യേറ്റിലെ പ്രധാന വേഷങ്ങൾ. കാളിയുടെ മുഖത്ത് അരിമാവും ചുണ്ണാമ്പും ചേർത്ത് ചുട്ടികുത്തുന്നത് വസൂരിക്കലയുടെ സങ്കല്പത്താലാണ്. ശിവനും നാരദനും രംഗത്തുവന്നശേഷം ദാരികന്റെ പുറപ്പാടാണ്. തുടർന്ന് കാളിയും കൂളിയും പുറപ്പെടും. കാളിയും ദാരികനുമായുള്ള പോർവിളി നടക്കുന്നു. കോയിമ്പിടാർ രംഗത്തുവന്നശേഷമാണ് കാളി -ദാരിക യുദ്ധം. മുടിയെടുപ്പിലെ അന്ത്യരംഗത്ത് ദാരികന്റെ തലയറുത്ത് കാളി രംഗത്തുവരുന്നു. ശിവസ്തുതിപാടി മുടിയേറ്റ് അവസാനിപ്പിക്കുന്നു. സൂര്യാസ്തമയത്തിനുശേഷം മുടിയേറ്റ് തുടങ്ങുകയും പുലരും മുമ്പ് അവസാനിപ്പിക്കുകയും ചെയ്യും. ദാരിക നിഗ്രഹശേഷം കാളീപൂജയും നിവേദ്യവും കഴിച്ച് പന്തമുഴിയും. കുടിയിരിക്കുന്നവരെ പന്തമുഴിയുകയും മുടിയിലെ പൂവ് പ്രസാദമായി നൽകി മുടിയെടുത്ത് മുടിയേറ്റ് അവസാനിപ്പിക്കുന്നു. കാളിയുടെ തലയിൽ വയ്ക്കുന്ന കിരീടം 'വലിയമുടി' എന്നറിയപ്പെടുന്നു. ഈ ഭാരിച്ച മുടി ധരിക്കുന്നത് കൊണ്ടാകാം 'മുടിയേറ്റ്' എന്ന പേരുണ്ടായത്. മുടിയേറ്റിലെ പഞ്ചവർണ്ണപ്പൊടിയിൽ, പച്ചനിറത്തിന് വാകയിലയോ പൊങ്ങില്യത്തിന്റെ ഇലയോ ഉണക്കിപ്പൊടിച്ചതും. കരിനിറത്തിന് ഉമിക്കിരി പൊടിച്ചതും, വെണ്ണയ്ക്ക് -അരിപ്പൊടിയും, മഞ്ഞ വർണ്ണത്തിന് മഞ്ഞൾപ്പൊടിയും, ചുവപ്പ് നിറത്തിന് മഞ്ഞളും ചുണ്ണാമ്പും കലർത്തിയതുമാണ് ഉപയോഗിക്കുന്നത്. കണ്ണു ചുവപ്പിക്കാൻ ചുണ്ടപ്പൂ കണ്ണിലിടുന്നു. മുടിയേറ്റിലെ ചുവടുവയ്പുകൾക്ക് സുരക്ഷിതമായിട്ടാണ് ക്ഷേത്ര മുറ്റത്തായാലും അതിന്റെ പരിസരത്തായാലും നിരപ്പായ തറയിൽ വിളക്കുവയ്ക്കുന്നത്. മുടിയേറ്റ് നടത്തുന്ന പ്രധാനക്ഷേത്രങ്ങൾ കോട്ടയം ഏറ്റുമാനൂർ ക്ഷേത്രം, മുഴിക്കുളങ്ങര ഭഗവതി ക്ഷേത്രം തുടങ്ങിയവയാണ്. യുനസ്കോയുടെ പൈതൃകകലകളുടെ പട്ടികയിൽ 2010 ഡിസംബറിൽ ഈ അനുഗ്രഹീത കലയും സ്ഥാനം പിടിച്ചിട്ടുണ്ടെന്നുള്ളത് നമ്മുടെ അനുഷ്ഠാന-പാരമ്പര്യ കലകളുടെ അദ്വിതീയ സ്ഥാനാതിരേകത്തെയാണ് കാട്ടുന്നത്.

▶ ജീവിതക്ഷേമത്തിനായുള്ള അനുഷ്ഠാനം

## പടയണി

മദ്ധ്യതിരുവിതാംകൂറിൽ ചില ഭദ്രകാളിക്ഷേത്രങ്ങളിലും കാവുകളിലും നടത്തുന്ന അനുഷ്ഠാനകലയാണ് പടയണി. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട അനുഷ്ഠാനമാണിത്. മകരക്കൊയ്ത്ത് കഴിഞ്ഞശേഷമാണ് പടയണിയുടെ ചടങ്ങുകൾ തുടങ്ങുന്നത്. വിളവിറക്കുന്നതിനു മുമ്പ് തന്നെ പടയണി കഴിഞ്ഞിരിക്കും. ദാരികനെ വധിച്ചിട്ടു കോപം അടങ്ങാതിരുന്ന കാളിയെ അനുനയിപ്പിക്കാനായി ശിവനും ദേവന്മാരും കോലംകെട്ടി തുള്ളിയതിന്റെ ഓർമ്മപുതുക്കലാണ് പടയണി എന്നാണ് ഐതിഹ്യം. ഭഗവതിയെ ഉണർത്തുന്നതിനായുള്ള ചടങ്ങാണ് ആദ്യം. അതിനായി ഊരായ്മ ലഭിച്ച കുറവൻ, ദേശത്തെ ഓരോ വീടും സന്ദർശിക്കും. ഈ ഊരാളിക്കൊ



പ്പം കരക്കാരും അകമ്പടിയായി ഉണ്ടാകും. ഊരാളിക്കൊപ്പമെത്തുന്ന 'ജീവത'യിൽ ആവാഹിക്കപ്പെട്ട അമ്മയ്ക്ക് ദേശക്കാർ പറയെടുപ്പിലൂടെ വിളവിന്റെ ഒരംശം വീതമായി നല്കുന്നു. പടയണി നടക്കുന്ന വിവരം തപ്പുകൊട്ടി അറിയിക്കുന്ന കാച്ചിക്കൊട്ട് ചടങ്ങാണ് ആദ്യം നടക്കുന്നത്. ഇലകളോടുകൂടിയ മരച്ചില്ലകളോ വെള്ളത്തോർത്തോ വീശി ആർത്തുവിളിച്ച് താളം ചവിട്ടുന്ന കാപ്പൊലിക്കുശേഷം കൈമണിയുമായി താളംതുള്ളുന്ന 'താവടി' തുള്ളൽ നടക്കുന്നു. അനുഷ്ഠാനപരമായ കലയാണിതെങ്കിലും വിനോദത്തിനും ഇതിൽ സ്ഥാനമുണ്ട്. ഓരോ വേഷക്കാരനും തന്റെ ജാതിപരമായ തൊഴിൽ നർമ്മമധുരമായി താളത്തോടെ അവതരിപ്പിക്കുന്നു. ജാതിപരവും തൊഴിൽപരവുമായ പങ്കാളിത്തത്തിന്റെ അനുകരണമാണിത്. താവടിതുള്ളലിന്റെ ഹാസ്യാനുകരണമായ പന്നത്താവടിയിൽ പാളയും മറ്റും കൊണ്ടുണ്ടാക്കിയ പൊയ്ഉപകരണങ്ങളാൽ വാദ്യമേളത്തെ അനുകരിക്കുകയാണ് ചെയ്യുന്നത്.

▶ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട അനുഷ്ഠാനം

ചടങ്ങുകൾ ആരംഭിക്കുന്നതിന്റെ മൂന്നാംപക്കം മുതലാണ് കോലംതുള്ളൽ. കാപ്പൊലി തുടങ്ങുന്ന ദിവസമാണ് കോലംതുള്ളൽ തുടങ്ങുന്നത്. കവുങ്ങിൻ പാളകളിൽ നിർമ്മിച്ച വലുതും ചെറുതുമായ അനേകം കോലങ്ങൾ വാദ്യങ്ങളുടെ അകമ്പടിയോടെ പന്തങ്ങളുടെയും തീച്ചൂട്ടുകളുടെയും വെളിച്ചത്തിൽ തുള്ളിയുറയുന്നതാണ് പടയണി. ഒറ്റപ്പാളതൊട്ട് നൂറ്റൊന്ന് പാളവരെ എഴുതുന്ന കോലമുണ്ട്. ഗണപതി, യക്ഷി, പക്ഷി, മറുത, ഭൈരവി, രക്തചാമുണ്ഡി എന്നിങ്ങനെ നിരവധി കോലങ്ങളാണുള്ളത്. കോലം എഴുതുന്നത് ഗണക സമുദായക്കാരാണ്. പടയണിക്കു വേണ്ടുന്ന പാള, ഓലച്ചൂട്ട് ഇവ സമാഹരിക്കേണ്ടത് പതിയാന്മാരും ചൂട്ട് അണയാതെ നേരം വെളുക്കുംവരെ എരിക്കുന്നത് വിളക്കിത്തല നായന്മാരും തപ്പ് കന്നിൻ തോലുകൊണ്ട് പൊതിയുന്നത് പറയരും തുള്ളുന്നത് നായരും തുടങ്ങി പടയണി ഭംഗിയാംവണ്ണം നിർവഹിക്കുന്നതിന് സമൂഹത്തിലെ വിഭിന്നങ്ങളായ സമുദായങ്ങളുടെ സഹകരണവും സഹവർത്തിത്വവും വേണ്ടിയിരുന്നു. പടയണിയോട് അനുബന്ധമായി കൃത്യമായ ചില അവകാശങ്ങളും അധികാരങ്ങളും ഓരോ സമുദായങ്ങൾക്കും ഉണ്ടായിരുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്.

▶ കോലം എഴുതുന്നത് ഗണക സമുദായക്കാരാണ്

പാള, കുരുത്തോല, മാവില ചുട്ടുകരിച്ച കറുപ്പ്, ചെങ്കല്ലരച്ചുപൊടിച്ചത്, മഞ്ഞൾ, വെള്ള, പച്ചനിറങ്ങൾക്കായി പാള ചെത്തിയും ചെത്താതെയും തുടങ്ങി പ്രകൃതിദത്തവസ്തുക്കൾ ഉപയോഗിച്ചാണ് പടയണിയുടെ വേഷവിധാനങ്ങളും ചമയങ്ങളും തീർക്കുന്നത്. ദേവിയെ പ്രീണിപ്പിക്കാനും പിശാചുക്കളെ അകറ്റാനുമാണ് പടയണി പ്രധാനമായും അനുഷ്ഠിക്കുന്നത്. പിശാചുകോലം, മറുതക്കോലം എന്നിവ കെട്ടിയാടുന്നത് രോഗങ്ങളിൽ നിന്നും ദുർമരണങ്ങളിൽ നിന്നും രക്ഷ നേടാനാണ്. മരണഭയത്തെ നേരിടാനാണ് കാലൻകോലം കെട്ടിയാടുന്നത്. യക്ഷിക്കോലം കെട്ടുന്നതാകട്ടെ ഗർഭം അലസൽ, ചാപിള്ള പിറക്കൽ എന്നിവ ഒഴിവാക്കാനാണ്. ശത്രുസംഹാരാർത്ഥം ഭൈരവിക്കോലം കെട്ടുന്നു. ഇതാണ് ഏറ്റവും വലിയ കോലം (നൂറ്റൊന്ന് പാളയാൽ നിർമ്മിതം). ആളുകളെ രസിപ്പിക്കാനായി നിരവധി വേഷങ്ങൾ ഈ ചടങ്ങിൽ അനുഷ്ഠാനപരമായല്ലാതെ പ്രത്യക്ഷപ്പെടുന്നുണ്ട്.

▶ കൃഷി, പ്രകൃത്യാരാധന ഭിന്നജാതി സമൂഹങ്ങളുടെ സാമൂഹികമായ നിലനിൽപ്പ്

നമ്പൂതിരിയും വാല്യക്കാരനും അമ്മൂമ്മയും അപ്പൂപ്പനും ആശാനും ശിഷ്യനും പട്ടരും പടയും പരദേശി, കാക്കാലൻ തുടങ്ങി വിവിധമതത്തിലും ജാതിയിലുംപെട്ട വേഷങ്ങളാണ് വരുന്നത്. ഹാസ്യത്തിന്റെ അകമ്പടിയിൽ സാമൂഹിക വിമർശനമാണ് നടത്തുന്നത്. പടയണിക്കാലം തീരുമ്പോൾ നാടും നാട്ടാരും ദുരിതങ്ങൾ ഇല്ലാത്തവരായി മംഗളം ഭവിച്ചവരായിത്തീരുന്നു എന്നാണ് വിശ്വാസം. ഗ്രാമക്കൂട്ടായ്മയുടെ ഉത്സവമായ പടയണിയിൽ, ഭേദചിന്തകൂടാതെ വിഭിന്നങ്ങളായ ജാതിമതവർഗ്ഗ വിഭാഗത്തിൽപെടുന്ന ജനത ഒത്തുചേരലിന്റെ മഹത്ത്വം വിളിച്ചറിയിക്കുകകൂടിയാണ്.

### തെയ്യം



തെയ്യം ഉത്തരകേരളത്തിലെ അനുഷ്ഠാനപരമായ ഒരു കലയാണ്. ദേവീദേവന്മാർ, യക്ഷഗന്ധർവന്മാർ, ഭൂതങ്ങൾ, മരണമടഞ്ഞ കാരണവന്മാർ, വീരപുരുഷന്മാർ തുടങ്ങിയവരെ കോലസ്വരൂപമായി കെട്ടി മനുഷ്യനിൽ ദൈവസങ്കല്പം ആരോപിച്ച് ആരാധിക്കുകയാണ് ഇതിൽ. ദൈവം എന്ന പദത്തിന്റെ തദ്ഭവമാണ് തെയ്യം. നിഗ്രഹാനുഗ്രഹ ശക്തിയുണ്ടെന്ന് വിശ്വസിക്കപ്പെടുന്ന ദൈവങ്ങളാണിത്. പകർച്ചവ്യാധി നിവാരണം, ഇഷ്ടകാര്യസിദ്ധി, സന്താനലാഭം, ബാധോച്ചാടനം തുടങ്ങിയ പല ആവശ്യങ്ങൾക്കായും കോലം കെട്ടിയാടും. കാവ്, പള്ളിയറ, കോട്ടം, മുണ്ട്യ തുടങ്ങിയവ തെയ്യങ്ങൾ കെട്ടിയാടിക്കപ്പെടുന്ന ദേവതാ സങ്കല്പങ്ങളാണ്. തറവാടുകളിലും തെയ്യങ്ങൾ കെട്ടിയാടിക്കാറുണ്ട്. കോലക്കാരൻ തെയ്യം കെട്ടുന്നതിനു മുമ്പു തന്നെ സസ്യഭുക്കായി വ്രതമെടുക്കണം. പ്രാമാണ്യമുള്ള തെയ്യങ്ങൾ കെട്ടുന്ന കോലക്കാരൻ പത്തുദിവസം തിനയരിച്ചോറു മാത്രം കഴിച്ച് ഓലക്കീറ്റിൽ ധ്യാനമഗ്നനായി കഴിയേണ്ടതുണ്ട്. ഒരു മാസം വരെ നോമ്പെടുക്കാനുള്ള തെയ്യങ്ങളുമുണ്ട്. അറകളിലോ കോട്ടങ്ങളിലോ, മുണ്ട്യകളിലോ, കഴകങ്ങളിലോ, മരച്ചുവട്ടിലോ, ഓലമറച്ചുണ്ടാക്കിയ ആശ്രമങ്ങളിലോ തെയ്യം കെട്ടുന്നതിന് ദിവസങ്ങൾക്ക് മുമ്പേ തന്നെ താമസിക്കുകയാണ് പതിവ്. ഉടനീളം ആരാധനാ സ്വഭാവമുള്ളതിനാൽ കർമ്മങ്ങൾ മുഴുവൻ അനുഷ്ഠാനപരങ്ങളാണ്. ശക്ത്യാരാധന, ശൈവാരാധന, നാഗാരാധന, ഭൂതാരാധന, വൃക്ഷാരാധന, മൃഗാരാധന, വീരാരാധന തുടങ്ങിയ ആരാധനാരീതികളെല്ലാം തെയ്യാട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു. തോറ്റംപാട്ടുകളിലൂടെ ഏത് ദേവതയെക്കുറിച്ചാണ് പാടുന്നതെന്ന് മനസ്സിലാക്കാനാകും. മലയൻ, വണ്ണാൻ, മാവിലൻ, വേലൻ, പുലയൻ, പരവർ തുടങ്ങിയ സമുദായക്കാർ തെയ്യം കെട്ടുന്നതിൽനിന്നും, കീഴാളവർഗ്ഗത്തിന്റെ ആത്മപ്രകാശനവേദിയാണിതെ

ന്ന് മനസ്സിലാക്കാനാകും. തെയ്യം ആടുന്ന കാലം തുലാം പത്തുമുതൽ മേടമാസത്തിന്റെ അവസാനംവരെയാണ്. കാവുകളിലും തറവാടുകളിലും ആണ്ടുതോറും നിശ്ചിതകാലത്ത് തെയ്യം കഴിപ്പിക്കുന്നതിന് കളിയാട്ടം എന്നാണ് പറയുക. ഏറെക്കാലം കൂടി കളിയാട്ടം കഴിപ്പിക്കുന്നതാണ് പെരുങ്കളിയാട്ടം. നൃത്തം ചെയ്യുന്ന ദേവതാസങ്കല്പമാണ് തെയ്യത്തിനുള്ളത്. തെയ്യനൃത്തമാണ് 'തെയ്യാട്ടം' തെയ്യത്തിന്റെ വേഷമാണ് തെയ്യക്കോലം. ഓരോ സമുദായത്തിനും തെയ്യക്കോലമാടാനുള്ള അവകാശമുണ്ട്. ഭംഗിയാർന്ന മുഖത്തെഴുത്തും രക്തനിറമാർന്ന ആടയാഭരണങ്ങളും കുരുത്തോലയും പൂക്കളും കൊണ്ടുള്ള അലങ്കാരങ്ങളുമൊക്കെ തെയ്യക്കോലങ്ങൾക്കുണ്ടായിരിക്കും. വാദ്യം, ഗീതം, നടനം, എന്നിവ ചേർന്ന അനുഷ്ഠാനകലാരൂപമായ തെയ്യത്തിൽ ചെണ്ട, ചേങ്ങില, ഇലത്താളം തുടങ്ങിയ വാദ്യങ്ങളാണ് ഉപയോഗിക്കുന്നത്. താളമേളങ്ങൾക്കനുസരിച്ചാണ് തെയ്യക്കോലങ്ങൾ ആടുന്നത്. ഓരൊ തെയ്യത്തിനും, തോറ്റത്തിനും നടനരീതി വ്യത്യസ്തമാണ്.

▶ ഉത്തരകേരളത്തിലെ അനുഷ്ഠാനപരമായ കല

ശരീരവും മനസ്സും ശുദ്ധമായിരിക്കുംവിധമുള്ള വ്രതനിഷ്ഠകളോടെ കഴിയുന്ന കോലധികാരികളും കോമരവുമൊക്കെ മത്സ്യമാംസാദികൾ ഭക്ഷിക്കാൻ പാടില്ല. ദേവതാഭേദം ആസ്പദമാക്കി വ്രതക്കാലവും മാറും. 'ഒറ്റക്കോലം' തുടങ്ങിയവയ്ക്കും ഭാരമേറിയ മുടിവഹിക്കുന്ന തെയ്യങ്ങൾക്കും വ്രതനാളുകളുടെ എണ്ണം കൂടുതലായിരിക്കും. അരിയും മഞ്ഞളും പൊടിച്ച പ്രസാദമാണ് പൊതുവിൽ ഭക്തർക്കു നൽകി, തെയ്യം അനുഗ്രഹിക്കാറുള്ളത്. ഭക്തജനങ്ങളുടെ ആവലാതികൾക്ക് പരിഹാരം അരുളി ചെയ്യുന്നതിന് 'ഉരിയാട്ടു കേൾപ്പിക്കൽ' എന്നാണ് പറയുക. മീൻ, കോഴി, ആട്, വെളിച്ചെണ്ണ, നാളികേരം, അരി, പണക്കിഴി, വെറ്റില, അടയ്ക്ക തുടങ്ങിയ നേർച്ചകൾ, ഭക്തർ തെയ്യങ്ങൾക്ക് സമർപ്പിക്കാറുണ്ട്. നായാട്ടു ദേവതകൾക്കായി നായാട്ട് നടത്തി അതിലൂടെ ലഭിക്കുന്ന മാംസം തെയ്യത്തിന് കാഴ്ച വച്ചിട്ട് അത് പാകപ്പെടുത്തി ഭക്തജനങ്ങൾക്ക് പ്രസാദമായി നൽകാറുണ്ട്. കോലക്കാരനിൽ കുടികൊള്ളുന്ന ദേവചൈതന്യത്തെ ആസ്ഥാനത്തേക്ക് തിരികെ നൽകുന്നുവെന്ന സങ്കല്പത്തിലുള്ള 'ആത്മം കൊടുക്കൽ'ചടങ്ങ് കോമരത്തിന്റെയും ഭക്തജനങ്ങളുടെയും അനുവാദത്തോടെ നടത്തുന്നു. തെയ്യം അവസാനിച്ച ശേഷം പള്ളിപ്പീഠത്തിലേക്ക് അരിയെറിഞ്ഞു വന്ദിക്കുന്നതോടെ ദേവത അതേ സ്ഥാനത്ത് തിരിച്ചെത്തുമെന്നാണ് വിശ്വാസം. തെയ്യം സമാപിക്കുന്നത് മുടിയെടുക്കലോടു കൂടിയാണ്. തെയ്യം ദൃശ്യകലയായതിനാൽ ഹാസ്യകഥാപാത്രങ്ങൾ ഇതിൽ ധാരാളമായിട്ടുണ്ട്. മുഖപ്പാളവയ്ക്കുന്നതാണ് ഹാസ്യലക്ഷണം. ബപ്പിരനും പട്ടർക്കും പൊയ്മുഖമില്ല. പൊട്ടൻതെയ്യം ഹാസ്യം പറയുമെങ്കിലും തത്വചിന്തയാണ് അതിലേറെയുള്ളത്. ജാതിക്കെതിരെയുള്ള വാദങ്ങളാണ് ഈ തെയ്യത്തിലുള്ളത്. ഗ്രാമീണജനതയുടെ പ്രാക്തന വിശ്വാസനിഷ്ഠകൾ ഇപ്പോഴും ഒപ്പം കൂട്ടുന്നതിന്റെ പ്രതീകങ്ങളാണ് ഇന്നും നിലനില്ക്കുന്ന തെയ്യാട്ടങ്ങൾ.

▶ മനുഷ്യമാധ്യമത്തിലൂടെ ദർശനമരുളാൻ ശേഷിയുള്ള അഭൗമശക്തിവിശേഷം

### തിറ



ഉത്തരകേരളത്തിലെ ഒരു അനുഷ്ഠാനകലയാണ് തിറ. കോഴിക്കോട് ജില്ലയിലാണ് തിറയാട്ടത്തിന് കൂടുതൽ പ്രചാരമുള്ളത്. 'തറയാട്ട'മാണ് 'തിറയാട്ട'മായതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. നാട്ടുപ്രമാണിമാർ സാമുദായിക കാര്യങ്ങളിൽ തീരുമാനമെടുത്തിരുന്ന തറകളാണ് പില്ക്കാലത്ത് ആരാധനാസ്ഥലങ്ങളായി മാറിയത്. ഇവിടെ ദൈവക്കോലങ്ങൾ കെട്ടിയാടുന്നതിനെയാണ് തിറകളെന്ന് പറയുന്നതെന്നാണ് ഡോ.എം.വി.വിഷ്ണുനമ്പൂതിരി അഭിപ്രായപ്പെടുന്നത്. അർദ്ധവൃത്താകാരത്തിൽ നേരിയ പലക കൊണ്ടുണ്ടാക്കി തലയിൽ വയ്ക്കുന്ന സാധനമെന്നാണ് തിറയ്ക്ക് ശബ്ദതാരാവലിയിൽ അർത്ഥം നൽകിയിരിക്കുന്നത്. വർണ്ണപ്പകിട്ടുള്ള തിറ തലയിൽ കെട്ടിയശേഷം ആടുന്നതുകൊണ്ടാകാം ഇതിന് തിറയാട്ടമെന്ന പേര് വന്നത്.

> ▶ ദൈവക്കോലങ്ങൾ കെട്ടിയാടുന്നതിനെയാണ് തിറകളെന്ന് പറയുന്നത്

കോഴിക്കോട് ജില്ലയ്ക്ക് വടക്ക് (കുറുമ്പ്രനാട്) ദേവതാരൂപം ധരിച്ചാടുന്ന കോലങ്ങളിൽ മിക്കതിനെയും 'തെയ്യ'മെന്നാണ് പറയുന്നത്. ആ പ്രദേശങ്ങളിൽ 'വേട്ടയ്ക്കൊരുമകന്', ഊർപ്പിഴച്ചി, വൈരജാതൻ തുടങ്ങിയ ചില കോലങ്ങളെ മാത്രമേ 'തിറ'യെന്ന് വിളിക്കാറുള്ളൂ. പാണൻ, പെരുമണ്ണാൻ, മുന്നൂറ്റാൻ, അഞ്ഞൂറ്റാൻ തുടങ്ങിയ സമുദായക്കാരാണ് തിറയാട്ടം നടത്തുന്നത്. വാദ്യക്കാരും ഈ സമുദായത്തിൽപ്പെട്ടവർ തന്നെയാണ്. തലയിൽ വലിയ മുടിയും, മുഖത്തും മാറിലും പല നിറത്തിലുള്ള ഭംഗിയേറിയ ചിത്രമെഴുത്തും മെയ്യാഭരണങ്ങളും അരയിൽ പട്ടുചുറ്റിയുള്ള വലിയ ഉടുത്തുകെട്ടും കൈകളിൽ വാളും പരിചയും ഒക്കെച്ചേർന്ന തിറയുടെ വേഷവിധാനം ഓലച്ചൂട്ടിന്റെ വെളിച്ചത്തിൽ വളരെ ആകർഷകമാണ്. ഓരോ തിറയ്ക്കും പ്രത്യേകം വേഷവും താളനൃത്തങ്ങളുമാണുള്ളത്. തിറയുടെ ഭാവചലനങ്ങൾ രൗദ്ര രസത്തിന് പ്രാധാന്യം നല്കുന്ന വിധത്തിലാണ്. തോറ്റംപാട്ടുകളാണ് തിറയാട്ടത്തിന് പാടുന്നത്. അഞ്ചടികളാണ് അവയിൽ മുഖ്യമായുള്ളത്. ചെണ്ട, തുടി, ഇലത്താളം തുടങ്ങിയ വാദ്യങ്ങളാണ് ഇതിലുപയോഗിക്കുന്നത്. കരിയാത്തൻ, കരിവില്ലി, പൂവില്ലി, ഇളവില്ലി, കുട്ടിച്ചാത്തൻ, വീരഭദ്രൻ, പൂതാടി, വസൂരിമാല എന്നിങ്ങനെ നിരവധി തിറകളാണുള്ളത്. ധനു മുതൽ മേടം വരെയുള്ള മാസങ്ങളിലാണ് തിറയാട്ടം നടത്തുന്നത്. തിറയാട്ടത്തിൽ ആദ്യം വെള്ളാട്ടമാണ്. ഇതു ദേവന്റെ ചെറുപ്പകാലത്തെ സൂചിപ്പിക്കുന്നു. കാവുകളിലും തറവാടുകളിലുമാണ് തിറ നടന്നുവരുന്നത്.

> ▶ രോഗദാരിദ്ര്യ നിവാരണത്തിനുള്ള അനുഷ്ഠാന നർത്തനകല

### യക്ഷഗാനം



ഉത്തരകേരളത്തിലെയും കർണ്ണാടകയിലെ സൗത്ത് കാനറ ജില്ലകളിലെയും പ്രാചീന നൃത്തനാടക രൂപത്തിലുള്ളതാണ് യക്ഷഗാനം (ഭാഗവതരാട്ടം). വർണ്ണാഭമായ വേഷവിധാനങ്ങളും കിരീടവും ഈ കലാരൂപത്തിന്റെ പ്രത്യേകതയാണ്. കഥകളിയിലെ വാദ്യങ്ങളാണ് മിക്കവാറും ഇതിനുപയോഗിക്കുന്നത്; വിശേഷിച്ചും ചെണ്ട. മഹാഭാരതം, രാമായണം, ഭാഗവതം തുടങ്ങിയവയിലെ കഥയോട് സംഗീതവും നൃത്തവും വാദ്യവും അഭിനയവും ചേർത്ത് അവതരിപ്പിക്കുന്നതാണ് യക്ഷഗാനം. ഗണപതിപൂജ നടത്തിയാണ് യക്ഷഗാനം ആരംഭിക്കുന്നത്. ആദ്യം രംഗത്ത് പ്രത്യക്ഷപ്പെടുന്നത് ബാലഗോപാല വേഷങ്ങളാണ്. കഥയെക്കുറിച്ചുള്ള വിവരണം ഭാഗവതർ നടത്തിയ ശേഷമാണ് കോമാളി വേഷങ്ങൾ പ്രത്യക്ഷമാകുന്നത്. തുടർന്ന് ചെണ്ടക്കാരുടെയും വാദ്യക്കാരുടെയും പ്രാഗത്ഭ്യം വെളിവാക്കാനുള്ള വേളയാണ്. തിരനോട്ടത്തോടെ കഥാപാത്രങ്ങൾ ഒന്നൊന്നായി വേഗം പ്രവേശിക്കുന്നു.

▶ ഗണപതിപൂജ നടത്തിയാണ് യക്ഷഗാനം ആരംഭിക്കുന്നത്

നാനൂറോളം യക്ഷഗാന പ്രസംഗങ്ങൾ പ്രചാരത്തിലുണ്ട്. യക്ഷഗാന പ്രസംഗങ്ങളിൽ പുരാണപ്രസിദ്ധകഥകൾ (ദേവീമാഹാത്മ്യം, കംസവധം, നരകാസുരവധം തുടങ്ങിയവ) കൂടാതെ സാമൂഹിക ചരിത്രകഥകളും വർത്തമാനകാലത്ത് അവതരിപ്പിക്കുന്നുണ്ട്. കഥാപാത്രങ്ങൾ തമ്മിലുള്ള വാക്പയറ്റുകൾ മനോധർമ്മം അനുസരിച്ച് പറയുന്നതാണ്. സമകാലിക സാമൂഹിക പ്രശ്നങ്ങളും ഇത്തരം ഭാഷണത്തിൽ കടന്നുവരാം. കാസർകോഡ് മുതൽ ഉഡുപ്പിവരെയുള്ള യക്ഷഗാനം തെക്കൻ സമ്പ്രദായവും (തെംകുതിട്ടു) ഉഡുപ്പിക്ക് വടക്കുള്ളത് വടക്കൻ സമ്പ്രദായവുമാണ്. തെക്കൻ സമ്പ്രദായം നാടകത്തിന് പ്രാധാന്യം നൽകുമ്പോൾ വടക്കൻ സമ്പ്രദായം നാട്യത്തിന് പ്രാമുഖ്യം നൽകുന്നു. തെയ്യം, കഥകളി എന്നിവയുടെ സ്വാധീനം വേഷത്തിൽ കാണാം. സ്ത്രീവേഷം കെട്ടുന്നത് പുരുഷന്മാരാണ്. ഗ്രാമീണകലയായി മാത്രം കാണുന്ന യക്ഷഗാനത്തിന് ഇന്നത്തെ നിലയിലുള്ള സ്ഥാനം നൽകിയത് കാസർകോഡ് കുമ്പളയിലെ പാർത്ഥിസുബ്ബകവിയാണ്. കേരളത്തിന്റെ തിറ, തെയ്യം, രാമനാട്ടം, കൃഷ്ണനാട്ടം, കൂത്ത് തുടങ്ങിയവയിൽ നിന്നും പലതും സ്വീകരിച്ച് യക്ഷഗാനത്തെ അദ്ദേഹം പരിഷ്കരിച്ചു. ഈ ജനകീയ കലയെ കുറെക്കൂടി കലാമൂല്യമുള്ളതും പ്രശസ്തവുമാക്കിത്തീർത്തത് ഡോ.ശിവറാം കാരന്താണ്. ഹോസ്ദുർഗ് താലൂക്കിൽ 'മലയാളയക്ഷഗാനങ്ങൾ' അവതരിപ്പിക്കാറുണ്ട്. ക്ഷേത്രപരിസരത്ത് മാത്രമല്ല എല്ലായിടത്തും ഇന്ന് ഈ കലാരൂപം അവതരിപ്പിക്കപ്പെടുന്നു.

▶ തെയ്യം, കഥകളി എന്നിവയുടെ സ്വാധീനമുള്ള ജനകീയകലാരൂപം

## സർപ്പംതുള്ളൽ



സർപ്പപ്രീതി വരുത്താനുള്ള അനുഷ്ഠാനകലയാണ് സർപ്പംതുള്ളൽ. നാഗക്ഷേത്രങ്ങളിലും സർപ്പക്കാവുകളിലും വീടുകളിലും ഇത് നടത്തും. വ്രതാനുഷ്ഠാനത്തോടെ കന്യകമാരാണ് സർപ്പം തുള്ളുന്നത്. ഏഴോ ഒൻപതോ ദിവസം മുമ്പ് വ്രതാനുഷ്ഠാനം തുടങ്ങും. വ്രതം നോൽക്കുന്നവർ ഉപ്പ്, പുളി, എരിവ്, പുഴുക്കലരി എന്നിവ കഴിക്കാൻ പാടില്ല. പച്ചരി വറ്റിച്ചതോ പാലും പഴമോ കഴിക്കാം. അലങ്കരിച്ച പന്തലിലാണ് പുള്ളുവർ സർപ്പക്കളം വരയ്ക്കുന്നത്. ആ കളം വീരാളിപ്പട്ടുകൊണ്ട് മൂടും. രാവിലെ അരിപ്പൊടിയിലും ഉച്ചയ്ക്കും രാത്രിയിലും പഞ്ചവർണ്ണപ്പൊടിയിലുമാണ് കളം എഴുതുക. എത്ര പുരുഷന്മാരുണ്ടെങ്കിലും പുള്ളുവത്തി ഒരുനുള്ള് പൊടിയെങ്കിലും വാരിയിടണം. സർപ്പയക്ഷിക്കളം അഷ്ടനാഗക്കളം തുടങ്ങി പലപ്രകാരത്തിലുള്ള കളങ്ങൾ എഴുതുക പതിവുണ്ട്. അരി, തേങ്ങ, വെറ്റില, പാക്ക്, കവുങ്ങിൻ പൂക്കുല, ദീപം, പാൽക്കുടം തുടങ്ങിയവ കളത്തിനുചുറ്റും വച്ചിരിക്കും. പ്രധാന പുള്ളുവൻറെ നിർദ്ദേശമനുസരിച്ച് കളത്തിൽക്കമ്മൾ കളം പൂജ തുടങ്ങുന്നു. പൂജയ്ക്കുശേഷം പ്രധാന പുള്ളുവന്റെ തിരിയുഴിച്ചിലാണ്. കത്തിച്ച പന്തത്താലാണ് സ്വന്തം ശരീരം ഉഴിയുന്നത്. അതിനുശേഷം സർപ്പം തുള്ളുന്ന കന്യകമാർ പന്തലിലേക്ക് ആനയിക്കപ്പെടും. പതിനാലു ദിവസത്തെ വ്രതശുദ്ധി എടുത്തവരാണവർ. ഒരവസരത്തിൽ രണ്ടുപേർക്കേ കളത്തിൽ പ്രവേശനമുള്ളൂ. 'നൂറും പാലും' കൊടുക്കൽ കഴിഞ്ഞാൽ കന്യകൾ പൂക്കുല കൈയിലേന്തി ആടും. വീണ, കൈമണി, പുള്ളോർക്കുടം എന്നിവയുടെ അകമ്പടിയോടെ പുള്ളുവർപ്പാട്ട് തുടങ്ങും. പാട്ട് മുറുകുമ്പോൾ തുള്ളലും മുറുകും. തുള്ളുന്നവർ ഭക്തജനങ്ങളെ അനുഗ്രഹിക്കുകയും അവരുടെ വിഷമങ്ങൾക്കുവേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യും.

- ചിത്രകല, സംഗീതകല, ഉപകരണകല, ശില്പകല, നൃത്തകല തുടങ്ങിയവയുടെ സമഞ്ജസമായ സമ്മേളനം.

സർപ്പംതുള്ളൽ കഴിയുമ്പോൾ കാപ്പറുത്ത് അവർക്ക് പുഴുക്കലരിയും ഉപ്പും കൊടുത്ത് നോമ്പുമുറിക്കും. ഒടുവിൽ സർപ്പം തുള്ളുന്നവർ കളത്തിൽ വീണുരുണ്ട് കളംമായ്ച്ച് അതിൽക്കിടക്കും. രാവിലെയും ഉച്ചയ്ക്കും രാത്രിയിലും ഈ തരത്തിലാണ് കർമ്മം. സർപ്പംതുള്ളലിന്റെ ചടങ്ങുകൾക്ക് പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടാകും. സർപ്പംതുള്ളൽ അവസാനിക്കുന്ന ദിവസം അഷ്ടനാഗപൂജ, ഉച്ചബലി, നാഗബലി, കുരുതി തുടങ്ങിയവ പിണിയാളും കളംപൂജയും മറ്റും പുള്ളുവനും ചെയ്യും. ഓരോ സന്ദർഭത്തിലും പാടാനായി വ്യത്യസ്തങ്ങളായ സർപ്പപ്പാട്ടുകൾ ഉണ്ട്. നാഗങ്ങളെ സ്തുതിക്കുന്ന പാട്ടുകൾ കൂടാതെ പാലാഴിമഥ

- സർപ്പംതുള്ളലിന്റെ ചടങ്ങുകൾക്ക് പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടാകും

നം തുടങ്ങിയ പാട്ടുകളും പാടും. സമ്പത്തിനും സന്താനഭാഗ്യത്തിനും ഐശ്വര്യത്തിനും വേണ്ടിയാണ് ഇത് അനുഷ്ഠിക്കുന്നത്. ആരാധനയ്ക്കും അനുഷ്ഠാനത്തിനുമപ്പുറം ഈടുറ്റ കലകളുടെ കൂട്ടായ്മകൂടിയാണ് സർപ്പംതുള്ളൽ.

### ചവിട്ടുനാടകം



വീരരസപ്രധാനമായ, സംഗീതവും നൃത്തവും അഭിനയവും പയറ്റുമൊക്കെയുള്ള കലാരൂപമാണ് ചവിട്ടുനാടകം. പോർച്ചുഗീസുകാരുടെയും കേരളത്തിലെ സൈനികപാരമ്പര്യമുള്ള ക്രൈസ്തവജനതയുടെയും സംഭാവനയാണിത്. പ്രാചീനകേരളത്തിലെ ആയോധനകലയുടെ പാരമ്പര്യത്തിൽ വളർന്നുവന്ന സമൂഹനൃത്തനാടകമാണിത്. കഥാപാത്രങ്ങൾ മിക്കവാറും ധീരോദാത്ത ഗുണങ്ങളുള്ളവരും വീരപരാക്രമികളുമായിരിക്കും. ചെണ്ട, ഇലത്താളം, മദ്ദളം തുടങ്ങിയ വാദ്യങ്ങളാണ് ഇതിനുള്ളത്. സ്ത്രീവേഷക്കാരുടെ ലാസ്യപ്രധാനമായ ആവിഷ്കാരങ്ങൾക്ക് മൃദംഗം, തബല, ഫ്ളൂട്ട് മുതലായ വാദ്യങ്ങളാണുപയോഗിക്കുന്നത്. ചക്രവർത്തിമാരുടെയും രാജാക്കന്മാരുടെയും വർണ്ണപ്പകിട്ടുള്ള വേഷഭൂഷാദികൾക്ക് സമാനമായ അംഗവസ്ത്രങ്ങളും കിരീടങ്ങളുമാണ് കഥാപാത്രങ്ങൾ ഉപയോഗിക്കുന്നത്. സംഗീതത്തിനനുയോജ്യമായ താളലയങ്ങളും ചുവടുവയ്പ്പുകളുമാണ് ചവിട്ടുനാടകത്തിലുള്ളത്.

- ആയോധനകലയുടെ പാരമ്പര്യത്തിൽ വളർന്നുവന്ന സമൂഹനൃത്തനാടകം

താണ്ഡവത്തിനാണിതിൽ പ്രാധാന്യം. നീചകഥാപാത്രങ്ങളുടെ ചുവടുവയ്പുകൾ വേറിട്ടുനിൽക്കുന്ന വിധത്തിലാണ്. കാൽ നിവർത്തിച്ചവിട്ടാതെ പാദത്തിന്റെ മടമ്പുചവിട്ടി അമർന്നു ചവിട്ടുന്നതാണ് രീതി. പടവെട്ട്, ഈ നാടകത്തിന്റെ അവിഭാജ്യഘടകമാണ്. യുദ്ധവും പോർവിളിയും വധവും മറ്റുമുള്ള ഈ കലാരൂപം പ്രാചീന കാലഘട്ടത്തിലെ ജനകീയാഭിരുചിയോട് ചേർന്നുനില്ക്കുന്നു. കൊടുങ്ങല്ലൂരിന് വടക്ക് ചാവക്കാട് മുതൽ തെക്ക് കൊല്ലം വരെയുള്ള തീരപ്രദേശങ്ങളിലായിരുന്നു ഈ കലയുടെ ആരംഭം. സംഗീതത്തിന് ഏറെ പ്രാധാന്യമുള്ള ചവിട്ടുനാടകത്തിൽ ആദ്യന്തം നടന്മാർ തന്നെയാണ് പാടുന്നത്. പിന്നണി ഗായകസംഘവും ആശാനും അതേറ്റുപാടുന്നു. നടന്മാർ ഭാവത്തിനനുഗുണമായി പാടി അഭിനയിച്ച് ചുവടുവയ്ക്കുന്നതിനൊപ്പം താളമേളങ്ങളും ഉണ്ടാകും. കാറൽമാൻ ചരിതം, അല്ലേശു നാടകം, ഇസ്മാക്ക് വിജയം, ലൂസീന ചരിത്രം, ജാനോവ നാടകം തുടങ്ങിയവ ചില പ്രധാന ചവിട്ടുനാടകങ്ങളാണ്. യൂറോപ്യൻ ഒപ്പറയുടെയും കഥകളിയുടെയും സമ്മിശ്രരൂപമാണ് ചവിട്ടുനാടകം. നമ്മുടെ പൗരാണിക സംസ്കാരത്തിന്റെ ഭാഗമായ ചവിട്ടുനാടകം പ്രാക്തന ചൈതന്യത്താൽ അമൂല്യമായൊരു കലാരൂപമാണ്.

- സംഗീതത്തോട് യോജിച്ചുപോകുന്ന താളലയങ്ങളുള്ള ചവിട്ടിന് സർവപ്രാധാന്യം

## ദഫ്മുട്ട്



കേരളീയ മുസ്ലീംജനതയുടെ ഇടയിൽ പ്രചാരമുള്ള അനുഷ്ഠാനകലയാണ് ദഫ്മുട്ട്. ദഫ് എന്നത് പേർഷ്യൻ പദമാണ്. ഉത്തരകേരളത്തിലാണ് ഇതിനേറെ പ്രാധാന്യമുള്ളത്. മരംകൊണ്ട് നിർമ്മിച്ച, ഒരു ഭാഗം കാളത്തോൽ കൊണ്ടു പൊതിഞ്ഞ' ദപ്പ്' (ദഫ്). ദഫ് മുട്ടിക്കൊണ്ട് പാടിയാടിക്കളിക്കുന്നതാണ് ദഫ്മുട്ട്. സംഘത്തിലെ പ്രധാനയാൾ പാട്ടുപാടുമ്പോൾ പന്ത്രണ്ടിൽ കൂടുതലുള്ള കളിക്കാർ വട്ടത്തിൽ നിന്ന് ദഫ് കൊട്ടി താളത്തിനൊത്ത് താഴ്ന്നും ഉയർന്നും ചുവടുവച്ച് ആടും. ആദ്യകാലത്ത് അറബിഗാനങ്ങളായിരുന്നു ദഫ്കളിക്ക് പാടിയിരുന്നത്. പിന്നീടാണ് ഭാഷയിൽ മാറ്റം വരുന്നത്. പാട്ടുകളുടെ ഉള്ളടക്കം വ്യത്യസ്തമാണ്. പൊതുവിൽ മതപരമായിട്ടുള്ളതും പ്രകൃതിവർണ്ണനാപരങ്ങളായവയും സ്ഥലപുരാണങ്ങൾ വർണ്ണിക്കുന്നതുമായ പാട്ടുകളാണ് പാടാറുള്ളത്. ബദർ പടപ്പാട്ട്, മക്കം ഫത്തഹ്, താലിപ്പാട്ട്, പക്ഷിപ്പാട്ട്, ഉമർകിസ തുടങ്ങിയിട്ടുള്ള പാട്ടുകളാണ് ദഫുകളിയിൽ സാധാരണ പാടുന്നത്. മതപരമായ ഒരനുഷ്ഠാനമായ ദഫുകളി പള്ളികളിൽ നേർച്ചയായാണ് ആദ്യം അവതരിപ്പിക്കപ്പെട്ട് പോന്നത്. കൂടാതെ സുന്നത്ത് കർമ്മത്തിനോടനുബന്ധിച്ചും വിവാഹത്തിനുമൊക്കെ ദഫുകളി പിൽക്കാലത്ത് നടത്താൻ തുടങ്ങി.

> ▶ അനുഷ്ഠാനത്തിനുപുറമേ സാമൂഹിക വിനോദം

## അറ്ബന



മുസ്ലീംജനതയുടെ ഇടയിൽ പ്രചാരമുള്ള ഒരനുഷ്ഠാന കലാപ്രകടനമാണിത്. 'അറ്ബന' എന്ന വാദ്യോപകരണം കൈകൊണ്ട് മുട്ടിയാണ് കളിക്കുന്നത്. ദഫിനെക്കാൾ മരച്ചട്ടയ്ക്ക് കൂടുതൽ വ്യാസമുണ്ടായിരിക്കും. വൃത്താകൃതിയിലുള്ള മരച്ചട്ടയുടെ ചുറ്റിനും പിത്തള ചിലമ്പുകൾ ഘടിപ്പിച്ച് ആട്ടിൻ തോലോ മൂരിക്കുട്ടന്റെ തോലോ കൊണ്ട് മരച്ചട്ട പൊതിയും. ആശാൻ ബൈത്ത് ചൊല്ലിക്കൊടുക്കുമ്പോൾ കളിക്കാർ അതേറ്റുപാടി പതിഞ്ഞ താളത്തിൽ തുടങ്ങി ക്രമേണ വേഗം കൂട്ടും. ഈണത്തിനനുസരിച്ച് വലത്തോട്ടും ഇടത്തോട്ടും ചാഞ്ഞാണ് കളിക്കുന്നത്. അറബന അവ

തരിപ്പിക്കുന്നതിന്റെ ഭാഗമായി മുസ്ലീം സമുദായക്കാരുടെ വീടുകളിൽ ആയുധപ്രയോഗവും നടത്താറുണ്ട്. റാത്തിബ്, കുത്തുറാത്തിബ് തുട ങ്ങിയ അനുഷ്ഠാനങ്ങൾക്കൊപ്പമാണ് ആയുധപ്രയോഗം നടത്തുന്നത്. യുദ്ധവീരന്മാരുടെയും രക്തസാക്ഷികളുടെയും കഥയാണ് പാട്ടിലുള്ള ത്. അനുഷ്ഠാനങ്ങളുടെ ഭാഗമായും റംസാൻ തുടങ്ങിയ വിശേഷപ്പെട്ട ആഘോഷങ്ങളിലും അറബനമുട്ട് നടത്താറുണ്ട്. വെളുത്തമുണ്ടും ഷർട്ടുമിട്ട് വെള്ളത്തുണിയാലുള്ള തലേക്കെട്ടുമായാണ് അറബന കളിക്കാർ രംഗത്തുവരിക. ആശയസംപുഷ്ടതയും താളവും ശ്രുതി യുമൊത്ത മാപ്പിളപ്പാട്ടുകൾക്കൊപ്പമോ അറബിപ്പാട്ടുകൾക്കൊപ്പമോ ആണ് അറബനമുട്ട് നടക്കുന്നത്. മതപരമായ വിഷയമോ വീരഗാഥ കളോ പടപ്പാട്ടുകളോ പ്രേമകഥകളോ ആണ് സാധാരണയായി പാടാ റുള്ളത്. ഈ കലയുടെ കാഴ്ചയ്ക്കപ്പുറം കേൾവിയിലാണ് അതിന്റെ സവിശേഷത അറിയാനാകുന്നത്.

▶ ഭാവാഭ്യാസപ്രകടനം വെളിവാക്കുന്ന കലാരൂപം

## ഗോത്രരംഗകലകൾ

ജീവിതരീതികൾക്കും ജീവിക്കുന്ന ചുറ്റുപാടുകൾക്കും അനുസൃത മായാണ് ഗോത്രകലാരൂപങ്ങൾ ജന്മംകൊണ്ടത്. ഇവയിലേറിയ പങ്കും അനുഷ്ഠാനകലകളാണ്. നാടൻകലകളിലെ വേഷവൈവിധ്യങ്ങൾ ഗോത്രകലകളിൽ ഉണ്ടാകില്ല. ഉർവരതയുമായി ബന്ധപ്പെട്ടും ബാധക ളെ ഉച്ചാടനം ചെയ്യാനായും ദേവതാരാധനാസംബന്ധമായും സംസ്കാ രക്രിയകളോടനുബന്ധിച്ചും നായാട്ടുമായി ബന്ധപ്പെട്ടുമൊക്കെയാണ് ഗോത്രരംഗകലകൾ അവതരിപ്പിക്കപ്പെടുന്നത്. വിനോദകലകളെക്കാൾ അനുഷ്ഠാനകലകൾക്കാണ് ഗോത്രകലകളിൽ പ്രാമുഖ്യം. കുറിച്യരു ടെ മലക്കാരിത്തെയ്യം, ഭഗവതിയാട്ടം, നെകലാട്ടം തുടങ്ങിയവ നാടകീ യത നിറഞ്ഞുനിൽക്കുന്ന കലാരൂപങ്ങളാണ്.

▶ അനുഷ്ഠാനകലകൾക്കാണ് ഗോത്രകലകളിൽ പ്രാമുഖ്യം

### മലക്കാരിത്തെയ്യം

പ്രകൃതികോപം, പകർച്ചവ്യാധി എന്നിവ മലക്കാരിയെന്ന വനദേ



വതയുടെ അനിഷ്ടംകൊണ്ടാണ് സംഭവിക്കുന്നതെന്ന വിശ്വാസത്താലാണ് മലക്കാരിത്തെയ്യം കെട്ടുന്നത്. വടക്കൻ കേരളത്തിലെ തെയ്യവുമായും കാവനുഷ്ഠാനങ്ങളുമായും ഇതിന് സാമ്യമുണ്ട്. മലക്കാരി തിറകെട്ടിയാടുക തെയ്യം കലാകാരന്മാരാണ്. കരിങ്കാളി എന്ന ദേവതാസങ്കല്പവും ഈ അനുഷ്ഠാനകലയുടെ ഭാഗമാണ്. കരിങ്കാളിക്കുള്ള അനുഷ്ഠാനമാണ് മലക്കാരിത്തെയ്യത്തിന്റെ ഭാഗമായ കുംഭപ്പാട്ടും കുംഭമെഴുന്നള്ളിപ്പും. സദ്ഗതിയടഞ്ഞ പരേതാത്മാക്കൾ ദേവതാപദവി നേടുന്ന ആത്മാക്കളെന്ന വിശ്വാസത്താൽ അവർക്ക് നിവേദ്യവസ്തുക്കൾവച്ച് പൂജിക്കുന്ന ചടങ്ങാണ് 'നെകലാട്ടം'. കുടുംബത്തിൽ പ്രധാനപ്പെട്ട ചടങ്ങ് ഉണ്ടാകുന്നുവെങ്കിൽ കുടുംബത്തിൽ മുമ്പ് മരിച്ചു

> ▶ മലക്കാരി(വനദേവത) യെ പ്രീതിപ്പെടുത്താനുള്ള അനുഷ്ഠാനം

പോയ കാരണവരുടെ ആത്മാവിനെവരുത്തി അഭിപ്രായം തേടുകയും അനുഗ്രഹം നേടുകയും ചെയ്യേണ്ടതുണ്ടെന്നുള്ള വിശ്വാസത്തിന്റെ ഭാഗമാണിത്. അതിനായി മരിച്ചുപോയ കാരണവരെ പണിക്കരിലൂടെ കാണുന്ന അനുഷ്ഠാനമാണിത്.

### മാന്നാൻ കൂത്തവതരണം

ഇടുക്കിയിലെ മാന്നാൻ വർഗ്ഗത്തിന്റെ പാരമ്പര്യകലാരൂപമാണ്, വിളവെടുപ്പിന് ശേഷം നടക്കുന്ന കാലാവൂട്ട് മഹോത്സവത്തിലെ മാന്നാൻ കൂത്തവതരണം. ഇത് ഉർവരതാനുഷ്ഠാനമാണ്. ഏഴുദിവസം കൊണ്ടാണിത് അവതരിപ്പിച്ചുതീരുക. കോവലൻ-കണ്ണകി കഥ കൂത്തിലവതരിപ്പിക്കുന്ന ഈ അനുഷ്ഠാനകലയിൽ ഒരാൾ പാടുകയും മറ്റുള്ളവർ ഏറ്റുപാടി വാദ്യമേളങ്ങൾക്കനുസരിച്ച് നൃത്തം ചവിട്ടുകയും ചെയ്യുന്നു. കുറത്തിനാടകം ഊരാളിമാരുടെ കലാരൂപമാണ്. അഭിനയത്തിന് പ്രാധാന്യമുള്ള ആറ് കഥകളാണ് ഇതിൽ അവതരിപ്പിക്കുന്നത്. കാണിക്കാർ ദേവതാപ്രീണനത്തിനായി വർഷത്തിലൊരിക്കൽ നടത്തുന്നതാണ് ആണ്ടുകൊടുതി. കുംഭമാസത്തിലാണിത് നടത്തുന്നത്. ദേവതകൾ ഈ ചടങ്ങിൽ ഉറഞ്ഞുതുള്ളും. പരിഷ്കൃത സമൂഹവുമായുള്ള ബന്ധം ഗോത്രജനതയുടെ ആചാരാനുഷ്ഠാനങ്ങളെയും ജീവിതരീതികളെയും പരിസ്ഥിതിയെയും വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഇതിനാൽ ഈ രംഗകലകളൊക്കെ വളരെയേറെ മാറ്റങ്ങൾക്ക് വിധേയമാവുകയോ ഇല്ലാതാകുകയോ ചെയ്തിട്ടുണ്ട്.



> ▶ പ്രാചീനജീവിതത്തിന്റെ വിശ്വാസാചാരങ്ങളുടെ ഭാഗം

### ചാറ്റ്

കാണിക്കാരുടെ ഇടയിലുള്ള ഒരു മാന്ത്രികാനുഷ്ഠാനമാണ് ചാറ്റ്. ചാറ്റെന്ന പദത്തിന് ശുദ്ധികർമ്മം എന്ന അർത്ഥമാണ് കാണിക്കാർ കല്പിച്ചിട്ടുള്ളത്. എന്നാൽ ഉറക്കെപ്പറയുക എന്നാണ് ഈ പദത്തിന്റെ കേവലാർത്ഥം. രോഗനിവാരണത്തിനായും ബാധകൾ മാറ്റാനായും നായാട്ടിലെ വിജയത്തിനായും ദേവതാപ്രീണനത്തിനായും 'ചാറ്റ്' അനുഷ്ഠിക്കാറുണ്ട്. രോഗങ്ങളകറ്റാൻ പിണിച്ചാറ്റ്, ബാധോപദ്രവങ്ങൾ നീക്കാൻ കരിങ്കാളി ചാറ്റ് തുടങ്ങി പല പ്രകാരത്തിലുള്ള ചാറ്റുകളുണ്ട്. ചാറ്റെന്ന അനുഷ്ഠാനകർമ്മം നിർവഹിക്കുമ്പോൾ പാടുന്ന പാട്ടാണ് ചാറ്റുപാട്ട്. ചാറ്റുപാട്ടുകൾ ആദ്യം കാണിക്കാർ (മലയരയർ) പാടിയത് ദൈവങ്ങളെ



ബാധിച്ച ദൃഷ്ടിദോഷങ്ങൾ മാറാനാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഉച്ചത്തിലാണ് ചാറ്റുപാട്ടുകൾ പാടുന്നത്. കാണിക്കാർ 'കൊക്കര' എന്ന വാദ്യോപകരണമാണ് ചാറ്റുപാട്ടിന് ഉപയോഗിക്കുന്നത്. ഗതികിട്ടാതെ അലയുന്ന ആത്മാക്കളുടെ മുക്തിക്കായി പടിപ്പുമാരണച്ചാറ്റ്, രോഗാതുരനായവനെ കാലനിൽ നിന്ന് രക്ഷിക്കാനായി കാലവായ്ച്ചാറ്റ് തുടങ്ങിയ ചാറ്റുപാട്ടുകളും ഉണ്ട്. പിണിച്ചാറ്റ്, തുടിച്ചാറ്റ്, നായാട്ടുചാറ്റ്, കരങ്കാളിചാറ്റ്, കൊടുതിചാറ്റ് എന്നിങ്ങനെ വിവിധതരത്തിലുള്ള ചാറ്റാണുള്ളത്. ഓരോ അനുഷ്ഠാനത്തോടനുബന്ധിച്ചും വ്യത്യസ്തചാറ്റുകളാണുള്ളത്. നടത്തുന്ന രീതി, കൊക്കരയുടെ താളം, ചൊല്ലുന്ന രീതി എന്നിവ ഓരോ ചാറ്റിനും വ്യത്യസ്തമാണ്. പ്ലാത്തി അഥവാ മന്ത്രവാദി രണ്ടുവരി ചൊല്ലുമ്പോൾ രണ്ട് പിൻപാട്ടുകാർ അതേറ്റു ചൊല്ലും. ഒരു പ്ലാത്തിക്ക് അവശത വന്നാൽ പുതുതായി മറ്റൊരാളെ തെരഞ്ഞെടുത്ത്, ലോഹനിർമ്മിത താളവാദ്യമായ 'കൊക്കര'കൈമാറും. 'കൊക്കരയെടുപ്പെ'ന്നാണ് ഈ ചടങ്ങ് അറിയപ്പെടുന്നത്. ഈറയിൽ തീർത്ത കൂട്ടിനുള്ളിലാണ് 'കൊക്കര' സൂക്ഷിക്കുന്നത്. ഇതിനെ 'കൊക്കരൻ വിലങ്ങൻ പെട്ടി' എന്നാണ് പറയുന്നത്. അകം പൊള്ളയായ പല്ലു കൊത്തിയിട്ടുള്ള ഇരുമ്പ്കുഴലിനോട് ഇരുമ്പ് ദണ്ഡ് ചങ്ങല കൊണ്ട് ബന്ധിപ്പിച്ചിട്ടുള്ളതാണ് 'കൊക്കര'. ഇരുമ്പ് കുഴൽ ഇടതുകൈയിലും ദണ്ഡ് വലതുകൈയിലും ചേർത്ത് പിടിച്ച് ഉരസിക്കൊണ്ടാണ് ഇത് പാടിക്കുന്നത്. വാമൊഴിയായി തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന വായ്പാട്ടായ 'ചാറ്റുപാട്ട്' ആദിവാസികൾക്കിടയിൽ ഇപ്പോഴും പരിണാമവിധേയമാകാതെ നിലനിൽക്കുന്നു.

> ▶ ജീവിതാവസ്ഥയുടെ സൗഖ്യത്തിനായുള്ള അനുഷ്ഠാനം

### ഗദ്ദിക

ആദിവാസി വർഗ്ഗക്കാരായ വയനാട്ടിലെ അടിയാന്മാർ അനുഷ്ഠിക്കുന്ന മന്ത്രവാദത്തിൽ അധിഷ്ഠിതമായ ചടങ്ങാണ് 'ഗദ്ദിക'. ഗദ്ദിക എന്ന മന്ത്രവാദ കർമ്മം ഗാർഹിക അനുഷ്ഠാനത്തിന്റെ ഭാഗമാണ്. എന്നാൽ നാട്ടുഗദ്ദികയാകട്ടെ തങ്ങൾ ജീവിക്കുന്ന നാട്ടിലെ ഭൂതപ്രേതാദികളെ നിഷ്കാസനം ചെയ്ത് ദേശത്തിന് ഐശ്വര്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തിലധിഷ്ഠിതമാണ്. 'ഗദ്ദിക' എന്ന അനുഷ്ഠാനം കൊയ്ത്തിനുശേഷമാണ് നടത്തുന്നത്. നാടിനെയും വീടിനെയും വ്യക്തികളെയുമൊക്കെ ബാധിക്കുന്ന ഭൂതപ്രേതപിശാചുക്കളെ അകറ്റുക എന്നതാണ് ഗദ്ദികയുടെ പിന്നിലുള്ള ലക്ഷ്യം. അതിലൂടെ രോഗദുരിതങ്ങൾ ഒഴിവായിപ്പോകും എന്നാണ് വിശ്വാസം. ഗദ്ദികയുടെ വാദ്യം തുടിയാണ്. ഗദ്ദികക്കാരൻ പ്രത്യേക വേഷഭൂഷാദികൾ അണിഞ്ഞ് വാദ്യമേളങ്ങളുടെ അകമ്പടിയോടെ ഉറഞ്ഞുതുള്ളുകയും അട്ടഹസിക്കുകയും ചെയ്യും. അടിയാന്മാ



രാവശ്യപ്പെടുന്ന പ്രശ്നങ്ങളുടെ നിവൃത്തി വരുത്തി രക്ഷനൽകാമെന്ന് ഗദ്ദികക്കാരൻ അനുഗ്രഹിച്ചുപറയും. മലക്കാരി, കുട്ടിച്ചാത്തൻ, മാരി തുടങ്ങിയ ദേവതകളെ തൃപ്തിപ്പെടുത്തുകയും പ്രീതിപ്പെടുത്തുകയു മാണ് ഗദ്ദികയുടെ ലക്ഷ്യം. ഓരോ ദേവതയെക്കുറിച്ചുമുള്ള പാട്ടുകൾ പാടുന്ന വേളയിൽ അതാതു ദേവതകൾ ഉറഞ്ഞുതുള്ളും. പ്രകൃത്യം ശങ്ങളെയെല്ലാം തനിമയോടെ കണ്ട് അതിനെ തങ്ങളുടെ കലയിലേ ക്കും സന്നിവേശിപ്പിക്കുന്ന രീതിയാണ് ഗോത്രകലകളിൽ കാണാനാ കുന്നത്. അതിനുദാഹരണമാണ് പ്രതിഷ്ഠകളായി ആരാധിക്കുന്ന ശിലകളെപ്പോലും ആകൃതിയിലാക്കാതെ ഇരിക്കുന്നത്. പ്രാചീനവും പ്രകൃതിയോടിണങ്ങി നില്ക്കുന്നതുമാണ് ഇത്തരം അനുഷ്ഠാനങ്ങൾ.

- ഉച്ചാടനകർമ്മം
- നാടിന്റെ ക്ഷേമം ലക്ഷ്യം

## രംഗാവതരണസിദ്ധാന്തം

മനുഷ്യന്റെ സാമൂഹികജീവിതത്തിൽ അനുഷ്ഠാനങ്ങൾക്ക് ഏറെ പ്രാധാന്യമാണുള്ളത്. അത്തരത്തിലുള്ള അനുഷ്ഠാനകർമ്മങ്ങളു ടെ ഉള്ളിലുള്ള പ്രക്രിയ എന്താണെന്ന് വിലയിരുത്തപ്പെടുന്ന സിദ്ധാ ന്തം 1907 ൽ അർനോൾഡ് വാൻജെനപ്പ് 'The Rites of Passage' എന്ന ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുകയുണ്ടായി. അനുഷ്ഠാനങ്ങ ളുടെ പൂർണ്ണമായ തലവും അതിലെ സാമൂഹികമായതലവും മനസ്സി ലാക്കാൻ അദ്ദേഹം മൂന്ന് ഘട്ടങ്ങളിലൂടെ ശ്രമിച്ചു. വ്രതാനുഷ്ഠാനം, പരിവർത്തനം, പുന:സംയോജനം എന്നിവയിലൂടെയാണത് സാധ്യ മാക്കിയത്. ശവസംസ്കാരച്ചടങ്ങുകൾ, പ്രാചീന വിവാഹച്ചടങ്ങുകൾ, ഉപനയനച്ചടങ്ങുകൾ എന്നിവയാണ് അദ്ദേഹം പഠനവിധേയമാക്കി യത്. എന്നിരുന്നാലും എല്ലാ പ്രാചീനാനുഷ്ഠാനങ്ങളിലും ആഘോ ഷങ്ങളിലും മേൽപ്പറഞ്ഞ മൂന്ന് ഘടകങ്ങളും ഉണ്ടായിരിക്കും. രംഗാ വതരണത്തിലോ അനുഷ്ഠാനത്തിലോ പങ്കെടുക്കുന്ന വ്യക്തിയുടെ മുന്നൊരുക്കങ്ങൾ, സാധാരണ ജീവിതസാഹചര്യങ്ങളിൽനിന്നു വേ റിട്ടുനിൽക്കൽ എന്നിവയൊക്കെ വ്രതാനുഷ്ഠാനത്തിൽ ഉൾപ്പെടുന്നു. അനുഷ്ഠാനത്തിൽ പങ്കെടുക്കുന്ന വേളയിൽ ഉണ്ടാകുന്ന മാറ്റത്തിന്റെ തലമാണ് പരിവർത്തനം. അനുഷ്ഠാനശേഷം സാധാരണ ജീവിതത്തി ലേക്കുള്ള മടങ്ങിപ്പോക്ക് പുന:സംയോജനമാണ്. വാൻജെനപ്പിന്റെ അഭിപ്രായത്തിൽ പാട്ട് മുതലായിട്ടുള്ള എല്ലാ നാടോടി ആവിഷ്ക്കാ രങ്ങളും രംഗാവതരണങ്ങളാണ്. വർത്തമാനകാല ഫോക്‌ലോർ പഠന ത്തിലെ അതിപ്രധാനമായ ഒരു സങ്കല്പനമാണിത്.

- അനുഷ്ഠാനത്തി ന്റെ സമ്പൂർണ്ണതലം അപഗ്രഥിക്കൽ

## Summarised Overview

നമ്മുടെ സമൂഹത്തിലും കൂട്ടായ്മയുടെ സ്വഭാവം കണ്ടെത്താൻ നാടൻ കലാരൂപങ്ങളിലൂടെ കഴിയും. നാടൻ കലാരൂപങ്ങളും നാടോടി നാടകങ്ങളും ഇത്തരം കൂട്ടായ്മയ്ക്ക് ഉത്തമ ദൃഷ്ടാന്തങ്ങളാണ്. ഇങ്ങനെ കൂട്ടായ്മായിലൂടെ രൂപപ്പെടുന്ന ഘടകങ്ങൾ ആ സമൂഹത്തിലെ വ്യക്തിബന്ധങ്ങളെ പരസ്പരം ഇണക്കിക്കെട്ടുന്നു. ഇത് ഫോക്‌ലോറിന്റെ സവിശേഷതകളിൽ പ്രധാനപ്പെട്ട ഒന്നാണ്. മനുഷ്യസമൂഹത്തിന്റെ സാംസ്കാരികചരിത്രത്തിൽ കളികൾക്കും നാട്യങ്ങൾക്കും സവിശേഷ സ്ഥാനമുള്ളതായിക്കാണാം. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഭക്ഷണം, ഉത്സവങ്ങൾ തുടങ്ങിയവയെപ്പോലെതന്നെ കളികൾക്കും വിനോദങ്ങൾക്കും സവിശേഷസ്ഥാനമുണ്ട്. ക്രീഡാവിനോദങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ജീവിതത്തിന്റെ നാനാരംഗങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ജനങ്ങളുടെ സ്വഭാവം മിക്കപ്പോഴും അവരുടെ വിനോദങ്ങളിൽ നിന്നും മനസ്സിലാക്കാനാകുമെന്ന് വാഷിംങ്ടൺ ഇർവിങ്ങിനെപ്പോലുള്ള സാമൂഹ്യശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ കായികവും മാനസികവുമായ ശേഷിയും പ്രവർത്തനരീതിയും അവരുടെ കളികളുടെയും വിനോദങ്ങളുടെയും അപഗ്രഥനത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ടുതന്നെ നാടോടി വിജ്ഞാനീയത്തിൽ നാടൻകളികളെ സംബന്ധിച്ച പഠനങ്ങളും അവയുടെ ക്രോഡീകരണവും പ്രസക്തമാണ്. ആദ്യകാലങ്ങളിൽ ഇവയ്ക്ക് അർഹമായ പ്രാധാന്യം ലഭിച്ചിരുന്നില്ല. എന്നാൽ, മനുഷ്യന്റെ പ്രവർത്തനമണ്ഡലങ്ങളിലൊക്കെയും നാടോടി വിജ്ഞാനീയത്തിന് ബന്ധങ്ങളുണ്ടെന്ന ധാരണ നിലവിൽ വന്നതോടെ ഫോക്‌ലോറിന്റെ പരിധിയിൽ കളികളും വിനോദങ്ങളുമെല്ലാം ഉൾപ്പെട്ടു.

നാടൻകളികളെയും വിനോദങ്ങളെയും അവയുടെ ധർമം, സ്വഭാവം, കളിരീതി, കളിക്കുന്നവരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ പല രീതിയിൽ തരംതരിച്ചിട്ടുണ്ട്. വിപുലവും സങ്കീർണവുമായ അർഥത്തിൽ വിനോദങ്ങളെ കായികവിനോദം, മാനസികവിനോദം, കലാവിനോദം, ഭാഷാവിനോദം എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. സാമൂഹിക വിനോദങ്ങൾ ഇതിലെല്ലാം ഉൾപ്പെടുന്നതിനാൽ അതിനെ പ്രത്യേക വിഭാഗങ്ങളായി പരിഗണിക്കേണ്ടതില്ല. ശാരീരികമായ അധ്വാനവും ആരോഗ്യവും ആവശ്യപ്പെടുന്നതാണ് കായികവിനോദങ്ങൾ. ചാട്ടം, ഓട്ടം, ശരീരത്തിന്റെ സന്തുലനം, വിവിധ അഭ്യാസമുറകൾ എന്നിവയെല്ലാം ഇതിൽപ്പെടും. അനുകരണ കളികൾ, അഭിനയ കളികൾ തുടങ്ങിയവ തൊട്ട് 'കളി'കളായ കലാപ്രകടനങ്ങളെല്ലാം കലാവിനോദങ്ങളാകുന്നു. ചതുരംഗക്കളി, പകിടകളി തുടങ്ങി പറയത്തക്ക ശാരീരികാധ്വാനം ആവശ്യമില്ലാത്തതും, എന്നാൽ മാനസികചിന്തയ്ക്ക് വകനല്കുന്നതുമായ വിനോദങ്ങളാണ് മാനസിക വിനോദങ്ങൾ.

സമൂഹജീവി എന്ന നിലയ്ക്ക് മനുഷ്യൻ അനുഭവിക്കുന്ന സമ്മർദങ്ങളിൽനിന്ന് രക്ഷനേടാനുള്ള, സമൂഹം അനുവദിച്ച മാർഗങ്ങളിൽ ഒന്നാണ് നാടൻകളികളെന്ന വാദമുണ്ട്. പരസ്പരം കീഴ്പ്പെടുത്താനുള്ള വാസനയുടെ സഫലീകരണവുമാണിത്. ഇതിനെല്ലാം പുറമേ ജീവിതായോധനത്തിനായുള്ള ബാലപാഠങ്ങളായും അത് കണക്കാക്കപ്പെടുന്നു. സമൂഹത്തിലെ വൈരുധ്യങ്ങളുടെ അബോധതലത്തിലുള്ള സമതുലനവും നാടൻ കളികളുടെ ധർമമാണ്. കൃത്യമായ നിയമങ്ങൾ പാലിച്ചുകൊണ്ടുതന്നെ ഒരു സംഘം മറ്റൊന്നിനെ കീഴ്പ്പെടുത്തുന്നതാണ് മിക്ക കളികളിലും കാണാനാകുന്നത്. വിഭിന്ന കൂട്ടായ്മകൾക്കിടയിലുള്ള അധിനിവേശ വാഞ്ഛ, കളിയിലൂടെ സമീകരിക്കുന്ന, അഥവാ കളിയിലൂടെ ഉണർത്തിയവസാനിപ്പിക്കുന്ന രീതി ഈ കളികളിൽ കാണാം.

## Assignments

1. നാടോടിനാടകങ്ങളെക്കുറിച്ച് വിവരിക്കുക.
2. സ്വന്തം ദേശത്തുള്ള അനുഷ്ഠാന രംഗകലകളെക്കുറിച്ച് പഠനം നടത്തുക.
3. മുടിയേറ്റ്, പടയണി, തെയ്യം, തിറ എന്നിവയെക്കുറിച്ച് വിവരിക്കുക.
4. ഗോത്രരംഗകലകളെക്കുറിച്ച് വിലയിരുത്തുക
5. യക്ഷഗാനത്തെക്കുറിച്ച് സവിശേഷപഠനം നിർവഹിക്കുക.
6. രംഗാവതരണസിദ്ധാന്തം എന്താണെന്ന് വെളിവാക്കുക

## Suggested Reading


1. അജു.കെ.നാരായണൻ, ഫോക്‌ലോർ: പാഠങ്ങൾ, പഠനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം
2. എൻ. ഭക്തവത്സല റെഡ്ഡി, ഫോക്‌ലോർ പഠനം സിദ്ധാന്തതലം, ഫോക്‌ലോർ സൊസൈറ്റി ഓഫ് സൗത്ത് ഇന്ത്യൻ ലാംഗ്വേജ്, തിരുവനന്തപുരം
3. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. എം. വി. വിഷ്ണുനമ്പൂതിരി., നാടോടി വിജ്ഞാനീയം, ഡി. സി. ബുക്സ്, കോട്ടയം
5. ഏ. കെ. നമ്പ്യാർ, കേരളത്തിലെ നാടൻ കലകൾ, എൻ. ബി. എസ്. കോട്ടയം


## Reference


1. കുമാരൻ വയലേരി, ആദിവാസിപുരാവൃത്തം, ഡി. സി. ബുക്സ്, കോട്ടയം, 2007
2. ഡോ. എം. വി. വിഷ്ണുനമ്പൂതിരി, ഫോക്‌ലോർ നിഘണ്ടു, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
3. ഡോ. എം. വി. വിഷ്ണുനമ്പൂതിരി, (ജനറൽ എഡിറ്റർ) ഫോക്‌ലോർ പ്രബന്ധങ്ങൾ, കേരളഫോക്‌ലോർ അക്കാഡമി, കണ്ണൂർ, 2002
4. ശിവശങ്കരപ്പിള്ള, ഫോക്‌ലോർ പഠനങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2003
5. ഡോ. പി. സോമൻ, ഫോക്‌ലോർ സംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007
6. Chummar Chundal,Studies in Folklore of kerala, College Book Hose, Thiruvananthapuram ,1978

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ഫോക്‌ലോർ പഠനത്തിന്റെ വർത്തമാനകാല അവസ്ഥ

## BLOCK-04

# Unit 1

# ഫോക്‌ലോർ പഠനത്തിന്റെ വർത്തമാനകാല അവസ്ഥ

## Learning Outcomes

- ഫോക്‌ലോറിന്റെ വർത്തമാനകാല അവസ്ഥ അറിയുന്നു
- നാട്ടറിവുകളുടെ പ്രസക്തിയും സാമൂഹിക ധർമ്മങ്ങളും മനസ്സിലാക്കുന്നു
- ശേഖരിച്ച ഫോക്‌ലോറുകളെ ആസ്പദമാക്കി പഠനങ്ങൾ തയ്യാറാക്കാൻ ശേഷിയുണ്ടാകുന്നു
- നാട്ടറിവ് സമാഹരണം, സംരക്ഷണം ഇവയെക്കുറിച്ച് അപഗ്രഥിക്കുന്നു
- സാമൂഹികപ്രാധാന്യമുള്ളതും സാംസ്കാരിക ജാഗ്രതപുലർത്തുന്നതുമാണ് ഫോക്‌ലോർ പഠനമെന്ന് തിരിച്ചറിയുന്നു
- മലയാളഭാഷ, കേരളീയാനുഭവങ്ങളുടെ കലവറയാണെന്ന് ബോധ്യപ്പെടുത്തുന്നു
- നാട്ടറിവുകൂട്ടത്തിന് ചെറുത്തുനിൽപ്പിന്റെ ആയുധമെന്ന സ്ഥാനമുണ്ടെന്ന് ഗ്രഹിക്കുന്നു
- ഫോക്‌ലോർ എന്ന പഠനമേഖല അതിവിപുലമാണെന്ന് തിരിച്ചറിയുന്നു
- ഫോക്‌ലോറിലെ മാറുന്ന പ്രവണതകൾ മനസ്സിലാക്കുന്നു
- ഫോക്‌ലോർ, ഫോക്ലോറിസം, പ്രയുക്ത ഫോക്‌ലോർ, നഗരഫോക്‌ലോർ എന്നീ മേഖലകളെക്കുറിച്ചറിയുന്നു
- നാടോടി വിജ്ഞാനീയവുമായി ബന്ധപ്പെട്ടുവരുന്ന ജ്ഞാനശാസ്ത്രങ്ങളെ പരിചയപ്പെടുന്നു

## Background

ഭൂതകാല അറിവുകളും സംസ്കാരവും വർത്തമാനകാല അനുഭവങ്ങളുമായി ഇഴചേർന്ന് ഭാവിയെ രൂപപ്പെടുത്താൻ കളമൊരുക്കുന്നതിനാൽ ഫോക്‌ലോർ പഠനത്തിന് ഏറെ പ്രസക്തിയുണ്ട്. സംസ്കാരത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയാനും സ്വത്വബോധം ഊട്ടിയുറപ്പിക്കാനും ഇന്നലെകളിൽ നിന്ന് ഇന്നിലൂടെ നാളെയിലേക്കുള്ള വളർച്ചയുടെ പടവുകൾ മനസിലാക്കുവാനും നാടോടിവിജ്ഞാനീയം സഹായകമാണ്. ഗതകാല ജനജീവിതത്തിന്റെ വേരുകൾ വീണ്ടെടുക്കുന്നതിലും സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളിൽ രക്ഷാകവചമാകാനും ഫോക്‌ലോർ പഠനം ഉപകരിക്കുന്നു. ചൈതന്യവത്തായ മനുഷ്യജീവിതത്തിന്റെ ക്രമാനുഗതമായ വളർച്ചയെ നിർണ്ണയിക്കാനും ഇതിലൂടെ കഴിയുന്നു. അതിനായി ഫോക്‌ലോറിന് പരിരക്ഷയും സംരക്ഷണവും നൽകേണ്ടതുണ്ട്. കൂട്ടായ്മയും ഐക്യവും നിലനിർത്താനുള്ള ഉപാധിയായ ഫോക്‌ലോർ വരുംകാല തലമുറകൾക്കായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലൂന്നിയാണ് വർത്തമാനകാല ഫോക്‌ലോർ പഠനം നിർവഹിക്കപ്പെടേണ്ടത്.

ഭൂതകാലപാരമ്പര്യത്തെ വർത്തമാനകാലത്തിലൂടെ ഭാവിയിലേക്ക് നയിക്കുന്ന ശക്തിവിശേഷമാണ് ഫോക്‌ലോർ. ഭൂതകാലത്തെയറിയാനും വർത്തമാനകാലത്തെ നിശ്ചയിക്കാനും അതിന് കഴിയും. ഓരോ സമൂഹത്തിനും അതിന്റേതായ സാംസ്കാരികത്തനിമയുണ്ട്. അതിനെ തിരിച്ചറിയുക എന്ന ലക്ഷ്യം ഫോക്‌ലോറിനുണ്ട്. ഒരു ദേശത്തിന്റെ പൊതുസംസ്കാരത്തിന്റെ

ആഴങ്ങളറിയണമെങ്കിൽ ഫോക്‌ലോറിനെ ആധാരമാക്കണം. ലോകത്തെ ഒന്നാക്കിത്തീർക്കാനുള്ള ആശയം മുന്നോട്ടുവച്ച ആഗോളീകരണം അധിനിവേശത്തിന്റെ സ്വരൂപം തന്നെയായിരുന്നു. ഭൂതകാലത്തെ തിരസ്കരിച്ചുകൊണ്ട് വർത്തമാനകാലത്തിന് മാത്രം പ്രാധാന്യം നൽകുന്നതിലൂടെ ജനസമൂഹത്തിന്റെ വേരുകൾ നഷ്ടമാക്കുന്ന അവസ്ഥയിലേക്ക് അത് മാനവരാശിയെ നയിച്ചു. മനുഷ്യന്റെ ശ്രേയസ്ക്കരമായ നിലനിൽപ്പിന് അവന്റെ ഭൂതകാലത്തിന്റെ വേരുകൾ വേണം. പാരമ്പര്യത്തിന്റേതായ മൂല്യങ്ങൾ നഷ്ടമാകുന്ന ഘട്ടത്തിൽ ജനതതിയുടെ സ്വത്വം തിരിച്ചറിയാനും നിലനിർത്താനും ഫോക്‌ലോർ പഠനത്തിലൂടെയേ കഴിയൂ എന്ന് ആധുനികസമൂഹം തിരിച്ചറിഞ്ഞിരിക്കുന്നു. അതാണ് വർത്തമാനകാലത്തിൽ ഫോക്‌ലോർ പഠനത്തിന്റെ പ്രസക്തി.

ബാഹ്യമായ അറിവുകൾ നമ്മെ സ്വാധീനിക്കുന്ന ഘട്ടമെത്തിയപ്പോഴാണ് നമ്മുടേതായ അറിവിനെക്കുറിച്ച് ബോധമുണ്ടാകുന്നത്. നാട്ടറിവിനെ പ്രായോഗിക ജീവിതത്തിലേക്ക് ആനയിക്കാനുള്ള ശ്രമങ്ങൾ ആദ്യകാലത്ത് ഇല്ലായിരുന്നു. ഏക ലോകസങ്കല്പത്തെ പിന്തുടർന്ന മാനവസമൂഹം തനതായവയെല്ലാം അപ്രധാനമായി കണ്ടതാണ് അതിനുകാരണം. കൊളോണിയലിസത്തിന്റെ വക്താക്കൾ നമ്മെ ഭരിക്കാനുള്ള തന്ത്രത്തിന്റെ ഭാഗമായി നാട്ടറിവുകളെ ശേഖരിച്ചു. നാം കൺസ്യൂമറിസത്തിന്റെ അടിമകളായി മാറാനുള്ള കാരണം തനതായ അറിവുകളിൽ നിന്ന് വിട്ടുനിന്നതുകൊണ്ടാണ്. നവോത്ഥാന സ്വാധീനത്താലുണ്ടായ പൊതുവിദ്യാഭ്യാസമേഖല നാട്ടറിവിന് പ്രാധാന്യം നല്കിയില്ല. അതിനാൽ ഉൾപ്പെടുത്താത്ത നമ്മുടെ അറിവിന്റെ മഹിമയെക്കുറിച്ച് നാം ബോധവാന്മാരല്ലാത്തവരുമായി. മാത്രവുമല്ല ഇത്തരം വിദ്യാഭ്യാസത്തിൽ മുതലാളിത്തത്തിന്റെ പിടിമുറുക്കവും ഉണ്ടായിരുന്നു. ആധുനികവികസനമെന്നത് പാരമ്പര്യവീക്ഷണത്തെ പുറംതള്ളുന്നതുമായിരുന്നു. ഈ അവസ്ഥ തിരിച്ചറിഞ്ഞവർ നാട്ടറിവിലൂടെ വിമോചനപാത ഭദ്രമാക്കാനുള്ള ശ്രമം തുടങ്ങി.

## Keywords

ഫീൽഡ് വർക്ക്-ഫോക്‌ലോർ ഡോക്യുമെന്റേഷൻ-ഫോക് ആർക്കൈവ്സ്- ഫോക് ഇൻഫർമാറ്റിക്സ്-പ്രകടനവ്യവസ്ഥ-സ്വത്വബോധം-ഏകമുഖസംസ്കാരം-ആഗോളവൽക്കരണം-നാട്ടറിവ്- നവോത്ഥാനപ്രക്രിയ-മുതലാളിത്തം-പാശ്ചാത്യ അറിവുകൾ-സമകാലികം-റിച്ചാർഡ് എം.ഡോർസൺ-കലേവാല-നവഫോക്‌ലോർ-നഗരഫോക്‌ലോർ-ഫോക്‌ലോറിസം-പ്രയുക്ത ഫോക്‌ലോർ

## Discussion

ആഗോളീകരണവും കമ്പോളസംസ്കാരവും കൂടിച്ചേർന്ന് സൃഷ്ടിച്ച സ്വത്വനഷ്ടബോധവും വിവേചനശേഷിക്കുറവും തങ്ങളുടേതായതെല്ലാം കൈവിട്ടുപോകുന്നുവെന്ന തോന്നൽ ജനങ്ങളിൽ സൃഷ്ടിച്ചു. ഈയൊരവസ്ഥയിൽ പ്രതിരോധത്തിന്റെ ആവശ്യകത നികത്താൻ ഫോക്‌ലോറിലൂടെ കഴിയുമെന്നൊരാശയം ഏവരേയും സ്വാധീനിച്ചു. ഇത്തരത്തിൽ ചെറുത്തുനില്പിനായുള്ള പോരാട്ടത്തിൽ ഫോക്‌ലോർ പ്രധാന ആയുധമായിമാറി. വീണ്ടെടുക്കലിന്റെ സമഗ്ര സാംസ്കാ

> ▶ നമ്മുടെ നാടോടി സംസ്കാരത്തെ സന്നിവേശിപ്പിക്കാനും ഫോക്‌ലോർ പഠനത്തിന് കഴിയുന്നു

രിക പ്രതിരോധത്തോടൊപ്പം വർത്തമാനകാല ജീവിതാവസ്ഥകളുടെ യാഥാർത്ഥ്യത്തിലേക്ക് നമ്മുടെ നാടോടി സംസ്കാരത്തെ സന്നിവേശിപ്പിക്കാനും ഫോക്‌ലോർ പഠനത്തിന് കഴിയുന്നു. ഫീൽഡ് വർക്കിലൂടെയും ഫോക്‌ലോർ ഡോക്യുമെന്റേഷനിലൂടെയും ഫോക്ഇൻഫർമാറ്റിക്സിലൂടെയുമൊക്കെ ഫോക്‌ലോർ പഠനം ഇന്ന് സജീവമാണ്. അതിലൂടെ നമ്മുടെ ചരിത്രപഠനത്തിനുപകാരപ്രദമായ പല ഉപാദാന സാമഗ്രികളും വീണ്ടെടുക്കാൻ കഴിയുമെന്നതും വർത്തമാനകാലത്തിലെ ഫോക്‌ലോർ പഠനത്തെ പ്രസക്തമാക്കുന്നു.

## ഫീൽഡ് വർക്ക്

> ▶ ഏതൊരു കലയെയും പോലെ ഫോക്‌ലോറുകളും പ്രതീകാത്മകപ്രവർത്തനമാണ്.

നാട്ടറിവുപഠനത്തിൽ ഗവേഷണത്തിന്റെ അടിത്തറയായി നിലകൊള്ളുന്നത് ബാഹ്യമണ്ഡലപ്രവർത്തനമാണ് (ഫീൽഡ് വർക്ക്). മറ്റേതൊരു കലയെയും പോലെ ഫോക്‌ലോറുകളും പ്രതീകാത്മകപ്രവർത്തനമാണ്. ഈ പ്രതീകാത്മകതയുടെ തത്ത്വം ഗ്രഹിക്കുന്നതിന് സൂക്ഷ്മഗവേഷണം ആവശ്യമാണ്. അടിസ്ഥാന ശാസ്ത്രമേഖലയിലും സാമൂഹ്യശാസ്ത്രമേഖലയിലും അടക്കം എല്ലാ വിജ്ഞാനശാഖകളിലും ഗവേഷണം നടത്തപ്പെടുന്നു. നാട്ടറിവുപഠനത്തിൽ സൂക്ഷ്മഗവേഷണം ആവശ്യമാണ്. അതിൽ ഫീൽഡു വർക്കിന്റെ പ്രാധാന്യമാണിവിടെ ചർച്ച ചെയ്യുന്നത്.

## ഫീൽഡ് വർക്കിന്റെ പ്രാധാന്യം

ഫോക്‌ലോർ പഠനത്തിൽ ഫീൽഡ് വർക്കിന് ഏറെ പ്രാധാന്യമുണ്ട്. വിവരശേഖരണമാണ് ഇതിലൂടെ പ്രധാനമായും നിർവഹിക്കപ്പെടുന്നത്. ഒരു ദേശത്തിന്റെ അനേകം വർഷങ്ങൾക്ക് മുമ്പുള്ള പൈതൃകമായവയൊക്കെ കണ്ടെത്താൻ ഫീൽഡ് വർക്കിലൂടെ കഴിയുന്നു. എന്തൊക്കെ ഉണ്ടായിരുന്നു, ഉള്ളവയിൽവന്ന മാറ്റങ്ങൾ പുതുതായി വന്നുചേർന്നവ എന്തൊക്കെയാണ് എന്നിവയെല്ലാം ഫീൽഡ് വർക്കിലൂടെ ഗ്രഹിക്കാനാകും. വാമൊഴിയിലൂടെ ലഭിക്കുന്ന അറിവുകൾ സാമൂഹികജീവിതത്തിന്റെ ഏത് മേഖലകളെയും സംബന്ധിച്ചുള്ളതാകാം. ഓരോ ദേശത്തെയും ഓർമ്മകളിൽ നിറഞ്ഞുനില്ക്കുന്ന വഴികൾ, വയലുകൾ, കുന്നുകൾ, കാവുകൾ, വൻവൃക്ഷസമൂഹം, പറമ്പ്, പെരുമാറ്റരീതികൾ, ഭക്ഷണശീലങ്ങൾ, നാട്ടുനടപ്പ്, ഭാഷ, തുടങ്ങിയവയെല്ലാം ഫീൽഡ് വർക്കിലൂടെ കണ്ടെത്താനാകും. നാടോടിജീവിതസംബന്ധിയായ വസ്തുതകളെ ഏറെക്കുറെ പിന്തുടരുന്ന പ്രദേശങ്ങളെ കണ്ടെത്തുകയാണ് ആദ്യപടി. തുടർന്ന് ആവേദകരെ കണ്ടെത്തി ആ പ്രദേശത്തെ ജനതതിയെ നല്ലവണ്ണം നിരീക്ഷിച്ച് അവരിൽ നിന്ന് ലഭ്യമാക്കാനാകുന്ന വസ്തുതകളെ രേഖപ്പെടുത്തുന്ന പ്രവൃത്തിയാണിത്. അതിനായി അവരുടെ ഇടയിൽ വ്യക്തിബന്ധങ്ങൾ വളർത്തിയെടുക്കാനും അവതരണങ്ങളിലൊക്കെ പങ്കാളിയാകാനും കഴിയണം. ഒരു ജനതയുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും ആഴത്തിൽ മനസിലാക്കാൻ അവരിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളെ ആസ്പദമാക്കിയുള്ള പഠനത്തിന് കഴിയും. ഒരു പ്രദേശത്തെ സമൂഹത്തിൽ നിലനില്ക്കുന്ന വൈവിധ്യമാർന്ന ആഘോഷങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വ്യത്യസ്തമായ പാചകരീതികൾ, ഭക്ഷണക്രമങ്ങൾ, സംസാരഭാഷയിലുപയോഗിച്ചിരുന്ന പദങ്ങൾ തുടങ്ങിയവയൊക്കെ അപ

ഗ്രഹിക്കാനും മനസിലാക്കാനും ആകും. ഫീൽഡ് വർക്കിനായി ഒരു പ്രവർത്തനപദ്ധതിയാണ് ആദ്യം തയ്യാറാക്കേണ്ടത്. ഒരു ദേശത്തിന്റെ സമസ്തമേഖലകളുടെയും പ്രത്യേകതകൾ ആധികാരികമായി വെളിപ്പെടുത്താൻ കഴിയുന്നവരെവേണം ആവേദകനായി സ്വീകരിക്കാൻ. മുഖാമുഖരീതി, ചോദ്യാവലി, വിവരന്വേഷണം തുടങ്ങിയവയൊക്കെ അവലംബമാക്കി ഫീൽഡ് വർക്ക് നടത്താം.

▶ നാം കടന്നുവന്ന വഴികളെക്കുറിച്ചും സംസ്കാരധാരകളെക്കുറിച്ചുമുള്ള അറിവ്

## നാട്ടറിവുപഠനത്തിലെ ബാഹ്യമണ്ഡലപ്രവർത്തനം (ഫോക്‌ലോർ ഫീൽഡ് വർക്ക്)

ഫോക്‌ലോറിലെ ബാഹ്യമണ്ഡലപ്രവർത്തനം (ഫീൽഡ് വർക്ക്) ജനതയുടെ നാട്ടുപാരമ്പര്യങ്ങളെക്കുറിച്ചും സാംസ്കാരികപൈതൃകങ്ങളെക്കുറിച്ചും പഠിക്കാൻ അവരുടെ ഇടയിൽ ചെന്നു നടത്തുന്ന അന്വേഷണമാണ്. സ്വാഭാവിക പരിതസ്ഥിതിയിൽ ജീവിക്കുന്ന ആളുകളെയോ ജനപദങ്ങളെയോ നിരീക്ഷിക്കാനും അവരുമായി സംവദിക്കാനും അവരുടെ സംസ്കാരം മനസ്സിലാക്കാനും ലക്ഷ്യമിട്ടുള്ള വിവരശേഖരണത്തിന്റെ ഗുണപരമായ രീതിയാണ് നാട്ടറിവുപഠനത്തിലെ ബാഹ്യമണ്ഡലപ്രവർത്തനം. ഫീൽഡ് വർക്കിന്റെ ഭാഗമായി, ഫോക്‌ൾലോറിസ്റ്റുകൾ ആളുകളുമായി അഭിമുഖം നടത്തുകയും രേഖപ്പെടുത്തുകയും (എഴുത്ത്, ഫോട്ടോഗ്രാഫി, ഓഡിയോ റെക്കോർഡിംഗ്, വീഡിയോ, ഫിലിം എന്നിവയിലൂടെ) ചെയ്യുന്നു. ഫോക്കിന്റെ പല പ്രവർത്തനങ്ങളും ഫീൽഡ് വർക്കിലൂടെ കണ്ടെത്താനും പഠിക്കാനും വിലയിരുത്താനുമാകും. ഫോക്‌ലോറിസ്റ്റുകൾ ജനതയെ പഠിക്കുന്നതിനായി അവരുമായി വ്യക്തിപരമായ ബന്ധങ്ങൾ വളർത്തിയെടുക്കുന്നുണ്ട്. ഫീൽഡ് വർക്ക് ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും വളരെയേറെ പരിശ്രമം ആവശ്യമാണ്. ബാഹ്യമണ്ഡലപ്രവർത്തനക്രമീകരണത്തിൽ ചില അടിസ്ഥാന ഘട്ടങ്ങളുണ്ട്. ഭദ്രമായൊരു ഗവേഷണപദ്ധതി കെട്ടിപ്പടുക്കുക, ബാഹ്യമണ്ഡലപ്രവർത്തനത്തിന് ഭദ്രമായ ഒരു കർമപദ്ധതി ഉണ്ടായിരിക്കേണ്ടത് പ്രധാനമാണ്. ഗവേഷകന്റെ ഓരോ പ്രവർത്തനത്തെയും നിയന്ത്രിക്കുന്നത് ആ പദ്ധതിയായിരിക്കും. ഫോക്കിനെ കണ്ടെത്തുക, പഠനത്തിനായി സ്വീകരിക്കുന്ന ജനപദത്തെ കൃത്യമായി പ്രതിനിധീകരിക്കുന്ന പ്രമാണസംഘത്തെ കണ്ടെത്തുന്നത് ഒരു പ്രധാന സംഗതിയാണ്.

▶ ഫോക്കിന്റെ പല പ്രവർത്തനങ്ങളും ഫീൽഡ് വർക്കിലൂടെ കണ്ടെത്താനും പഠിക്കാനും വിലയിരുത്താനുമാകും.

## മുഖാമുഖരീതി

മുഖാമുഖത്തിലൂടെ ആവേദകരിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നരീതിയാണിത്. നേരിട്ടും വാർത്താവിനിമയ മാധ്യമങ്ങൾവഴിയും നടത്തുന്ന ഈ അഭിമുഖസംഭാഷണം തീർത്തും അനൗപചാരികമാകണം. ചോദ്യകർത്താവിന് വിഷയവുമായി ഗാഢബന്ധമുണ്ടെങ്കിൽ വിവരങ്ങൾ ഫലവത്തായി ലഭ്യമാകുവാൻ ഈ രീതി സഹായിക്കും. പരമാവധി രണ്ടുമണിക്കൂർവരെയുള്ള അഭിമുഖസംഭാഷണം ഫോണിലൂടെയും നടത്താവുന്നതാണ്. ചോദ്യാവലി മുൻകൂട്ടി നിശ്ചയിച്ച് ആസൂത്രണം ചെയ്തതിനൊപ്പം റെക്കോർഡ് ചെയ്തോ എഴുതിയോ വിവരങ്ങൾ രേഖപ്പെടുത്താം. മുൻകൂട്ടി ആസൂത്രണം ചെയ്യാതെ നടത്തുന്ന അഭിമുഖസംഭാഷണത്തിൽ ആവേദകരുടെ പ്രതികരണങ്ങളെ ആസ്പദമാക്കി ചോദ്യങ്ങൾ ചോദിക്കാം. കൂടുതൽ വിവരങ്ങൾ

> ▶ അനൗപചാരിക മായ വിവരസം ഭരണം

ആവേദകനിൽനിന്നും ലഭിക്കുന്നവിധമാകണം ചോദ്യകർത്താവിന്റെ സമീപനം. ഉത്തരംനൽകുന്ന വ്യക്തി, വിഷയസംബന്ധിയായി കാടു കയറാതെ കൃത്യമായ വിവരങ്ങൾ നല്കുംവിധമായിരിക്കണം ചോദ്യ കർത്താവിന്റെ സമീപനം.

**നേരിട്ടുള്ള നിരീക്ഷണം (മുഖാമുഖരീതി): –** ഈ രീതിയിൽ, വസ്തുതകളെ അവയുടെ സ്വാഭാവികപരിതസ്ഥിതിയിൽ നിരീക്ഷിക്കുകയാണു ചെയ്യുന്നത്. നേരിട്ടുള്ള നിരീക്ഷണത്തിന്റെ പ്രയോജനം അത് ആളുകൾ, സാഹചര്യങ്ങൾ, ഇടപെടലുകൾ, ചുറ്റുപാടുകൾ എന്നിവയെക്കുറിച്ചുള്ള സന്ദർഭനിഷ്ഠമായ ദത്തങ്ങൾ നൽകുന്നുവെന്നതാണ്.

**അഭിമുഖരീതി (ഇന്റർവ്യൂ മെത്തേഡ്):** മുഖാമുഖത്തിലൂടെ ജനപദമണ്ഡലത്തിൽനിന്നു ദത്തശേഖരണം നടത്തുന്ന രീതിയാണിത്. നേരിട്ടും വാർത്താവിനിമയമാധ്യമങ്ങൾ വഴിയുമൊക്കെ അഭിമുഖം നടത്താം. അഭിമുഖങ്ങൾ അനൗപചാരികവും സംഭാഷണപരവുമാകുന്നതാണ് ഉത്തമം. അത് തുറന്നതും ജനാധിപത്യപരവുമാകണം. ഗവേഷകർക്ക് സമൃദ്ധമായി ഉപയോഗിക്കാൻ കഴിയുന്ന ദത്തങ്ങളുടെ ഒരു വലിയ സമ്പത്ത് നല്കുന്നത് അത്തരം അഭിമുഖങ്ങളാണ്. ആഴത്തിലുള്ള അഭിമുഖങ്ങൾ ബാഹ്യമണ്ഡലവൃത്തിയിലെ പ്രധാന ഭാഗമാണ്. ഒരു സമയത്ത് ഒരാളുമായി നടത്തുന്ന വ്യക്തിഗത അഭിമുഖമാണിത്. പ്രതികരണദാതാവിൽനിന്ന് ആഴത്തിൽ വിശദാംശങ്ങൾ ലഭിക്കാനുള്ള അവസരങ്ങൾ ക്ഷണിക്കുന്ന രീതിയാണ് ഇതിലുള്ളത്. ഈ രീതിയുടെ ഒരു ഗുണം ജനപദത്തിനുള്ളിലെ ആളുകൾ എന്താണ് വിശ്വസിക്കുന്നതെന്നും അവരുടെ പ്രചോദനം എന്താണെന്നും കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള മികച്ച അവസരം നൽകുന്നുവെന്നതാണ്. ശരിയായ ചോദ്യങ്ങൾ ചോദിക്കുന്നതിൽ ഗവേഷകർക്ക് നല്ല പരിചയമുണ്ടെങ്കിൽ അർത്ഥവത്തായ വിവരങ്ങൾ ശേഖരിക്കാൻ ഈ സമ്പ്രദായം ഗവേഷകരെ സഹായിക്കും. ഈ അഭിമുഖങ്ങൾ മുഖാമുഖമായും ഫോണിലൂടെയും നടത്താവുന്നതാണ്. സാധാരണയായി അര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെ അതു നീണ്ടുനിൽക്കും. ആഴത്തിലുള്ള അഭിമുഖം മുഖാമുഖം നടത്തുമ്പോൾ പ്രതികരിക്കുന്നവരുടെ ശരീരഭാഷ വായിക്കാനും അവരുടെ പ്രതികരണങ്ങളുമായി പൊരുത്തപ്പെടാനും ഗവേഷകന് അവസരം നല്കുന്നു.

> ▶ മുഖാമുഖത്തിലൂടെ ജനപദമണ്ഡലത്തിൽനിന്നു ദത്തശേഖരണം നടത്തുന്ന രീതിയാണിത്.

സുഘടിതമായ അഭിമുഖത്തിൽ മുൻകൂട്ടി നിശ്ചയിച്ച ഒരു കൂട്ടം ചോദ്യങ്ങളും സമീപനങ്ങളും ഉപയോഗിക്കുന്നു. വിവരങ്ങളുടെ രേഖപ്പെടുത്തലിനായി ഉയർന്ന നിലവാരമുള്ള സാങ്കേതികവിദ്യകൾ അപ്പോൾ ഉപയോഗിക്കാം. സുഘടിതമല്ലാത്ത അഭിമുഖത്തിൽ മുൻകൂട്ടി രൂപപ്പെടുത്തിയ ഒരു വ്യവസ്ഥ പിന്തുടരുന്നില്ല. അതതു സന്ദർഭം നിർണ്ണയിക്കുന്ന ചോദ്യങ്ങളും സാങ്കേതികതകളും അവിടെ ഉപയോഗിക്കുന്നു. ആവശ്യകതകളെ മുൻനിർത്തി വിവരസംരക്ഷണത്തിന് വഴക്കമുള്ള അനേകം മാർഗങ്ങൾ അവിടെ സ്വീകരിക്കുന്നു. ക്ലിനിക്കൽ അഭിമുഖം വികാരങ്ങളുടെ വിശാലമേഖലയുമായി ബന്ധപ്പെട്ടതാണ്. ഫോക്കിലെ മനുഷ്യരുടെ വികാരങ്ങളും പ്രചോദനങ്ങളും വ്യക്ത്യനുഭവങ്ങളുമെല്ലാം അവിടെ പരിഗണനാവിഷയങ്ങളാകുന്നു. പരോക്ഷാഭിമുഖത്തിൽ നേരിട്ടുള്ള ചോദ്യങ്ങൾ കുറവായിരിക്കും.

വിഷയത്തെക്കുറിച്ച് സമൃദ്ധമായി സംസാരിക്കാൻ പ്രതികരിക്കുന്നയാളെ പ്രോത്സാഹിപ്പിക്കുന്നതിനാവും ചോദ്യകർത്താവ് കൂടുതലായി ശ്രമിക്കുന്നത്. നിയന്ത്രിതാഭിമുഖത്തിന്റെ പ്രധാനദൗത്യം ഉത്തരദാതാവിനെ വിഷയത്തിൽ ഒതുക്കിയെടുക്കുകയെന്നതാണ്. സ്വന്തം അനുഭവത്തെ ഒരു നിയതബിന്ദുവിൽ ഉറപ്പിച്ച് ചർച്ച ചെയ്യാൻ പ്രതികരിക്കുന്നവരെ ഉന്മുഖരാക്കുകയാണ് അതിന്റെ ലക്ഷ്യം. ഇതിനെല്ലാം പ്രമാണസമൂഹത്തിലെ മനുഷ്യരുമായുള്ള നിത്യസഹവാസവും ചർച്ചയും അത്യന്താപേക്ഷിതമാണ്. അഭിമുഖത്തിനുള്ള ചോദ്യാവലികൾ തയ്യാറാക്കുന്നതും വളരെ ശ്രദ്ധയോടെ വേണം.

▶ സുഘടിതമല്ലാത്ത അഭിമുഖത്തിൽ മുൻകൂട്ടി രൂപപ്പെടുത്തിയ ഒരു വ്യവസ്ഥ പിന്തുടരുന്നില്ല.

## ചോദ്യാവലി

വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരുകൂട്ടം വ്യക്തികളിൽനിന്നും ഉത്തരം അല്ലെങ്കിൽ മറ്റുതരത്തിലുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗമാണ് ചോദ്യാവലി. ഇത്തരം ചോദ്യങ്ങളിൽ, ഉത്തരം നല്കുന്ന വ്യക്തിക്ക് വിശദീകരിക്കാനുള്ളതോ, അതെ/അല്ല എന്നീ രണ്ടുവിഭാഗത്തിലുള്ള ചോദ്യങ്ങളെയാണ് അഭിമുഖീകരിക്കാനുള്ളത്. ചോദ്യങ്ങൾ ആവേദകന് കൃത്യമായി മനസിലാക്കാനാകുന്നതും, അവ ഉൾക്കൊള്ളാനാകുന്നതുമാകണം. ഉത്തരങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ടു വരുന്ന ചോദ്യങ്ങൾക്ക് ഉപചോദ്യങ്ങളിലൂടെ ഉത്തരം തേടാം. കുറഞ്ഞ സമയംകൊണ്ട് ധാരാളം വിവരങ്ങൾ ശേഖരിക്കാനുള്ള സാമർത്ഥ്യം ചോദ്യകർത്താവിനുണ്ടായിരിക്കണം. കൂടാതെ സംയമനത്തോടും ക്ഷമയോടും ഉത്തരങ്ങൾ തേടാൻ ആവേദകന് കഴിയണം.

▶ ഹ്രസ്വനേരംകൊണ്ട് പരമാവധി വിവരശേഖരണം

പ്രമാണസമൂഹത്തിലെ ഒന്നോ അതിലധികമോ ആളുകളിൽനിന്ന് ചില വിഷയങ്ങളിൽ ഉപയോഗപ്രദമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി തയ്യാറാക്കുന്ന ഒരുകൂട്ടം ചോദ്യങ്ങൾ അടങ്ങുന്ന ഗവേഷണോപകരണമാണ് ചോദ്യാവലി(Questionnaire). ബാഹ്യമണ്ഡലവൃത്തിയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന രീതിയാണിത്. സംവൃത(close-ended)വും വിവൃത(open-ended)വുമായ ചോദ്യങ്ങളുണ്ട്. സംവൃതാന്തങ്ങളായ ചോദ്യങ്ങൾ പൂർവനിശ്ചിതമായ ഉത്തരങ്ങളുള്ളവയാണ്. പ്രതികരിക്കുന്നയാൾ രണ്ടോ അതിലധികമോ ഉള്ള പട്ടികയിൽനിന്ന് ഒന്നു തിരഞ്ഞെടുക്കുന്നു. മുൻകൂട്ടി നിശ്ചയിച്ച പ്രതികരണം പോലെയാണത്. അതുതന്നെ പലവിധമുണ്ട്. വിവൃതാന്തങ്ങളായ ചോദ്യങ്ങൾക്ക് പ്രതികരിക്കുന്നയാൾ സ്വന്തം വാക്കുകളിൽ ഉത്തരം നല്കുന്നു. ചോദ്യാവലി നേരിട്ടോ ടെലിഫോൺ വഴിയോ ഇലക്ട്രോണിക് മെയിൽ അല്ലെങ്കിൽ ഫാക്സ് വഴിയോ മറ്റ് രീതികൾ വഴിയോ നടത്താവുന്നതാണ്. കുറഞ്ഞ സമയം കൊണ്ട് ധാരാളം വിവരങ്ങൾ ശേഖരിക്കാൻ കഴിയുമെന്നതാണ് ചോദ്യവലിയുടെ പ്രധാനഗുണം. ഈ മാർഗത്തിൽ പക്ഷപാതം ഉണ്ടാകാനുള്ള സാധ്യത കുറവാണ്. ഫോക്കിന്റെ പ്രതികരണങ്ങളെ ചരിത്രപരമായ വിവരങ്ങളുമായി താരതമ്യം ചെയ്യാനും പ്രതികരിക്കുന്നവരുടെ തിരഞ്ഞെടുപ്പുകളിലും അനുഭവങ്ങളിലുമുള്ള മാറ്റം മനസ്സിലാക്കാനും ചോദ്യാവലിരീതിയിലൂടെ കഴിയും. പ്രതികരിക്കുന്നവർക്ക് അവരുടെ അസ്തിത്വം വെളിപ്പെടുത്താതെ ചോദ്യാവലിക്ക് ഉത്തരം നൽകാൻ കഴിയുമെന്നതാണ് മറ്റൊരു ഗുണം.

▶ വിവരങ്ങൾ ശേഖരിക്കുന്നതിനായി തയ്യാറാക്കുന്ന ഒരുകൂട്ടം ചോദ്യങ്ങൾ അടങ്ങുന്ന ഗവേഷണോപകരണമാണ് ചോദ്യാവലി

## വിവരാന്വേഷണം

ആവേദകരോട് ചോദ്യകർത്താവ് അടുത്തിടപഴകി അവരിൽനിന്നും വിവരങ്ങൾ അന്വേഷിച്ച് മനസിലാക്കുന്നതാണ് വിവരാന്വേഷണം. ചോദ്യകർത്താവ് വിഷയസംബന്ധിയായ വസ്തുതകൾ ലഭിക്കുന്നതിനായി ഉചിതമായ പ്രദേശം തെരഞ്ഞെടുക്കണം. പ്രസ്തുതദേശത്തിന്റെ സാമൂഹികസാംസ്കാരിക പശ്ചാത്തലം നന്നായി ഗ്രഹിച്ചിരിക്കണം. എങ്കിൽമാത്രമേ വിഷയസംബന്ധിയായി ആഴത്തിൽ വിവരങ്ങൾ ശേഖരിക്കാനാകൂ. വിവരശേഖരണം പ്രാദേശിക സംസ്കൃതിയുടെ വിശകലനം സാധ്യമാക്കുന്നു.

▶ പ്രസ്തുതദേശത്തിന്റെ സാമൂഹികസാംസ്കാരിക പശ്ചാത്തലം ഗ്രഹിച്ചിരിക്കണം

**ദത്തശേഖരണ രീതി:-** വിവരാന്വേഷണം ബാഹ്യമണ്ഡലപ്രവർത്തനത്തിലൂടെയുള്ള ഗവേഷണത്തിൽ ദത്തശേഖരണരീതികൾ മറ്റുള്ളവയിൽനിന്നു വ്യത്യസ്തമാണ്. അവ സർവേകൾ, അഭിമുഖങ്ങൾ, വിശേഷപഠനങ്ങൾ, നിരീക്ഷണം എന്നിവയുടെ മിശ്രിതമാകാം. ദത്തവിശകലനം മുഖ്യഘടകമാണ്. ശേഖരിച്ച ദത്തങ്ങളുടെ അവധാനതയോടെയുള്ള വിശകലനം ഗവേഷണത്തിന്റെ പരികല്പനയെ സാധൂകരിക്കുന്നതിനും ഫലം തീരുമാനിക്കുന്നതിനും പ്രധാനമാണ്.

▶ ദത്തവിശകലനം മുഖ്യഘടകമാണ്

ഫോക്കിന്റെ സാമൂഹ്യാവസ്ഥയെക്കുറിച്ചും ലോകവീക്ഷണത്തെക്കുറിച്ചും മറ്റുമുള്ള ദത്തങ്ങൾ/വിവരങ്ങൾ ശേഖരിക്കുന്ന പ്രക്രിയയാണ് ദത്ത/ വിവരശേഖരണം എന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ദത്തങ്ങൾ ശേഖരിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം പ്രധാനപ്പെട്ട അന്വേഷണവിഷയങ്ങളിൽ ഉചിതമായ തീരുമാനമെടുക്കുക, അവ ജനപദരേഖയായി സൂക്ഷിക്കുക, മറ്റുള്ളവർക്ക് കൈമാറുക എന്നിവയാണ്. ഗുണപരമായ ദത്തശേഖരണത്തിലൂടെ ജനപദം എങ്ങനെയാണ് തീരുമാനങ്ങൾ എടുക്കുന്നതെന്ന് അന്വേഷിക്കാനും അവയെക്കുറിച്ചും ആ മനുഷ്യരെക്കുറിച്ചും വിശദമായ ഉൾക്കാഴ്ച രൂപപ്പെടുത്താനും കഴിയുന്നു. അതിന് ശേഖരിച്ച ഡാറ്റ സമഗ്രവും സമ്പന്നവും സൂക്ഷ്മവും ആയിരിക്കണം. പ്രമാണസമൂഹത്തിൽനിന്നു ശേഖരിച്ച യഥാർത്ഥ വസ്തുതകളും നിരീക്ഷണങ്ങളുമാണ് പ്രാഥമികദത്തങ്ങൾ. ഗവേഷകനോ അയാളുടെ പ്രതിനിധിയോ ആദ്യമായി നടത്തുന്ന അന്വേഷണത്തിലൂടെയാണതു ലഭ്യമാകുന്നത്. ഇത് നേരിട്ടുള്ള വിവരശേഖരണമാണ്. പിന്നീടു നടക്കുന്ന ഗാഢമായ ഇടപെടലുകളിലൂടെയാണ് ദ്വിതീയവും തൃതീയവുമായ വിവരങ്ങൾ ലഭിക്കുന്നത്. ദത്തശേഖരണത്തിനു മുന്നോടിയായി അന്വേഷണത്തിന്റെ ലക്ഷ്യങ്ങളും വ്യാപ്തിയും കൃത്യമായി ഉറപ്പിച്ചിരിക്കണം. ദത്തസ്രോതസ്സുകളുടെ തരം, അവയുടെ പ്രവേശനക്ഷമത എന്നിവയും മനസ്സിലാക്കിയിരിക്കണം.

▶ ദത്തശേഖരണത്തിനു മുന്നോടിയായി അന്വേഷണത്തിന്റെ ലക്ഷ്യങ്ങളും വ്യാപ്തിയും കൃത്യമായി ഉറപ്പിച്ചിരിക്കണം

## ഫോക്‌ലോർ ഡോക്യുമെന്റേഷൻ

പ്രാക്തനജനതയുടെ സാംസ്കാരിക സാമൂഹിക പൈതൃകങ്ങളുടെ ശേഖരത്തെ കണ്ടെത്തി വർഗ്ഗീകരിക്കുകയും രേഖപ്പെടുത്തിവയ്ക്കുകയുമാണ് ഫോക്‌ലോർ ഡോക്യുമെന്റേഷനിൽ ചെയ്യുന്നത്. പഴമയുടെ ചൈതന്യവത്തായ ആത്മസത്തയെ തിരിച്ചറിയുകയാണ് ഇതിന്റെ ആത്യന്തിക ലക്ഷ്യം. ഫോക് ആർക്കൈവ്സിന് ഇത് വളരെ പ്രയോജനം ചെയ്യുന്ന ഒന്നാണ്. നാട്ടറിവ് ശേഖരണത്തിന്റെ ആധികാ

- നേടുന്ന വിവരങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നു

രികത സ്പഷ്ടമാക്കുന്ന വിധത്തിലായിരിക്കണം ഡോക്യുമെന്റേഷൻ ചെയ്യേണ്ടത്. പ്രാഥമിക ദത്തങ്ങളും അതുവഴി ലഭിക്കുന്ന അനുബന്ധ ദത്തങ്ങളും കൃത്യമായി ഡോക്യുമെന്റേഷൻ ചെയ്യുന്നതിലൂടെ ദത്തങ്ങളെ നിരന്തരം ഉപയോഗിക്കാനും പുനരുപയോഗിക്കാനും കഴിയും.

ഫോക്ൾലോർ ഡോക്യുമെന്റേഷൻ നിലവിലുള്ള ജനപദവിജ്ഞാനങ്ങളെ തിരിച്ചറിയുകയും ശേഖരിക്കുകയും ക്രമീകരിക്കുകയും പട്ടികപ്പെടുത്തി രേഖപ്പെടുത്തി വയ്ക്കുകയും ചെയ്യുന്ന പ്രക്രിയയാണ്. ഡോക്യുമെന്റേഷൻ പ്രാഥമികമായി നാട്ടറിവിനെ തിരിച്ചറിയുന്നു. ഈ ഡോക്യുമെന്റേഷൻ ആർക്കൈവൽ പ്രവർത്തനത്തിന്റെ അടിസ്ഥാനശിലകളിലൊന്നാണ്. പ്രാഥമികദത്തങ്ങൾക്കുശേഷം ലഭിക്കുന്ന അനുബന്ധ ദത്തങ്ങൾ കൈകാര്യം ചെയ്യുന്നതു സുഗമമാക്കാൻ ഒരു പ്രോജക്റ്റിനുള്ളിൽ തന്നെ ഇത് അത്യാവശ്യം തന്നെ. വിജ്ഞാനാർജനത്തിനായി ഉപയോഗിച്ച ഏതെങ്കിലും സംവിധാനങ്ങളെയോ സിദ്ധാന്തങ്ങളെയോ സങ്കല്പനങ്ങളെയോ പദാവലികളെയോ കൃത്യമായി പരാമർശിക്കുകയും നിർവ്വചിക്കുകയും വേണം. ദത്തങ്ങളെ നിരന്തരം ഉപയോഗിക്കാനും വിജയകരമായി പുനരുപയോഗിക്കാനും സഹായിക്കുന്നത് കൃത്യമായ ഡോക്യുമെന്റേഷനാണ്.

- ഡോക്യുമെന്റേഷൻ ആർക്കൈവൽ പ്രവർത്തനത്തിന്റെ അടിസ്ഥാനശിലകളിലൊന്നാണ്.

## ഫോക് ആർക്കൈവ്സ്

ചരിത്രസംസ്കാരസംബന്ധിയായ പുരാവസ്തുക്കളെയോ രേഖകളെയോ ദീർഘകാലത്തേക്കോ സ്ഥിരമായോ സൂക്ഷിക്കുന്നയിടമാണ് ആർക്കൈവ്സ്. സംസ്കാരസംബന്ധിയായ പൈതൃകങ്ങളെ ആധികാരികമായി രേഖപ്പെടുത്തി സൂക്ഷിക്കുന്ന ഇടമാണിത്. ജനസമൂഹത്തിൽ നിന്നും ശേഖരിച്ച നാടോടിജീവിതവുമായി ബന്ധപ്പെട്ട ഭൗതികവസ്തുക്കളോടൊപ്പം നാടൻപാട്ടുകൾ, നാടോടി കലാരൂപങ്ങൾ, സാമൂഹികസംസ്കാരത്തെ സംബന്ധിച്ച വസ്തുതകൾ തുടങ്ങി പൈതൃകത്തോടുബന്ധപ്പെട്ട അമൂല്യമായവയെല്ലാം രേഖപ്പെടുത്തി സൂക്ഷിച്ചുവയ്ക്കുന്ന സ്ഥലമാണിത്. ഒരു കാലഘട്ടത്തിന്റെ ശേഷിപ്പുകളെ ഭാവിതലമുറയ്ക്കുവേണ്ടി സംരക്ഷിക്കുന്ന ഇത്തരം കേന്ദ്രങ്ങൾ സാംസ്കാരിക പൈതൃകത്തിന്റെ പഠനകേന്ദ്രങ്ങളാണ്. കൂടാതെ ചരിത്രസംബന്ധിയായ ധാരാളം വസ്തുതകളും ഇവിടെ ലഭ്യമാണ്. ലഭ്യമായ രേഖകളെ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ തരംതിരിക്കലും കൃത്യമായ പരിശീലനവും അവശ്യം വേണ്ടതാണ്.

- സാംസ്കാരിക പൈതൃകത്തിന്റെ പഠനകേന്ദ്രങ്ങൾ
- പോയകാല അറിവുകളുടെ ശാശ്വത പരിരക്ഷ

ഒരു പുരാരേഖാലയം -ആർക്കൈവ് -ചരിത്രരേഖകളുടെ ശേഖരമാണ്. ഫോക് രേഖാലയത്തിൽ ജനപദങ്ങളിൽനിന്നു ശേഖരിച്ച പ്രാഥമിക ഉറവിടരേഖകൾ അടങ്ങിയിരിക്കുന്നു. ആ ജനസമൂഹത്തിന്റെയോ അതിനോടു ചേർന്നു നില്ക്കുന്ന മനുഷ്യവ്യവഹാരങ്ങളുടെയോ അനുഭവസാകല്യത്തിന്റെയോ ഘടനയും വിതരണവും കാണിക്കുന്നതിനായി സൂക്ഷിച്ചിരിക്കുന്ന അമൂല്യരേഖകളാണവ. രേഖാലയവിദഗ്ധരും ചരിത്രകാരന്മാരും പൊതുവെ ഇത്തരം വസ്തുക്കളെ നിയമപരവും വാണിജ്യപരവും ഭരണപരവുമായ പ്രവർത്തനങ്ങളുടെ ഉത്പന്നങ്ങളായി മനസ്സിലാക്കുന്നു. അവയെ സമൂഹജീവിതത്തിന്റെ നീക്കിബാക്കികളായും ചിലർ രൂപകാത്മകമായി നിർവചിക്കുന്നു. ഫോക് ആർക്കൈവുകൾ അറിവുശൃംഖലയെ പിൻതലമുറയ്ക്ക് കൈമാറാൻ

▶ ഫോക് ആർകൈവുകൾ അറിവുശൃംഖലയെ പിൻതലമുറയ്ക്ക് കൈമാറാൻ സജ്ജമാക്കിയിട്ടുള്ള കേന്ദ്രങ്ങളാണ്.

സജ്ജമാക്കിയിട്ടുള്ള കേന്ദ്രങ്ങളാണ്. സാംസ്കാരികമായോ ചരിത്രപരമായോ പ്രാധാന്യമുള്ള സാമൂഹികമൂലകങ്ങളെ സ്ഥിരമായോ ദീർഘകാലത്തേക്കോ സംരക്ഷിക്കാനായി തിരഞ്ഞെടുത്ത് അവതരിപ്പിക്കുന്ന ഇടങ്ങളാണിത്. ഫോക്‌ലോർ ആർക്കൈവുകളിലെ രേഖകളുടെ പരിചരണത്തിൽ ശാസ്ത്രീയമായ ക്രമീകരണം, സംരക്ഷണം, ഉപയോഗിക്കാനുള്ള പഠനം, പരിശീലനം എന്നിവ ആവശ്യമാണ്. ആർക്കൈവൽ സയൻസിന്റെ ഭാഗമാണ് ഈ സംവിധാനം.

## ഫോക്‌ലോറും മാധ്യമങ്ങളും

പ്രാചീന ജനതയുടെ സർഗ്ഗാത്മക കലാരൂപങ്ങളും വാങ്മയ സംസ്കൃതിയും സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനും അച്ചടിക്കൊപ്പം ടിവിയും റേഡിയോയും സ്ഥാനംപിടിച്ചു. കൂട്ടായ്മയുടെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും വിനോദങ്ങളും ടെലിവിഷനിലൂടെയും റേഡിയോയിലൂടെയും നിശ്ചിതസമയത്തിനുള്ളിൽ സംപ്രേഷണം/പ്രക്ഷേപണം ചെയ്തുവരുന്നു. സംഗീതം, ഗദ്യം ഇവ രണ്ടും ചേർന്ന മിശ്രരൂപം എന്നിങ്ങനെ മൂന്ന് രീതിയിലുള്ള നാട്ടറിവാഖ്യാനങ്ങൾ റേഡിയോ പ്രക്ഷേപണത്തിൽ പ്രാധാന്യത്തോടെ കാണുന്നു. പ്രക്ഷേപണാഖ്യാനങ്ങൾ പ്രകടനരൂപങ്ങൾ കൂടിയാകുമ്പോൾ രൂപം ആഖ്യാനത്തിലൂടെയാണ് തിരിച്ചറിയപ്പെടുന്നത്. നാട്ടറിവിന്റെ വ്യത്യസ്തതലങ്ങൾ കേഴ്‌വിയിലൂടെ മാത്രം ഗ്രഹിക്കാനാകുന്ന അവസ്ഥയാണിവിടെയുള്ളത്. മിക്കപ്പോഴും മാധ്യമങ്ങളിലൂടെ കേവലം വിനോദോപാധി മാത്രമാവുകയാണ് ഫോക്‌ലോർ. സാമൂഹികമായ തനതു സാഹചര്യത്തിൽനിന്നും മാറി വ്യക്തികളിലേക്ക് ചുരുങ്ങുകയും മറ്റൊരു സന്ദർഭത്തിലേക്ക് അടർത്തിമാറ്റുകയുമാണ് ഇവിടെ. ടെലിവിഷനിൽ ദൃശ്യസാധ്യതയെ പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിലും കൂട്ടായ്മയുടെ ഒത്തുചേരലില്ല. സ്ഥലവും സന്ദർഭവും വ്യത്യസ്തമാവുകയും ചെയ്യും. സാമൂഹിക മാധ്യമങ്ങളിൽ ആശയവിനിമയോപാധിയാക്കി വിപണിക്കായി തയ്യാറാക്കുന്ന രീതിയുമുണ്ട്. കമ്പ്യൂട്ടറിന്റെ വരവോടുകൂടി വിജ്ഞാനം അതിന്റെ നിയന്ത്രണത്തിലായി. വിവര സാങ്കേതികവിദ്യ വളർച്ച നേടിയതോടുകൂടി ഇന്റർനെറ്റിന്റെ ആധിപത്യം വന്നതോടെ പിന്നാക്കാവസ്ഥയിൽ നിന്നും ഫോക്‌ലോർ പഠനവും ആവിഷ്ക്കാരവും ധൃതഗതിയിൽ വികാസം പ്രാപിച്ചു. സാമൂഹ്യമാധ്യമങ്ങളായ യൂട്യൂബ്, ഫേസ്ബുക്ക്, ടിറ്റർ തുടങ്ങിയവയുടെ വരവോടുകൂടി ഫോക്‌ലോർ പഠനമേഖല നിരന്തരപരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. പിന്നിട്ട വഴികളെ ഓർമ്മപ്പെടുത്തുന്നതോടൊപ്പം സാമൂഹികമായ തിന്മകളെ പ്രതിരോധിക്കാനുള്ള ശേഷിയും ഏറെക്കുറെ മാധ്യമങ്ങളിലൂടെ ഫോക്‌ലോർ അവതരണത്തിൽ ലഭിക്കുന്നുണ്ട്.

▶ കൂട്ടായ്മ സൃഷ്ടിയുടെ പ്രചാരണം

ഇരുപതാം നൂറ്റാണ്ടിലെ നാട്ടറിവുപഠിതാക്കൾക്ക് അവരുടെ ഗവേഷണമേഖല എന്തായിരിക്കണമെന്ന് കൃത്യമായ ധാരണയുണ്ടായിരുന്നു. ലോകമെമ്പാടുമുള്ള ആദിമജനതയെ നരവംശശാസ്ത്രജ്ഞർ കണ്ടെത്തി പഠിച്ച കാലത്ത്, ഫോക്‌ലോർ ഗവേഷകർ പരമ്പരാഗതനൃത്തങ്ങളും പാട്ടുകളും സംരക്ഷിക്കാൻ ശ്രമിക്കുകയും നാടൻപാട്ടുകൾ, കഥകൾ, പുരാവൃത്തങ്ങൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവയെക്കുറിച്ച് പര്യാലോചിക്കുകയും ചെയ്തു. നിരക്ഷരരായ ഗ്രാമീണജനതയും

സാധാരണ കർഷകരും അവരുടെ വാങ്മയപാരമ്പര്യങ്ങളും ഗവേഷകരെ ഏറെ ആർഷിച്ചു. 1970-കളുടെ അവസാനത്തോടെ ബഹുജന മാധ്യമങ്ങൾ വ്യാപകമായി. അതോടെ നാടോടിക്കഥകളും പാട്ടുകളും പഴയ പാരമ്പര്യാഖ്യാനങ്ങളും ജനങ്ങളുടെ ഇടയിൽനിന്ന് പതുക്കെ അപ്രത്യക്ഷമായി. നാട്ടറിവുഗവേഷകർ അവരുടെ പരിഗണനാരീതികളും പഠനവസ്തുക്കളും അതോടെ പുനർനിർണയിക്കേണ്ടതായി വന്നു. 1980-കളുടെ അവസാനം വരെ ഫോക്‌ലോർ പഠനത്തിനായി പ്രാഥമികമായി അച്ചടിയെയും കൂടെ ടെലിവിഷൻ, റേഡിയോ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളെയും ഉപയോഗിച്ചുവന്നു.

▶ ഫോക്‌ലോർ പഠനത്തിനായി ഇലക്ട്രോണിക് മാധ്യമങ്ങളെയും ഉപയോഗിച്ചുവന്നു

1990-കളോടെ കമ്പ്യൂട്ടറുകൾ രംഗം കീഴടക്കി. അതോടെ വിജ്ഞാനവിനിമയം അവയുടെ നിയന്ത്രണത്തിലായി. സഹസ്രാബ്ദം പിന്നിട്ടതോടെ ആ മേഖല വിപ്ലവകരമായി വളരുകയുമുണ്ടായി. ദശലക്ഷക്കണക്കിന് കമ്പ്യൂട്ടറുകളെ ബന്ധിപ്പിക്കുന്ന ലോകവ്യാപക ശൃംഖലയാണ് ഇന്റർനെറ്റ്. ലോകത്തിന്റെ വിവിധ മേഖലകളിൽനിന്നുള്ള ദശലക്ഷക്കണക്കിനാളുകളെ ബന്ധിപ്പിക്കുന്ന സംവിധാനമാണത്. ഈ കഴിഞ്ഞ ഇരുപതു വർഷങ്ങൾക്കിടയിൽ ഡിജിറ്റലായി രൂപപ്പെടാൻ ഫോക്‌ലോറിന്റെ സാധ്യതകൾ അപാരമായി വികസിച്ചുവെന്നു പറയാം. ബ്ലോഗുകൾ, വാട്സ്ആപ് എഴുത്തുകൾ, ഫെയ്സ്ബുക്ക് ആഖ്യാനലോകം എന്നിങ്ങനെ ഫോക്‌ലോർ മേഖല നിരന്തരം സ്വയം നവീകരിച്ചുകൊണ്ടിരിക്കുന്നു.

▶ ഫോക്‌ലോർ മേഖല നിരന്തരം സ്വയം നവീകരിച്ചു കൊണ്ടിരിക്കുന്നു

## ടൂറിസവും ഫോക്‌ലോറും

ആധുനിക ലോകത്തിൽ ഏറെ ജനപ്രീതിയാർജ്ജിച്ചതും പ്രധാന വ്യവസായവുമാണ് ടൂറിസം. അതാതു ദേശത്തെ ഭൂതകാല സംസ്കൃതിയുടെ പ്രതിഫലനമായ കലകൾ പ്രദർശിപ്പിക്കാനുള്ള പരമ്പരാഗത വേദിയൊരുക്കുന്നതോടൊപ്പം പാരമ്പര്യത്തിലധിഷ്ഠിതമായ പാചകവൈദഗ്ധ്യം, വാസ്തു-ശില്പകലാപ്രദർശനം, വാങ്മയങ്ങൾ, കാർഷികവൃത്തിയോടനുബന്ധമായ ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയൊക്കെ പ്രാദേശിക സംസ്കാരങ്ങളുടെ അർത്ഥവത്തായ ആവിഷ്ക്കാരങ്ങളായി മാറുകയാണ് ടൂറിസത്തിൽ. അതിലൂടെ ഭൂതകാലം വർത്തമാനകാലത്തിൽ വിലമതിക്കപ്പെടുകയാണ്. പ്രാദേശികമായ ഇത്തരം ഘടകങ്ങളെ ആസൂത്രണം ചെയ്ത് സംസ്കാരവും പൈതൃകവും ഖ്യാതി നിലനിർത്തി മറ്റുദേശങ്ങളിലേക്ക് പ്രസാരണം ചെയ്യുന്നതിനൊപ്പം അവ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. പ്രാദേശിക കലാകാരന്മാർക്ക് ഇവയുടെ അവതരണത്തിലൂടെ അവരുടെ ജീവനോപാധിയും കലകളുടെ നിലനില്പും ഉറപ്പുവരുത്താനാകുന്നു. അത്തരം കലകൾക്ക് പുതുജീവനും പ്രചാരവും ഏറുവാനും ഇത് സഹായകമാണ്. നാടിന്റെ സ്വത്വനിർമ്മിതിയെ ഒന്നുകൂടി ഊട്ടിയുറപ്പിക്കാൻ ഇതിലൂടെ കഴിയുന്നു. ഒരു ദേശത്തിന്റെ സാംസ്കാരികവും പാരമ്പര്യത്തിലൂന്നിയതുമായ തനിമയെയാണ് ദേശത്തെത്തുന്ന സഞ്ചാരിക്കുമുമ്പിൽ പ്രദർശിപ്പിക്കുന്നത്. ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ പ്രദർശന വിധേയമാകുമ്പോൾ അതിന്റെ സ്വാഭാവിക സന്ദർഭം നഷ്ടപ്പെടുകയും വിനോദസഞ്ചാരത്തിന്റെ കമ്പോളം ആധിപത്യം ഉറപ്പിക്കുകയും ചെയ്യും. പരമ്പരാഗതമായ തൊഴിലുകളും കലാകായിക രൂപങ്ങളുമൊക്കെ നിലനിർത്താനും ടൂറിസം സഹായിക്കുന്നു. ഫോക്‌ലോറിന്റെ

> ▶ സംസ്കാര പൈതൃകങ്ങളുടെ പ്രസാരണം

കച്ചവടസാദ്ധ്യതകളെ തിരിച്ചറിഞ്ഞ് സംസ്കാര പൈതൃകങ്ങളുടെ പ്രസാരണം സംസ്കാരവും പാരമ്പര്യവും വിപണനം ചെയ്യുമ്പോൾ ആത്യന്തികമായി നഷ്ടം സംഭവിക്കുന്നത് തനിമയ്ക്കാണ്.

## ഫോക്ഇൻഫർമാറ്റിക്സ്

വിവരം ശേഖരിക്കുന്നതിനും ലഭിക്കുന്നതിനും വേണ്ടിയുള്ള പ്രക്രിയയാണ് ഇൻഫർമാറ്റിക്സ്. ജനസാമാന്യത്തിൽ നിന്നും ലഭിക്കുന്ന പാരമ്പര്യസംബന്ധിയായ വിവരങ്ങളെ കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ സഹായത്തോടെ തരംതിരിക്കുകയും ഭാവികാലത്തിലേക്കുള്ള ഉപയോഗത്തിനായി രൂപപരിണാമം വരുത്തുകയും ചെയ്യുന്നരീതിയാണ് ഫോക്ഇൻഫർമാറ്റിക്സിലുള്ളത്. ഘടന, പെരുമാറ്റം, ഇടപെടലുകൾ എന്നിവയെ ആസ്പദമാക്കി നാടോടിവിജ്ഞാനത്തെ ഇതിൽ തരംതിരിക്കുന്നു.

> ▶ ഭാവികാല ഉപയോഗം

ഇൻഫർമാറ്റിക്സ് വിശാലാർഥത്തിൽ ദത്തസംവിധാനങ്ങളെക്കുറിച്ചുള്ള പഠനമാണ്; വിശേഷിച്ച് ദത്തസംഭരണത്തിനും വീണ്ടെടുക്കലിനുമുള്ള സംവിധാനം. ഫോക് ഇൻഫർമാറ്റിക്സ് ജനപദങ്ങളിൽനിന്നു ലഭിക്കുന്ന ദത്തങ്ങളെ കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യവസ്ഥപ്പെടുത്തുകയും ഭാവികാലവിനിയോഗങ്ങൾക്കായി രൂപപരമായ പരിവർത്തനങ്ങൾക്കു വിധേയമാക്കുകയും ചെയ്യുന്ന രീതിയാണ്. നാട്ടറിവുകളെ അവയുടെ ഘടന, പെരുമാറ്റം, ഇടപെടലുകൾ എന്നിവയെ ആധാരമാക്കി ഇവിടെ ഒരുക്കി വയ്ക്കുന്നു.

> ▶ ഇൻഫർമാറ്റിക്സ് ദത്തസംവിധാനങ്ങളെക്കുറിച്ചുള്ള പഠനമാണ്

## ഡിജിറ്റലൈസേഷൻ

നാടോടിജനതയിൽ നിന്നും ലഭിച്ച വാങ്മയങ്ങളും ഇതര പാരമ്പര്യ വസ്തുതകളും നമ്മുടെ പൈതൃകത്തിന്റെ അവിഭാജ്യഘടകമാണ്. ഇത്തരത്തിൽ നേടുന്ന അറിവുകളെ സാങ്കേതികവിദ്യയുടെ സഹായത്തോടെ നഷ്ടമാകാതെ സംരക്ഷിക്കാൻ കഴിയും. പോയകാലത്തെ വിജ്ഞാനതലങ്ങളും പാരമ്പര്യമൂല്യങ്ങളും ആർജിതസംസ്കാരവും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നത് വരുംതലമുറയ്ക്ക് അവനവന്റെ വേരുകളെക്കുറിച്ച് അവബോധം ഉളവാക്കാൻ സഹായിക്കുന്നു. സൈബർ സാങ്കേതികവിദ്യ ഫോക്‌ലോർ പഠനത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുന്നുണ്ട്. അന്യംനിന്നുപോയ പല കലാരൂപങ്ങളും വീണ്ടെടുക്കാനും കൃത്യമായി ക്രമീകരിച്ച് നിലനിർത്താനും ജനമനസ്സുകളിൽ നിരന്തരം എത്തിക്കുവാനും ഈ സാങ്കേതികവിദ്യ സഹായകമാണ്.

> ▶ നാട്ടറിവിന്റെ കാലാതിവർത്തിയായ സംരക്ഷണം

സാംസ്കാരിക പൈതൃകത്തിൽ സ്മാരകങ്ങളും ശേഖരങ്ങളും മാത്രമല്ല ഉള്ളത് നമ്മുടെ പൂർവ്വികരിൽ നിന്നു പാരമ്പര്യമായി ലഭിച്ച കഥകളും പാട്ടുകളും വാങ്മയങ്ങളുമൊക്കെയുണ്ട്. അത്തരം നാട്ടറിവുകളെ സാംസ്കാരികപൈതൃകത്തിന്റെ അവിഭാജ്യഘടകമായി കണ്ട് സൈബർ സാങ്കേതികവിദ്യയുടെ സഹായത്തോടെ സംരക്ഷിച്ചുവയ്ക്കേണ്ടതുണ്ട്. അടുത്ത തലമുറകൾക്കായി ഫോക്‌ലോറുകളുടെ ഡിജിറ്റലൈസേഷനും ദൃശ്യവൽക്കരണവും കൃത്യമായി നടക്കേണ്ടതുണ്ട്. കമ്പ്യൂട്ടർ സയൻസിൽ നാടോടിനൃത്തങ്ങൾ കൂടുതൽ സജീവമായ ഗവേഷണമേഖലയാണ്. അതിവേഗം പുരോഗമിക്കുന്ന സൈബർസാങ്കേതികവിദ്യകൾ, നാട്ടറിവുകൾ പഠിക്കുന്നതിനുള്ള പുതിയ വഴികൾ

പര്യവേക്ഷണം ചെയ്തുവരുന്നു. ഫോക്‌ലോർ പഠനപ്രക്രിയയെയും സംരക്ഷണ പ്രവർത്തനത്തെയും സഹായിക്കാൻ നിശ്ചയമായും അതിനു കഴിയും. പുതിയ കാലത്തിന്റെ അഭിലാഷങ്ങളെ അഭിസംബോധനചെയ്യാനും ഫോക്‌ലോറുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്താമെന്നും ഈ വിവരണങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. ഫോക്‌ലോർ പഴമാപഠനം മാത്രമല്ലെന്നും അതു വർത്തമാനത്തിലെ പാരമ്പര്യജീവിതമാണെന്നും തിരിച്ചറിയാൻ ഈ വിവേകം പ്രയോജനപ്പെടും.

- ഫോക്‌ലോർ വർത്തമാനത്തിലെ പാരമ്പര്യജീവിതമാണ്

## പാരമ്പര്യവിജ്ഞാനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കൽ

ഒരു പ്രത്യേക ജനസമൂഹത്തിന്റെയോ ദേശത്തിന്റെയോ മാത്രമായുള്ള വിജ്ഞാനം രേഖപ്പെടുത്തുന്ന ഔദ്യോഗികരേഖകളാണ് രജിസ്റ്ററുകൾ. പാരമ്പര്യവിജ്ഞാനം വിവരിക്കുന്ന ഇത്തരം രേഖപ്പെടുത്തലുകളെ പാരമ്പര്യവിജ്ഞാനരജിസ്റ്റർ (Traditional Knowledge Registry) അഥവാ T. K. Registry എന്നറിയപ്പെടുന്നു. T. K. Registry അതാത് ദേശത്തോ പുറത്തോ സ്ഥാപിക്കാനും സൂക്ഷിക്കാനും കഴിയും. ഇതിലുൾക്കൊള്ളിക്കേണ്ടതും അതിന്റെ ക്രമവും മുൻഗണനയും തീരുമാനിക്കേണ്ടതും ജനസാമാന്യത്തിന്റെ ഇച്ഛയ്ക്കനുസരിച്ചാണ്. വ്യത്യസ്ത വിഭാഗത്തിലുള്ള ജനതയുടെ അഭിപ്രായങ്ങളും തീരുമാനങ്ങളും ഇതിൽ നിർണ്ണായകമാണ്. ജീവിതത്തിന്റെ സമസ്തതലങ്ങളെയും അവലംബിച്ചാണ് പാരമ്പര്യവിജ്ഞാനം ഉടലെടുത്തത്. വർത്തമാനകാലത്തിന്റെയും ഭാവിയുടെയും വളർച്ചയിലും വികാസത്തിലും ഇതിന് സുപ്രധാനമായ പങ്കാണുള്ളത്.

- വ്യത്യസ്ത കൂട്ടായ്മകളുടെ വിജ്ഞാനം രേഖപ്പെടുത്തൽ

തദ്ദേശീയമോ ഒരു ജനസമൂഹത്തിന്റേതു മാത്രമോ ആയ അറിവുകൾ വിവരിക്കുന്ന ഡോക്യുമെന്റേഷനുകളുള്ള ഔദ്യോഗികശേഖരങ്ങളാണ് രജിസ്ട്രികൾ. പാരമ്പര്യവിജ്ഞാനം എന്നു വിളിക്കുന്ന ഇത്തരം രജിസ്ട്രികൾ പ്രാദേശികമായോ അല്ലെങ്കിൽ സമൂഹത്തിനു പുറത്തോ സ്ഥാപിക്കാനും പരിപാലിക്കാനും കഴിയും. പാരമ്പര്യ വിജ്ഞാനരജിസ്ട്രിയിൽ എന്താണ് ഉൾപ്പെടുത്തേണ്ടതെന്നും അവയുടെ വിന്യാസക്രമവും മുൻഗണനാക്രമവും എങ്ങനെയായിരിക്കണമെന്നു നിർണ്ണയിക്കുന്നത് ജനസമൂഹംതന്നെ. നാട്ടുകൂട്ടത്തിനു പുറത്തുള്ളവരും അക്കാദമികമേഖലയിലുള്ളവരും പണ്ഡിതന്മാരും ചിലപ്പോൾ തീരുമാനങ്ങളെ സ്വാധീനിച്ചേക്കാം. പരമ്പരാഗതമായ അറിവ് സാമ്പത്തിക, സാമൂഹിക, സാംസ്കാരിക ജീവിതത്തിന്റെ ഉത്പന്നമാണെന്ന ആശയം വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പുരോഗതി, വികസനം, വളർച്ച തുടങ്ങിയ ആശയങ്ങളുടെ ലോകത്ത് ഈ അറിവിനും പ്രധാനപങ്കു വഹിക്കാനുണ്ട്. പാരമ്പര്യവിജ്ഞാനം ജൈവവൈവിധ്യത്തിന്റെ മൂല്യത്തെ ക്കുറിച്ചു പുലർത്തുന്ന സൂക്ഷ്മാവബോധം ഇത്തരം രജിസ്ട്രികളിലൂടെ സംരക്ഷിക്കാനും പില്ക്കാലത്ത് വിലയിരുത്താനും സഹായിക്കും.

- ഡോക്യുമെന്റേഷനുകളുള്ള ഔദ്യോഗികശേഖരങ്ങളാണ് രജിസ്ട്രികൾ

# വിശദപഠനം

## ഫോക്‌ലോർ പഠനത്തിന്റെ പ്രസക്തി

**ഭക്തവത്സലറെഡ്ഡി എൻ**

ആന്ധ്രാപ്രദേശിലെ കാളഹസ്തി ജന്മദേശം. ഫോസിൽസിന്റെ സ്ഥാപക ജനറൽ സെക്രട്ടറി. പോറ്റി ശ്രീ രാമലു തെലുങ്ക് യൂണിവേഴ്സിറ്റിയുടെ വാറംഗലുള്ള ഫോക്‌ലോർ ട്രൈബൽലോർ ഡിപ്പാർട്ട്മെന്റിലെ പ്രൊഫസറും ഡീനുമായിരുന്നു. നിലവിൽ ദക്ഷിണേന്ത്യൻ ഭാഷകളുടെ ഫോക്‌ലോർ സൊസൈറ്റിയുടെ ഓണററി ഡയറക്ടർ. ആന്ധ്രപ്രദേശിനെ കേന്ദ്രീകരിച്ച് ഫോക്‌ലോർ സംബന്ധിയായ നിരവധി ഗ്രന്ഥങ്ങൾ രചിച്ച ഇദ്ദേഹം തെലുങ്ക്ഭാഷകൂടാതെ ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട എന്നീ ഭാഷകളിൽ ഗവേഷണ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ Renaissance in Indian Literature, Telugu Folk Arts, Telugu Jaanapada Vijanaanam (Telngu Folklore) എന്നിങ്ങനെ പന്ത്രണ്ട് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

▶ ലേഖക പരിചയം

**ഡോ. ഇ. കെ. ഗോവിന്ദവർമ്മരാജ**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസിന്റെ തലവനും ഫോക്‌ലോർ സൊസൈറ്റി ഓഫ് സൗത്ത് ഇന്ത്യൻ ലാങ്ഗ്വേജസിന്റെ സെക്രട്ടറിയുമായിരുന്നു. ഹിരോഷിമ (വിവർത്തനം), ജൂലിയസ് സീസ്സർ (വിവർത്തനം), ഫോക്‌ലോർ പഠനം: സിദ്ധാന്തതലം, പ്രജാഭരണത്തിലെ രാജർഷി തുടങ്ങിയ മലയാളഗ്രന്ഥങ്ങളുടെയും Serpant Prince, The king without a Crown, Lore and Life of Kerala Folk എന്നീ ഇംഗ്ലീഷ് ഗ്രന്ഥങ്ങളുടെയും രചയിതാവ്.

▶ ലേഖക പരിചയം

അതാതുദേശത്തെ ചരിത്രസംസ്കാര പാരമ്പര്യങ്ങളുടെ പോയ്മറഞ്ഞതും നിലവിലുള്ളതുമായ സഞ്ചിതാനുഭവങ്ങളുടെ കൈമാറ്റങ്ങളും വർത്തമാനകാല ജീവിതസാഹചര്യത്തിൽ അതിപ്രധാനമാണ്. പ്രാക്തനജനതയുടെ പൂർവ്വകാല ജീവിതത്തെ അവലംബമാക്കിയുള്ള ഇത്തരം അറിവുകൾക്ക് പ്രസക്തിയേറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. പഴയകാല ജീവിതരീതികളോട് പ്രതിപത്തി കുറഞ്ഞുവരികയാണെങ്കിലും അവയിലടങ്ങിയിരിക്കുന്ന ജീവിതജാഗ്രതയും ജീവജാലങ്ങളോടും വൃക്ഷലതാദികളോടുമുള്ള പ്രകൃത്യുന്മുഖമായ സമീപനങ്ങളും ഇന്നിന്റെയും ഭാവിജീവിതസുരക്ഷയുടെയും വീണ്ടെടുപ്പിനുള്ള അടിത്തറയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഫോക്‌ലോർ പഠനത്തിന്റെ പ്രസക്തി നിർണ്ണയിക്കുന്ന ലേഖനമാണ് എൻ. ഭക്തവത്സലറെഡ്ഡിയും ഇ. കെ. ഗോവിന്ദവർമ്മരാജയും ചേർന്നെഴുതിയിരിക്കുന്നത്.

▶ പാരമ്പര്യസത്ത തലമുറയിൽനിന്നും തലമുറയിലേക്ക് പ്രകടനങ്ങളിലൂടെ സംക്രമിക്കുന്നു

പാരമ്പര്യത്തിന്റെ സംഭരണിയാണ് ഫോക്‌ലോർ. തദ്ദേശീയമായ മൂല്യവ്യവസ്ഥയുടെ സംരക്ഷണത്തിന് പാരമ്പര്യം ഏറെ പങ്കുവഹിക്കുന്നുണ്ട്. അനുഭവങ്ങളുടെ അതിബൃഹത്തായ ഈ പാരമ്പര്യം ഭൂതകാലത്തിൽ നിന്നും വർത്തമാനകാലത്തിലൂടെ ഭാവിയിലേക്ക് സഞ്ചരിക്കുന്നതാണ്. അതാകട്ടെ വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, സാമൂഹികവീക്ഷണം, സൃഷ്ടിപരമായ രൂപങ്ങൾ തുടങ്ങിയവയൊക്കെച്ചേർന്നുള്ള പ്രകടനവ്യവസ്ഥയിലൂടെയാണ് സംഭവിക്കുന്നത്. വർത്തമാനകാലത്തിൽ ഇവയുടെ ആഴത്തിലുള്ള അർത്ഥം പൂർണ്ണ

മായും ഉൾക്കൊള്ളാനാകുന്നത് ഫോക്‌ലോർ പഠനത്തിലൂടെയാണ്. സ്വത്വബോധത്തിലേക്കും നമ്മുടെ വേരുകളിലേക്കും ആഴ്ന്നിറങ്ങി ഭാവിയെ കരുപ്പിടിപ്പിക്കാൻ ഇത്തരം പഠനം ഉതകുന്നു. സാമൂഹിക ജീവിതത്തിലെ കൂട്ടായ്മയിൽ വ്യക്തികളെ പരസ്പരം ഇഴചേർക്കുന്നത് ഫോക്‌ലോറാണ്. ഇത്തരത്തിൽ ഒന്നിപ്പിക്കുന്ന ഘടകങ്ങൾ അമൂർത്തമാണെങ്കിലും അത് വാസ്തവമായ ഒന്നാണ്. മതത്തിന്റെയോ ജാതിയുടെയോ തൊഴിലിന്റെയോ പ്രദേശത്തിന്റെയോ ലിംഗത്തിന്റെയോ ഒക്കെ അടിസ്ഥാനത്തിൽ പിറവികൊള്ളുന്ന സമൂഹങ്ങൾക്ക് പൊതുപാരമ്പര്യം പങ്കുവയ്ക്കാനാകുമ്പോഴാണ് അത് കൂട്ടായ്മയായിത്തീരുന്നത്. ഫോക്‌ലോർ പഠനത്തിലൂടെ സ്വത്വം തിരിച്ചറിയാനും മറ്റുള്ളവരെ ഉൾക്കൊള്ളാനും കഴിയുന്നു. ശകലിതമാക്കപ്പെട്ട വർത്തമനകാല സമൂഹത്തെ ഏകീകരിച്ച് സഹവർത്തിത്വം സൃഷ്ടിക്കാൻ ഫോക്‌ലോർ പഠനം സഹായിക്കുന്നു.

- മനുഷ്യപ്രകടനങ്ങളിലെ പാരമ്പര്യനൈരന്തര്യം
- ഫോക്‌ലോറും കൂട്ടായ്മയുടെ സ്വത്വവും

തദ്ദേശസംസ്കാരത്തിന്റെ സംരക്ഷണത്തിന് ഫോക്‌ലോർ ഏറെ പരിരക്ഷ നൽകുന്നു. ആഗോളീകരണം ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ഭൂതകാലത്തെ ഉപേക്ഷിച്ചുകൊണ്ട് വർത്തമാനകാലത്തിൽ അഭിരമിക്കാൻ ജനങ്ങളെ സജ്ജരാക്കുകയും ചെയ്തു. തത്ഫലമായി നിലനിന്നുപോന്ന വ്യത്യസ്തതനിമകൾ നഷ്ടമാക്കപ്പെടുകയും പ്രാദേശികസംസ്കൃതി തിരോഭവിക്കാൻ ഇടയാവുകയും ചെയ്തു. സാർവ്വലൗകികമായ സംസ്കാരം എന്ന തലത്തിലേക്ക് വരാൻ ജനസമൂഹം നിർബന്ധിതരായി. ഈ സാഹചര്യത്തിൽ ഫോക്‌ലോർ പഠനം, നഷ്ടമായിക്കൊണ്ടിരിക്കുന്ന പ്രാദേശിക സംസ്കൃതിയെ തിരിച്ചുപിടിക്കാനുള്ള ശക്തമായ ആയുധമായി മാറി. തലമുറകളിലൂടെ കൈമാറിവന്ന വിശ്വാസ, ആചാര, അനുഷ്ഠാന കലാപ്രകടനങ്ങളുടെ കൂട്ടായ്മയെ കണ്ടെത്താനും നിലനിർത്താനും പോഷിപ്പിക്കാനും ഫോക്‌ലോർ പഠനം സഹായകമായി. സാംസ്കാരികവും സാമൂഹികവും സ്വത്വപരവുമായ പരസ്പരാശ്രിതമായ കൂട്ടായ്മയെ സൃഷ്ടിക്കാൻ ഫോക്‌ലോർ പഠനത്തിന് കഴിഞ്ഞു. നവസാങ്കേതികവിദ്യയുടെ അഭൂതപൂർവ്വമായ വളർച്ചാവേളയിൽ ജനമനസ്സുകളിൽ പാരമ്പര്യബോധവും തനിമയും നിറയ്ക്കാനും അതിജീവനത്വര ഉളവാക്കാനും ഇത്തരം പഠനങ്ങൾക്ക് കഴിയുന്നു.

- ആഗോളികരണകാലത്തിൽ ഫോക്‌ലോറിന്റെ പ്രശസ്തി

## വിശദപഠനം

### നാട്ടറിവും വിമോചനവും

**രാജഗോപാലൻ ഇ. പി.**

- ലേഖക പരിചയം

സാഹിത്യനിരൂപകനും വിമർശകനും നാടകകൃത്തും ആണ് രാജഗോപാലൻ ഇ. പി. നിരൂപണത്തെ വ്യത്യസ്തതയാർന്ന സമീപനംകൊണ്ടും സൗന്ദര്യാത്മകതകൊണ്ടും സർഗ്ഗാത്മകമാക്കിയ എഴുത്തുകാരൻ ആണ്. **പ്രധാന കൃതികൾ:** നാട്ടറിവും വിമോചനവും, സംസ്കാരത്തിന്റെ കുടിലുകൾ, മിണ്ടാട്ടങ്ങൾ, ആറാംനമ്പർവാർഡ്, (ചെക്കോവ്-നീണ്ടകഥ വിവർത്തനം),'കേളു'(നാടകം) 'നാടകത്തിന്റെ ബഹുസ്വരത' (എൻ.ശശിധരനൊപ്പം)

കാലാകാലങ്ങളായി നിലനിന്ന വിശ്വാസപാരമ്പര്യങ്ങളെ നവീക

രിക്കാനും പരിരക്ഷിക്കാനുമുള്ള ശ്രമങ്ങൾ ഫോക്‌ലോറിസത്തിന് വഴിവച്ചു. ഫോക്‌ലോറിസം ഒരു പഠനമേഖലയായി വികാസം പ്രാപിച്ചതോടെയാണ് ഫോക്‌ലോർ പരിണാമവിധേയമാണ് എന്ന കാഴ്ചപ്പാട് ഉണ്ടായത്. കച്ചവട സംസ്കാരത്തിന്റെയും ഉപഭോഗത്തിന്റെയും സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന വൈയക്തിക സൃഷ്ടികളാണിവ. ഫോക്‌ലോറിൽ സഹജമായി രൂപംകൊള്ളുന്നതാണ് ഫോക്‌ലോറിസം എന്ന കാഴ്ചപ്പാട് വളർന്നുവരേണ്ടതുണ്ട്. പരിസരം മാറുമ്പോൾ ഫോക്‌ലോറിന്റെ പാഠവും ധർമവും മാറുന്നു. നഗരങ്ങളിലേക്ക് പലരീതിയിലും പലലക്ഷ്യത്തിനുമായി കുടിയേറിയവർക്കുമുണ്ട് ഫോക് സംസ്കാരം. ഇത്തരം പഠനങ്ങൾ നമ്മുടെ ഫോക്‌ലോറിൽ സ്വീകരിക്കപ്പെട്ടിട്ടില്ല. നാടും നഗരവുമല്ലാതുള്ള, പരിണാമ വിധേയമാകുന്ന ഇപ്രകാരമുള്ള ഫോക്‌ലോറുകൾ ധാരാളമായി പഠിക്കേണ്ടതും അതിന്റെ വ്യാപ്തി മനസിലാക്കേണ്ടതുമാണ്.

▶ നാട്ടറിവുകൾ വിസ്മൃതമായ സാഹചര്യം

പുറമേനിന്നുള്ള അറിവുകൾ നമ്മുടെ തനതായ നാട്ടറിവുകളെ കീഴ്പ്പെടുത്തിയപ്പോൾ, കൊളോണിയൽ കാലഘട്ടത്തിന് മുമ്പ് അത്തരമൊരു ജീവിതം ഇവിടെ ഉണ്ടായിരുന്നുവോ എന്ന സംശയം ജനിപ്പിക്കുന്ന സാഹചര്യമുണ്ടായി. നവോത്ഥാനപ്രവർത്തനത്തിന്റെ ഭാഗമായുണ്ടായ മതേതരത്വം, ജനാധിപത്യബോധം, വർഗ്ഗബോധം തുടങ്ങിയ പുരോഗമനപരമായ ആശയങ്ങളുടെ വിധാതാക്കൾ നമ്മുടെ സമഗ്രജീവിതത്തോടുമുള്ള സ്വാഭാവിക പ്രതികരണത്തിന്റെ ഭാഗമായ നാട്ടറിവുകളിൽ ശ്രദ്ധപുലർത്തിയില്ല. ആഗോളവത്കരണം, എല്ലാറ്റിനെയും കച്ചവട മനോഭാവത്തോടെ സമീപിക്കുന്നു അതുമൂലം മൗലികമായ ജീവിതാനുഭവങ്ങളിലൂടെ കൈവന്ന പാകമായ അറിവുകൾ വൈദേശികപ്രഭാവത്തിനുമുമ്പിൽ നിഷ്കാസിതമായി. തത്ഫലമായി ആത്മവിശ്വാസമില്ലാത്ത അറിവുടമകളായി ജനതമാറി. മാത്രവുമല്ല പൊതുവിദ്യാഭ്യാസത്തിന്റെ എല്ലാതലങ്ങളിലും ഈയൊരു മനോഭാവം തന്നെയാണ് ഉയർന്നുനിന്നത്. പുതിയകാലത്തിന് ഉപയുക്തമാക്കാൻ പറ്റിയ ജീവിതവീക്ഷണവും പ്രതിരോധശീലങ്ങളും നാട്ടറിവുകളിലുണ്ടെന്ന വസ്തുത നമ്മൾ വിസ്മരിച്ചു. പോസ്റ്റ് കൊളോണിയൽ കാലത്തെ അനുഭവങ്ങളാണ് നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സ്വീകരിക്കപ്പെട്ടത്. ഓരോ നാട്ടറിവും സമൂഹത്തിന്റെ പൊതുസ്വത്താണെന്നുള്ളതും ധനകേന്ദ്രീകൃതമല്ലാത്തതും പ്രകൃതിയോടിണങ്ങുന്നതുമായ ജീവിതായോധമാണ് വേണ്ടതെന്നുള്ള കാഴ്ചപ്പാടാണ് മുന്നോട്ടുവച്ചത്. കൂട്ടായ്മയുടേതായിരുന്നു ഇത്തരം ലോകവീക്ഷണം. ഇങ്ങനെയുള്ള അറിവുകളുടെ പാഠങ്ങളെ പൊതുസമൂഹം വിനിയോഗിക്കാതിരിക്കുകയും അവഗണിക്കുകയും ചെയ്തു. മലയാളികളുടെ ഭാഷാബോധത്തിൽ പോലും ഈ പാരമ്പര്യനിരാസത്തിന്റെ പ്രതിഫലനം കാണാം. ലോകം മുഴുവൻ ഒന്നുപോലെയാക്കാൻ തത്രപ്പെടുന്ന ആഗോളീകരണത്തിനെതിരെ അതാതുദേശത്തിന്റെ തനിമപുലരുന്ന കൂട്ടായ്മകൾക്ക് സ്വയം നവീകരിക്കാനും പ്രതിരോധം സൃഷ്ടിക്കാനുമാകും.

▶ നാട്ടറിവുകളുടെ പുനരുജീവനം

ഫോക്‌ലോറിന് കൂട്ടറിവെന്നോ സംഘവഴക്കമെന്നോ അല്ല നാട്ടറിവെന്നാണ് മലയാളത്തിൽ പരിഭാഷ നൽകിയിട്ടുള്ളത്. ഇത് വ്യത്യസ്തമായൊരു കാഴ്ചപ്പാടിന്റെ ഭാഗമാണ്. മലയാളിയുടെ ജീവിതത്തിന്റെ

എല്ലാ മണ്ഡലങ്ങളെയും സ്വാധീനിക്കുന്നത് പുറത്തുനിന്നെത്തുന്ന അറിവുകളാണ്. തനിമയെ ഉൾക്കൊള്ളാത്ത ജനത പാശ്ചാത്യമായ അറിവുകളെ മാതൃകയാക്കുകയും വിശ്വസിക്കുകയും അതിനെ അന്ധമായി അനുകരിക്കുകയും ചെയ്തു. അങ്ങനെ നമ്മുടെ അസ്തിത്വത്തെപ്പോലും ഇല്ലാതാക്കുംവിധമാണ് വൈദേശിക സ്വാധീനമുണ്ടായത്. ഇത്തരം സാഹചര്യമാണ് നാട്ടറിവിന്റെ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കാനുള്ള പ്രേരണയുളവാക്കിയത്. തെയ്യംപോലുള്ള അനുഷ്ഠാനകലകളോട് താത്പര്യം പ്രകടിപ്പിക്കുന്ന ഒരു വലിയവിഭാഗം ജനതയുണ്ടെങ്കിലും നാട്ടറിവിനെ പ്രായോഗികതലത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടക്കുന്നില്ല. നാട്ടറിവിനെ വേണ്ടവണ്ണം ഉദ്ധരിക്കാൻ നവോത്ഥാന പ്രക്രിയയ്ക്കും കഴിഞ്ഞില്ല. നമ്മുടെ സ്വന്തമായ അറിവുകളെ വേണ്ടത്ര പ്രാധാന്യം നൽകി അംഗീകരിക്കാൻ നവോത്ഥാനം ശ്രമിച്ചുമില്ല. ഫ്യൂഡൽ സ്വഭാവമുള്ളത്, പ്രായോഗികതയില്ലാത്തത്, കാര്യക്ഷമതയില്ലാത്തത്, സമകാലികമല്ലാത്തത് തുടങ്ങിയ തെറ്റായ ധാരണകളാണ് നാട്ടറിവിനെക്കുറിച്ച് പ്രചരിച്ചത്. നവോത്ഥാനത്തിലൂടെ ലോകപൗരനാകാൻ നാട്ടറിവിനെ തള്ളിക്കളയണമെന്ന മിഥ്യാധാരണപോലുമുണ്ടായി. നാട്ടറിവുകളെ ചരിത്രപരമായി കണ്ടുകൊണ്ടു പുതിയ കാലത്ത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നവയെ അവയിൽനിന്നും കണ്ടെത്താൻ നവോത്ഥാനത്തിന് കഴിയുമായിരുന്നു. പക്ഷേ അതുണ്ടായില്ല. അധ്വാനത്തിൽനിന്നും വളർന്നുവന്നവയാണ് നമ്മുടെ നാട്ടുവഴക്കങ്ങൾ.

▶ ഫോക്‌ലോറും നവോത്ഥാന ചിന്തകളും

പ്രകൃതിയും ജന്തുജാലങ്ങളുമെല്ലാം ചേർന്ന് രൂപപ്പെടുന്ന അവയെ പരിഷ്കാരികളാക്കാനുള്ള ശ്രമത്തിൽ മനുഷ്യർ നമ്മുടെ പൂർവ്വികമായുള്ളവയെല്ലാം മറന്നുപ്രവർത്തിച്ചു. കോളനിവത്കരണത്തിന്റെ വക്താക്കളാകട്ടെ, നമ്മെ ഭരിക്കാനുള്ള ബുദ്ധിപരമായ നീക്കമെന്ന നിലയിൽ നമ്മുടെ തന്നെ നാട്ടറിവുകളെ പഠിക്കാനാണ് ആദ്യം ശ്രമിച്ചത്. നാട്ടറിവുകളെ സംബന്ധിച്ച് പഠനങ്ങൾ നടത്താൻ നാം ആദ്യകാലങ്ങളിൽ ശ്രമിച്ചിട്ടില്ലായെന്നുള്ളതും സാമൂഹിക പ്രസക്തമായ പലകാര്യങ്ങളിലും ശ്രദ്ധാലുക്കളായവർ നാട്ടറിവിനെ ബോധപൂർവം മറന്നു എന്നുള്ളതും വസ്തുതയാണ്. നമ്മുടെ വികസനപദ്ധതികളിൽ കാലത്തിനിണങ്ങുംവിധം നാട്ടറിവുകളെ ഉപയോഗിക്കേണ്ടതുണ്ട്. ഒരു ജനതയ്ക്ക് ആത്മവിശ്വാസം പകരുന്നവയാണ് അവരുടെ കൂട്ടറിവുകൾ. ഭാഷയെയും സംസ്കാരത്തെയും മറന്നുപോകുന്ന ജനതയ്ക്ക് അക്കാദമിക് വിദ്യാഭ്യാസത്തിന്റെ ഭാഗമായി നഷ്ടപ്പെട്ടുപോകുന്ന ഇത്തരം അറിവുകളെ വളർത്തിയെടുക്കാനാകും. നാടിനെയും നാട്ടുസംസ്കാരത്തെയും വിസ്മരിക്കാതെയുള്ള സ്വന്തമായ ആധുനികതയാണ് വളർത്തിയെടുക്കേണ്ടത്. നമ്മുടെ പാഠ്യപദ്ധതിയിലും പൊതുവിദ്യാഭ്യാസമേഖലയിലും നാട്ടറിവിനെ ഉൾക്കൊള്ളിക്കാത്തതിനാൽ കേരളീയരുടെ തനതായ അറിവുകൾ അർഹമായ അംഗീകാരം കിട്ടാതെ പിന്തള്ളപ്പെട്ടു. ഇത്തരത്തിലുള്ള ഗവേഷണപദ്ധതികൾ തുടങ്ങുകയും വർത്തമാനകാലത്തെ മനുഷ്യസങ്കല്പത്തിനിണങ്ങുന്ന വസ്തുതകൾ അവയിലുണ്ടെന്ന് കണ്ടെത്താൻ ശ്രമിച്ചാലേ ഇത് പരിഹരിക്കാനാകൂ.

▶ ഫോക് ലോറും കൊളോണിയലിസവും

## നാട്ടറിവിന്റെ പ്രസക്തി

നാട്ടറിവുകളെ ശേഖരിക്കാനും പഠിക്കാനും ശ്രമിച്ചത് ജനകീയ പ്രതിഷേധത്തിന്റെ ഭാഗമായിട്ടാണ്. സാമ്രാജ്യത്തശക്തികൾ കൊണ്ടുവന്ന ആധുനിക വിദ്യാഭ്യാസത്തിൽ സംശയാലുക്കളായവരാണ് അത്തരമൊരു ശ്രമത്തിനായി മുതിർന്നത്. നാട്ടറിവുകൾ സ്വകാര്യവ്യക്തികളുടേതല്ല സമൂഹത്തിന്റേതാണ്, അധ്വാനിക്കുന്ന മനുഷ്യവർഗ്ഗത്തിന്റേതാണ് എന്നവർ സ്ഥാപിച്ചു. പ്രകൃതിയെ സംരക്ഷിക്കുകയും അതിനൊപ്പം നിലകൊള്ളുകയും ചെയ്യുന്നതിനാണ് അതിൽ പ്രാധാന്യം നൽകിയത്. അതിനാൽ നാട്ടറിവുശേഖരണം മുതലാളിത്ത വിമർശനത്തിന്റെയും സാമ്രാജ്യത്വ വിരുദ്ധതയുടെയും ചരിത്രത്തിന്റെ ഭാഗമാകുന്നു. ഒറ്റയൊറ്റ എന്നതിൽ നിന്നും കൂട്ടത്തിന്റെ ആഖ്യാനങ്ങളാണ് അവർ തേടിയത്. ഇതിന്റെ പഠിതാക്കൾ പാരമ്പര്യവാദികളായിരുന്നില്ല. സ്വാതന്ത്ര്യസമരകാലത്തുപോലും പരിഗണിക്കാതിരുന്ന പഠനവഴികളിലൂടെ ദേശീയവും ജനകീയവുമായ ആധുനികത സൃഷ്ടിക്കാനാണ് അവർ ആഗ്രഹിച്ചത്. എന്നാൽ നാടിന്റെ വികസനത്തിനുപോലും ഉപയോഗിക്കാനാകാതെ പാശ്ചാത്യസംസ്കാരത്തിനു മുമ്പിൽ നാട്ടറിവുകൾ അവഗണിക്കപ്പെടുകയാണുണ്ടായത്. ആദിവാസി ഊരുകളിലും ഗ്രാമോത്സവങ്ങളിലുമാണ് അവ കുറച്ചെങ്കിലും പാരമ്പര്യബോധത്തെ നഷ്ടപ്പെടുത്താതെ നിലനിർത്തുന്നത്. നമ്മുടെ മാതൃഭാഷയെ മറക്കുമ്പോൾ നാട്ടറിവുസംസ്കാരമാണവിടെ ബോധപൂർവം മറക്കപ്പെടുന്നത്. അതിനാൽ നാട്ടറിവുകളെ എല്ലാ പഠനമേഖലയിലേക്കും വ്യാപിപ്പിക്കേണ്ടത് അവശ്യമാണ്. ആഗോളവത്കരണം സൃഷ്ടിക്കുന്ന അന്യതാബോധത്തിൽ നിന്നും രക്ഷനേടാൻ അവ ജീവിതത്തിന്റെ ഭാഗമാക്കണം. നാട്ടറിവുകളെ പഠനഗവേഷണത്തിന് വിധേയമാക്കി വിമോചനത്തിനായുള്ള സാംസ്കാരിക പ്രവർത്തനത്തിന്റെ ഭാഗമാക്കി മാറ്റിക്കൊണ്ട് നാട്ടുപഴമയല്ലാതാക്കാനാണ് ശ്രമിക്കേണ്ടത്.

▶ നാട്ടറിവുകൾ ആഗോളീകരണത്തിനും മുതലാളിത്തത്തിനുമെതിരെയുള്ള പ്രതിരോധശക്തി

# വിശദപഠനം

## ഫോക്‌ലോറിലെ മാറുന്ന പ്രവണതകൾ

**സന്തോഷ്.എച്ച്.കെ**

ഫോക്‌ലോറിൽ സംഭവിക്കുന്ന പരിണാമങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന വേളയിലാണ് ഫോക്‌ലോറിസം അടയാളപ്പെടുന്നത്. ഫോക്‌ലോറിസം, ഫോക്‌ലോറിസ്റ്റുകൾ ശ്രദ്ധിക്കാൻ തുടങ്ങിയത് ഫോക്‌ലോറിന്റെ പാരമ്പര്യസംബന്ധിയായ സവിശേഷതകൾ ഉപേക്ഷിച്ചുകൊണ്ട് അതിന്റെ വിനിമയത്തെ കാണാൻ തുടങ്ങിയതുകൊണ്ടാണ്. കൂട്ടായ്മയുടെ സൃഷ്ടിയായ ഫോക്‌ലോറിനെ അനുകരിച്ചുകൊണ്ട് വ്യക്തികൾ സൃഷ്ടിക്കുന്നതാണിത്. ഉള്ളടക്കത്തെക്കാൾ രൂപത്തിനാണിവിടെ പ്രാധാന്യം. ഒരു പ്രവാസിയെ സംബന്ധിച്ചിടത്തോളം താൻ താത്ക്കാലികമായി ജീവിക്കുന്ന ദേശത്ത് അരക്ഷിതബോധവും സ്വത്വം നഷ്ടപ്പെട്ടവന്റെ വേദനയും അനുഭവിക്കുമ്പോൾ സ്വന്തം ദേശത്തിന്റെ വിശ്വാസാനുഷ്ഠാനങ്ങളും സാംസ്കാരികതനിമകളും പ്രവാസലോകത്ത് പുന:സൃഷ്ടിക്കാനുള്ള തീവ്രമായ ശ്രമമുണ്ടാകുന്നു. ആഗോളമനുഷ്യനാകുന്നതിൽ നിന്നും വിട്ടുനിൽക്കാനും

തന്റെ കൂട്ടായ്മ സ്ഥാപിക്കാനുമാണ് ഇത്തരത്തിൽ സ്വദേശത്തിന്റെ ആവിഷ്ക്കാരത്തിൽ മുഴുകുന്നത്. ഫോക്ക്ലോറിനെ ആവശ്യമായ രീതിയിൽ സമൂഹത്തിൽ പലരും ഉപയോഗപ്പെടുത്തുന്നുണ്ട്. കൂട്ടായ്മയുടെ അറിവുകളും അനുഭവങ്ങളും വിപണിയിലെത്തിച്ച് വിലപറയാനുള്ള ശേഷി തങ്ങൾക്കുതന്നെ ലഭിക്കുന്നതിന് പ്രതിരോധത്തിനൊപ്പം അക്കാദമീയ മേഖലയുടെ സഹായവും വേണം. നഗരത്തിനും അവിടുത്തെ ജീവിതക്കൂട്ടായ്മയ്ക്കും അതിന്റേതായ ഫോക്ക്ലോറുണ്ട്. ഉപജീവനത്തിനായി നഗരത്തിലേക്ക് ചേക്കേറിയ ജനതയുടെ തൊഴിലും തൊഴിലില്ലായ്മയും തൊഴിലന്വേഷണവും ഫോക്ക്ലോർ സൃഷ്ടിക്ക് കാരണമാകുന്നു. ഇത്തരം സാഹചര്യങ്ങളിൽ ജന്മംകൊള്ളുന്നതും രൂപാന്തരം നേടിയതുമായ ഫോക്ക്ലോറുകളുണ്ട്. ഇവ്വിധത്തിലുള്ള ഉപസംസ്കാരങ്ങളുടെ പഠനത്തിന് വിമുഖത പുലർത്തുന്നവരാണ് നമ്മുടെ പണ്ഡിതന്മാർ. അതുകൊണ്ടുതന്നെ കൂടുതൽ ഉൾക്കൊള്ളിക്കേണ്ടതും അതിവിപുലവുമാണ് ഫോക്ക്ലോർ പഠനമേഖല എന്ന് മനസിലാക്കേണ്ടിയിരിക്കുന്നു.

▶ ഫോക്ക്ലോറിൽ സംഭവിക്കുന്ന പരിണാമം

അതിജീവനസ്വഭാവം പുലർത്തുന്നവയും പുതുക്കപ്പെടുന്നവയുമാണ് ഫോക്ക്ലോർ. ഫോക്ക്ലോറിനെ അതിന്റെ പരിസരങ്ങളിൽ പഠിക്കുന്നരീതി വളർത്തിയെടുത്തത് അമേരിക്കൻ ഫോക്ക്ലോറിസ്റ്റുകളുടെ മാനിഫെസ്റ്റോയായ ഡാൻബെൻ അമോസിൻറെ 'Folklore in Context' എന്ന കൃതിയാണ്. ഫോക്ക്ലോറിസത്തെ സംബന്ധിച്ച ചർച്ചയ്ക്ക് തുടക്കം കുറിച്ചത് റിച്ചാർഡ് എം. ഡോർസൺ ഫോക്ക്ലോർ എന്ന പദം അവതരിപ്പിച്ചതോടുകൂടിയാണ്. ഫോക്ക്ലോറിന്റെ വിനിമയത്തെ ആസ്പദമാക്കിയുള്ള നിർവചനങ്ങളിലൂടെ ഫോക്ക്ലോറിസം ഗൗരവതരമായ ചർച്ചയ്ക്ക് വിഷയമായി. പാരമ്പര്യത്തെയും വിശ്വാസങ്ങളെയും സംരക്ഷിക്കാനുള്ള മനുഷ്യന്റെ ആഗ്രഹങ്ങൾ ഫേക്കിനെ ഫോക് ആക്കാനുള്ള ശ്രമത്തെ കണ്ടെത്താനും അതിനെ പഠനവിധേയമാക്കാനും പ്രേരിപ്പിച്ചു. അങ്ങനെ ഫോക്ക്ലോറിസവും പഠനയോഗ്യമാണെന്ന ചിന്തയുണ്ടായി. ഇതിലൂടെയാണ് പരിഷ്കരിക്കപ്പെടുന്ന പ്രക്രിയയായി ഫോക്ക്ലോറിനെ കാണുന്ന രീതിയുണ്ടായത്. ഫോക്ക്ലോർ സംസ്കാരം, മാസ്മീഡിയ തുടങ്ങിയവ പഠനവിഷയമായി വികാസം പ്രാപിച്ചതോടെ കൂട്ടായ്മയെ ആധാരമാക്കിയുള്ള ഫോക്ക്ലോർ പഠനം സജീവമായി. കിഴക്കൻ യൂറോപ്പിലും ജർമ്മനിയിലും ഫോക്ക്ലോറിസം ശ്രദ്ധേയമായ ഒരു പഠനവിഷയമായിത്തീർന്നു.

▶ ഫോക്ക്ലോർ പഠനമേഖലയുടെ വികാസവും പ്രാധാന്യവും

വാണിജ്യതാല്പര്യങ്ങൾ ഫോക്ക്ലോറിനെ പിടിച്ചുവച്ചപ്പോൾ മാർക്സിസ്റ്റ്, ലെനിനിസ്റ്റ് സാംസ്കാരിക പ്രത്യയശാസ്ത്രം ഫോക്ക്ലോറിനെ സാധാരണക്കാരിലേക്ക് മടക്കിക്കൊണ്ടുവരാൻ ശ്രമിച്ചു. ഇത് ഫോക്ക്ലോർ പരിണാമത്തിന് കാരണമായി. ഫോക്ക്ലോറിലെ മാറിവന്ന പ്രവണതകൾകൂടി പഠിച്ചുകൊണ്ട് ഫോക്ക്ലോർ വസ്തുക്കൾക്കൊപ്പം പഠനമേഖലയും വളർത്തിയെടുക്കാൻ പണ്ഡിതർ ശ്രമിച്ചു. 1962 ൽ ഹാൻസ് മോസർ, ഫോക്ക്ലോറിസ്മസ് എന്ന സംജ്ഞ അവതരിപ്പിച്ചതോടെ ഫോക്ക്ലോർ ഒരു പഠനവിഷയമെന്ന നിലയിൽ സജീവമായി. വാണിജ്യത്തിന്റെയും സംസ്കാരത്തിന്റെയും മേഖലകളിൽ ഉപയോഗിക്കുന്ന സവിശേഷ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ളതും രൂപം മാറ്റിയതുമായ ഫോക്ക്ലോറുകളാണ് ഇതിനായി അദ്ദേഹം ഉപയോ

ഗിച്ചത്. അതിലൂടെ അസ്സൽ ഫോക്‌ലോറിനെയും രണ്ടാംകിട ഫോക്‌ലോറിനെയും വേർതിരിച്ചറിയാനായി. റിച്ചാർഡ് ഡോർസന്റെ 'Folklore and Folklife' എന്ന കൃതിയിൽ മാർക്സിസ്റ്റ് ലെനിനിസ്റ്റ് സമ്പ്രദായം ഫോക്‌ലോറിന്റെ വിപണനത്തിനും ചൂഷണത്തിനുമിടയാക്കിയതായി പറയുന്നു. ഇന്ത്യയിലും നാടൻകലകളെ ഉപയോഗപ്പെടുത്തിക്കൂടിയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ വളർന്നുവന്നത്.

▶ ഫോക്‌ലോറും മാർക്സിസ്റ്റ് പ്രത്യയശസ്ത്രവും

ഫോക്‌ലോറിനെയും ഫോക്‌ലോറിസത്തെയും വേർതിരിച്ച് കാണാൻ ശ്രമിക്കുന്നതിന്റെ ഭാഗമായാണ് വാമൊഴി നൃത്തനാടക രൂപങ്ങളെ ഫോക്‌ലോറെന്ന് ബോസ്ലാവ് ബെനസ് പുനർനിർവചനം നൽകിയത്. പൊതുപാരമ്പര്യത്തിൽ നിന്നും രൂപംകൊണ്ട ഫോക്‌ലോറിന്റെ അനുകരണമായ വൈയക്തിക സൃഷ്ടികളെയാണ് ഫോക്‌ലോറിസത്തിൽ ഉൾപ്പെടുത്തുന്നത്. വിദ്യാഭ്യാസം, വിനോദം എന്നിവ ഫോക്‌ലോർ ധർമ്മങ്ങളായി വില്യം ആർ ബാസ്കം അവതരിപ്പിച്ചിട്ടുണ്ട്. സൗന്ദര്യം, രാഷ്ട്രീയം, വിപണനം തുടങ്ങിയ ലക്ഷ്യങ്ങളാണ് ഫോക്‌ലോറിസത്തിനുള്ളത്. ബെനസിന്റെ അഭിപ്രായത്തിൽ സ്വാഭാവിക സാഹചര്യങ്ങളിൽ നിന്നുമാറി ഗൃഹാതുരസ്മരണ ഉളവാക്കുന്നതും ബൗദ്ധികതയുള്ളതുമാണ് ഫോക്ലോറിസം. ബെനസിനെ സംബന്ധിച്ച് ഫോക്‌ലോർ, പാരമ്പര്യത്തിന്റെ പര്യായവുമാണ്. സുന്ദരകലകളിലെ നവഫോക്‌ലോറിസം പഴയകാല ഫോക്‌ലോറിസത്തിൽ നിന്നും ഘടനയിലും മൂല്യത്തിലും വിഭിന്നമാണ്. സമൂഹവും ഫോക്‌ലോറും തമ്മിലുള്ള ബന്ധത്തിൽനിന്നുണ്ടാവുന്നവയാണ് ഫോക്‌ലോറിസവും ഫോക്‌ലോർവത്കരണവും. അവ ഫോക്‌ലോറിന്റെ ഭാഗം തന്നെയാണ്. ഫോക്‌ലോർ, ഫോക്‌ലോറിസം എന്നിവയിലൂടെ കണ്ടെത്തുന്ന രൂപങ്ങൾ ഫോക്‌ലോർ അല്ലാതായിത്തീരുമ്പോലെ ഫോക്‌ലോറിസത്തിലൂടെ കണ്ടെത്തുന്നവ ഫോക്‌ലോറായിത്തീരാനും സാധ്യതയുണ്ട്.

▶ ഫോക്‌ലോറും ഫോക്‌ലോറിസവും

പുതിയ ഫോക്‌ലോറിസ്റ്റ് വക്താക്കൾ ഉള്ളടക്കത്തേക്കാൾ രൂപത്തിന് പ്രാമുഖ്യം നൽകുന്നു. പഴയകാല ഫോക്‌ലോർ വംശീയപാരമ്പര്യങ്ങളുടെ അന്വേഷണത്തിന് വഴിവച്ചപ്പോൾ പുതിയവ ഗവേഷണസ്വഭാവം പ്രകടിപ്പിക്കുന്നില്ല. റഷ്യൻ ഫോക്‌ലോറിസ്റ്റായ വി.ജെ.ഗുസ്സേവ്'ആധുനിക ഫോക്‌ലോറിസ്റ്റ് മാതൃകാരൂപങ്ങള്' എന്ന ലേഖനത്തിൽ ഏകകാലികമെന്നും ബഹുകാലികമെന്നും ഫോക്‌ലോറിനെ വിഭജിക്കുന്നു. പാരമ്പര്യേതര പരിസരത്തിൽ പുനസൃഷ്ടിക്കപ്പെടുന്നവ, രാഷ്ട്രീയം, കലാത്മകം എന്നിവ ഏകകാലികവും സമകാല ആൾക്കൂട്ടസംസ്കാരത്തിൽ പാരമ്പര്യ ഫോക്‌ലോറിന് സംഭവിക്കുന്ന രൂപാന്തരങ്ങൾ, രാഷ്ട്രീയ-കലാസംവിധാനങ്ങൾക്ക് കീഴിൽ സംഭവിക്കുന്ന രൂപമാറ്റങ്ങൾ, മാസ് കമ്മ്യൂണിക്കേഷൻ വഴി പുനരവതരിക്കുന്നവ എന്നിവ ബഹുകാലികവുമാണ്. ഒറ്റപ്പെട്ടതോ മാറ്റിനിർത്തപ്പെട്ടതോ ആയ ജീവിതങ്ങളെ ആവിഷ്ക്കരിക്കുവാൻ മാത്രമായി ഫോക്‌ലോറിന് കഴിയില്ല. പൊതുജീവിതത്തിന്റെ സ്പന്ദനങ്ങളും അതിന് പിന്നിലെ പൊരുളുകളുംകൂടി പഠനവിധേയമാക്കണം. മനുഷ്യനും ഉൽപ്പന്നങ്ങളും തമ്മിലുള്ള വ്യവഹാരത്തിന്റെ ഭാഷയായ ഫോക്‌ലോറും ഫോക്‌ലോറിസവും ഒന്നുതന്നെയാണ്. ഒരു നാടോടിക്കഥ പറയുമ്പോൾ ഒറ്റയ്ക്കു ഫോക്‌ലോറുമായി സംവദിക്കുന്ന വ്യക്തിയെയാണ് നാം കാണുന്നത്. ഇവിടെ കൂട്ടായ്മ എന്നതുപോലെ വ്യക്തിയും ഫോക്‌ലോറുമായും

> ▶ ഏകാലികം, ബഹുകാലികം

ഇടപെടുന്നു. അനുഷ്ഠാനപരമായി ഉപയോഗിച്ചിരുന്ന കലയെ ക്ഷേത്രത്തിനുപുറത്തേയ്ക്കു കൊണ്ടുവന്നു പ്രദർശനപരമാക്കുന്നു. ഇവിടെ കലയുടെ സാംസ്കാരികാംശം പ്രകടമാക്കുന്നുണ്ട്. റിപ്പബ്ലിക് പരേഡുകളിലെ ഘോഷയാത്രയ്ക്കുപയോഗിക്കുന്ന ഫോക്കലകളും ഈ ധർമ്മമാണ് നിർവഹിക്കുന്നത്.

നഷ്ടപ്പെട്ടുപോയതിനെ വീണ്ടെടുക്കുവാനും സ്വന്തം പാരമ്പര്യം കണ്ടെത്തുവാനും കൂടുതൽ ശ്രമിക്കുന്നത് പ്രവാസി ജനതയാണ്. നമ്മുടെ സംസ്കാരം വളരുന്നതും വികസിക്കുന്നതും ആചരിക്കുന്നതുമൊക്കെ അതിനാൽ അന്യനാട്ടിലാകുന്നു. കേരളത്തിലാകട്ടെ പരമ്പരാഗത ആചാരങ്ങൾ ഉപഭോഗസംസ്കാരത്തിന്റെ ഭാഗമാകുകയും പ്രകടനപരമാകുകയും ചെയ്യുന്നു. ആചാരമര്യാദകൾ പാലിച്ച് ആഡംബര ഹോട്ടലിലെ തീൻമേശയിൽ കോട്ടും ടൈയും ധരിച്ച് ഓണമുണ്ണുന്ന മലയാളി ഫോക്കിനോട് സാഹോദര്യം പ്രഖ്യാപിച്ച് പാരമ്പര്യത്തെ ഔദാര്യപൂർവം ഓർമ്മിപ്പിക്കുന്നു. ഇതരമനുഷ്യരിൽ നിന്ന് കൂട്ടായ്മയെ സ്ഥാപിച്ചെടുക്കാനുള്ള ശ്രമമാണ് വിദേശമലയാളിയിൽ കാണുന്നത്. കേരളത്തിൽ പാശ്ചാത്യസംസ്കാരത്തിനൊപ്പം ഓണമുണ്ണുന്ന മലയാളിയും വിദേശത്ത് ഓണമുണ്ണുന്ന മലയാളിയും അർത്ഥത്തിലും ധർമ്മത്തിലും വ്യത്യസ്തത പുലർത്തുന്നവരാണ്. ഫോക്‌ലോറിൽ പാഠത്തിനല്ല പരിസരത്തിനാണ് പ്രാധാന്യം എന്ന സൈദ്ധാന്തികതലം നിലനിൽക്കെ പാഠം തന്നെയാണ് പരിസരം എന്നുവരുന്നു. വേദിയിലവതരിപ്പിക്കുമ്പോൾ കലാരൂപത്തിന്റെ അനുഷ്ഠാനസ്വഭാവം പരിഗണിക്കാറില്ല. അവതാരകർക്ക് അതിൽ മാറ്റങ്ങൾ വരുത്താനുള്ള സ്വാതന്ത്ര്യമുണ്ട്. നാടോടികലകളെ പൊതുവേദിയിലേക്കെത്തിക്കുമ്പോൾ നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ ഓർമപ്പെടുത്തലുകൾ സൃഷ്ടിക്കാൻ കഴിയും. എന്നാൽ ഒരു പ്രത്യേക ജനവിഭാഗത്തിന്റേതെന്ന ചിന്തയാണ് ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നത്.

> ▶ പഠനം തന്നെയാണ് പരിസരം

നമ്മുടെ പരമ്പരാഗത കലകളെ അവയുടെ സാരാംശം ഗ്രഹിക്കാതെയാണ് നാട്ടറിവിന്റെ വിപണിയിൽ അവതരിപ്പിക്കുന്നത്. സാംസ്കാരികോത്സവങ്ങളിൽ നൃത്തം അവതരിപ്പിക്കുന്ന ആദിവാസികൾക്കെങ്കിലും അത് പ്രദർശനവസ്തുവല്ല, തന്റെ കുലപാരമ്പര്യത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവുണ്ടാകണം. ഫോക്‌ലോറിന്റെ രാഷ്ട്രീയ ഉപയോഗം കുറഞ്ഞതിന് കാരണം കൂട്ടായ്മയുടെ വ്യവഹാരത്തെ നേതൃത്വത്തിന് മനസിലാക്കാൻ ആകാത്തതുമൂലമാണ്. കലാപരമായ ഉപയോഗവും വാണിജ്യവത്ക്കരണവുമാണ് ഇന്ന് കാണുന്നത്. ഫോക്‌ലോർ പഠനത്തിന്റെ ശാസ്ത്രീയാവശം കലാപരമായവശം എന്ന് റാൽഫ്ബോക്സ് ശുദ്ധഫോക്‌ലോറിനെയും പ്രയുക്തഫോക്‌ലോറിനെയും വിവേചിക്കാൻ ശ്രമിച്ചിട്ടുണ്ട്. ജനങ്ങളിൽ നിന്നും ശേഖരിച്ച വസ്തുതകളെ വർഗ്ഗീകരിച്ച് വിശകലനം ചെയ്യുന്നതാണ് ശുദ്ധഫോക്‌ലോർ. അതിനെ പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നത് പ്രയുക്തഫോക്‌ലോർ.

> ▶ ശാസ്ത്രീയവശം, കലാപരമായ വശം

പ്രയുക്ത ഫോക്‌ലോറുകൾ സാമൂഹികപരവും കലാപരവുമായുള്ളവയെന്നും വിപണികളുടെയും ജനതയുടെയും മേൽ അധീശത്വമുള്ളവയെന്നും വേർതിരിഞ്ഞുനില്ക്കുന്നു. ഫോക്‌ലോർ ഫോക്‌ലോറിനുവേണ്ടി എന്നുവാദിച്ചവരെ ശുദ്ധഫോക്‌ലോർ വാദിയെന്നും

ഫോക്‌ലോറിനുപുറത്ത് ഇതരമേഖലകളിൽ അത് കൈകാര്യം ചെയ്തവരെ ശുദ്ധഫോക്‌ലോറിസ്റ്റെന്നും വിളിക്കുന്നു. വംശീയസംഗീതം, വർണ്ണബോധം, നൃത്തഭാഷ തുടങ്ങിയവ സ്വാർത്ഥതാല്പര്യാർത്ഥം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. വൈദ്യശാസ്ത്രമേഖലകളിലും വാസ്തുവിദ്യയിലും ശാസ്ത്ര-സാങ്കേതികവിദ്യകളിലും നാട്ടറിവുകൾ ഉപയോഗിക്കുന്നുണ്ട്. ഉപഭോഗസംസ്കാരത്തിന്റെ ഭാഗമാകുമ്പോഴാണ് അത് ചൂഷണത്തിന് വിധേയമായി നാശോന്മുഖമാകുന്നത്.

▶ ശുദ്ധ ഫോക് ലോർ വാദി, ശുദ്ധ ഫോക് ലോറിസ്റ്റ്

ഫോക്കിനെ മറ്റുതാൽപര്യങ്ങൾക്കായി ഉപയോഗിക്കുന്നവർ ഫോക്കിനുപുറത്താണെന്ന് പറയാനാകില്ല. അനുഷ്ഠാനമായി ഉപയോഗിക്കുന്ന കലയെ സാന്ദർഭികമായി ഉപയോഗിക്കേണ്ടി വരാറുണ്ട്. തെയ്യം കലാകാരന് എന്നും തെയ്യം കെട്ടലില്ലാത്തതുകൊണ്ടും അന്താരാഷ്ട്ര അംഗീകാരം ആ കലയ്ക്കുണ്ടെന്ന കാരണത്താലും അതിനെ കാഴ്ചവസ്തുവാക്കേണ്ടിവരുന്നു. പാരമ്പര്യത്തെ ഉപജീവന മാർഗ്ഗമാക്കുകയാണിവിടെ'. വിപണിയുടെ തന്ത്രമാണ് ഇവിടെ അവരെ ഭരിക്കുന്നത്. ഒരു കലയുടെ അംശം കൊണ്ട് മറ്റൊരുകല സൃഷ്ടിക്കുമ്പോൾ ആരാധനയോ അനുഷ്ഠാനമോ അല്ല നവീന രംഗാവിഷ്കാരമാണ് സാധ്യമാക്കുന്നത്.

▶ വിപണിയുടെ തന്ത്രങ്ങൾ

പാരമ്പര്യം വിപണിയിൽ വിറ്റഴിക്കപ്പെടുന്ന ഈ കാലത്ത് ഫോക്‌ലോറിസ്റ്റ് തന്റെ വിഷയത്തിന്റെ സാധ്യത തിരിച്ചറിയേണ്ടതാണ്. പ്രയുക്ത ഫോക്‌ലോറിനെ വിഷയേതരമായി ഒഴിവാക്കാതിരിക്കുകയും വേണം. മിഷനറിമാരാണ് നമ്മുടെ ഫോക്‌ലോർ ഗവേഷണത്തിന് തുടക്കംകുറിച്ചത്. തങ്ങൾക്ക് ഇടപെടേണ്ട ജനതയുടെ മൂല്യബോധവും പെരുമാറ്റരീതികളും അഭിരുചിയും മനസ്സിലാക്കേണ്ടതിന്റെ ആവശ്യകതയാണ് അവരെ അതിന് പ്രേരിപ്പിച്ചത്. ഒരു ജനതയെ ഉപയോഗിക്കാനുള്ള ഫലപ്രദമായ മാർഗ്ഗം അവരുടെ സ്വത്വവും സംസ്കാരവുമറിഞ്ഞ് അവരെ നയിക്കാനുള്ള ചിന്താശേഷിയാണ്. സാഹിത്യകാരന്മാർ, വിമർശകർ, കലാകാരന്മാർ, ചരിത്രപണ്ഡിതർ തുടങ്ങിയവർ തങ്ങൾക്ക് ആവശ്യമായ ഏത് വിധത്തിലും ഫോക്‌ലോറിനെ ഉപയോഗിക്കുന്നുവെന്ന് ഫോക്‌ലോറിസ്റ്റ് മനസ്സിലാക്കിയിരിക്കണം. ഇതിനോട് പിന്തിരിഞ്ഞുനിൽക്കാതെ അവയെ കൂട്ടായ്മകളിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കണം. വിപണിക്ക് കീഴടങ്ങുന്നവനോ വിപണിക്കെതിരെ നിൽക്കുന്നവനോ അല്ല, വിപണിയെ അതിന്റെ ഭാഷയിൽ എങ്ങനെ ചെറുക്കാം എന്നുചിന്തിക്കുന്നവനാകണം ഫോക്‌ലോറിസ്റ്റ്.

▶ വിപണിയെ ചെറുക്കാനുള്ള ശ്രമങ്ങളും നടത്തണം

ഫോക്‌ലോറിനെ നാട്ടറിവെന്നും നാട്ടുവഴക്കമെന്നും നാം ഉപയോഗിക്കുന്നു. ഇത് വളരെ വലിയൊരു കാര്യമായി ലേഖകൻ കാണുന്നു. ഇതിന്റെ കൃത്യമായ പരിഭാഷയായ കൂട്ടറിവെന്നോ, സംഘവഴക്കമെന്നോ അല്ലാ നാം സ്വീകരിച്ചത്. നാട്ടറിവുകളും നാട്ടുവഴക്കങ്ങളും നാം സവിശേഷമായി ശ്രദ്ധയൂന്നി പഠിക്കാനാരംഭിച്ചത് കൊളോണിയൽ അറിവിന്റെ വിതരണത്തോടെയാണെന്നും അദ്ദേഹം പറയുന്നു. പുറമേ നിന്നും അധികാരി വർഗ്ഗത്തിന്റെ അറിവുകൾ ഇവിടെ വ്യാപിക്കാനും സ്ഥാപിക്കനും ആരംഭിച്ച കാലത്താണ് നാം പാരമ്പര്യ അറിവുകളെ അടുത്തറിയാനും പഠിക്കാനും ആരംഭിച്ചത് എന്ന കാര്യത്തെ അദ്ദേഹം ഉറപ്പിക്കുന്നു. എന്നാൽ നമ്മുടെ വികസനസ്വപ്നങ്ങളിലും നാടിന്റെ മുന്നോട്ടുള്ള യാത്രയിലും തനതായ അറിവുകളെ ഇത്രത്തോളം

നാം ഉപയോഗിക്കുന്നുണ്ട് എന്നതും പ്രാധാന ചോദ്യമായി അവശേഷിക്കുന്നു. ആഗോളവത്കരണത്തിന്റെ ഭാഗമായി വന്ന പുതിയ സാംസ്കാരിക അഭിരുചികൾ ഒരേ തരം ഉത്പന്നത്തിന്റെയും സാമഗ്രികളുടെയും വില്പനയിൽ മാത്രം ഒതുങ്ങി. എല്ലാം ഒരേപോലെയാക്കാൻ വെമ്പൽ കൊള്ളുമ്പോൾ വൈവിധ്യം നഷ്ടമാവുന്നു. ഇത് പ്രധാനമായും നാട്ടറിവുകളെയാണ് ബാധിക്കുന്നത്. നാട്ടറിവുകൾ സാംസ്കാരിക വിമോചനത്തിനുള്ള ഉപാധികൾ ആയി മാറാവുന്ന സവിശേഷത വേണ്ട രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. നാട്ടറിവുകളെ പുതുക്കി ബദലായ ഒരു സംസ്കാരം രൂപപ്പെടുത്താൻ കഴിയണം.

▶ നാട്ടറിവുകളെ പുതുക്കി ബദലായ ഒരു സംസ്കാരം രൂപപ്പെടുത്തണം.

## Summarised Overview

ഏതെങ്കിലും ഒരു ദേശത്തിന്റെയും ആ ജനതയുടെയും സാംസ്കാരിക ജീവിതത്തിന്റെ അടയാളങ്ങളാണ് ഫോക്‌ലോറിൽ കാണുക. ആ നിലയിൽ അത് സാംസ്കാരിക ചരിത്രം കൂടിയാണ്. പ്രധാനമായും ജനനസാമാന്യത്തിന്റെ ജീവിതമാണ് അതിൽ ഉൾക്കൊള്ളുന്നത്. ചരിത്രാത്മകമായ അംശവും വിജ്ഞാന പാരമ്പര്യവും ഉൾച്ചേരുന്നതിനോടൊപ്പം, ആ ദേശത്തെ അധ്വാനവർഗത്തിന്റെ ജീവിതവും അതിൽ ഉണ്ടായിരിക്കും. അതുകൊണ്ടു തന്നെ സാധാരണക്കാരന്റെ ജീവിതസംസ്കാരം തിരിച്ചറിയുന്നതും ഇതിന്റെ അന്വേഷണത്തിൽ പ്രധാനമാണ്.

ഏതെങ്കിലുമൊരു വിഷയമേഖലയിൽ ഒതുക്കി നിർത്താവുന്നവയല്ല ഫോക്‌ലോർ പഠനം. ഇതിന്റെ വിഷയപരിധി വിപുലമാണ്. നാടൻകലകൾ, നാടൻസാഹിത്യം, നാടൻ വഴക്കങ്ങൾ, നാടൻ വാസ്തുവിദ്യയും സാങ്കേതികതയും എല്ലാ ഇതിൽ ഉൾപ്പെടും. ഈ ഓരോ മേഖലയേയും വീണ്ടും വിഭജിക്കുന്നതുമാണ്. നാടൻസാഹിത്യത്തിൽ നാടൻപാട്ടുകൾ, നാടൻകലകൾ, പഴഞ്ചൊല്ലുകൾ എന്നിവ ഉൾപ്പെടുന്നു. ഇങ്ങനെ ഓരോ പഠനമേഖലയേയും വീണ്ടും വീണ്ടും വിഭജിക്കാവുന്നതും അന്വേഷണം നടത്താവുന്നതാണ്. പ്രധാനമായും ഇവയുടെ രേഖപ്പെടുത്തൽ കേരളത്തിൽ കൃത്യമായി നടന്നിട്ടുണ്ടോ എന്ന കാര്യവും സംശയമാണ്. ഇനിയും ധാരാളം അന്വേഷണങ്ങൾക്ക് സാധ്യതയുള്ള പഠനമേഖലയാണ് ഇത്.

മനുഷ്യന്റെ എല്ലാ പ്രകടനങ്ങളിലും സമ്പന്നവും മഹത്വപൂർണ്ണവുമായ പാരമ്പര്യത്തിന്റെ തുടർച്ച കാണാം. ശകലിതമായ രൂപത്തിലാണ് പാരമ്പര്യഘടകങ്ങൾ പ്രകടനങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. എങ്കിലും ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് പാരമ്പര്യത്തെ കൈമാറുന്നതിൽ ഈ പ്രകടനങ്ങൾക്കുള്ള പങ്ക് നിർണ്ണായകമാണ്. വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സർഗ്ഗാത്മകരൂപങ്ങൾ തുടങ്ങിയവയെല്ലാം ഈ പ്രകടനവ്യവസ്ഥയിൽ ഉൾപ്പെടുന്നു. ഇവയെല്ലാം തികച്ചും തദ്ദേശീയമാണ്. മൂല്യവ്യവസ്ഥയുടെ സംരക്ഷണത്തിൽ ഇവ പ്രമുഖമായ പങ്ക് വഹിക്കുന്നു. പ്രത്യക്ഷമായോ പരോക്ഷമായോ പാരമ്പര്യം സ്വയം പ്രകടിപ്പിക്കുന്ന ഭൂതകാലത്തിൽ നിന്ന് തുടങ്ങി, വർത്തമാനകാലത്തിലൂടെ ഭാവിയിലേക്ക് നീളുന്ന സഞ്ചിതാനുഭവത്തെ തദ്ദേശീയ പ്രകട വ്യവസ്ഥയിൽ നാം കണ്ടുമുട്ടുന്നു. വർത്തമാന ജീവിതത്തിലും ചില ധർമ്മങ്ങളനുഷ്ഠിക്കുന്ന പാരമ്പര്യഘടകങ്ങളുടെ അർത്ഥഗ്രഹണം പൂർണ്ണമാകുന്നത് ഫോക്‌ലോർ പഠനത്തിലൂടെയാണ് എന്ന നിഗമനത്തിൽ ഇതുവഴി നാം എത്തിച്ചേരുന്നു. സ്വത്വബോധമുള്ള ഏതൊരു സമൂഹത്തിന്റെയും സാംസ്കാരികമൂല്യം, സാമൂഹ്യവീക്ഷണം, പരസ്പരവിനിമയം എന്നിവയെയെല്ലാം നിയന്ത്രിക്കുന്നത് പാരമ്പര്യമാണ്. കുടുംബവ്യവസ്ഥ, രക്തബന്ധങ്ങൾ, വിശ്വാസങ്ങൾ, വിലക്കുകൾ, ഭക്ഷണവ്യവസ്ഥ, ആവാസം എന്നിവയ്ക്കെല്ലാം അർത്ഥം നൽകുന്നതും പാരമ്പര്യമാണ്. ആധുനിക സമൂഹത്തിൽ നിലനിൽക്കുന്ന ഫോക്‌ലോ

റിന്റെ സൂക്ഷ്മമായ പഠനം പാരമ്പര്യമൂല്യങ്ങളിലേക്കും അതു വഴി അർത്ഥപൂർണ്ണമായ ഭാവിയി ലേക്കും സമൂഹത്തെ നയിക്കുന്നു.

നാട്ടറിവുകളെ ടൂറിസവും പരസ്യലോകവും ഇന്ന് ഫലപ്രദമായി ഉപയോഗിക്കുന്നു. ഓണം തുടങ്ങിയ ഉത്സവങ്ങൾ ടൂറിസം വാരാഘോഷമായി വിൽക്കപ്പെടുന്നു. ഫോക്‌ലോറിസത്തെയാ ണത് ഓർമ്മിപ്പിക്കുന്നത്. പാരമ്പര്യവസ്തുക്കളെ പരസ്യമായി അവതരിപ്പിക്കുമ്പോൾ ആ ഉൽ പ്പന്നം പാരമ്പര്യമായിത്തീരുന്നു. നാട്ടറിവുകളെ കച്ചവടവത്കരിക്കുകയാണ് ഇവിടെയെല്ലാം ചെയ്യുന്നത്. ഫോക്‌ലോറെന്ന വിജ്ഞാനശാഖയുടെ സമ്പത്ത് ഇതരമേഖലകളിൽ ഉപയോഗി ക്കാം. എന്നാൽ അവ വിപണിയുടെ ഭാഗമാക്കാതിരിക്കുകയാണ് വേണ്ടത്. നാടൻകലകളെ സം രക്ഷിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. കാമ്പുള്ള ഏത് കൂട്ടായ്മയെയും ഫോക്‌ലോറായി തിരിച്ചറിയാൻ ഗവേഷകർക്ക് കഴിഞ്ഞിട്ടില്ല. നാട്ടിലും നഗരത്തിലും ഫോക്‌ലോറുകൾ വ്യാപി ച്ചിട്ടുണ്ടെന്ന് തിരിച്ചറിയേണ്ടതുണ്ട്. നഗരത്തിന്റെ തിരക്കുകളിൽ കൂട്ടായ്മയ്ക്കുവേണ്ടിയുള്ള സഹജവും അബോധപൂർവവുമായ പ്രേരണ മനുഷ്യനുണ്ടാകാറുണ്ട്. തൊഴിൽ-വർഗ്ഗപരമായ കൂട്ടായ്മകൾ വളർന്നുവന്നത് അതിന്റെ ഫലമാണ്. അത് ഫോക്‌ലോർ സംസ്കാരത്തെ ഓർമ്മ പ്പെടുത്തുന്നു. നഗരവത്ക്കരണത്തിന്റെ ഭാഗമായ ഉപരിവർഗ മനുഷ്യർ പഞ്ചനക്ഷത്ര ഫോക് സംസ്കാരമാണ് സ്വീകരിച്ചത്. ഇന്നത്തെ ഫോക്കുകൾ പഴമനഷ്ടപ്പെട്ടവയും വേരുറപ്പില്ലാത്ത വയുമാണ്. നാടും നഗരവുമില്ലാതെ അർദ്ധനാഗരികലോകം കേരളത്തിലുണ്ടായാൽ അവിടെ രൂപീകരിക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യുന്ന ഫോക്‌ലോർ വേറിട്ടുനിൽക്കുന്ന ഒന്നാ യിരിക്കും.

## Assignments

1. ഫോക്‌ലോർ പഠനത്തിൽ ഫീൽഡ് വർക്കിന്റെ പ്രാധാന്യമെന്തെന്നു ചർച്ചചെയ്യുക
2. നാട്ടറിവിന്റെ സമാഹരണവും സംരക്ഷണവും എങ്ങനെയൊക്കെയാവണമെന്ന് വിശദമാക്കുക
3. ഫോക്‌ലോർ ഡോക്യുമെന്റേഷൻ, ഫോക് ആർക്കൈവ്സ് എന്നിവ എന്താണെന്ന് വിവരിക്കുക
4. പാരമ്പര്യവിജ്ഞാനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുക
5. ഫോക്‌ലോർ പഠനത്തിന്റെ പ്രസക്തി എന്താണെന്നു വിവരിക്കുക
6. തദ്ദേശസംസ്കാര സംരക്ഷണത്തിന് ഫോക്‌ലോർ സഹായകമാകുന്നതെങ്ങനെയെന്ന് വിശദമാക്കുക.
7. കൂട്ടായ്മയുടെ സ്വത്വമായി മാറാൻ ഫോക്‌ലോറിന് കഴിയുന്നതെങ്ങെയെന്ന് വ്യക്തമാക്കുക
8. നാട്ടറിവ് പ്രായോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത ശീലത്തിന്റെ കാരണം നവോ ത്ഥാന പ്രക്രിയയുടെ ചരിത്രത്തിലാണ് അന്വേഷിക്കേണ്ടതെന്ന് പറയുന്നതിന്റെ യുക്തി പരിശോധിക്കുക

9. 'ഇന്ന് നമുക്ക് സാംസ്കാരികമായ അടിവസ്ത്രം നഷ്ടപ്പെട്ടുപോയിരിക്കുന്നു' എന്ന അഭിപ്രായത്തിന്റെ സാംഗത്യമെന്ത് ചർച്ചചെയ്യുക
10. എല്ലാ പഠനമേഖലകളിലും നാട്ടറിവുകൾ ചെന്നുചേരേണ്ടതാണെന്ന അഭിപ്രായത്തിന്റെ പ്രസക്തി വിലയിരുത്തുക.
11. 'മറക്കലിന്റേയും മറയ്ക്കലിന്റെയും കഥയാണ് ആധുനികതയുടെ ജ്ഞാനചരിത്ര'മെന്ന് ഇ. പി. രാജഗോപാലൻ പറയാനുള്ള കാരണം വ്യക്തമാക്കുക.
12. കേരളം ജ്ഞാനകാര്യത്തിൽ 'തന്റേട'മുള്ളതാണെന്ന് മറ്റുദേശക്കാർക്കും രാജ്യക്കാർക്കും ബോധ്യപ്പെടുമായിരുന്നു' –ആശയം വിശദമാക്കുക.
13. ഫേയ്ക്ലോറും ഫോക്ലോറിസവും എന്താണെന്ന് വ്യക്തമാക്കുക.
14. പ്രയുക്തഫോക്ലോറിനെ കുറിച്ച് വിവരിക്കുക.
15. ടൂറിസം എങ്ങനെയാണ് ഫോക്ലോറിനെ ഉപയോഗിക്കുന്നതെന്ന് വിലയിരുത്തുക
16. നഗരഫോക്ലോർ എന്താണെന്ന് വിശദമാക്കുക.
17. 'ഇത്തരം ജീവിതപരിസരങ്ങളെ പഠിക്കുന്ന കാര്യത്തിൽ ഇന്ത്യൻഫോക്ലോർ ദരിദ്രമാണ്. ഇക്കാര്യത്തിൽ പാശ്ചാത്യരീതികൾ ഇറക്കുമതിചെയ്യുന്നത് ശുദ്ധഅബദ്ധവുമാണ്' – സൂചിതം വെളിവാക്കുക.
18. ഫോക്ലോറിലെ മാറുന്ന പ്രവണതകൾ സംഗ്രഹിക്കുക.

## Suggested Reading


1. കെ. എം. ഭരതൻ, ഫോക്ലോർ സിദ്ധാന്തവും പ്രയോഗവും, മൈത്രി ബുക്സ് തിരുവനന്തപുരം
2. പി. സോമൻ., ഫോക്ലോർ സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. സി. ആർ. രാജഗോപാലൻ., ഫോക്ലോർ സിദ്ധാന്തങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. എ. എം. ശ്രീധരൻ., ഫോക്ലോർ: സമീപനങ്ങളും സാധ്യതകളും, മലയാള പഠനഗവേഷണകേന്ദ്രം, തൃശ്ശൂർ


## Reference


1. ഡോ. ജയചന്ദ്രൻ കീഴോത്ത് (സമ്പാദനം, പഠനം) കേരളഫോക്ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018
2. സി. ആർ. രാജഗോപാലൻ., ഫോക്ലോർ പ്രബന്ധങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007.

3. എം. വി. വിഷ്ണുനമ്പൂതിരി.., (ജന. എഡിറ്റർ), ഫോക്‌ലോർ പ്രബന്ധങ്ങൾ, കേരളഫോക്‌ലോർ അക്കാദമി, കണ്ണൂർ, 2002
4. എച്ച്. കെ. സന്തോഷ്., ഫോക്‌ലോർ വഴിയും പൊരുളും, സംസ്കൃതി, കണ്ണൂർ, 1998
5. എൻ. ഭക്തവത്സല റെഡ്ഡി., ഗോവിന്ദവർമ്മ രാജ. ഇ.കെ.- ഫോക്‌ലോർ പഠനം: സിദ്ധാന്തതലം, കറന്റ് ബുക്സ്, കോട്ടയം, 2004
6. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.
7. ഇ. പി. രാജഗോപാലൻ., നാട്ടറിവും വിമോചനവും, പുസ്തകഭവൻ, പയ്യന്നൂർ, 2008
8. സി. ആർ. രാജഗോപാലൻ., (എഡിറ്റർ), നാട്ടുചരിത്രം, ഡി. സി. ബുക്സ്, കോട്ടയം, 2008
9. എം. വി. വിഷ്ണുനമ്പൂതിരി.., ഫോക്‌ലോർ പ്രബന്ധങ്ങൾ, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ, 2002.
10. ജയചന്ദ്രൻ കീഴോത്ത്, കേരള ഫോക്‌ലോർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

ഫോക്‌ലോർ

COURSE CODE: M21ML03DE

SGOU

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-967271-9-2